

ജനകീയാസൂത്രണം '96

സമഗ്ര വികസന റിപ്പോർട്ട്



മേപ്പാടി ഗ്രാമപഞ്ചായത്ത്

കേരളം



139-8

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

മേപ്പാടി ഗ്രാമ പഞ്ചായത്ത്

ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

സമഗ്ര വികസന രേഖ

1996



എല്ലാവരുടേയും അത്യാവശ്യവങ്ങൾ നിറവേറ്റാൻ വേണ്ട വിഭങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടേയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും.

മഹാത്മാഗാന്ധി.

എഡിറ്റർ

കെ. ശിവദാസൻ

എഡിറ്റോറിയൽ സ്റ്റാഫ്

പത്മിനി ഗോപിനാഥ്

വി.പി ശങ്കരൻ നമ്പ്യാർ

ടി.എം ഇസ്രായേൽ

യു. കരുണൻ

എൻ.കെ. സുരേഷ്

വിശാലാക്ഷി പ്രഭാകരൻ

മഹിതാ മൂർത്തി

അഷറഫ് പി.കെ.

ഉള്ളടക്കം

ആമുഖം 7
പഞ്ചായത്ത് പൊതുവിവരണം 8
മേപ്പാടി പഞ്ചായത്ത് ചരിത്രം 9-12
ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി 13-16
കൃഷിയും ജലസേചനവും 18-27
മൃഗസംരക്ഷണവും മത്സ്യബന്ധനവും 28-30
വ്യവസായം 31-33
വിദ്യാഭ്യാസം 34-41
കുടിവെള്ളവും പൊതുജനാരോഗ്യവും 42-49
ഗതാഗതം ഊർജ്ജം മാർക്കറ്റ് 50-61
പാർപ്പിടവും സാമൂഹ്യക്ഷേമവും 62-69
സംസ്കാരം 70-78
വനിത 79-82
സഹകരണം 83-90
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം 91-100
വിഭവസമാഹരണം 101-103
ടൂറിസം 104-106
ഉപസംഹാരം 107-108

അനുബന്ധം : പ്രവർത്തനരേഖ


മേപ്പാടി ഗ്രാമപഞ്ചായത്ത് ഭരണസമതി അംഗങ്ങൾ

പ്രസിഡണ്ട്




പത്മിനി ഗോപിനാഥ്

വൈസ് പ്രസിണ്ട്



വി. പി. ശങ്കരൻ നമ്പ്യാർ

സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ



പി. കണ്ണൻകുട്ടി

അംഗങ്ങൾ :

- പി. വി. കുഞ്ഞു മുഹമ്മദ്
- കെ.കെ. കുഞ്ഞമ്മദ്
- മഹിതാ മൂർത്തി
- വിശാലാക്ഷി പ്രഭാകരൻ
- സി. കുഞ്ഞുമുഹമ്മദ്
- നജീബ് കാരാടൻ
- കെ. കെ.ബാലകൃഷ്ണൻ
- യു. മുഹമ്മദാലി
- അമ്മിണിസക്കറിയ ഐസക്ക്
- ഗ്രേസിക്കുട്ടി ജോസഫ്
- വി. കേശവൻ
- എ. പി. അപ്പുക്കുട്ടൻ

ആമുഖം

ഭാരതം 1947 ആഗസ്റ്റ്-15ൽ ബ്രീട്ടീഷുകാരുടെ അടിമച്ചങ്ങലപൊട്ടിച്ച് സ്വതന്ത്രമായി. സ്വതന്ത്ര ജനാധിപത്യ മതേതര സോഷലിസ്റ്റ് റിപ്പബ്ലിക്കാണ് എന്ന അർത്ഥത്തിൽ ഭരണ സംവിധാനമാകെ പ്രവർത്തിപഥത്തിലെത്തിക്കാൻ ഭരണകർത്താക്കൾക്ക് കഴിഞ്ഞില്ല.

രാഷ്ട്രപിതാവിന്റെ സ്വപ്നമായ ഗ്രാമ സ്വരാജ്യം നടപ്പാക്കാൻ ഭരണകർത്താക്കൾ മടിച്ചുനിന്നു. അംഗീകാരം ജനങ്ങൾക്ക് നൽകാൻ 49 വർഷം പിന്നിടേണ്ടി വന്നു.

ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖാപിച്ചിരിക്കയാണ്. കേരളം മറ്റു സംസ്ഥാനങ്ങൾക്കു ഇക്കാര്യത്തിൽ ഒരു മാതൃകയാണ്. ഇത് വികസന ചരിത്രത്തിലെ നാഴികക്കല്ലാണ്. അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതി വിഹിതം) പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാത്പര്യങ്ങൾ നിറവേറ്റാൻ കഴിയുമെന്ന സ്ഥിതി വന്നിട്ടുണ്ട്. ഇത് കൂടാതെ സംസ്ഥാന സർക്കാറിന്റെ 60% ത്തിൽപ്പെട്ട ചില സ്കീമുകൾ കേന്ദ്ര സർക്കാർ ഫണ്ട്, ബാഹ്യവികസന ഏജൻസികളിൽനിന്ന്, സന്നദ്ധസംഘങ്ങൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ, പഞ്ചായത്തു നികുതി വരുമാനം എല്ലാറ്റിനുംപുറമേ ജനകീയ സംഭാവനകൾ, (പണം, വിഭവങ്ങൾ, അദ്ധ്വാനം) തുടങ്ങി വികസനത്തെ പ്രോത്സാഹിപ്പിക്കുന്ന ഘടകങ്ങൾ പലതാണ്. കേരളവും ഗ്രാമ പഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസനപ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗികവും, തൃപ്തികരമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണത്തിനു കഴിയും. ഏറ്റെടുക്കുന്ന പദ്ധതികൾ, നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്നിവ കാര്യക്ഷമമായും, അഴിമതി പരമാവധി കുറച്ചുകൊണ്ടും നടത്താൻ കഴിയും.

മേപ്പാടി ഗ്രാമപഞ്ചായത്തിൽ ജനകീയ ആസൂത്രണത്തിന് ആരംഭം കുറിച്ചത് 1996 സപ്തംബർ 12ന് മേപ്പാടി കമ്മ്യൂണിറ്റിഹാളിൽ, പഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, റിസോൾസ് പേഴ്സൺസ് എന്നിവരുടെ യോഗം ചേർന്ന് പഞ്ചായത്തുതല പരിശീലനത്തിന് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടായിരുന്നു. ഗ്രാമ പഞ്ചായത്തുതല പരിശീലനം 13-9-1996 ന് കഴിഞ്ഞു. ഇതിൽ 85 പേർ പങ്കെടുത്തു. ഗ്രാമ സഭകൾ നടത്തുന്നതിന് വാർഡു തലത്തിൽ ചുമതല നൽകി.

17-09-1996 മുതൽ 1-10-1996 വരെ 15 വാർഡുകളിലായി ഗ്രാമ സഭകൾചേർന്ന്, 2147 പേർ പങ്കെടുത്തു. സ്ത്രീകൾ 350, പുരുഷന്മാർ 1795. ഇതിൽ പട്ടികജാതി 142, പട്ടിക വർഗ്ഗം 143 പേർ എന്നിങ്ങനെയാണ് പങ്കെടുത്തവരുടെ കണക്ക്. കൂടാതെ ഉദ്യോഗസ്ഥർ 20 പേർ പങ്കെടുത്തു. സെക്കൻറിഡാറ്റ ശേഖരിക്കുന്നതിനായി 76 പേരുടെ സന്നദ്ധപ്രവർത്തനം ലഭിച്ചിട്ടുണ്ട്. 30 ദിസങ്ങളിലായി 2100 മനുഷ്യദിനങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്.

വിഭവഭൂപട നിർമ്മാണം 30-10-1996 ന് പഞ്ചായത്തിന്റെ മൂന്ന് മേഖലകളിലായി നടന്നു. ഇതിൽ 20 പേർ പങ്കെടുത്തു. 5 ഭൂപടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. വികസന റിപ്പോർട്ടുകൾ തയ്യാറാക്കാൻ 12 സബ് കമ്മിറ്റികൾ രൂപീകരിച്ചു. ഇതിൽ 120 അംഗങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി നവംബർ 1 പുനരർപ്പണ ദിനത്തിൽ മൂന്നാം വാർഡിൽ വാളത്തൂർ, കടച്ചിക്കുന്ന് പാടിവയൽ റോഡിന്റേറയും, കോട്ടനാട് ബണ്ട് നിർമ്മിക്കുന്നതിന്റേറയും ഉത്ഘാടനം നടന്നു. ഇതിന്റെ പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നു.

ജനപങ്കാളിത്തം ഉറപ്പുവരുത്തി വികസന റിപ്പോർട്ടിൽ കാണിച്ചിട്ടുള്ള പ്രവർത്തികൾ നടപ്പിലാക്കി പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് പിന്നോക്കാവസ്ഥ പരിഗണിക്കുന്നതിന് ഈ മഹായജ്ഞത്തിൽ പങ്കുചേരാനുള്ള പ്രതിജ്ഞ ദൃഢനിശ്ചയത്തോടെ നമുക്ക് സ്വീകരിക്കാം.

പഞ്ചായത്ത് പൊതു വിവരണം

പഞ്ചായത്തിന്റെ പേര്	:	മേപ്പാടി
ഉൾപ്പെടുന്ന വില്ലേജുകൾ	:	കോട്ടപ്പടി, വെള്ളാർ മല, മുപ്പൈനാട്, തൃക്കൈപ്പറ്റ
ബ്ലോക്ക് പഞ്ചായത്ത്	:	കൽപ്പറ്റ ബ്ലോക്ക്
താലൂക്ക്	:	വൈത്തിരി
അസംബ്ളി മണ്ഡലം	:	കൽപറ്റ നിയോജക മണ്ഡലം
വിസ്തീർണ്ണം	:	198.70 സ്കയർ കി.മി
അതിരുകൾ	:	കിഴക്ക്ചോലാടിപ്പുഴ, പടിഞ്ഞാറ് വൈത്തിരി പഞ്ചായത്ത്, തെക്ക് നിലമ്പൂർപ്പുഴ, വടക്ക് മുട്ടിൽ പഞ്ചായത്ത്
ജനസംഖ്യ	:	56530
പുരുഷൻ	:	28345
സ്ത്രീകൾ	:	28135
പട്ടിക ജാതിക്കാർ	:	4773
പട്ടിക വർഗ്ഗക്കാർ	:	3858
ജനസാന്ദ്രത	:	284
അക്ഷരഭ്യാസമുള്ളവർ	:	39632
വാർഡുകൾ	:	15
പ്രസിഡണ്ടിന്റെ പേര്	:	ശ്രീമതി. പത്മിനി ഗോപിനാഥ്
വൈസ്പ്രസിഡൻറിന്റെ പേര്	:	ശ്രീ. വി.പി. ശങ്കരൻ നമ്പ്യാർ
സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ	:	പി. കണ്ണൻ കുട്ടി

മേപ്പാടി പഞ്ചായത്ത് ചരിത്രം

വയനാട് ജില്ലയിൽ 12 സ്പെഷൽ പഞ്ചായത്തിനുള്ളതിൽ ഏറ്റവും ജനസംഖ്യ ഉള്ളതും 15 വാർഡ് നിയോജകമണ്ഡലങ്ങളുള്ളതുമായ പഞ്ചായത്താണ് മേപ്പാടി. ഈ പേരിന്റെ പിന്നിലൊരു ചരിത്രമുണ്ട്. ഇന്നത്തെ മേപ്പാടി പട്ടണമാകുന്നതിന് മുമ്പ് ചെമ്പ്രപിക് എസ്റ്റേറ്റ് ഉടമയിൽപ്പെട്ടതായിരുന്നു. എസ്റ്റേറ്റ് തൊഴിലാളികൾക്ക് താമസിക്കുന്നതിന്വേണ്ടി നെടുനീളെ പാടികൾ കെട്ടിയിട്ടുണ്ടായിരുന്നു. ഇവയെ മേലെപാടികൾ എന്ന് വിളിച്ചുവന്നിരുന്നു. കാലക്രമേണ മേലേപ്പാടി മേപ്പാടിയായി.

കിഴക്ക് തമിഴ്നാടിനേയും കേരളത്തേയും വേർതിരിക്കുന്ന ചോലാടപുഴ (നീലഗിരി പ്പുഴ), വടക്ക് കിഴക്ക് തോമാട്ടു ചാൽ, തെക്ക്-കിഴക്ക് നിലമ്പൂർപുഴ (മലപ്പുറം ജില്ലയേയും വയനാട് ജില്ലയേയും വേർതിരിക്കുന്നു.), പടിഞ്ഞാറ് വൈത്തിരി പഞ്ചായത്ത്, വടക്ക് മുട്ടിൽ പഞ്ചായത്ത്, വടക്ക്-പടിഞ്ഞറ് കൽപ്പറ്റ പഞ്ചായത്ത് എന്നിവയായിരുന്നു മേപ്പാടി പഞ്ചാചായത്തിന്റെ അതിരുകൾ. 204.70 സ്കയർ കി.മി. വിസ്തൃതിയും ഉണ്ടായിരുന്നു. 1961-ൽ അമ്പലവയൽ പഞ്ചായത്ത് രൂപീകരണത്തോടനുബന്ധിച്ച് 9964.41 ഏക്കർ സ്ഥലം അടങ്ങുന്ന പ്രദേശം മേപ്പാടി പഞ്ചായത്തിൽ നിന്നും വിട്ടുകൊടുക്കുകയുണ്ടായി. ഇപ്പോൾ വിസ്തൃതി 198.07 സ്കയർ കി.മി. ആണ്. 1991 സെൻസസ് പ്രകാരം ജനസംഖ്യ 56630. ഇപ്പോഴത് 60,000 - ൽ കവിയും.

മേപ്പാടി പഞ്ചായത്ത് രൂപീകരിച്ചത് 1935 - ൽ ആണ്. ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട് മി. ടി. ഇ ഹേവ് എന്ന യൂറോപ്യനും. അന്നത്തെ പഞ്ചയത്ത് ബോർഡിൽ 16 അംഗങ്ങളുണ്ടായിരുന്നു. ഇവരെ ബ്രിട്ടീഷ് ഗവൺമെൻറ് നോമിനേറ്റ് ചെയ്തതായിരുന്നു; ജനപ്രതിനിധികളായിരുന്നില്ല

പ്രഥമ പഞ്ചായത്തിന്റെ പ്രഥമ തീരുമാനം എളമ്പിശ്ശേരി ശുദ്ധജല വിതരണ പദ്ധതിയെ പറ്റിയായിരുന്നു. നീണ്ട ആറു വർഷംകൊണ്ട് പ്രസ്തുത സ്കീം പൂർത്തിയാക്കി. രണ്ടാമത്തെ പഞ്ചായത്ത് തീരുമാനം കാപ്പംകൊല്ലി-കൽപ്പറ്റ റോഡ് നിർമ്മാണമായിരുന്നു. തൃക്കൈപ്പറ്റദേശം, മൂപ്പനാട് ദേശം, കോട്ടപ്പടി ദേശം എന്നിങ്ങനെ മൂന്നു വാർഡുകളാണുണ്ടായിരുന്നത്. മദ്രാസ് ലോക്കൽ ബോർഡിന്റെ കീഴിലായിരുന്നു മേപ്പാടി പഞ്ചായത്ത്. പഞ്ചായത്ത് ബോർഡിന്റെ കമ്മറ്റി കൂടുന്നതിന് മാസം പ്രതി രണ്ട് രൂപവാടകക്ക് കോസ്മോ പോളിറ്റൻ ക്ലബ് ഉപയോഗിച്ചിരുന്നു ചുളിക്ക എസ്റ്റേറ്റ് ക്ലബും ഓഫീസായി കുറേ വർഷം ഉപയോഗിച്ചിരുന്നു. നിലവിലുള്ള സ്വന്തം കെട്ടിടത്തിലേക്ക് ഓഫീസ് മാറുന്നത് 1996 ൽ കെ. ബാബു സാഹേബിന്റെ കാലത്താണ്.

മേപ്പാടി ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റുമാർ

1 ടി.ഇ ഹോബ് (സായിപ്പ്)
2 എച്ച്. എസ്. ലേക്ക് ''
3 ഡോ. ടി.കെ ഗോവിന്ദൻ നായർ
4 റവ. ഫാദർ എ. മച്ചാഡോ
5 എസ്.എൻ ഭട്ടാചാര്യ
6 കടുമ്പേരി നാണു
7 കെ. ബാബു സാഹിബ്
8 വി.എൻ. ശിവരാമൻ നായർ
9 കെ.എ മുഹമ്മദ് കുഞ്ഞി
10 പി.എ മുഹമ്മദ്
11 പി.പി.എ. കരിം
12 പി. വാസു
13 പത്മിനി ഗോപിനാഥ്

പഞ്ചായത്തിന്റെ അക്കൗണ്ടുകൾ സൂക്ഷിക്കുന്നതും ഇംബീരിയിൽ ബാങ്ക് ഓഫ് ഇൻഡ്യ-ആയിരുന്നു. മാനാഞ്ചിറക്ക് മുൻവശമുള്ള

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിന്റെ മുൻ നാമമായിരുന്നു ഇംബീരിയൽ ബാങ്ക് ഓഫ് ഇന്ത്യ. 1936-37 പഞ്ചായത്തിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് മുൻ ബാക്കി 2500 രൂപയും പ്രതീക്ഷിത വരവ് 2400 രൂപയും ചിലവ് 2296 രൂപയും നീക്കിയിരുപ്പ് 2604 രൂപയായിരുന്നു. 60 വർഷങ്ങൾക്ക് ഷേവും അതായത് 1995-96 പഞ്ചായത്തിന്റെ നീക്കിയിരുപ്പ് 5,48,700 രൂപയും വരവ് 4801500 രൂപയും ചെലവ് 4723200 രൂപയും അവസാന ബാക്കി 627000 രൂപയുമാണ്.

പ്രഥമാ പഞ്ചായത്തിന്റെ പ്രഥമ തീരുമാനം എടമ്പിലേരി ശുദ്ധജലവിതരണ പദ്ധതിയെപ്പറ്റിയായിരുന്നു. നീണ്ട 6 വർഷങ്ങൾകൊണ്ട് പ്രസ്തുത സ്കീം പൂർത്തിയാക്കി. രണ്ടാമത്തെ പഞ്ചായത്ത് തീരുമാനം കാപ്പകൊല്ലി- കൽപ്പറ്റ റോഡ് നിർമ്മാണമായിരുന്നു.

സമുദ്ര നിരപ്പിൽ നിന്നും 6806 അടി ഉയരമുള്ള എടമ്പിലേരി മലയും, 7364 അടി ഉയരമുള്ള വെള്ളറ മല ഒരു കാലത്ത് സ്വർണ്ണ അയിരുകൾ തേടിയുള്ള വിദേശ ഗവേഷണത്തിനു തെരെഞ്ഞടുത്തിരുന്നു. വെള്ളരിപോലെ വള്ളിയിൽ സ്വർണ്ണക്കട്ടികൾ തൂങ്ങികിടക്കുന്നതുകൊണ്ട്വെള്ളരമല (വെള്ളരിമല) എന്നുപേരുണ്ടായി എന്നു ജനസംസാരമുണ്ട്.

ഒരു കാലത്ത് കോട്ടപ്പടി നായന്മരായിരുന്നു ഇക്കാണുന്ന പ്രദേശത്തിന്റെ ജന്മികൾ. അവരുടെ കൈയ്യിൽ നിന്നും എങ്ങനെയോ കണ്ടെൻമാർ എന്നുവിളിച്ചു വരുന്ന ജൈനൻമാരുടെ അധീനതിലായിരുന്നു. അതുപോലെ എടവലത്തു കോവിലകം വക ജന്മിയുടെതായിരുന്നു. കടൂർ, എടമ്പിലേരി ചോലമല ചൂരൽ മല തുടങ്ങിയുള്ള പ്രദേശങ്ങൾ.

വടേരി അഥവാ വടുവൻചാൽ അക്കാലത്ത് നിലമ്പൂർ കോവിലകം വക പ്രദേശങ്ങളായിരുന്നു. നിലമ്പൂർ കോവിലകം വക കിണറിലേക്കുള്ള വഴി വഡേരിയിലെ ഒരു കൃഷ്ണൻ എമ്പ്രാതിരി അടച്ചുകളഞ്ഞതും അത് പഞ്ചായത്ത് ഒഴിപ്പിച്ചെടുത്തതും സംബന്ധിച്ചു രേഖ പഞ്ചായത്ത് മിനുറ്റ്സിൽ ഉണ്ട്.

തേയില, ഏലം, കാപ്പി, കുരുമുളക് തുടങ്ങിയ വൻകിടകൃഷിത്തോട്ടങ്ങൾ പണ്ടു മുതൽക്കേ മേപ്പാടി പഞ്ചായത്ത് പ്രദേശത്തുണ്ടായുരുന്നു. 1800 കാലഘട്ടത്തിൽ വച്ച് പിടിപ്പിച്ചതാണ് ഈ വൻകിട തോട്ടങ്ങൾ എന്നു കാണുന്നു. തൊട്ടടുത്ത നാട്ടുരാജ്യമായ മൈസൂർ (കർണ്ണാടക), മദ്രാസ് (തമിഴ്നാട്) എന്ന പ്രദേശങ്ങളിൽ നിന്നും കങ്കാനിമാർ കൂട്ടംകൂട്ടമായി കൊണ്ടുവന്നു. രാപ്പകൽ കന്നുകാലികളെപ്പോലെ വേലചെയ്ത് വളർത്തിയെടുത്തതാണ് ഈ തോട്ടങ്ങൾ. സായിപ്പിന്റെ കങ്കാണികളായിരുന്നു സർവ്വാധികാരികൾ. കൊല്ലിനും കൊലക്കും മടിക്കാത്ത ഇക്കൂട്ടരുടെ ചവിട്ടേറ്റ എത്രയെത്ര തൊഴിലാളികൾ മരിച്ചു: എത്രയെത്ര പീഢനങ്ങൾ അനുഭവിച്ചു. കോളറയും മലമ്പനിയും വ്യാപകമായി പടർന്നു പിടിച്ചിരുന്ന ഒരു കാലഘട്ടത്താണ് വിവിധ ദേശങ്ങളിൽ നിന്ന് തൊഴിലാളികൾ മേപ്പാടി പ്രദേശത്ത് എത്തിയെതെന്നും ഇതും മറക്കാവതല്ല. ആഴ്ചയിൽ 6 അണ കൂലിക്ക് രാപ്പകൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ജീവിതം ശോചനീയമായിരുന്നു. വലിയ ഓലപ്പാടിലെ ജീവിതം ദുരിതപൂർണ്ണമായിരുന്നു. രണ്ടാം ലോകയുദ്ധശേഷമാണ് ട്രേഡ് യൂണിയനുകൾ രൂപപ്പെട്ടുതുടങ്ങിയത്. സർവ്വശ്രി. സി.കെ ഗോവിന്ദൻ നായർ, സി.എച്ച്. കണാരൻ തുടങ്ങിയവരാണ് മുൻകൈ എടുത്തത്. നേതാക്കളിൽ കെ. കുമാരൻ, ടി. എം രാഘവൻ, കെ. എൻ കൃഷ്ണൻ മാസ്റ്റർ, മത്തായി മാസ്റ്റർ, കുഞ്ഞിക്കുറുപ്പ് എന്ന നാരായണക്കുറുപ്പ്, എ.വി. രാധാഗോപി മേനോൻ സ്ക്കറിയ മേസ്തിരി എന്നിവരുടെ പേരുകൾ മറക്കാൻ കഴിയില്ല. ഈ നിരയിലുള്ള ശ്രീ. നി. എൻ. ശിവരാമൻ തൊഴിലാളികളുടെ ഇടയിൽ ജീവിക്കുന്നു.

തോട്ടങ്ങളിൽ സ്ഥിതി ഇതാണെങ്കിൽ ഗ്രാമ പ്രദേശമായ തൃക്കൈപ്പറ്റയിൽ നവോത്ഥാനങ്ങൾക്കുവേണ്ടി ഒട്ടനവധി സാംസ്ക്കാരിക കേന്ദ്രങ്ങൾ ഉടലെടുത്തിരുന്നു. ഗ്രാമോധാരണവേദി ഇതിൽ സ്മരണീയമാണ്. തൃക്കൈപ്പറ്റ-മുട്ടിൽ റോഡ് 1954 - ൽ

ഗ്രാമോദ്ധാരണവേദിയാണ് രൂപം നൽകിയത്. കാക്കവയൽ-മുട്ടിൽ റോഡും ശ്രമദാനമായാണ് രൂപാന്തരപ്പെട്ടത്. ജന്മിത്വത്തിനെതിരെ കർഷകരെ സംഘടിപ്പിച്ച് പല സമരങ്ങൾക്കും നേതൃത്വം നൽകിയവരിൽ ചിലരെങ്കിലും ഇന്നത്തെ പഞ്ചായത്ത് സമിതിയിൽ അംഗങ്ങളായിട്ടുള്ളവരാണ്. രണ്ടു സേർ നെല്ല് കൂലിയായി കിട്ടുന്നതിന് കാർഷിക തൊഴിലാളികൾ മാർച്ച് സംഘടിപ്പിച്ചതും, ഭൂഉടമകളെ മുട്ടുകുത്തിച്ചതും, മറ്റുമുള്ള അനുഭവകഥകൾ അവർക്ക് പറയുവാനുണ്ട്.

കാലാകാലങ്ങളിൽ ചന്നംപിന്നം മഴയും കോടയും വനങ്ങളും വന്യമൃഗങ്ങളും സാധാരണക്കാർക്ക് ജീവിച്ചുവരാൻ പറ്റാത്തവിധം ഭയാനകമായിരുന്നു. ഒരു ഭാഗത്തു നിന്ന് ആനയും മറുഭാഗത്തു നിന്ന് പുലിയും എത്രയെത്ര തൊഴിലാളികളുടെ ജീവനൊടുക്കിയിട്ടുണ്ട്! ആനടിക്കാപ്പ്, ആനക്കാട്, ആനവളവ്, (കാട്ടി) പോത്തുകെല്ലി-പൂത്തകൊല്ലി, കാട്ടി പോത്തുമല, പുത്തുമല അട്ടമല തുടങ്ങിയ പേരുകളുടെ ഉൽപത്തി ചിന്താമൃതമാണ്.

തോട്ടം തൊഴിലാളികളിൽ ഗണ്യമായ പങ്കു വരുന്ന മുസ്ലിം തൊഴിലാളികൾ അധികവും മലബാർ ലഹളയെ തുടർന്ന് ഏറനാട്ടിലുണ്ടായ അരക്ഷിതാവസ്ഥയിൽ കങ്കാണികൾ, സായിപ്പിന്റെ തോട്ടത്തിലേക്ക് നോട്ടുണക്കാനെന്നും പറഞ്ഞ് പ്രലോഭിപ്പിച്ചു കൊണ്ടുവന്നവരാണ്.

മേപ്പാടി ടൗണിൽ ശ്രീ മാരിയമ്മൻ ക്ഷേത്രം ആയിരങ്ങളുടെ ഭക്ത്യാദരവിൽ നിർവൃതി കൊള്ളുന്നു. മാരിയാത്ത എന്ന തമിഴ് ദേവതയാണ് ശ്രീ മാരിയമ്മൻ. കോനാർ വർഗ്ഗത്തിൽപെട്ട തമിഴരുടെ ആരാധനാമൂർത്തിയാണ്. ഇവിടുത്തെ 'കനലാട്ടം' പ്രസിദ്ധമാണ്. വർഷത്തിൽ ഒരിക്കൽ മാർച്ച് മാസത്തിന് മുമ്പായി മാരിയമ്മൻ ഉത്സവം ഏഴു ദിവസം നീണ്ടുനിൽക്കുന്ന ചടങ്ങുകളോടെ അരങ്ങേറുന്നു. നാനാജാതിമതസ്ഥർ ഒരമ്മപെറ്റ മക്കളെപ്പോലെ ഏകോദര സാഹോദര്യത്തോടെ ഈ ഉത്സവം ആഘോഷിച്ചുവരുന്നു.

കൂട്ടമുണ്ട കണ്ണാടിയമ്പലം ഇന്ത്യയിലെങ്ങും പ്രസിദ്ധമാണ്.

മേപ്പാടി പട്ടണത്തിലേക്ക് പോകുമ്പോൾ വലതു വശത്തായി ആരെയും ആകർഷിക്കുന്ന ജുമാ മസ്ജിദിന് നൂറ്റാണ്ടു പഴക്കമുണ്ട്. ശ്രീ മാരിയമ്മൻ ക്ഷേത്രത്തിന്റെ പടിഞ്ഞാറു വശത്തായി അന്യോന്യം കാണത്തക്ക ദൂരത്തിൽ ഈ രണ്ടു ആരാധനാലയങ്ങൾ കുടികൊള്ളുന്നു. തെക്കുകിഴക്കായി പോലീസ് സ്റ്റേഷൻ. സമീപത്തായി ക്രിസ്തീയ ദേവാലയം സ്ഥിതിചെയ്യുന്നു. മുഖാമുഖമായി മൂന്ന് മതസ്ഥരുടെ ദേവാലയങ്ങൾ നിൽക്കുന്നു. ജാതിയുടെയോ മതത്തിന്റെയോ പേരിൽ രക്തച്ചൊരിച്ചിൽ നടക്കാത്ത പുണ്യഭൂമിയായ മേപ്പാടി പട്ടണം ചെമ്പ്രാമലയുടെ അടിത്തട്ടിൽ തലചായ്ച്ചുറങ്ങുമ്പോൾ ഒരു കാവൽ ഭടനെപോലെ സെൻറിനൽ റോക്ക് സദാ ജാഗരൂകനായി നിൽക്കുന്നു.

ആയിരങ്ങളെ ഹഠാദാകർഷിക്കുന്ന പ്രകൃതിദൃശ്യം നിറഞ്ഞുനിൽക്കുന്ന സൂചിപ്പാറ വിനോദകേന്ദ്രം മേപ്പാടിയുടെ മുഖശ്രീയായ മാറ്റിയിരിക്കുന്നു. മീൻമുട്ടി വെള്ളച്ചാട്ടവും കാന്തമ്പാറ വെള്ളച്ചാട്ടവും മനോഹരമാണ്.

ചിരപുരാതനമായ കോട്ടയിൽ നായന്മാർ കൊണ്ടാടിയിരുന്ന ഭഗവതി ഉത്സവം പേരുകേട്ടതാണ്. തൃക്കൈപ്പറ്റയിലെ ശിവക്ഷേത്രവും ഇന്ന് ജൈനരുടെ കൈകളിലാണ്. ശിവരാത്രി തൊട്ട് പത്ത് ദിവസം നീണ്ടുനിൽക്കുന്ന ഉത്സവം ഭക്തജനങ്ങളുടെ ഹരമാണ്.

മേപ്പാടി പട്ടണത്തിന്റെ വടക്കു ഭാഗത്തു സ്ഥിതിചെയ്യുന്ന മണിക്കുന്ന മലയിലെ പൂജ ചരിത്രപ്രാധാന്യമുള്ളതാണ്. മലയടി വാരത്തിൽ നിന്നു ഭക്തജനങ്ങൾ പൂജക്കുള്ള നൈവേദ്യങ്ങളായ അവിൽ, മലർ, നാളികേരം, പഴം എന്നിവയുമായി പൂജാദിവസം മലകയറുന്നു. നൂറുകണക്കിനുള്ള ഭക്തജനങ്ങളുടെ ഭജനവും പാട്ടും ഇങ്ങ് അടിവാരത്തിൽ കേൾക്കാൻ കഴിയും. മഹാവിഷ്ണുവാണ് പ്രതിഷ്ഠ.

മേപ്പാടി പട്ടണത്തിൽ നിന്നു അഞ്ച് കിലോമീറ്റർ ദൂരത്തായി സ്ഥിതിചെയ്യുന്ന

തിനപുരത്ത് മറിവീട്ടിൽതാഴെ നായന്മാരുടെ കുടുംബം വക തിരയാട്ടം കേളികേട്ടതാണ്. ഇന്ന് ഉത്സവം നാട്ടുകാരാണ് നടത്തുന്നത്.

മേപ്പാടി പട്ടണത്തെ കീറിമുറിച്ചുകൊണ്ട് കടന്നുപോകുന്ന കോഴിക്കോട്-ഊട്ടി റൂട്ട് താമരശ്ശേരി ചുരം മുതൽ ചേരമ്പാടി വരെ നിർമ്മിച്ചതും ടിപ്പുസുൽത്താനാണെന്ന് ലോഗൻ മലബാർ മാന്വലിൽ പറയുന്നുണ്ട്.

ചേരമ്പാടി തൊട്ട് വൈത്തിരി പൊഴുതന വരെയുള്ള പ്ലാന്റേഷൻ മേഖലയുടെ ആകെ ആഴ്ച ചന്തയായിരുന്നു ബ്രിട്ടീഷ് ഇന്ത്യയിലെ മേപ്പാടി പനമരം മേഖലക്കുള്ളിൽ നിന്നുപോലും കാളവണ്ടികളിൽ അരിയും പുഴുങ്ങിയ കപ്പയും പച്ചക്കറികളും ശനിയാഴ്ച വൈകുന്നേരം പുറപ്പെട്ടായിരുന്നു ഞായറാഴ്ച മേപ്പാടിയിലെത്തിയിരുന്നത്.

ദുരിതങ്ങൾ ഏറെ അനുഭവിച്ച മേപ്പാടി പ്രദേശം ഇന്ന് പുരോഗമനത്തിന്റെ പാതയിൽ പിച്ചവെച്ചുവരുന്നു.



ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

പശ്ചിമഘട്ട മലനിരകളിൽ പ്രധാനമായ വെള്ളരിമല സ്ഥിതിചെയ്യുന്നത് ഈ പഞ്ചായത്തിലാണ്. പഞ്ചായത്തിന്റെ 1/3 ഭാഗം സ്ഥലങ്ങളും മലനിരകളിൽ സ്ഥിതിചെയ്യുന്നു. സമുദ്രനിരപ്പിൽ നിന്നും 7000 അടി അധികം ഉയരത്തിലാണ് ഈ പ്രദേശങ്ങൾ. ഏറ്റവും കൂടുതൽ മലനിരകളാണ്. ചെറിയ ചെറിയ കുന്നുകൾ, അവയ്ക്കിടയിൽ താഴ്വര. ഈ ഭൂപ്രകൃതി 13, 14, 15 വാർഡുകളിൽ വ്യത്യസ്തമാണ്.

അവിടെ മലയായിട്ടുള്ളത് മണകുന്ന് മലയാണ്. മണികുന്ന് മലയുടെ താഴ്വരയായാണ് ഈ വാർഡുകൾ സ്ഥിതിചെയ്യുന്നത്.

പ്രധാനമായ കാർഷിക മേഖല 1, 2, 3 വാർഡുകൾ, 10, 11, 12 വാർഡുകൾ, 13, 14, 15 വാർഡുകൾ, മറ്റു വാർഡുകൾ തോട്ടം മേഖലയാണ്. ചായത്തോട്ടം ആയിരക്കണക്കിന് തൊഴിലാളി കുടുംബത്തിന് ജീവിതം നൽകുന്നു.

കണ്ണിനും, മനസ്സിനും ആനന്ദം നൽകുന്ന ഈ തോട്ടങ്ങൾ സഞ്ചാരികളുടെ ഹരമായി മാറിയിരിക്കുന്നു.

പഞ്ചായത്തിലെ ഭൂവിതരണം കൈവശക്കാർ

വില്ലേജ്	1-10 സെന്റ്	10-25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറും അതിൽ കൂടുതലും
മൂപ്പനാട്	226	252	192	469	419	440	317
കോട്ടപ്പടി	701	423	397	506	444	299	89
തൃക്കൈപ്പറ്റ	150	300	425	800	500	250	61
വെള്ളാർമല	381	201	172	209	157	124	178
ആകെ	2058	1176	1186	2064	1520	1113	645

കാപ്പി തോട്ടങ്ങൾ പഞ്ചായത്തിലെ പ്രധാന കാർഷിക വ്യവസായ മേഖലയാണ്. ഈ തോട്ടങ്ങളിൽ മറ്റും ആയിരങ്ങൾ ജോലി ചെയ്യുന്നു.

അതിരുകൾ: കിഴക്ക് തമിഴ്നാടിനേയും കേരളത്തിനേയും വേർതിരിക്കുന്ന ചോലാടിപ്പുഴ, വടക്ക്-കിഴക്ക് തോമാട്ടുചാൽ, തെക്കു-കിഴക്ക് നിലമ്പൂർ പുഴ മലപ്പുറം ജില്ലയേയും വയനാട് ജില്ലയേയും വേർതിരിയ്ക്കുന്നു. പടിഞ്ഞാറ് വൈത്തിരി പഞ്ചായത്ത്, വടക്കുമുട്ടിൽ പഞ്ചായത്ത്, വടക്കു-പടിഞ്ഞാറ് കൽപക പഞ്ചായത്ത്.

ഭൂപ്രകൃതിയനുസരിച്ച് 4 ഭാഗങ്ങവായി തിരിയ്ക്കാം.

1 ചെറിയ കുന്നുകൾ
2 കുന്നിൻ ചെരിവ്
3 കുത്തനെ ചെരിവ്
4 സമതലങ്ങൾ

ജനപ്രകൃതി

1991-ലെ സെൻസസ് പ്രകാരം മേപ്പാടി പഞ്ചായത്തിലെ ജനസംഖ്യ 56530 ആണ്.

1990-91 വർഷത്തിൽ സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ മൂല്യനിർണ്ണയത്തിനു വിധേയമായവരുടെ സ്ഥിതിവിവരം മേപ്പാടി പഞ്ചായത്ത്

ക്ലാസ്സിൽ എത്തിയവർ	മൂല്യനിർണ്ണയം വിധേയരായവർ	മൂല്യനിർണ്ണയം പാസായ എസ്.സി			പാസായ എസ്.റ്റി			പാസായ മുസ്ലിം			പാസായ മറ്റുള്ളവർ	ആകെ പാസായവർ
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		
6636	3372	79	163	242	238	372	610	199	1093	1292	833	2977

ഇതിൽ 28345 പുരുഷന്മാരും 28185 സ്ത്രീകളുമാണ്. സ്ത്രീകളെ അപേക്ഷിച്ച് 160 പുരുഷന്മാർ കൂടുതലാണ്. ഇതിൽ പട്ടികജാതിക്കാർ 4773 ഉം പട്ടികവർഗ്ഗം 3858 ഉം ആണ്. ഇതിൽ 0.6 വയസ്സിനു താഴെ പ്രായമുള്ളവരുടെ എണ്ണം 8392 ആണ്.

ഇതിൽ അക്ഷരജ്ഞാനമുള്ളവർ 39632 പേർ വരും.

പഞ്ചായത്തിലെ ജനസംഖ്യ വാർഡു തലത്തിൽ

വാർഡു തലത്തിൽ

വാർഡ്	പുരുഷൻ	സ്ത്രീ	ആകെ
1	1799	1745	3546
2	2526	2528	5054
3	2722	2793	5515
4	2083	2134	4217
5	1523	1553	3076
6	1936	1990	3926
7	1848	1874	3722
8	1788	1683	3471
9	1809	1766	3575
10	1185	1210	2395
11	2450	2492	4942
12	2347	2072	4419
13	1469	1452	2921
14	1470	1545	3015
15	1390	1346	2736

വയനാട് ജില്ലയിൽ മേപ്പാടി ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസരംഗത്ത് വളരെ പിന്നിൽ നിൽക്കുന്നു. ചെറുകിട കർഷകരും തോട്ടം തൊഴിലാളികളുമാണ് ജനസംഖ്യയിൽ ഭൂരിപക്ഷം. ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസം 10-ാം ക്ലാസിൽ അവസാനിക്കുന്നു. ഉന്നത പഠന സൗകര്യങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഇല്ല. ഐ.ടി.ഐ, പോളിടെക്നിക്ക് പോലുള്ള വിദ്യാഭ്യാസ സൗകര്യങ്ങളും ഇല്ല. സ്കൂളുകളുടെ പഠനനിലവാരം വളരെ പിന്നിലാണ്. ഈ അവസ്ഥ മാറ്റി എടുക്കേണ്ടിയിരിക്കുന്നു.

അഭ്യസ്തവിദ്യരായവരിൽ തൊഴിലില്ലായ്മ ഉണ്ട്. യുവാക്കൾ കാർഷിക ജോലിയിൽ ഏർപ്പെടുന്നതിൽ വേണ്ടത്ര ഉത്സാഹം കാണിക്കുന്നില്ല.

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കാർഷിക മേഖലയാണ്. കൂടാതെ കെട്ടിട നിർമ്മാണരംഗത്ത് തൊഴിൽ ഈയിടെ വർദ്ധിച്ചുവരുന്നു. സ്ത്രീകളുടെ തൊഴിലില്ലായ്മ ചൂഷണം ചെയ്യുന്നുണ്ട്. കുറഞ്ഞ കൂലി മറ്റാനുകൂല്യങ്ങൾ ഒന്നുംതന്നെ നൽകാതെയാണ് ചെറുകിട കാർഷിക തോട്ടങ്ങളിലും മറ്റ് കൃഷിയിടങ്ങളിലും കർഷക തൊഴിലാളികളെ ജോലി ചെയ്യിപ്പിക്കുന്നത്.

ജാതിപരമായ ഉച്ചനിചത്വം നിലവിലില്ല. എന്നാൽ ആദിവാസികളുടെ ആഘോഷങ്ങളിൽ നിന്നും പ്രധാനമായും പണിയർ, കാട്ടുനായ്ക്കർ എന്നിവരുടെ ആഘോഷങ്ങളിൽ മറ്റുള്ളവർ ബന്ധപ്പെടാറില്ല. അവർ

ഇന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടു നിലനിൽക്കുന്നു. മറ്റുള്ളവരുമായി ഇഴുകി ച്ചേരാൻ അവർ മടി കാണിക്കുന്നു.

ജലപ്രകൃതി

പഞ്ചായത്തിൽ പ്രധാനപ്പെട്ട പുഴകൾ നെല്ലിമുണ്ട, അരണമല പുഴ, ചൂരൽമല പുഴ, കള്ളാടിപ്പുഴ, ചോലാടിപ്പുഴ, നിലമ്പൂർ പുഴ എന്നിവ ചാലിയാറിലേക്ക് ഒഴുകിപ്പോകുന്നു. ഈ പുഴകളിലാണ് പ്രധാന വെള്ളച്ചാട്ടങ്ങൾ ഉള്ളത്. മീൻമുടി, കാന്തംപാറ, സൂചിപ്പാറ വെള്ളച്ചാ ട്ടങ്ങൾ. കൂടാതെ ചെറു തോടുകൾ ധാരാളം പഞ്ചായത്തിലുണ്ട്. മലനിബിഡമായ പ്രദേശമായതുകൊണ്ടു തന്നെ ചെറിയ അരുവികൾ ഈ മലകളിൽ നിന്ന് ഉത്ഭവിക്കുന്നു.

ഇത്രയധികം ജലസ്രോതസ്സുകളുണ്ടായിട്ടും കുടിവെള്ളത്തിനു ഏറ്റവും കൂടുതൽ വിഷമം അനുഭവപ്പെടുന്നു.


പട്ടിക. ജലസ്രോതസ്സുകൾ

ജലസ്രോതസ്സുകൾ നീളം

വാർഡ്	തോട്/പുഴ
1	8 km
2	2 km
3	5 km
4	5 km
5	7 km
6	13 km
7	23 km
8	4 km
9	1 km
10	6 km
11	8 km
12	6 km
13	6 km
14	2 km
15	15 km

മഴക്കാലത്ത് പെയ്യുന്ന വെള്ളം മുഴുവനും കുത്തിഒലിച്ചു പോകുന്നു. ജലസംഭരണശേഷി മണ്ണിന് കുറഞ്ഞുവരികയാണ്. മണ്ണിലെ കൃഷിരീതിയിൽ മാറ്റംവന്നാലെ വെള്ളം സംഭരിക്കാൻ മണ്ണിനു കഴിയൂ. അതിനുള്ള പദ്ധതികൾ ജനകീയാസൂത്രണ പരിപാടിയിൽ ലക്ഷ്യമിട്ട് നടപ്പിലാക്കാൻ ശ്രമിക്കണം.

സാമൂഹിക സാമ്പത്തിക മേഖലകൾ



5—1

കൃഷിയും ജലസേചനവും

മേപ്പാടി തികച്ചും ഒരു കാർഷികഗ്രാമമാണ്. പ്രധാനമായും കുന്നിൽപ്രദേശങ്ങളാണുള്ളത്. കുന്നുകളുടെ താഴ്വരകളിൽ വയൽപ്രദേശങ്ങളാണ്. കുന്നുകളുടെ താഴ്വരകളിൽ പുഴകൾ സമൃദ്ധമാണ്. ചൂരൽമല പുഴ, അരണമല പുഴ, നെല്ലിമുണ്ട പുഴ, കുന്നമ്പറ്റ തോട്, മാനിവയൽ — കോട്ടവയൽ തോട്, തൃക്കൈപ്പറ്റ, ചേളേരിക്കാവിനു സമീപത്തുകൂടി ഒഴുകുന്ന തോട്, വടുവൻചാലിൽ ചോലാടി പുഴ, കല്ലുക്കെണി വട്ടച്ചോല ചുറ്റി ഒഴുകുന്ന പുഴ, കാരപ്പുഴ പദ്ധതി പ്രദേശത്തേക്ക് ഒഴുകിയെത്തുന്ന കോളേരി നിന്ന് ഉൽഭവിക്കുന്ന തോട് എന്നിവ പ്രധാനമാണ്.,

മൊത്തം കൃഷിഭൂമി 15,245 ഹെക്ടറാണ്. ഇതിൽ പ്രധാനമായി കാപ്പി, തേയില, കുരുമുളക്, ഏലം, നെല്ല്, ഇഞ്ചി, വാഴ എന്നീ കൃഷികളാണ്.

മൊത്തം ഭൂമിയുടെ 40 % ചെറിയ കുന്നുകൾ 20% കുന്നിൻചെരുവ് 25% കുത്തനെ ചെരിവ്, 15% സമതലങ്ങൾ ഈ രീതിയിലാണ് കിടപ്പ്.

കുരുമുളക് കൃഷി ദ്രുതവാട്ടരോഗത്താൽ തകർന്നുകൊണ്ടിരിക്കുന്നു. നെൽകൃഷി, വാഴ, ഇഞ്ചി പോലുള്ള ഹ്രസ്വകാലനാണ്യവിളകൾക്ക് വഴി മാറിക്കൊണ്ടിരിക്കുന്നു. ഭൂരിഭാഗം ഭൂഉടമസ്ഥരും ഒരു ഹെക്ടറിൽ താഴെയുള്ളവരാണ്.

മുൻകാലങ്ങളിൽ പ്രധാന വയൽപ്രദേശങ്ങളിൽ നെല്ലുകൂടാതെ ചോളം, മുത്താറി, കരിമ്പ്, പുകയില എന്നിവ കൃഷി ചെയ്തിരുന്നു. കാലക്രമേണ ഈ കൃഷികൾ അപ്രത്യക്ഷമായി. കൂടാതെ കിഴങ്ങുവർഗ്ഗ വിളകളും നല്ല രീതിയിൽ കൃഷി ചെയ്തിരുന്നു.

ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായി വന്നതിനാൽ പഠനം കഴിയുന്ന യുവാക്കൾ കൃഷിപ്പണിയിലേക്ക് മാറുവാൻ താല്പര്യം കാണിക്കുന്നില്ല.

പ്രധാന കാർഷികവിളകൾ

മേപ്പാടി പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 198.7 ചതു.കിലോമീറ്റർ ആണ്.

പ്രധാന വിളകൾ കൃഷിചെയ്യുന്ന ഭൂമിയുടെ വിവരങ്ങൾ.

1.	നെല്ല് നെഞ്ച	700 ഹെക്ടർ
2.	പുഞ്ച	350 ഹെക്ടർ

ഇതാണെങ്കിലും മൊത്തം നെൽകൃഷി ഏറിയ ഇന്ന് 800 ഹെക്ടർ ആണ്.

തോട്ടവിളകൾ (ഹെക്ടറിൽ)

കാപ്പി.	2562
കുരുമുളക്	1265
ഏലം	382
തെങ്ങ്	88
കവുങ്ങ്	125
തേയില	1560
റബ്ബർ	70

ഇടവിളകൾ (ഹെക്ടറിൽ)

വാഴ	150
ഇഞ്ചി	105
മരച്ചീനി	25
മഞ്ഞൾ	15

തേയില

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ തേയില കൃഷിയാണ്. എന്നാൽ, പതിനായിരത്തോളം കുടുംബങ്ങളുടെ ആളുകളുടെ ജീവിതം കരുപ്പിടിപ്പിക്കുന്നത് ഈ തോട്ടങ്ങളാണ്. പഞ്ചായത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഈ മേഖലക്കുള്ള സ്ഥാനം പ്രഥമഗണനീയമാണ്.

കാപ്പി

തേയിലകൃഷി കഴിഞ്ഞാൽ പ്രധാന കൃഷി കാപ്പിയാണ്. കാപ്പിത്തോട്ടങ്ങൾ പ്രധാനമായും നാട്ടിൻപുറങ്ങളിലെ കർഷകത്തൊഴിലാളികളുടെ ആശ്രയകേന്ദ്രങ്ങളാണ്. കാപ്പികൃഷിയിൽ അടുത്തകാലത്ത് വൻമുന്നേറ്റങ്ങളുണ്ടായിട്ടുണ്ട്. കാപ്പിയുടെ കുത്തകസംഭരണം മാറ്റിയതുകൊണ്ടു തന്നെ കർഷകർക്ക് ഓപ്പൺ മാർക്കറ്റിൽ വിളകൾ വില്പന നടത്തുവാനും അതുവഴി പണത്തേതിൽ നിന്നും സാമ്പത്തികമായി ചെറിയ വളർച്ച ഉണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്.

എന്നാൽ ഇതിന്റെ മുഴുവൻ ഗുണവും വൻകിട തോട്ടമുടമകൾക്ക് മാത്രമാണ് ലഭ്യമാകുന്നത്.

ഏലം

ഏലം കൃഷിയും ഒരു പ്രധാന കാർഷികവിളയാണ്. രോഗം മൂലവും ഉല്പന്നത്തിന്റെ ശരിയായ നിലവാരമില്ലായ് മൂലവും ഈ കൃഷി നശിച്ചു കൊണ്ടിരിക്കുന്നു.

കുരുമുളക്

മറ്റൊരു പ്രധാന വിള കുരുമുളക് കൃഷിയാണ്. കുരുമുളക് വാട്ടരോഗത്തിന്റെ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്നു. ഏതാണ്ട് 75%ത്തോളം കൃഷിയിടങ്ങളും നശിച്ചുകഴിഞ്ഞു. ഈ കൃഷിയുടെ പുനരുദ്ധാരണം ഏറ്റവും അടിയന്തിരമായി ചെയ്യേണ്ടതാണ്.

തെങ്ങ്

തെങ്ങുകൃഷി ഈ പ്രദേശത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്നു. 88 ഹെക്ടർ കൃഷിയുണ്ട്. ഈ കൃഷി പ്രതീക്ഷാജനകമാണ്. കൊപ്ര ഗുണനിലവാരമുള്ളതു തന്നെയാണ്. ഈ കൃഷി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

കവുങ്ങ്

കവുങ്ങ് ഇടവിളയായി കൃഷിചെയ്തുവരുന്നു. ഇത് കർഷകസമൂഹത്തിലെ താങ്ങും തണലുമായി മാറിയിരിക്കുന്നു. ഈ കൃഷി പഞ്ചായത്തിൽ വ്യാപകമായി മാറിയിട്ടുണ്ട്. കളിയടക്കയായിട്ടാണ് ഈ പ്രദേശത്ത് അടയ്ക്ക വിപണനം ചെയ്യുന്നത്. കാലാവസ്ഥയാണ് ഇതിനു കാരണം.

നെല്ല്

നാട്ടിൻപുറങ്ങളിലെ പ്രധാന വിളയാണ് നെല്ല്. 350 ഹെക്ടർ സ്ഥലത്ത് കൃഷിയുണ്ട്. ഇതിൽ പ്രധാനമായും മാനിവയൽ, കോടവയൽ, ചെമ്പോത്താറ,, പുത്തൂർവയൽ, മാരുവയൽ, തൃക്കൈപ്പറ്റ മേഖലയിപ്പൺ, പുതുക്കാട്, ആപ്പാളം, വട്ടച്ചോല, ലക്കിഹിൽ ഭാഗം, കുന്നമ്പറ്റ എന്നീ പ്രദേശങ്ങളിൽ നെൽകൃഷിയുണ്ട്. കൂടാതെ എസ്റ്റേറ്റ് തൊഴിലാളികൾക്ക് എസ്റ്റേറ്റ് നല്കിയിട്ടുള്ള സ്ഥലങ്ങളിൽ നെൽകൃഷി ചെയ്തുവരുന്നു.

നെൽകൃഷി പൊതുവെ മറ്റു വിളകളെ അപേക്ഷിച്ച് ലാഭകരമല്ല. പ്രതികൂലമായ കാലാവസ്ഥയാണ് കൃഷിയെ സാരമായി ബാധിച്ചിരിക്കുന്നത്. കൃഷിപ്പണിക്ക് തൊഴിലാളികളെ തക്ക സമയത്ത് കിട്ടാത്തതും കൃഷിച്ചെലവ് വരവിനേക്കാൾ കൂടുതലായതും ഈ കൃഷിയുടെ മുരടിപ്പിനു കാരണമാകുന്നു. കാലാവസ്ഥാ വ്യത്യാസം മൂലം രോഗകീടബാധകൾ കൂടുതലാകുന്നു.

വാഴ, ഇഞ്ചി, മരച്ചീനി, ചേന

നെൽകൃഷിയുടെ തകർച്ച വാഴ, ഇഞ്ചി എന്നീ കൃഷികളുടെ വളർച്ചക്ക് സഹായകമായിട്ടുണ്ട്. ഏറ്റവും കൂടുതൽ കർഷകർ ഇന്ന് വാഴകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു. വാഴക്കുലയ്ക്ക് അടുത്ത കാലത്തായി സാമാന്യം വിലകിട്ടുന്നതുകൊണ്ട് കൃഷിക്കാർ ഈ കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

കൂടാതെ ഇഞ്ചികൃഷിയും വ്യാപകമായിവരുന്നു. ചേന, ചേമ്പ്,മഞ്ഞൾ എന്നീ വിളകളും കൃഷി ചെയ്തുവരുന്നു. എന്നാൽ പണ്ടുണ്ടായിരുന്നതുപോലെ ഈ കൃഷി ഇന്നില്ല.

പയർ, പച്ചക്കറി

പയർ, പച്ചക്കറി കൃഷികൾ ഒരു കൃഷിയെന്ന നിലയിൽ വളർന്നു വന്നിട്ടില്ല. ചുരുക്കം കർഷകർ മാത്രമേ ഈ കൃഷിയിൽ ശ്രദ്ധ ചെലുത്തുന്നുള്ളൂ. ഈ കൃഷികൾ വികസിപ്പിച്ചെടുക്കുവാൻ സാദ്ധ്യതയുള്ളതാണ്.

ഉല്പാദനക്ഷമത

തേയില വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്തുവരുന്നു. ചെറുകിട കർഷകരെയും ആകർഷിക്കുന്നു.

കാർഷികബന്ധങ്ങൾ

ക്രമനമ്പർ	ഭൂമിയുടെ സ്വഭാവം	ശതമാനം	മൊത്തം സ്ഥലം ഹെക്ടറിൽ
1	ചെറിയ കുന്നുകൾ	40%	6098.24
2	കുന്നിൻചെരിവ്	20%	3049.12
3	കുത്തനെ ചെരിവ്	25%	3811.40
4	സമതലങ്ങൾ	15%	2286.84
	ആകെ	**100%**	**15245.60**

പഞ്ചായത്തിലെ മൺതരങ്ങൾ

പ്രധാന മൺതരങ്ങൾ	ശതമാനം	ഹെക്ടർ
വനമണ്ണ്	15%	2886.84
വെട്ടുകൽമണ്ണ് (ചുവന്ന മണ്ണ്)	60%	9147.36
മണൽ കലർന്ന മണ്ണ്	20%	3049.32
ചരൽമണ്ണ്	5 %	762.28
പഞ്ചായത്തിൽ പൊതുവെ പാറകൾ എല്ലാ മണ്ണിലുമുണ്ട്.		
	ആകെ	15245.80

കാപ്പി
ഹെക്ടറിന് 750 മുതൽ 1800 കിലോ വരെ വിളവ് ലഭിക്കുന്നു. വൻകിട തോട്ടങ്ങളിൽ 1500 മുതൽ 2500 കിലോ ഗ്രാം വിളവ് ലഭിക്കുന്നു.

ഏലം
50 മുതൽ 150 ഗ്രാം വരെ വൻകിടക്കാർക്ക് 100 മുതൽ മുതൽ 200 കിലോഗ്രാം വരെ വിളവ് ലഭിക്കുന്നു.

കുരുമുളക്
ഹെക്ടറിന് 500 മുതൽ 600 കിലോ വരെ കിട്ടിയിരുന്നു. ദ്രുതവാട്ടം മൂലം വിളവിൽ സാരമായി കുറവുവന്നിട്ടുണ്ട്. ചെടികൾക്ക് നാശം സംഭവിച്ചു. ഇപ്പോൾ 50 കി.ഗ്രാം മുതൽ 75 കി.ഗ്രാം വരെ ശരാശരി ഉല്പാദനം ഉണ്ട്.

തെങ്ങ്
തെങ്ങിന് വർഷത്തിൽ ശരാശരി 10 മുതൽ 50 വരെ നാളികേരം ഉൽപ്പാദിപ്പിക്കുന്നു,

കമുങ്ങ്
തനി വിളവ് ഏക്കറിന് 1500 മുതൽ 200 കിലോ വരെ വിളവ് ലഭിക്കുന്നു.

റബ്ബർ
ഏക്കറിന് 3 മുതൽ 4 ഷീറ്റ് വരെ കിട്ടുന്നു. റബ്ബർ കൃഷി പൊതുവെ ഗുണകരമല്ല.

ഇടവിളകൾ
നേന്ത്രവാഴ : ഹെക്ടറിന് 10 ടൺ വിളവ് ലഭിക്കുന്നു.

ജലസേചന സൗകര്യങ്ങൾ
വെള്ളിത്തോട് ചെമ്പോത്തറ, കരവീട് വയൽ, ഉപ്പുപാറ, പനായി, ചൂരക്കനി, എ.ആർ.ക്യാമ്പ്, പാലവയൽ, കോട്ടനാട്, കോട്ടവയൽ ക്യാമ്പിനടുത്ത് കല്ല്തോട് ജയ്ഹിന്ദ് മുണ്ടോറക്കുന്ന് ചെമ്പോത്തറ എന്നീ ചെക്കുഡാമുകൾ നിലവിലുണ്ട്.

കുളങ്ങൾ
പുത്തൂർവയൽ ചെന്നംപെട്ടി മങ്ങാവയൽ ആപ്പാളം കല്ലുപുര മുക്കംകുന്നിൽ ഭാഗികമായി തീർന്ന കുളം ഗോവിന്ദൻ പാറ (എസ്.ടി) എന്നിവ നിലവിലുണ്ട്.

കിണറുകൾ
50 കിണറുകൾ നിലനിൽപ്പുണ്ട്.

പരമ്പരാഗത ജലസ്രോതസ്സുകൾ
ചേളേരിക്കാവ് കുളം തൃക്കൈപ്പറ്റ ക്ഷേത്രക്കുളം എന്നിവ പുനരുദ്ധരിക്കാം.

സ്പിങ്കളർ 74 എണ്ണം പ്രവർത്തിക്കുന്നു.

162 മോട്ടർ ഇനി പ്രവർത്തിക്കുന്നുണ്ട്.

ഉൽപ്പന്നങ്ങളുടെ വിലയും വിപണനവും
പ്രധാനമായി വിപണനസൗകര്യങ്ങൾ അങ്ങാടിയായ മേപ്പാടി, വടുവഞ്ചാൽ കേന്ദ്രങ്ങളാണ്. എന്നാൽ ചെറിയ തീതിയിൽ ചെറുകിടകച്ചവടക്കാർ ചരക്കുകൾ എല്ലാ വാർഡുകളിൽ നിന്നും മദ്ധ്യവർത്തികൾ മുഖാന്തിരം സാധനങ്ങൾ ശേഖരിച്ച് പ്രധാന മാർക്കറ്റുകളിൽ എത്തിക്കുന്നു. കൽപ്പറ്റ, മീനങ്ങാടി, കോഴിക്കോട് എന്നിവിടങ്ങളിലേക്ക് കൊണ്ടുപോകുന്നു. മാർക്കറ്റിൽ സൊസൈറ്റി ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രധാന വിളയായ ചായ, കുത്തകക്കാരുടെ കയ്യിലായതിനാൽ പ്രാദേശികകമ്പോളങ്ങളുമായി ബന്ധമില്ല.

കാപ്പി കോഫി ബോർഡ് കുത്തകസംഭരണം നിർത്തിയതോടുകൂടി വൻകിട ചെറുകിട കച്ചവടക്കാർ ഒത്തുചേർന്ന് ചെറുകിട കൃഷിക്കാരെ ചൂഷണം ചെയ്യാൻ തുടങ്ങിയിരിക്കുന്നു. ചെറുകിടക്കാർക്ക് ക്യൂറിംഗ് സ്റ്റോറേജ് സൗകര്യം ഇല്ലാത്തതിനാൽ ചൂഷണത്തിന് ഇരയാകുന്നു.

എൻ.എം.ടി.സി ഡിപ്പോക്കാർ പഞ്ചായത്തിൽ ഉണ്ടായിരുന്നെങ്കിലും കോഫി ബോർഡ് മാർക്കറ്റിംഗ് വിഭാഗം നിർത്തിയതോടുകൂടി പേരിനു മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

ഏലം വിപണനകേന്ദ്രം വണ്ടൻമേട്ടിൽ മാത്ര മേയുള്ളൂ. എൻ.എം.ഡി.സി തുടങ്ങിയെങ്കിലും അതു നിലച്ചു. കച്ചവടക്കാർ ഗുണനിലവാരത്തിന്റെ പേര് പറഞ്ഞ് കർഷകരെ പരമാവധി ചൂഷണം ചെയ്യുന്നു. മാർക്കറ്റ് വിലയുടെ പകുതിപോലും കർഷകർക്ക് കിട്ടുന്നില്ല.

കുരുമുളകിന് മാർക്കറ്റ് വിലയേക്കാൾ 200 മുതൽ 500 വരെ കുറച്ച് മാത്രമേ വില ലഭിക്കുന്നുള്ളൂ. പൊതു വിൽ വിപണനം കേന്ദ്രസഹകാര്യമേഖലയിലാണ്. വിലനിലവാരം കച്ചവടക്കാരന്റെ താല്പര്യ ത്തിനനുസരിച്ചാണ്.

കാർഷികബന്ധങ്ങൾ
കൃഷിഭൂമിയിൽ തൊഴിലെടുക്കുകയും കൃഷി ചെയ്യുന്നതുമായ കർഷകർ മൊത്തം കർഷകരിൽ 50% മാത്രമാണ്. കർഷകത്തൊഴിലാളികളെ കിട്ടാൻ പ്രയാസമനുഭവപ്പെടുന്നു. 1991 സെൻസസ് പ്രകാരം 4212 കർഷകത്തൊഴിലാളികളാണുള്ളത്.

കൃഷി സേവനവ്യവസ്ഥകൾ

കാർഷിക മേഖലയിൽ പല പ്രദേശത്തും പല നിരക്കിൽ കൂലി കൊടുക്കുന്നുണ്ട്. ശരാശരി ഒരു പുരുഷതൊഴിലാളിക്ക് 60 രൂപയും സ്ത്രീ തൊഴിലാളിക്ക് 40 രൂപയും ലഭിച്ചുവരുന്നു. കൂലിക്ക് പുറമെ ഭക്ഷണവും കൊടുക്കുന്നു. ഉഴവിന് ഒരാൾക്ക് 125 മുതൽ 150 വരെ ലഭിക്കുന്നു. 125 രൂപ മുതൽ 150 രൂപ വരെ കമുക് കർഷകത്തൊഴിലാളികൾക്ക് കൂലി ലഭിക്കുന്നുണ്ട്.

വള ഉപയോഗം

സ്വകാര്യമേഖലയിൽ ഏഴും സഹകരണമേഖലയിൽ രണ്ടും ഡിപ്പോകൾ പ്രവർത്തിക്കുന്നു.

കാർഷികോപകരണങ്ങൾ

കൃഷിക്കായി 14 ട്രാക്ടർ, ട്രിലർ ആറ്, നാടൻ കലപ്പ 180, എന്നിവയും കീടനാശിനികൾ തളിക്കുന്നതിനായി 870 റോക്കർ സ്പ്രെയർ, 350 നാവ്സാക് സ്പ്രെയർ എന്നിവയും 500ഓളം പൗവ്വർ സ്പ്രെയറുകളും ഉണ്ട്.

പാടശേഖരസമിതികൾ കുരുമുളക് സമിതികൾ കേരസംരക്ഷണസമിതി

കൃഷിഭവന്റെ നേതൃത്വത്തിൽ പാടശേഖരസമിതികളും 17 കുരുമുളക് സംരക്ഷണസമിതികളും പഞ്ചായത്ത് തലത്തിൽ ഒരു കേരസംരക്ഷണ സമിതിയും പ്രവർത്തിക്കുന്നു.

പാടശേഖരസമിതികൾ

		ഒന്നാംവിള	രണ്ടാംവിള
1.	വെള്ളരിവയൽ	നെല്ല്,വാഴ	വാഴ
2.	ആപ്പാളം	നെല്ല്,വാഴ	വാഴ
3.	റിപ്പൺപുതുക്കാട്	നെല്ല്	നെല്ല്,വാഴ
4.	മാനിവയൽ	,നെല്ല്,വാഴ	നെല്ല്,വാഴ
5.	കോട്ടനാട്	നെല്ല്,വാഴ	നെല്ല്,വാഴ
6.	മുക്കുകുന്ന് വാഴക്കണ്ടി	നെല്ല്,വാഴ	വാവ
7.	പുത്തൂർവയൽ	നെല്ല്,വാഴ	വാഴ
8.	നെല്ലിമാളം	നെല്ല്,വാഴ	വാഴ,പയർ നെല്ല്

കുരുമുളക് സമിതികൾ

1. ചെല്ലങ്കോട്
2. വടുവഞ്ചാൽ
3. ആപ്പാലം
4. കടച്ചിക്കുന്ന്
5. റിപ്പൺ പുതുക്കാട്
6. താഴെ അരപ്പറ്റ
7. മുണ്ടുകൈ
8. ഏലവയൽ
9. ചൂരൽമല
10. നെല്ലിമുണ്ട, 300 സമിതി
11. മാനിവയൽ
12. കോട്ടനാട്
13. പുത്തൂർ വയൽ
14. പക്കാളിപള്ളം ആനപ്പാറ
15. മുക്കംകുന്ന്
16. നെല്ലമാളം
17. ജയ്ഹിന്ദ് നത്തകുനി

വായ്പാ സ്ഥാപനങ്ങൾ

രണ്ട് സഹകരണ ബാങ്കുകൾ ജില്ലാ സഹകരണ ബാങ്കിന്റെ ശാഖ എന്നിവ അടക്കം 10 കൊമേഴ്സ്യൽ ബാങ്കുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ വൈത്തിരി താലൂക്ക് കാർഷിക വികസനബാങ്ക് കൽപ്പറ്റയിൽ നിന്നും ഈ പഞ്ചായത്തിലെ കർഷകർക്ക് ലോൺ കൊടുത്തു വരുന്നു. ബാങ്കുകളിൽ നിന്നു ലഭിക്കുന്ന വായ്പകൾ കർഷകർ യഥാർത്ഥ കൃഷിവളർച്ചക്കുവേണ്ടി ഉപയോഗിക്കുന്നില്ല. മറിച്ച് മറ്റ് വീട്ടാവശ്യങ്ങൾക്കായി പണം ഉപയോഗിക്കുന്നു.

ജലസേചനം

മഴയെ മാത്രം ആശ്രയിച്ചാണ് പഞ്ചായത്തിൽ പ്രധാനമായും കൃഷിഇറക്കുന്നത്. ജൂൺ ജൂലൈ മുതൽ സെപ്തംബർ ഒക്ടോബർ വരെ മഴ ലഭിക്കുന്നു.

പഞ്ചായത്തിൽ നെല്ലിമുണ്ട, ചൂരൽമല, മേലാടി എന്നീ മൂന്നു പുഴകൾ പ്രധാനപ്പെട്ടവയാണ്. കൂടാതെ 59 ചെറുതും വലുതുമായ തോടുകൾ ഒഴുകുന്നു. വർഷകാലത്ത് പെയ്തിറങ്ങുന്ന വെള്ളം സംഭരിക്കാൻ ഇന്ന് വളരെ പരിമിതമായ സൗകര്യങ്ങളേ ഉള്ളൂ . ഒന്നു മുതൽ ഏഴ് വരെ വാർഡിലുള്ളത് ചാലിയാർ പുഴയിലേക്കും 8 മുതൽ 15 വരെയുള്ള വാർഡിലേത് കബനി നദിയിലേക്കും എത്തിച്ചേരുന്നു.

ഈ വെള്ളം ഗ്രാമസഭകളിൽ നിന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങളനുസരിച്ച് തടാകങ്ങളും ചെക്ക് ഡാമുകളും നിർമ്മിച്ച് സംഭരിച്ചാൽ പഞ്ചായത്തിലെ കുടിവെള്ളം ജലസേചനസൗകര്യം എന്നിവ മെച്ചപ്പെടുത്താൻ കഴിയും.

പ്രശ്നങ്ങൾ

പ്രധാന കാർഷികവിളയായ കാപ്പിയിൽ കായ്തുരപ്പൻ ശല്യം ഉണ്ട്. അതിന് കൃഷിക്കാർക്ക് ഒറ്റയ്ക്ക് മരുന്ന് തെളിച്ചെത്തിക്കാൻ കഴിയില്ല. കുരുമുളക് കൃഷിക്ക് സർക്കാർ നൽകുന്ന തരത്തിൽ കാർഷികസബ്സിഡി നിരക്കിൽ മരുന്ന് വിതരണവും കൃഷിക്കാരിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായവും നടപ്പിലാക്കുക. കുരുമുളക് ദ്രുതവാട്ടം പിടിച്ച് നശിച്ചു പോയിട്ടുള്ള വള്ളികൾ പറമ്പിൽ നിന്നു നീക്കം ചെയ്യാൻ കർഷകർക്ക് ഭാരിച്ച ചെലവുവരുന്നു.

തോട്ടങ്ങൾ വൃത്തിയാക്കുന്ന പ്രവർത്തനങ്ങൾ നടത്താത്തതുകൊണ്ടുതന്നെ കൃഷിയിടങ്ങളിൽ ദ്രുതവാട്ടം ഇന്നും വ്യാപകമായിത്തീരുന്നു. നെൽ

കൃഷി മറ്റു കൃഷികളെ അപേക്ഷിച്ച് ലാഭമില്ലാത്തതിനാൽ കൃഷിക്കാർ വാഴ, ഇഞ്ചി മുതലായ കൃഷികൾക്കായി പാടം ഉപയോഗിക്കുന്നു. ശാസ്ത്രീയമായ വളപ്രയോഗം പൊതുവെ ഒരു കൃഷിക്കും ചെയ്യുന്നില്ല. എന്നാൽ വൻകിട തോട്ടം ഉടമകൾ ശാസ്ത്രീയവും ചെലവു കുറഞ്ഞതുമായ ഉപാധികൾ അവരുടെ തോട്ടങ്ങളിൽ അനുവർത്തിക്കുന്നു.

നിലവിലുള്ള ഉല്പാദനം കൂട്ടുവാൻ ശരിയായ രീതിയിൽ മണ്ണുപരിശോധനാ പ്രവർത്തനം വേണം. ഇന്ന് കൃഷിഭവനിൽ മണ്ണ് സാമ്പിൾ എത്തിച്ചാൽ യഥാസമയം പരിശോധിച്ച് കർഷകനെ സഹായിക്കാൻ കഴിയുന്നില്ല.

വാഴകൃഷിക്ക് കൂമ്പടപ്പ്, തണ്ടുതുരപ്പൻ വണ്ട്, ചീയൽ എന്നീ രോഗങ്ങൾ സാധാരണയായി ഉണ്ടാകാറുണ്ട്.

ഇഞ്ചികൃഷിക്ക് മാഹാളി എന്ന രോഗം വ്യാപകമായുണ്ട്

നെൽകൃഷിക്ക് വേണ്ടത്ര വെള്ളം കിട്ടായ്ക, കാലാവസ്ഥാമാറ്റങ്ങൾ കാരണം ഒന്നാംവിളയുടെ വിളവെടുപ്പ് വളരെയധികം നഷ്ടം വരുത്തുന്നു.രോഗ കീടബാധഎന്നിവ കൂടുന്നു.

പച്ചക്കറി കൃഷി തുലോം കുറവാണ്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

റബ്ബർ

പഞ്ചായത്തിൽ നാമമാത്രമായേ റബ്ബർ കൃഷി ഉള്ളൂ. കാലാവസ്ഥ റബ്ബറിന് അനുഗുണമല്ല.

ഏലം

അഴുകൽ രോഗം വന്ന് ഏലത്തോട്ടങ്ങൾ നശിച്ചു കഴിഞ്ഞു. പുതിയ. നല്ലയിനം ഏലതൈകൾ വെച്ചുപിടിപ്പിക്കേണ്ടതാണ്. വൻകിട തോട്ടമുതലാളിമാരിൽ ബോധവൽക്കരണം നടത്തണം. കൂടാതെ ഏലത്തിന് ലേലകേന്ദ്രം വയനാട്ടിൽ ഉണ്ടാകണം.

മൾബറി

സ്ത്രീകൾക്കും കുട്ടികൾക്കും പരിശീലനം ലഭിച്ചാൽ ചെയ്യാവുന്ന കൃഷിയാണിത്. പ്രത്യേകിച്ച് ശ്രദ്ധിക്കേണ്ടത് ജലസേചനസൗകര്യമുള്ളതും വൈദ്യുതിയും ഉള്ള കൃഷിക്കാരെ ഇതിനായി പ്രോത്സാഹിപ്പിക്കണം. ഇതിന് ഇപ്പോൾ വയനാട്ടിൽ വിപണന കേന്ദ്രം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

പുൽകൃഷി

വട്ടത്തുവയൽ, ആനപ്പാറ, വീട്ടിക്കാട് പ്രദേശം സോഷ്യൽ ഫോറസ്റ്റിന്റെ കൈവശമാണ്. ഇവിടങ്ങളിൽ ഏക്കർ കണക്കിന് തരിശുഭൂമി ഉണ്ട്. പുൽകൃഷി നടത്തി പാൽ സൊസൈറ്റികൾ മുഖാന്തരമോ മറ്റ് ഏജൻസി മുഖാന്തരമോ പശുവളർത്തുകാർക്ക് കുറഞ്ഞ വിലക്കെത്തിക്കാൻ മാർഗമുണ്ടാക്കണം.

വാർഡുകളിൽ അങ്ങിങ്ങായി ഉള്ള സോഷ്യൽ ഫോറസ്റ്റുകളിൽ ഫലവൃക്ഷവിളകൾ കൃഷി ചെയ്യാൻ ജനകീയ അടിസ്ഥാനത്തിൽ വിത്ത്, നടീൽ വസ്തുക്കൾ കൃഷിയിടങ്ങളിൽ നടീൽ, പരിപാലനം എന്നിവ നടത്തി കൂരങ്ങിൽ നിന്നും കൃഷിയെ രക്ഷപ്പെടുത്തുക. ഇതിന് നാട്ടിലെ സാമൂഹ്യ—സാംസ്കാരിക സംഘടനകൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവയുടെ കൂട്ടായ്മ ഉറപ്പുവരുത്തി നടപ്പാക്കാം.

തെങ്ങ്

മണ്ടചീയൽ, ചെന്നീരൊലിപ്പ് എന്നിവ രൂക്ഷമാണ്. കുരുമുളകിന്റെ ദ്രുതവാട്ടം ഉണ്ടാക്കുന്ന കുമിളുകൾ തന്നെയാണ് ഈ രോഗവും പരത്തുന്നത്. അതിനാൽ കുരുമുളക്, തെങ്ങ് മരുന്നുതളി സംയജിപ്പിച്ച് നടത്തേണ്ടതാണ്.

പണ്ടത്തെ അപേക്ഷിച്ച് ഇപ്പോൾ ജൈവവള പ്രയോഗം കുറഞ്ഞിരിക്കുന്നു. തീരെയില്ല എന്നുതന്നെ പറയാം. പശുവളർത്തൽ വലിയ പ്രശ്നമായി മാറിയതോടെ കൃഷിക്കാർ ജൈവവളപ്രയോഗം കുറച്ചിരിക്കുന്നു. എന്നാൽ പറമ്പിലെ ചപ്പുചവറുകൾ നല്ല കമ്പോസ്റ്റ് ആക്കി മാറ്റാൻ കഴിയും.

രാസവളപ്രയോഗം അശാസ്ത്രീയമായി കൃഷിക്കാർ ചെയ്തതുമൂലം സാമ്പത്തികനഷ്ടം, മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പടൽ, രോഗകീടബാധ, ആക്രമണം ഇവ രൂക്ഷമായിക്കൊണ്ടിരിക്കുന്നു. കീടനാശിനി പ്രയോഗം എസ്റ്റേറ്റ് മേഖലയിൽ തൊഴിലാളികളുടെ ആരോഗ്യത്തെ പോലും ഹാനികരമായി ബാധിച്ചിരിക്കുന്നു.

മണ്ണൊലിപ്പ് മറ്റൊരു പ്രധാനപ്രശ്നമാണ്. ചെരിഞ്ഞ പ്രദേശങ്ങളിലാണ് കൂടുതൽ. ചെരിവിനനുസരിച്ചുള്ള കൃഷിപ്പണികൾ ഇല്ല. ഇഞ്ചി, വാഴ മുതലായ കൃഷികൾ മണ്ണൊലിപ്പിന് സഹായകമായ വിളകളാണ്. മണ്ണൊലിപ്പ് തടയാൻ കൃഷിക്കാർ ബോധപൂർപ്പമായ ഒന്നും ചെയ്യുന്നില്ല.

കൂടാതെ നല്ല നടീൽവസ്തുക്കളുടെ ലഭ്യത ഇന്ന് തീരെ ഇല്ല. കൃഷിക്കാർ സ്വകാര്യനഴ്സറികളെ ആശ്രയിക്കുന്നു. ഗുണമേന്മയില്ലാത്ത നടീൽ വസ്തുക്കൾ വാങ്ങി നട്ട് കായ്ഫലം ആകാൻ സമയമാകുമ്പോൾ മാത്രമേ കർഷകർ അവർക്ക് പറ്റിയ അമളി മനസ്സിലാക്കുകയുള്ളൂ.

ശാസ്ത്രീയ കൃഷിമുറകളും യന്ത്രവൽക്കരണവും കൃഷിയിടങ്ങളിൽ എത്തേണ്ടതാണ്.

കർഷകതൊഴിലാളികളുടെ ലഭ്യത വിളവെടുപ്പു സമയം, വിളയിറക്ക് സമയം എന്നീ കാലങ്ങളിൽ വളരെ കുറവാണ്. അതുകൊണ്ട് കർണാടകയിൽ നിന്നും തമിഴ്നാട്ടിൽ നിന്നും തൊഴിലാളികൾ തൊഴിൽ തേടി കൂട്ടത്തോടെ പഞ്ചായത്തിലെത്താറുണ്ട്.

ജലസേചനസൗകര്യങ്ങളുടെ കുറവ് പ്രധാന പ്രശ്നമാണ്. മാറ്റി കോട്ടനാട് വയൽ പ്രദേശങ്ങളുടെ ഒന്നാം വിളവെടുപ്പ് കാലമാകുമ്പോഴേക്കും വെള്ളം കുറവായിരിക്കും. തൃക്കൈപ്പറ്റ, മാനിവയൽ, കോട്ടനാട്, പുത്തൂർവയൽ എന്നീ പ്രദേശങ്ങൾ ഒന്നാംവിളവെടുപ്പ് കാലമാകുമ്പോഴേക്കും ജലദൗർലഭ്യം അനുഭവപ്പെടുന്നു.

നടപ്പുപദ്ധതികൾ കൃഷിഭവനിലൂടെ

കുരുമളക് പുനുരുദ്ധാരണം, ഒന്ന്, രണ്ട്, മൂന്ന് ഘട്ടംനൽകുന്നുണ്ട്. കുരുമുളക് ദ്രുതവാട്ടത്തിനെതിരെ മരുന്ന് തളിക്കാനായി ജൂൺ, ജൂലായ്, സെപ്റ്റമ്പർ-ഒക്ടോബർ മാസങ്ങളിൽ കോപ്പർ ഓക്സിക്ലോറഡ്, കോപ്പർ സിഫേറ്റ് എന്നിവ നൽകി വരുന്നു. ഈ മരുന്നുകൾ യഥാർത്ഥത്തിൽ കുരുമുളകിന് ഉപയോഗിക്കപ്പെ ടുന്നില്ല. മറിച്ച്, ഏലം, ഇഞ്ചി, വാഴ എന്നീ വിളകൾക്കായി ഉപയോഗിക്കുന്നു.

ഇഞ്ചി, മഞ്ഞൾ, സുഗന്ധ വ്യജ്ഞന ധാതു വിളകൾ എന്നിവ അഭിവൃദ്ധിപ്പെടുത്തുന്ന തിനുവേണ്ടിയുള്ള സ്കീമുകൾ നടപ്പിലാക്കി വരുന്നു. കൂടാതെ നെൽക്കൃഷി അഭിവൃദ്ധിപ്പെടു ത്തുന്നതിനും തെങ്ങ് കൃഷിക്കാവിശ്യമായ കിണർ, കുളം എന്നിവ നിർമ്മിക്കുന്നതിനും, പമ്പ് സെറ്റുകൾ വാങ്ങിക്കുന്നതിനും ധനസഹായം നൽകുന്നു.

കീടരോഗബാധ തടയുന്നതിന് മരുന്ന് തളിക്കുന്നതിനായി സെപ്രയർ വാങ്ങുന്നതിനുള്ള ധനസഹായം നൽകി വരുന്നു. യുവതീയുവാക്കളിൽ കാർഷികവൃത്തിയിൽ ആഭിമുഖ്യം ഉണ്ടാവുന്നതിനായി അഭ്യസ്ഥവിദ്യരായ യുവതീയുവാക്കളെ കൃഷിഭവനിൽ പ്രത്യേക തൊഴിൽദാനപദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. 183 പേർ കൃഷി ഭവനിൽ പേർ രജിസ്റ്റർ ചെയ്തവരാണ്.

പഞ്ചായത്തിലെ കർഷകരുടെ ആവശ്യങ്ങളുടെ പകുതി പോലും നിറവേറ്റാൻ ഈ പദ്ധ കർഷകർക്ക് ഇവ കിട്ടാൻ ഇന്ന് വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. കൃത്യസമയങ്ങളിൽ ഇവ ലഭിക്കാൻവേണ്ടുന്ന നടപടികൾ ഉണ്ടാവേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധകേന്ദീകരിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

കാപ്പിക്ക് ബാധിച്ചിട്ടുള്ള തണ്ടുതുരപ്പൻ, കായ് തുരപ്പൻ വണ്ടുകളുടെ ശല്ല്യത്തിൽ നിന്ന് കർഷകരെ രക്ഷിക്കാൻ കമുകിന് ചെയ്യുന്നതുപോലെയുള്ള കീടനാശിനി വിതരണം കൃഷി ഭവൻ മുഖാന്തിരം നടപ്പിലാക്കുക. കാപ്പിക്ക് ഗ്രൂപ്പ് ഫാമിങ് ഗ്രൂപ്പായി ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കാനുള്ള പദ്ധതികൾ വേണം.

കുരുമുളകിന്റെ ദ്രുതവാട്ട രോഗം, മരുന്ന് തളിക്ക് ഗ്രൂപ്പ് ഫാമിങ്. സമിതികൾ ശക്തിപ്പെടുത്തുക. മരുന്ന് തളിക്കാനായി എല്ലാ സമിതികളിലും ഓരോ കൂട്ടം ചെറുപ്പക്കാരെ പരിശീലിപ്പിച്ച് അവരുടെ സഹായത്തോടെ മരുന്ന് തളിനടത്തുക. ഗ്രാമപ്രദേശങ്ങളിൽ പുതുതായി കുറച്ച് പേർക്ക് തൊഴിൽ കിട്ടും.

നെൽക്കൃഷിയിൽ ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ശക്തിപ്പെടുത്തുക. പഞ്ചായത്തുതലത്തിൽ (OR) ജില്ലാതലത്തിൽ നടീൽ വസ്തുക്കൾ, വിത്തുക്കൾ എന്നിവ ലഭ്യമാക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.

ജൈവ വള ഉല്പാദനം വർദ്ധിപ്പിക്കണം. ഇതിനായി ജനകീയടിസ്ഥാനത്തിൽ ബോധവൽക്കരണവും, കൃഷിഭവനിൽ നിന്ന് കൊടുക്കുന്ന സബ്സിഡി വർദ്ധിപ്പിച്ച്; എല്ലാവർക്കും എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക. ഈ രംഗത്ത് കർഷക സമിതികൾക്ക് ഒട്ടനവധി കാര്യങ്ങൾ ചെയ്യാൻ കഴിയും.

മണ്ണൊലിപ്പ് തടയാനായി ബണ്ട് കെട്ടൽ എല്ലാ സ്ഥലങ്ങളിലും ഉണ്ടാക്കേണ്ടതാണ് 13, 15 വാർഡുകളിൽ ഈ പ്രവർത്തനം നിർമ്മറി സ്കീമിൽ ഉൾപ്പെടുത്തി വരുന്നു. ബാക്കിയുള്ള പ്രദേശങ്ങളിൽ ഇത് നടപ്പിലാക്കണം. മണിക്കുന്ന് മലയുടെ അടിവാരമംായ 12 വാർഡിൽ നടപ്പിലാക്കണം. കൂടാതെ കാപ്പിത്തോട്ടങ്ങളിൽ പണ്ട് നിർമ്മിച്ചിരുന്നതുപോലെയുള്ള കുഴിക്കനാല് ചെട്ടികൾക്കിടയിൽ '' നിർമ്മിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കാനുള്ള പദ്ധതിക്ക് ജനകീയ സംഘടനകളുടെ സഹായവും ലഭ്യമാക്കണം. ബണ്ട് കെട്ടുന്നതിന് മൺ ബണ്ടുകളുടെ നിർമ്മാണം, രാമച്ചം, പശുവിൻ തീറ്റപ്പുല്ല് എന്നിവ കൂടി ഉപയോഗിച്ചും നിർമ്മിക്കാവുന്നതാണ്.

കാർഷികോല്പന്നങ്ങൾക്ക് നല്ല വില കിട്ടുന്നതിനായി സഹകരണാടിസ്ഥാനത്തിൽ വിപണന കേന്ദ്രങ്ങൾ ഉണ്ടാക്കുക.

മണ്ണു പരിശോധിക്കുന്നതിനായി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക, സാമ്പിളുകൾ പരിശോധിക്കാൻ ഇന്ന് സൗകര്യങ്ങൾ വളരെ കുറവാണ്. ഇതിനായി ബ്ലോക്ക് തലത്തിൽ മൊബൈൽ മണ്ണ് പരിശോധന യൂണിറ്റ് സ്ഥാപിക്കണം.

നെല്ലിന്റെ കീടരോഗബാധ നിയന്ത്രിക്കുന്നതിന് ഇന്ന് വലിയ തോതിൽ കീനാശിനി ഉപയോഗിക്കുന്നു. അതുമാറ്റി സംയോജിത കീടനാശിനി നിയന്ത്രണം നടപ്പിലാക്കാൻ ശ്രമിക്കണം.

കാർഷിക വസ്തുക്കൾ ഉപയോഗിച്ചുള്ള ഭക്ഷണ സാധനങ്ങൾ കരകൗശല വസ്തുക്കൾ എന്നിവയുണ്ടാക്കാൻ സഹകരണസംഘങ്ങൾ ഉണ്ടാകുക. ഉദാ: പൂ കൃഷി. കൂൺക്കൃഷി. കോഴിക്കൃഷി, തേനീച്ച വളർത്തൽ, വാഴ നാര് ഉല്പന്നങ്ങൾ എന്നിവയിൽ സ്ത്രീകൾക്കായി പ്രത്യേക പരിഗണന കൊടുക്കണം. കൂടാതെ അവിൽപ്പാക്കറ്റ്, അരി, അച്ചാർ, വാഴകായ് കൊണ്ടുള്ള വിഭവങ്ങൾ എന്നിവ.

കാർഷിക വായ്പ ലഭിക്കുന്നതിനായി ബാങ്കുകളുടെ നടപടി ക്രമങ്ങൾ ലഘൂകരിച്ച് എളുപ്പത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനു വേണ്ട നടപ്പടി ഉണ്ടാവണം. (പാട്ടത്തിന് കൃഷിയിറക്കുന്ന കർഷകർ).

പച്ചക്കറി കൃഷി വ്യാപകമാക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വെള്ളരി വയൽ തൃക്കൈപ്പറ്റ, മാനിവയൽ, പുതുർവയൽ, റിപ്പൾ പതുക്കാട് എന്നീ പ്രദേശങ്ങൾ കൂട്ടമായി പച്ചക്കറികൃഷി ചെയ്യുവാൻ സൗകര്യം ഉണ്ട്. അതിനായി വിത്ത്, വളം, ഉപകരണങ്ങൾ, ജലസേചന സൗകര്യം എന്നിവയുണ്ടാക്കേണ്ടതാവശ്യമാണ്.

പച്ചക്കറികൃഷിയിൽ സഹകരണ പ്രസ്ഥാനം ഉണ്ടാക്കണം.

വീട്ടുവളപ്പിൽ പച്ചക്കറികൃഷി നടപ്പിൽ വരുത്തണം അതിനായി പ്രത്യേക പാക്കേജ് ഉണ്ടാക്കി വീട്ടമ്മമാരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കാം. കൂടാതെ സ്ക്കൂൾ കുട്ടികൾക്കുള്ള പച്ചക്കറി വിത്ത് ഇന്ന് കൃഷിഭവനിനിന്ന് കൊടുക്കുന്നുണ്ട്. ഈ സമ്പ്രദായം ജനകീയവൽക്കരിച്ച് സ്ക്കൂൾ പി.ടി. എ.കളുമായി യോജിപ്പിച്ച് നടപ്പിലാക്കുക.

നെൽക്കൃഷിക്കാവിശ്യമായ യന്ത്രസാമഗ്രികൾ എല്ലാ പാടശേഖരങ്ങൾക്കും ലഭ്യമാക്കണം.

ഒരുപൂ നിലങ്ങളിൽ തൃക്കൈപ്പറ്റ മുക്കംകുന്ന് പ്രദേശങ്ങൾ, വട്ടമ്പോല, കോട്ടനാട്, പുതുർവയൽ പ്രദേശങ്ങൾ ഇവിടങ്ങളിൽ രണ്ടാം വിളയായി പയർ, കടല, പച്ചിലവള ചെടികൾ എന്നിവ വ്യാപകമായി കൃഷിയിറക്കാം. രണ്ടാംവിള നടത്താത്ത മറ്റ് സ്ഥലങ്ങളിലും ഇത് ചെയ്യാം. പച്ചക്കറി കൃഷിയും ഇവിടങ്ങളിൽ നടത്താം.

കൃഷിക്കാർക്ക് സാധനങ്ങൾ വിൽക്കാൻ പ്രധാന കേന്ദ്രങ്ങളിൽ (ചൂരൽമല, വടുവൻചാൽ, മേപ്പാടി) ചന്തകൾ തുടങ്ങണം.

നെൽകൃഷിയിൽ അന്യംനിന്നുപോവുന്ന ചേറ്റുവെളിയൻ, ചോമാല, തൊടി, പാളിച്ച മുതലായ പഴയ വിത്തുകൾ സംഭരിക്കുകയും ഇവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട നടപടികൾ ഉണ്ടാവണം. നെൽകൃഷിയെ ഗ്രൂപ്പ് ഫാമിംങ്, അത്യുൽപാദന വിത്തിനം, ക്രമമായ പരിചരണം, യന്ത്രവൽക്കരണം എന്നിവയിലൂടെ പുനരുദ്ധരിക്കാവുന്നതാണ്. അടയ്ക്ക സംസ്കരണത്തിനായി പഞ്ചായത്തിൽ അടയ്ക്ക സംസ്കരണ കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങണം.

ഇഞ്ചി സംസ്കരണശാല വയനാട് ജില്ലയിലെങ്കിലും ഒരണ്ണം ഉണ്ടാവണം.

കുരുമുളക് പച്ച, വെള്ള എന്നിവയുടെ ഉത്പാദനവും സംസ്കരണത്തിനും വേണ്ടിയുള്ള സംസ്കരണശാല വേണം.

പഞ്ചായത്തിൽ തേയില കൃഷി വ്യാപകമായി വരുന്നു. അതുകൊണ്ട് ഒരു സഹകരണ തേയില ഫാക്ടറിയോ സർക്കാർ തല തേയില ഫാക്ടറിയോ പഞ്ചായത്തിലോ സമീപ പ്രദേശങ്ങളിലോ ഉണ്ടാവേണ്ടതാണ്.

വന്യമൃഗമായ പന്നി, മുള്ളൻപന്നി ഇവയുടെ ശല്യം കാരണം നെല്ല്, വാഴ, ചേന ഇഞ്ചി, മരച്ചീനി എന്നീ കിഴങ്ങുവർഗ്ഗ വിളകൾ കൃഷിയിറക്കാൻ ഇന്ന് വളരെ പ്രായസം അനുഭവപ്പെടുന്നു. അതുകൊണ്ട് തന്നെ കൃഷിക്കാർ ഇത്തരം വിളകളിൽ നിന്നും മാറി മറ്റ് കൃഷികൾ ചെയ്യുന്നു. ഈ വന്യമൃഗശല്യത്തിൽ നിന്ന് ഇന്ന് കർഷകർക്ക് മോചനം നേടാൻ ഒരു മാർഗ്ഗവുമില്ല. പന്നിയെ ഉപദ്രവിച്ചാൽ

കർഷകന്റെ പേരിൽ കേസെടുക്കുന്നു. ഈ പ്രശ്നത്തിന് സംസ്ഥാനതലത്തിൽ ചർച്ച നടത്തി പരിഹാരമാർഗ്ഗങ്ങൾ ആരാഞ്ഞ് നടപ്പിലാക്കി കൃഷിക്കാരെ സഹായിക്കണം.

നടീൽവസ്തുക്കൾ പഞ്ചായത്തുതലത്തിൽ ഉത്പാദിപ്പിച്ച് സമിതികൾ മുഖേന വിതരണം ചെയ്യണം. കുറഞ്ഞ വിലയിൽ ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ലഭ്യമാക്കാനും നടപടി ഉണ്ടാക്കുക. ഇതിൽ കൃഷിക്കാരുടെ സമിതികളുടെ ജനകീയ പങ്കാളിത്തം ഉണ്ടാക്കാൻ കഴിയും.

പച്ചക്കറികൾ വില്പന നടത്തുന്നതിനായി കൃഷിഭവൻ മുഖാന്തരം സ്റ്റാളുകൾ ഉണ്ടാവണം.

പഞ്ചായത്ത് കൃഷിഭവനിൽ ഇന്ന് ഓഫീസ റടക്കം 4 ഉദ്യോഗസ്ഥന്മാർ മാത്രമാണ് ഉള്ളത്. അ തുകൊണ്ട് തന്നെ ഉദ്യോഗസ്ഥർക്ക് കൃഷിയിടം സന്ദർശിക്കാനോ, ഉപദേശനിർദ്ദേശങ്ങൾ നേരിൽ കൊടുക്കുവാനോ കഴിയുന്നില്ല. അതുകൊണ്ട് പഞ്ചായത്ത് വിഭജിക്കുകയോ അല്ലെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുകയോ ചെയ്യുക. വിഭജനം എല്ലാംകൊണ്ടും ഗുണക രമായിരിക്കും.

ഇൻഷൂറൻസ് പദ്ധതി

കൃഷിയെ സംരക്ഷിക്കുന്നതിന് ജില്ലാ ഇൻഷൂറൻസ് പദ്ധതി വ്യാപകമായി നടപ്പിലാക്കുക. ജലസേചനത്തിനുള്ള കറൻറ് ചാർജ് കുറക്കുക, മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുക.

ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക

പഞ്ചായത്തിലെ ശരാശരി വർഷപാതം 7.78 ആണ്. സമൃദ്ധിയായ മഴ കിട്ടുന്നുണ്ടെങ്കിലും മഴക്കാലം കഴിയുന്നതോടെ കുടിവെള്ളംപോലും ഉണ്ടാവാത്ത അവസ്ഥ നിലനിൽക്കുന്നു. ഇത് മാറ്റിയെടുക്കാൻ പഞ്ചായത്തിലെ വാർഡുക ളിലൂടെ ഒഴുകുന്ന പ്രധാന തോടുകൾ വെള്ള രിവയൽ, വട്ടുതുവയൽ, ആപ്പാളം, എരുമക്കൊല്ലി, കുന്നുമ്പകപുഴ, കോട്ടനാട്, മാങ്ങവയൽ, നെല്ലിമാളം, കുടിവയർ, ഉപ്പുപാറ, തോട് ഇവയ്ക്ക് ഇടയ്ക്കിടെ തടയണകൾ നിർമ്മിക്കുക. കൂടാതെ ചെമ്പോത്തറ വയലിൽ നിലവിലുള്ള ചെക്ക് ഡാം ബലപ്പെടുത്തി അത് ഉപയോഗയോഗ്യമാക്കുക. ഉപ്പുപാറ നിലവിലുള്ള ജലസേചന സൗകര്യം മെച്ചപ്പെടുത്തണം. ചൂരകുനി, പനായി ചെക്കു ഡാമുകൾ റിപ്പയർ ചെയ്ത് വിപുലപ്പെടുത്തണം. മുണ്ടോറ, വെള്ളിതോട് ബണ്ടുകൾ വിപുല പ്പെടുത്തുക, നിലവിലുള്ള മെച്ചപ്പെടുത്തിയെ ടുത്താൽ ഇന്നുള്ള ജലദൗർലഭ്യം കുറച്ചു കൊണ്ടുവരാൻ സാധിക്കും. എജമ്പിലേറി തോടിന് ക്രോസ് ബാർ ഉണ്ട്. ഇതിന് പലക ഇടണം. കൂടാതെ പുതിയതായി ചെക്ക് ഡാമുകക്ഷൾ ഉണ്ടാക്കേണ്ടതുണ്ട്. മാടക്കര, ലക്കിഹിൽ തടയണ നിർമ്മിക്കണം. കാപ്പകൊല്ലി ഡാം റിപ്പയർ ചെയ്യണം.

ചെക്ക് ഡാമുകൾ

* വെള്ളരിവയൽ കൃഷ്ണൻചെട്ടിയുടെ വീടിനടുത്ത്
* വടത്തുവയൽ മഞ്ഞളത്ത് ,,
* ചെല്ലങ്കോട് എടക്കോട് തോടിന് ഓവുപാലത്തിനടുത്ത്
* ആപാളം ഓവുപാലത്തിനടുത്ത്
* അമ്പലത്തിനു മുൻവശത്ത്
* ഹരിദാസന്റെ വീടിനടുത്ത് മുകളിലേക്ക് പോകുന്ന റോഡിന് സമാന്തരമായി ഒഴുകിവരുന്ന തോടിന് ബണ്ട്
* റിപ്പൺ പുതുക്കാട്ടിൽ കടച്ചികുന്ന് പാട ശേഖരത്തിൽ ബണ്ട്
* കോനാർകാടിനടുത്ത് ബണ്ട്
* കർപ്പൂരകാട് ഭാഗത്ത് ബണ്ട്
* എരുമകൊല്ലി 1-ാം നമ്പർ ഭരതൻ ഏന്തീൻ എന്നിവരുടെ വീടുകൾക്കടുത്ത് (കുടിവെള്ളം കൂടി)
* കോട്ടവയൽ മിച്ചഭൂമിക്കടുത്ത്
* എ.ആർ. ക്യാമ്പിനടുത്ത്
* മാടക്കര, ലക്കിഹിൽ തടയണ കുളങ്ങൾ
* വരിപ്ര, പുല്ലൂർകുന്ന്, മണലോവയൽ, വീട്ടിപുര, വെള്ളൂർകുനി
* അരമംഗലം ചാൽ
* പാറക്കംവയൽ, അരണമല, നീലിക്കാപ്പ്, ഏലവയൽ
* ഹൈസ്കൂളിന് താഴെ കുളം
* കുന്നമ്പക 8-ാം നമ്പർ വയൽ, സീതാറാം വയൽ

* ചെറുപ്പറ്റ, കരവീട് വയൽ, പനായി
* ജയ്ഹിന്ദ്, പുതുകുടിമുക്ക്, കുളങ്ങൾ

കനാലുകൾ

* അരമംഗലം ചാലിൽ ഉണ്ടാക്കുന്ന കുളത്തിൽ നിന്ന് വെള്ളമടിച്ച് കൃഷിയിടത്തിൽ എത്തിക്കാൻ കനാൽ
* ജയ്ഹിന്ദ് വയലിൽ നിലവിലുള്ള കനാൽ ബലപ്പെടുത്തി മെച്ചപ്പെടുത്തണം
* ഉപ്പുപാറ ബണ്ടിനുള്ള കനാൽ കുറച്ചുകൂടി ബലപ്പെടുത്തി നീളം വർദ്ധിപ്പിക്കുക

ലിഫ്റ്റ് ഇറിഗേഷൻ

* കല്ലുകെണി, വട്ടമ്പോല ഭാഗത്ത് പുഴയിൽ മോട്ടോർ വെച്ച് വെള്ളം പമ്പ് ചെയ്ത് നനയ്ക്കാം. 25 ഏക്കർ കൃഷി രണ്ടാം വിള ചെയ്യാം.
* മഞ്ഞാളകൊല്ലി, ചെണ്ടംവെട്ടി, പുതൂർ വയൽ, കല്ലുപുര തുടങ്ങിയ കോളനികളിൽ നിർമ്മിച്ചിട്ടുള്ള കുളങ്ങളിൽ മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കുക.
* മാനിവയൽ, കോട്ടത്തറവയൽ പുഴകളിൽ മോട്ടോർ വെച്ച് കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കാം.
* ആനപ്പാറ പക്കാളിപ്പള്ളം ഭാഗത്ത് ചെമ്പ്ര മലയിലുള്ള നീരുറവ കെട്ടിനിർത്തി പൈപ്പ് മുഖേന വിതരണം ചെയ്യാൻ സാധിച്ചാൽ 150-ഓളം കുടുംബങ്ങൾക്ക് ജലസേചനവും കുടിവെള്ളവും സാധിപ്പിച്ചെടുക്കാം.

കുന്നമ്പറ്റ വയലിൽ നീർക്കെട്ട് മാറ്റുന്നതിന് റോഡിന് കുറുകെ ജലം ഒഴുകാൻ വേണ്ട സംവിധാനം ഉണ്ടാക്കുക.

ഇവ കൂടാതെ മൂന്നാം വാർഡിൽ പൊതുവായി ചെറുകിട കർഷകരുടെ കാപ്പി നനക്കുന്നതിന് ഒരു ആവശ്യമുണ്ട്.

കർഷക തൊഴിലാളികളുടെ കൂലി ഏകീകരിക്കണം. വളരെ ചെലവ് കുറഞ്ഞതും ലാഭകരവുമായ കുറഞ്ഞസമയ പരിധിക്കുള്ളിൽ വിളവെടുക്കാൻ സാധിക്കുന്ന കൂൺകൃഷി നടപ്പിലാക്കുന്നതിന് അടിയന്തര ശ്രദ്ധ പതിയണം.

പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പെട്ടെന്ന് വേണ്ടത് ചെയ്യണം.

കർഷകരെ ആദരിക്കുന്നത് പഞ്ചായത്ത് തലത്തിൽ നടത്തണം. കൃഷി ഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. അഗ്രോ ക്ലിനിക്കുകൾ പാടശേഖരങ്ങളിൽ തുടങ്ങണം.

ബോധവൽക്കരണം

വയനാട്ടിൽ പൊതുവെ ത്രീ ടയർ കൃഷി സമ്പ്രദായം കണ്ടുവരുന്നു. എന്നാൽ യഥോചിതമായ പരിചരണക്കുറവും, മണ്ണിന്റെയും ചെടികളുടെയും പ്രത്യേകതകൾ കൊണ്ടും ഗുണത്തേക്കാളേറെ ദോഷഫലങ്ങൾ കണ്ടു വരുന്നു. ഗ്രൂപ്പ് ഫാമിങ്ങിന്റെ മെച്ചങ്ങൾ, ഇടവിളയുടെ പ്രാധാന്യം, ജൈവവള പ്രയോഗം, ശാസ്ത്രീയ വള, കീടനാശിനി പ്രയോഗം, സ്വകാര്യ ജലസംഭരണം എന്നിവ സംബന്ധിച്ച് കർഷകർക്ക് ബോധവൽക്കരണം അവശ്യാ വേണ്ടതാണ്.

വെള്ളക്കോളർ തൊഴിലിന്റെ വ്യാമോഹങ്ങളിൽ നിന്ന് ജനങ്ങളെയും പ്രത്യേകിച്ച് യുവാക്കളെയും മോചിപ്പിച്ച് കാർഷിക വികസനത്തിന്റെ ആവശ്യകതയും പൗരധർമ്മവും സമന്വയിപ്പിച്ച് കാർഷിക വൃത്തിയിൽ അഭിമാനം കൊള്ളുന്ന ഒരു ജനസമൂഹത്തെ വാർത്തെടുക്കാനുള്ള സമഗ്ര അവബോധ വിപ്ലവത്തിന് തുടക്കം കുറിക്കണം.

കർഷകത്തൊഴിലാളികളുടെ വേതനം ഏകീകരിക്കുന്നതോടൊപ്പം തൊഴിലിൽ അർപ്പണ ബോധവും ആത്മാർത്ഥതയും വർദ്ധിപ്പിച്ച് കാർഷിക രംഗം വിപുലപ്പെടുത്താൻ കാർഷിക വൃത്തിയിലെ ലാഭനഷ്ടങ്ങൾ വിശകലനം ചെയ്യണം. കാർഷിക തൊഴിൽ കൊണ്ടുണ്ടാകുന്ന ദേശത്തിന്റെ നേട്ടം ലക്ഷ്യമിട്ട് തൊഴിലിൽ പ്രതിബദ്ധതയുള്ള തൊഴിലാളി വർഗ്ഗത്തെ വാർത്തെടുക്കാൻ കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

മേപ്പാടി പഞ്ചായത്തിന്റെ കാർഷിക മേഘലയിൽ വളരെയധികം മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിലുണ്ട്. ജനകീയമായി ഇത് നടപ്പിലാക്കാനുള്ള ഇച്ഛാശക്തി നമുക്കുണ്ടാവണം.

മൃഗസംരക്ഷണവും മൽസ്യബന്ധനവും

പഞ്ചായത്തിലെ കർഷകരിൽ പകുതിയിലധികം പേരും കന്നുകാലി വളർത്തുന്നവരാണ്. ദൈനംദിന ജീവതത്തിൽ പാലുല്പാദനത്തിൽ നിന്നുള്ള വരുമാനം വളരെ പ്രധാനപ്പെട്ടതാണ്. കൂടാതെ ചെറുപ്പക്കാരായ അഭ്യസ്ഥവിദ്യർക്കും മറ്റുള്ളവർക്കുംതൊഴിൽ നേടാൻ പറ്റിയ ഒരു മേഖല കൂടിയാണ് മൃഗസംരക്ഷണ മേഖല.
പാൽസംഭരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമായി 2 സൊസൈറ്റികൾ നിലവിലുണ്ട് ഇവയുടെ പ്രവർത്തനം കർഷകരിൽ അത്യുപ്തി ഉണ്ടാക്കുന്നു.

ക്ഷീരവ്യവസായ സഹകരണ സംഘം പാൽ വിതരണം.

സഹകരണസംഘത്തിന്റെ പേര്	ശേഖരിക്കുന്നപാൽ	പഞ്ചായത്തിൽവിൽപന നടത്തുന്നപാൽ	പുറത്തേക്ക് അയക്കുന്നപാൽ
മൂപ്പനാട്	492750	27375	465375 ലി.
കുന്നംമ്പറ്റ	602250	65700	536550.ലി.
ആകെ	1095000	93075	10,01925 ലി.

മൃഗസംരക്ഷണ രംഗത്ത് പഞ്ചായത്തിലുള്ള പ്രശ്നങ്ങൾ

- പേവിഷബാധ
- മേഖലയിൽ കടന്നുവരാനുള്ള അഭ്യസ്ഥ വിദ്യരുടെ വിമുഖരുടെ
- ധനകാര്യ വായ്പാ സ്ഥാപനങ്ങൾകാണിക്കുന്ന താൽപര്യകുറവ്
- ചുരുങ്ങുന്ന മേച്ചിൽ സ്ഥലങ്ങൾ
- പെരുകുന്ന ഉൽപാദന ചിലവ്
- അത്യുൽപാദന ശേഷിയുള്ള തനതായകാലിജനസകളുടെ സ്വയം പര്യാപ്തകുറവ്
- സങ്കരഇനം പശുക്കളുടെ ലഭ്യതകുറവ്
- പേവിഷബാധ തടയാൻ നായ്ക്കളെ വളർത്തുന്നവർ നിർബന്ധമായും പഞ്ചായത്ത് ലൈസൻസ് വാങ്ങിയിരിക്കണം. അലഞ്ഞുതിരിയുന്ന നായ്ക്കളെ സമയബന്ധിതമായി കൊന്നൊടുക്കുക.
- തീറ്റ പുൽകൃഷി തീരെയില്ല.
- കാലിത്തീറ്റയുടെ അമിതമായ വില
- ഉൽപാദന ക്ഷമത ചൂഷണം ചെയ്യാൻ കഴിയാറില്ല.
- വിപണനത്തിൽ ഇന്നുള്ള പ്രയാസങ്ങൾ കർഷകന് മിൽമയിൽനിന്നും യഥാർത്ഥ വില കിട്ടുന്നില്ല.
- പാലു കൂടുന്ന വർഷകാലങ്ങളിൽ പാൽ സൊസൈറ്റികൾ പാലെടുക്കാതെ ഇരിക്കൽ.
- രോഗങ്ങൾ, കുളമ്പുദീനം, പനി, താടവീക്കം,
- കോഴി വളർത്തുന്നതിനു ആവശ്യമായ സാങ്കേതിക പരിശീലനകുറവ്
- നല്ല ജനസുകളെ കിട്ടാൻ പ്രയാസം
- വൈദ്യുതി എത്താത്തതിന്റെ പ്രശ്നങ്ങൾ
- തീറ്റ കിട്ടാൻ പ്രയാസം
- മൽസ്യമാംസ മാർക്കറ്റുകൾ നവീകരിക്കാത്തത്
- മാംസത്തിനായി അറക്കുന്ന കാലികളുടെ ഗുണമേൻമ, കുറയുന്നു
- മൃഗാശുപത്രി പഞ്ചായത്തിൽ മേപ്പാടി മാത്രമേയുള്ളൂ. സബ്ബ് സെൻറ്ററുകൾ ഉണ്ടെങ്കിലും കർഷകർക്ക് അവ പ്രയോജനപ്പെടുത്താൻ വേണ്ടത്ര കഴിയുന്നില്ല.
- മുയൽ കൃഷിയിൽ പരിശീലനം ലഭിക്കണം മുയൽ കുഞ്ഞുങ്ങളെ ലഭ്യമാക്കണം
- പന്നി വളർത്തുന്നതിന് മേൽത്തരം പന്നികുഞ്ഞുങ്ങളുടെ ലഭ്യത
- വളർത്തുന്നതിനുവേണ്ടിയുള്ള പരിശീലനം

നടപ്പുപദ്ധതികൾമൃഗസംരക്ഷണവകുപ്പ്

1.പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി. പഞ്ചായത്തിൽ വളരെ കുറച്ച് പേർക്ക് മാത്രമേ ഇതിൽ പ്രയോജനമുള്ളൂ.
2. പേവിഷ നിയന്ത്രിതപദ്ധതി. സബ്ബ്സിഡി നിരക്കിൽ നായ്ക്കളിൽ പ്രതിരോധ കുത്തിവെയ്പ് നടത്തുന്നു.
കാലിവസന്ത നിർമ്മാജനപദ്ധതി
4. കാലി രോഗ നിയന്ത്രണ പദ്ധതി .
5. മൃഗസംരക്ഷണ സേവനങ്ങൾ
6. ആടുവളർത്തൽ പദ്ധതി
7. പന്നിവളർത്തൽ വികസനപദ്ധതി
8. പരിശീലന പദ്ധതി
9. മുയൽ ഉല്പാദനപദ്ധതി
10. ഇറച്ചിക്കോഴി വളർത്തൽ പദ്ധതി
11.വീടുവളപ്പിലെ കോഴിവളർത്തൽ
12. താറാവു കൃഷി വികസനംകാടയുൽപാദനം.
13. ബീജസങ്കലന സൗകര്യങ്ങൾ
14. എഗ്ഗ് നഴ്സറി
ഈ പദ്ധതികൾ ഡിപാർട്ട്മെൻറിൽ ഉണ്ടെങ്കിലും പഞ്ചായത്തിൽ ഇവയുടെ പ്രവർത്തനം പേരിന് മാത്രമേയുള്ളൂ.

നിർദ്ദേശങ്ങൾ

യുവാക്കളിൽ മൃഗസംരക്ഷണം, പരിപാലനം എന്നിവയെക്കുറിച്ച് ബോധവൽക്കരണം ഇതിനായി പഞ്ചായത്തിലെ സന്നദ്ധ സംഘടനകൾ, സാംസ്കാരികസംഘടനകൾ, ക്ഷീരോൽപാദന സഹകരണസംഘങ്ങൾ,ബാങ്കുകൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവയെ സംയോജിപ്പിച്ച് പഞ്ചായത്ത് മുൻകൈയെടുത്ത് വിവിധ സ്ഥലങ്ങളിൽ, സെമിനാറുകൾ, ചർച്ചക്ലാസുകൾ, എന്നിവനടത്തി യുവാക്കളെ ബോധവൽക്കരിക്കുക.

പഞ്ചായത്ത് മുൻകൈയെടുത്ത് കന്നുകാലി വളർത്താൻ താൽപര്യമുള്ള കർഷകർക്ക് ബാങ്കുകളിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് വേണ്ടസഹായങ്ങൾ ചെയ്യുക.

മേച്ചിൽസ്ഥലങ്ങൾ ഇല്ലാതായത് ഒരു പ്രധാനപ്രശ്നമാണ്. പറമ്പുകളിൽ മണ്ണ് സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന കയ്യാലകൾ, തോട്ടിൻകരകൾ എന്നിവിടങ്ങളിൽ പുൽകൃഷി പ്രോൽസാഹിപ്പിക്കുക. തരിശിടുന്ന സ്ഥലങ്ങളിൽ പുൽകൃഷി ചെയ്യിക്കുക.

പുൽകൃഷി മാത്രം ചെയ്യാൻ കർഷകർക്ക് ധനസഹായം നൽകുകയും സൊസൈറ്റികൾ മുഖേനകർ,കർഷകർക്ക് ന്യായമായ വിലക്ക് പുൽവിതരണം നടത്താൻ സംവിധാനം ഏർപ്പെടുത്തുക.

കാലിത്തീറ്റ,കോഴിതീറ്റ, എന്നിവയുടെ ലഭ്യത ഇന്ന് വളരെ വലിയ പ്രശ്നമാണ്. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരുകാലിത്തീറ്റ, കോഴിതീറ്റ ഫാക്ടറി തുടങ്ങണം. ഇതിനു പഞ്ചായത്ത് മുൻകൈയെടുക്കണം. തവിട്, കായത്തോട്, ചക്ക മറ്റുസസ്യാവിശിഷ്ടങ്ങൾ എന്നിവ ഇതിനായി ഉപയോഗിക്കാം.

അത്യുൽപാദനശേഷിയുള്ള കന്നുകാലികളെ കിട്ടാൻ ഇന്നു ബുദ്ധിമുട്ടുണ്ട്. പഞ്ചായത്തിനാവശ്യമായ കന്നുകാലികളെ ഇവിടെ തന്നെ ഉൽപാദിപ്പിക്കുവാൻസർക്കാറിന്റെ സഹായത്തോട് ശ്രമിച്ചാൽ കഴിയും. മൃഗസംരക്ഷണവകുപ്പ്, ഫോറസ്റ്റ് വകുപ്പ് എന്നിവ സംയുക്തമായി ആലോചിച്ച് പഞ്ചായത്തിന്റെ മേൽകൈയോടെപക്കാളിപ്പള്ളം ഭാഗത്ത് മിൽമ പശുവളർത്തിയിരുന്ന പ്രദേശം വീണ്ടെടുത്ത് നല്ലയിനം പശുക്കളെ വളർത്തി പാൽ ഉൽപാദനം, കന്നുകുട്ടികളുടെ ഉൽപാദനം എന്നിവ നടത്താം. ഇതിനായി പ്രത്യേകം സൊസൈറ്റികൾ രൂപീകരിക്കുക.

കർഷകരിൽ പശു, കോഴി, താറാവ്, മുയൽ, എന്നിവയുടെ പരിപാലത്തിനുവേണ്ടിയുള്ള ക്ലാസുകൾ സംഘടിപ്പിക്കുക.അതുവഴി ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കും

രോഗബാധക്ക്കുത്തിവെയ്പു നടത്താൻ ഇന്ന് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. വർഷത്തിൽ മൂന്നു പ്രാവശ്യംഎങ്കിലും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഡോക്ടർമാരുടെ സേവനം ജനപങ്കാളിത്തതോടെ പശു വളർത്തുന്ന കേന്ദ്രങ്ങളിൽ എത്തിക്കുക

ഇറച്ചികോഴി, മുട്ടകോഴി എന്നിവ വളർത്തുന്നതിനുവേണ്ടി പഞ്ചായത്തുതലത്തിൽ സൊസൈറ്റി രൂപീകരിച്ച് അതിന്റെ പ്രവർത്തനം വാർഡ്തലത്തിൽ വ്യാപിപ്പിച്ച് ഉൽപാദന വിപണനം നടത്തുവാൻ സാധിക്കും. അങ്ങാടിയിലെ വിലക്കയറ്റം തടഞ്ഞു നിർത്താനും കഴിയും.

വീട്ടുവളപ്പിൽ കോഴികൃഷി പ്രോൽസാഹിപ്പിക്കണം. സ്വകാര്യവ്യക്തികൾ • കോഴിവളർത്താൻ താൽപര്യംകാണിക്കുന്ന അവർക്ക് അതിനുവേണ്ടുന്ന സഹായങ്ങൾ പഞ്ചായത്ത് മുൻകൈയെടുത്ത് ചെയ്തുകൊടുക്കുക.

മുയൽകൃഷി നടത്താൻ ആളുകൾ ഇഷ്ടപ്പെടുന്നുണ്ട് എന്നാൽ ഇറച്ചിയുടെവിപണനം പ്രശ്നമാണ്. ഇതിനും പഞ്ചായത്തല സൊസൈറ്റിരൂപീകരിച്ച് വാർഡുകളിൽ അവയുടെ പ്രവർത്തനം എത്തിക്കുക. ഉൽപാദനവും,വിപണനവും ഈസൊസൈറ്റിക്ക് കീഴിൽ കൊണ്ടുപരുക.

ഈസമ്പ്രദായം പന്നിവളർത്തലിനും അനവർത്തിക്കാം

ഒരു വീട്ടിൽ ഒരുപശുപദ്ധതി വ്യാപകമായി നടപ്പിലാക്കുക

മൃഗാശുപത്രികളുടെ അവസ്ഥ ശോചനീയമാണ്.ആയിരകണക്കിന് മൃഗങ്ങൾ ഉള്ളപ്പോൾ ഒരു ഡോക്ടർമാത്രമേ അവയെ ചികിൽസിക്കാനായി ഉള്ളൂ. മൃഗാശുപത്രി വിപുലപെടുത്തുക. സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, പഞ്ചായത്തിൽ മൊബൈൽ ഡിസ്പൻസറി ആരംഭിക്കുക.

ഡോക്ടർ ആഴ്ചയിൽ ഒരിക്കലെങ്കിലും സബ്ബ് സെൻറ്ററുകളിൽ എത്തുക. • പഞ്ചായത്ത് മൃഗാശുപത്രിയിലെ ഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുക. അരപ്പറ്റ, ചൂരൽമല, നെല്ലിമുണ്ട, പുത്തൂർവയൽ, ഏഴാമ്പിറ, എന്നിവിടങ്ങളിൽ പുതിയതായി സബ്ബ് സെൻററുകൾ തുടങ്ങുക. ആവശ്യമായ പുരോഗമന പ്രവർത്തനങ്ങൾ നടത്തുവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

പാൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ യൂണിറ്റ് തുടങ്ങുക (മിഠായി,മോര്, തൈര്,ക്രീം,ഐസ്ക്രീം,സിപ്അപ് എന്നിവയുടെ നിർമ്മാണം)

മൽസ്യബന്ധനം


മൽസ്യകൃഷി പഞ്ചായത്തിനു തീരെ ഇല്ല.ശുദ്ധജല മൽസ്യകൃഷി നടത്താൻ സൗകര്യങ്ങൾ ഉള്ളവരുണ്ട്. അവർക്ക അതിന് പരിശീലനവും മൽസ്യകുഞ്ഞുങ്ങളേയും എത്തിക്കുക.

മൽസ്യം വളർത്തലിൽ ബോധവൽക്കരണം നടത്തുക. ചൂരൽമലയിൽ പുഴകളിൽ വലിയകുഴികളുണ്ട്. ഇവ

പഞ്ചായത്ത് ലേലം ചെയ്തുകൊടുത്ത് അവിടെ മീൻ വളർത്തൽ പ്രോൽസാഹിപ്പിക്കാം. അഞ്ചാംവാർഡ് ഗ്രാമസഭയിൽ നിന്നുവന്ന നിർദ്ദേശമാണിത്. പൊതുവിൽ മീൻവളർത്തുന്നതിനെകുറിച്ച് ജനങ്ങൾക്കു വേണ്ടത്രഅവബോധംഇല്ല.

പഞ്ചായത്തിലെ എല്ലാവാർഡുകളിലും സ്വകാര്യ വ്യക്തികൾക്ക് കുളമുണ്ട് അവരെ മീൻവളർത്തലിന് പ്രേരിപ്പിക്കുക. പൊതുജലസേചനകുളങ്ങളിൽ മീൻവളർത്താൻ പറ്റുന്നവയിൻ മീൻ വളർത്താൻ പദ്ധതിയുണ്ടാക്കുക

ഉപ്പ്പാറ,പനായി, കല്ലുപുര,ചണ്ടംവെട്ടി,പുത്തൂർവയൽ, മാങ്ങാവയൽ എന്നിവിടങ്ങളിൽ സർക്കാർകുളങ്ങളുണ്ട്. മീൻ വളർത്തലിൽ ആഗ്രഹമുള്ള യുവതീയുവാക്കൾക്ക് പരിശീലനം നൽകി വേണ്ടുന്ന സാമ്പത്തിക സഹായം അതാത് ഏജൻസികളിൽ നിന്ന് ലഭ്യമാക്കി പഞ്ചായത്തിൽ ഈകൃഷി വേരുപിടിപ്പിച്ചുകൊണ്ടുവരണം. പോഷകസമ്പുഷ്ടമായ മീൻ എല്ലാവർക്കും എത്തിക്കാനും കഴിയും. ഇപ്പോൾ പഞ്ചായത്തിൽ കടൽമൽസ്യം മാത്രമേ കിട്ടുന്നുള്ളൂ. അപൂർവ്വമായി ശുദ്ധജലമൽസ്യം കിട്ടാറുണ്ട്.



വ്യവസായം

മേപ്പാടി പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങളിൽ പ്രധാനപ്പെട്ടത് തേയിലവ്യവസായമാണ്. നാല് തേയില ഉത്പാദന ഫാക്ടറികളും പഞ്ചായത്തിലുണ്ട് 7500 ഏക്കർ തേയില തോട്ടങ്ങളിലായി 9500 തൊഴിലാളികളും തൊഴിൽ ചെയ്യുന്നു. ഇതിൽ 5700 സ്ത്രീ തൊഴിലാളികളും 3800 പുരുഷ തൊഴിലാളികളുമാണ്. മേൽ വ്യവസായം പൂർണ്ണമായും സ്വകാര്യ മേഖലയിലാണ്, കൂടാതെ ചെറുകിട കർഷകർ തേയില വ്യവസായരംഗത്തേക്ക് കൂടുതലായി ആകർഷിച്ചുവരുന്നുണ്ട്. ഇവർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ഉൽപാദിപ്പിക്കുന്ന തേയില വിപണനം നടത്താൻ സൗകര്യമില്ലാത്തതാണ്. പ്രശ്ന പരിഹാരത്തിനായി മേപ്പാടി പഞ്ചായത്ത് കേന്ദ്രമാക്കി പൊതു മേഖലയിലോ, സഹകരണമേഖലയിലോ ഒരു തേയില സംസ്കാരശാല തുടങ്ങാൻ കഴിയണം. ചെറുകിട കർഷകർ ഉത്പാദിപ്പിക്കുന്ന 1200 ടൺ തേയില ഉപയോഗിച്ച് സംസ്കരണ ശാലയിൽ 250 പേർക്ക് പ്രത്യക്ഷമായും 50 പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ കഴിയും. ഈ മേഖലയിൽ ഫാക്ടറി തുടങ്ങുന്ന പക്ഷം കൂടുതൽ ആളുകളെ ആകർഷിക്കാനും കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കുവാനും കഴിയും.

കാപ്പി

പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന കാപ്പി അസംസ്കൃത പദാർത്ഥമായി എടുത്തുകൊണ്ട് ഇൻസ്റ്റന്റ് കാപ്പിയും, ചിക്കറിയുടെ വിവിധ ചേരുവകളും ചേർത്തുകൊണ്ട്കാപ്പിപൊടികളും ഉത്പാദിപ്പിക്കുന്ന ഒരു ചെറുകിട വ്യവസായ ശാല തുടങ്ങാൻ കഴിയണം. ഇതിലൂടെ പ്രത്യക്ഷമായും പരോക്ഷമായും 25 പേർക്ക് തൊഴിൽ നൽകാൻ കഴിയും.

ഇഞ്ചി സംസ്കരണശാല

പഞ്ചായത്തിൽ 1500 ഏക്കറിൽ ഇഞ്ചി കൃഷി ചെയ്യുന്നു. ഈ ഇഞ്ചി ഉപയോഗിച്ച് ഒരു സംസ്കരണശാല തുടങ്ങിയാൽ 100 പേർക്ക് പരോക്ഷമായും, 200 പേർക്ക് പ്രത്യക്ഷമായും തൊഴിൽ നൽകാൻ കഴിയും.

അടക്ക സംസ്കരണശാല

പഞ്ചായത്തിൽ 312.5 ഏക്കറിൽ കമുങ്ങ് കൃഷി ചെയ്യുന്നു. ഇതിൽനിന്നും ലഭിക്കുന്ന അടക്ക അസംസ്കൃത വസ്തുവായി ഉപയോഗിച്ച് വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ടി പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരുഅടക്ക സംസ്കരണശാല തുടങ്ങണം. ഇതിലൂടെ 500 പേർക്ക് പ്രത്യക്ഷമായും 200 പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ കഴിയും. സംസ്കരണശാലകൾ IIാം വാർഡിലും XIIാം വാർഡിലും ആരംഭിക്കുവാൻ കഴിയും.

ഏത്തവാഴ സംസ്കരണം

പഞ്ചായത്തിൽ 700 ഏക്കറിൽ ഏത്തവാഴ കൃഷി ചെയ്യുന്നു. ഏത്ത ക്കായ ഉപയോഗിച്ച് ബേബിഫുഡ്, ചിപ്സ്, പൊടി, എന്നിവയും വാഴപോളയിൽനിന്നും നാര് ഉപയോഗിച്ച് കരകൗശല വസ്തുക്കൾ എന്നിവയും നിർമ്മിക്കാൻ കഴിയും.

ഔഷധ വ്യവസായം

ആയുർവേധ ഔഷധ നിർമ്മാണത്തിന് ആവശ്യമായ ഔഷധ സസ്യങ്ങളുടെ ക്ഷാമം അതിരൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ 500 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യാൻ സാധിക്കും. സ്വകാര്യവ്യക്തികളിൽ വികേന്ദ്രീകൃത ശൈലിയിലും പൊതുമേഖലയിൽ കേന്ദ്രീകൃത രീതിയിലും ഔഷധ ചെടി വ്യവസായം ആരംഭിക്കാൻ കഴിയും

എസൻസ് നിർമ്മാണശാല

കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധ വിളകളുടേയും വറ്റൽ മുളക്, മല്ലി എന്നിവയുടെയും സത്ത് എടുത്ത് വിപണനം നടത്താൻ കഴിയുന്ന ഒരു എസൻസ് നിർമ്മാണശാല ആരംഭിക്കാൻ കഴിയണം.

പട്ടുനൂൽ പുഴു വ്യവസായം

പട്ടുനൂൽ പുഴു വ്യവസായത്തിന് പഞ്ചായത്തിൽ നിലവിലുള്ള സാധ്യതകണക്കിലെടുത്ത് ജലസേചന സൗകര്യമുള്ള 100 ഏക്കറിൽ കൃഷിചെയ്യാൻ കഴിയും. ഇതിനു വിപണന സൗകര്യം വളരെ കൂടുതലാണ് (സെറിഫെഡ് മുഖേന). ഉത്പാദിപ്പിക്കുന്ന കൊക്കൂൺ ഉപയോഗിച്ച് നൂൽനൂൽപ്പ് കേന്ദ്രം ആരംഭിക്കാൻ കഴിഞ്ഞാൽ 25 സ്ത്രീകൾക്ക്തൊഴിൽ നൽകാൻ കഴിയും.

കോഴിവളർത്തൽ

പഞ്ചായത്തിൽ ഒരു വീട്ടിൽ 5കോഴികൾ എന്നക്രമത്തിൽ വളർത്തുവാനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കി ഇവയിൽനിന്നും ലഭിക്കുന്ന മുട്ട, ഇറച്ചി എന്നിവശേഖരിച്ച് വിപണനം നടത്താൻ കഴിയുന്ന പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു വ്യവസായിക യൂണിറ്റ് ഉണ്ടാകണം.

ആട്,പന്നി, മുയൽ, വളർത്തൽ

ആട്, പന്നി, മുയൽ എന്നിവ വ്യാവസായിക അടിസ്ഥാനത്തിൽ വളർത്തുവാൻ താൽപര്യമുള്ളവർ പഞ്ചായത്തിലുണ്ട്. ഇതിനുള്ള സാധ്യതകളുണ്ട്. മുയൽ വളർത്താൻ വ്യപകമായി തുടങ്ങാൻ കഴിയും.

പരമ്പരാഗത വ്യവസായങ്ങൾ

പപ്പടം:- പഞ്ചായത്തിൽ വാർഡുകളിൽ പപ്പട നിർമ്മാണം കുടിൽ വ്യവസായമായി ചെയ്തുവരുന്നു. എന്നാൽ ഈ ഉൽപന്നം സുലഭമായി എല്ലായിടത്തും ലഭിച്ചുവരുന്നില്ല. അതിനാൽവാർഡു അടിസ്ഥാനത്തിൽ പപ്പട നിർമ്മാണം പ്രോത്സാഹിപ്പിക്കണം.

കളിമൺ പാത്ര നിർമ്മാണം

പഞ്ചായത്തിലെ ചില വാർഡുകളിൽ മേൽത്തരം കളിമൺ ലഭ്യ
മാണ്. കളിമൺ പാത്രനിർമ്മാണത്തിലേക്കും, കരകൗശല സാധന നിർമ്മാണത്തിലേക്കും, ആലങ്കാരിക വസ്തു നിർമ്മാണത്തിലേക്കും ഇത് ഉപയോഗപ്പെടുത്തണം. നിർമ്മാണ വിപണനം സഹകരണമേഖലകളിലാണ് സ്വാധീനം.

ഈറ്റ.മുള,വ്യവസായം

ഈറ്റ, മുള, ചൂരൽ, എന്നിവ I,II,III,V,VIതുടങ്ങിയ വാർഡുകളിൽ ലഭ്യമാണ്. ഇത് ഉപയോഗിച്ച് കുട്ട, മുറം. തുടങ്ങിയ ഉൽപന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന തൊഴിലാളികൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങവിവുണ്ട് ഇവ കൊണ്ടുള്ള നിർമ്മാണവും, വിപണനവും, സഹകരണമേഖലയിൽ,മേപ്പാടിയിൽ തുടങ്ങാൻ കഴിയണം.

സോപ്പ് നിർമ്മാണശാല

ഈ പഞ്ചായത്തിൽ 25000 കിലോ സോപ്പ്ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യതയുണ്ട് ഈ രംഗത്ത് മുതൽമുടക്കി രംഗത്തുവരാൻ സ്വകാര്യവ്യക്തികൾക്ക് താൽപര്യമില്ല. മാർക്കറ്റിൽ ഇന്നു നിലവിലുള്ളവ പ്രചാരമുള്ള നാമങ്ങളിൽ അറിയപ്പെടുന്ന ഉൽപ്പന്നങ്ങളോടു മൽസരിക്കേണ്ടതുണ്ട്. വിപുലമായ അംഗബലമുള്ള -15 വാർഡുകളിൽനിന്നും ധാരാളം അംഗങ്ങളെ ചേർത്തുകൊണ്ടുള്ള- ഒരു സഹകരണസ്ഥാപനം ഉത്പാദനവും വിതരണവും ഏറ്റെടുക്കണം.

ക്ഷീരോൽപാദനം

പഞ്ചായത്തിുലെ എല്ലാവാർഡുകളിലും ക്ഷീരോൽപാദനത്തിന് സാധ്യതകളുണ്ട്. പാൽ ശേഖരിക്കുന്നതിനും, വിപണി കണ്ടെത്തുന്നതിനും വെള്ളാർമല വില്ലേജിൽ ഒരുസഹകരണസംഘവും ഈവ്യാവസായത്തിൽ ഏർപ്പെടാൻ താൽപര്യമുള്ള വർക്ക് ധനസഹായവും, പ്രോൽസാഹനവും നൽകേണ്ടതാണ്. ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറി പഞ്ചായത്ത് കേന്ദ്രീകരിച്ച് തുടങ്ങണം.

ക്ഷീരോൽപാദനം:- വെള്ളാർ മല യൂണിറ്റു സ്വകാര്യമേഖലയിൽ 13-14-15 വാർഡുകളിൽ പ്രത്യേക പാൽ സൊസൈറ്റി ആരംഭിക്കാം
ഖാദി ബോർഡിന്റെ കീഴിൽ കരകൗശലവസ്തുക്കൾ നിർമ്മാണത്തിന് മുൻഗണന ആവശ്യമാണ്.

ഈർച്ചമിൽ: നെല്ലിമാളം തൃക്കൈപ്പറ്റ ഭാഗത്ത് ഈർച്ചമിൽ ആവശ്യമാണ്. അതു തുടങ്ങാൻ വ്യക്തികൾ തയ്യാറാണ്. നിയമസഹായങ്ങൾ ലഭ്യമാക്കണം.

സിമൻറ് ഉൽപ്പന്നങ്ങൾ

സിമൻറ് ഉപയോഗിച്ച് കട്ടളകളും, വെൻറിലേറ്റർ തുടങ്ങിയ കെട്ടിടനിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനു കഴിയുന്ന ഒരു വ്യാവസായിക സ്ഥാപനത്തിന് സാധ്യതയുണ്ട്. ഇത് സഹകരണമേഖലയിൽ തുടങ്ങുന്നതാണ് ഉചിതം. സ്വകാര്യഉടമസ്ഥതയിലും ഏറ്റെടുത്ത് ചെയ്യുവാൻ താൽപര്യമുള്ള വ്യക്തികൾ ഉണ്ട്.

ഹോളോബ്രിക്സ്

ഈ മേഖലയിൽ തൊഴിൽ പ്രാവണ്യം ലഭിച്ച കുറേപേർ പഞ്ചായത്തിലുണ്ട് ഹോളോബ്രിക്സ് നിർമ്മാണശാല മേപ്പാടികേന്ദ്രമായി ആരംഭിക്കണം.

ഭക്ഷ്യോൽപ്പന്നങ്ങൾ

ഭക്ഷണ പദാർത്ഥങ്ങൾ വേഗത്തിൽ തയ്യാറാക്കുന്നതിനും അനുയോജ്യമായവിഭങ്ങൾ തയ്യാറാക്കുന്നതിനും വിവിധ ഇനം കറി,കൂട്ടുപൊടികൾ, കൊണ്ടാട്ടം ഉൽപ്പന്നങ്ങൾ എന്നിവ ഒരു വനിതാസഹകരണസ്ഘത്തിലൂടെ നിർമ്മിച്ച് വിപണിയിൽ ഇറക്കാവുന്നതാണ്.

അടുപ്പ് നിർമ്മാണഫാക്ടറി

വീട്ടമ്മമാരുടെ ആരോഗ്യകരമായ ജീവിതത്തിനും, ഊർജ്ജക്ഷമതയും ആധുനികരീതിയിലുള്ള പുകയില്ലാത്ത അടുപ്പ് അനിവാര്യമായ സാഹചര്യമാണിത്. പഞ്ചായത്തിലെ ചില വാർഡുകളിൽ ലഭ്യമായ കളിമണ്ണും ഈ രംഗത്ത് ജോലി അറിയാവുന്ന വിദഗ്ദരേയും ഉപയോഗപ്പെടുത്തി പഞ്ചായത്തിലെ മുഴുവൻ വീടുകളിലേക്കും പുകയില്ലാത്ത അടുപ്പ് വിപണനം ചെയ്യുന്നതിന് ഒരു സഹകരണ സംഘത്തിന് സാധ്യതയുണ്ട്.

കരിങ്കൽ ക്വാറി

കരിങ്കൽ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിവിധ

ആവശ്യങ്ങൾക്കായി വിപണി കണ്ടെത്തുവാനും ഇന്നത്തെ വിപണി സാധ്യത വികസിപ്പിച്ചെടുക്കുവാനും സാധ്യതകൾക്കനുസരിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുന്ന യോജിച്ച കരിങ്കൽ സ്വരൂപങ്ങൾ വാർഡ് V, VIഎന്നിവിടങ്ങളിലുണ്ട്. ഇവ വ്യാവസായിക അടിസ്ഥാനത്തിൽ തുടങ്ങാൻ സഹകാര്യമേഖലയിലോ സഹകരണമേഖലയിലോ സംയുക്തമേഖലയിലൊ സാധ്യതയുണ്ട്.

റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം

ഇന്നത്തെ സാഹചര്യത്തിൽ ജനങ്ങൾ ആകർഷണീയമായ റെഡിമെയ്ഡ് വസ്ത്രങ്ങളുടെ ഗുണഭോക്തക്കളായി മാറിയിരിക്കുകയാണ്. മറ്റു മേഖലകളിൽ നിർമ്മിക്കപ്പെടുന്നതിന്റെ കമ്പോളമാണ് ഈ പഞ്ചായത്ത്. 56530 ജന സംഖ്യയുള്ള ഈ പഞ്ചായത്തിൽ ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവ്യാവസായത്തിന് സാധ്യതയുണ്ട്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും പ്രാതിനിത്യ സ്വഭാവമുള്ള ഒരു പ്രധാന സഹകരണ സ്ഥാപനവും വാർഡ് II,IV,VI, VII,XI,XII,XV എന്നീവിടങ്ങളിൽ നിർമ്മാണ കേന്ദ്രങ്ങളുമായി വനിത സഹകരണ സ്ഥാപനം ഈ രംഗത്ത് വരണം.

ടൂറിസം വ്യവസായം

വയനാട്ടിലെ മേപ്പാടി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മറ്റു വ്യവസായ സാധ്യതകളുമായി തട്ടിച്ചുനോക്കുമ്പോൾ ടൂറിസം വ്യവസായത്തിന് വൻ സാധ്യതയാണ് ഉള്ളത്. പ്രകൃതി സ്വയമേ കനിഞ്ഞരുളി നൽകിയ സൗന്ദര്യം ടൂറിസ്റ്റുകളെ ആകർഷിക്കുന്നതാണ്.
തൃക്കൈപ്പറ്റയിലെ മണിക്കുന്ന് മലയും XIIാം വാർഡിലെ കോട്ടവയൽ മണിക്കുന്ന്മായും സാഹസിക മലയാത്രക്ക് ഉപയോഗപ്പെടുത്താം.

കുന്നമ്പറ്റയിലെ കണ്ണാടി അമ്പലം ആകർഷണീയമാണ്. ചെമ്പ്ര(പിക്ക്)മലയിലെ നിലവിലുള്ള തടാകവും സമീപപ്രദേശത്ത് നിർമ്മിക്കേണ്ടതായിട്ടുള്ള പൂന്തോട്ടവും ഒരു മൃഗശാലയും വിശ്രമ മന്ദിരങ്ങളും ധാരാളംടൂറിസ്റ്റുകളെ ആകർഷിക്കും. നിലവിലുള്ള തടാകം പരിഷ്ക്കരിക്കുകയും പിപുലപ്പെടുത്തുകയും ചെയ്യേണ്ടതാണ്. തടാകക്കരയിലെ സോഷ്യൽ ഫോറസ്റ്റുകളുടെ കടന്നുകയറ്റം, പുൽ മേടുകളുടെ നശീകരണ പ്രക്രീയ, സാമൂഹികദ്രോഹികളുടെ അഴിഞ്ഞാട്ടം എത്രയും പെട്ടന്ന് അവസാനിപ്പിക്കേണ്ടതായിട്ടുണ്ട്.


IIIാം വാർഡിലെ കാന്തൽപാറ വെള്ളച്ചാട്ടം ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുന്നുണ്ട്

മേപ്പാടി പഞ്ചായത്തിലെ 'സൂചിപ്പാറ വെള്ളച്ചാട്ടം' (സെൻറിനൽ റോക്ക് വാട്ടർഫാൾ) ധാരാളം ടൂറിസ്റ്റുകളെ ഇന്നും ആകർഷിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ പരിസര പ്രദേശത്തെകൃഷി ചെയ്യാത്ത ഭൂമി ഉപയോഗിച്ച് ടൂറിസ്റ്റുകൾക്ക്താമസിക്കുന്നതിനു വേണ്ടി കോട്ടേജുകൾ,റെസ്റ്റ് ഹൗസുകൾ തുടങ്ങിട സങ്കേതങ്ങൾ നിർമ്മിക്കണം. വെള്ളച്ചാട്ടവുമായി ബന്ധപ്പെടുത്തി ഒരു വിപുലമായ തടാകവും ബോട്ട് യാത്രാ സൗകര്യവും ഉണ്ടാക്കേണ്ടതായിട്ടുണ്ട് മൂന്ന് വെള്ളച്ചാട്ടങ്ങൾ ഉൾക്കൊള്ളുന്ന സൂചിപ്പാറ പ്രദേശത്തിന്റെറയും നെല്ലിമുണ്ടപ്പുഴ, കണ്ണാടിപ്പുഴ, ചൂരൽമലപ്പുഴ എന്നിവയുടെ 1500അടി താഴ്വാരത്തിലുള്ള പ്രദേശത്തിന്റെറയും സൗന്ദര്യംകണ്ട് ആസ്വദിക്കുവാൻ ഒരു റോപ്പ്വേ സമ്പ്രദായം രൂപപ്പെടുത്തേണ്ടതുണ്ട്. രാജ്യത്തിലെ വിവിധ ജനം പക്ഷികളെ ശേഖരിച്ച് വളർത്തുന്ന ഒരു പക്ഷി സങ്കേതം പെറിയ മൃഗശാല എന്നിവയും ഒരുക്കേണ്ടതുണ്ട്. ഇവിടം കേന്ദ്രമാക്കി ഒരു ആയൂർവേദ തിരുമൽ തുടങ്ങിയ ചികിത്സാ കേന്ദ്രം ആരംഭിക്കണം.

മുണ്ടക്കൈയിലെ പ്രസിദ്ധീയാർജിച്ച സീതമ്മക്കുണ്ട് കുറെക്കൂടെ വിപുലപ്പെടുത്തുകയും നിലവിലുള്ള വെള്ളിച്ചാട്ടത്തിന്റെ പൊക്കം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള നടപടി സ്വീകരിക്കുകയും ഇരുവശത്തും സന്ദർശകർക്ക് നടക്കുന്നതിന് ആവശ്യമായ കൈവരിയുള്ള ഗാലറി നിർമ്മിക്കുകയും വേണം. ഇതിന് ഒരു കിലോമീറ്റർ അകലെയുള്ള '40 ഏക്കർ പാറ' എന്നസ്ഥലം സന്ദർശകരെ സ്വീകരിക്കുന്നതിന് അനുയോജ്യമായ രൂപത്തിൽ ഒരുക്കിയാൽ വിദൂര പ്രദേശങ്ങളെ നഗ്ന നേത്രങ്ങളാൽ ആസ്വാദനത്തിന് അനുയോജ്യമാണ്.

വ്യാവസിയുക സമുച്ചയം

ഈ പഞ്ചായത്തിലെ കുടുംബങ്ങളുടെ എണ്ണം, ജനസംഖ്യ, വിദഗ്ധ തൊഴിലാളികൾ, അഭ്യസ്ത വിദ്യർ അവിദഗ്ധ തൊഴിലാളികൾ, തൊഴിൽ സന്നദ്ധരായ വനിതകൾ, യുവാക്കൾ ഇവയെല്ലാം കണക്കിലെക്കുമ്പോഴും കഴിഞ്ഞകാല സാഹചര്യങ്ങൾ പരിശോധിക്കുമ്പോഴും പഞ്ചായത്ത് ആസ്തനത്തോട് ചേർന്ന് വിവിധ പ്രദേങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ കൂടി കണക്കിലെടുത്ത്''10 ഏക്കർ' സ്ഥലം ശേഖരിച്ച് ഒരു വ്യവസായസമുച്ചയത്തിന്രൂപം കൊടുക്കേണ്ടതായുണ്ട്. പൂർണ്ണമായും ചെറുകിയ വ്യവസായങ്ങൾക്കുവേണ്ടി ഈ സമുച്ചയം നീക്കിവെക്കണം. പ്രാദേശിക വിഭവ സമാഹരണങ്ങളിലൂടെ അസംസ്കൃത പദാർത്ഥങ്ങളെ ഉപയോഗപ്പെടുത്തുവാൻ ഈ സമുച്ചത്തിന് കഴിയുമെന്നാണ് പ്രതീക്ഷ.



5—4

വിദ്യാഭ്യാസം

മേപ്പാടി ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസം ഒട്ടേറെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ടെങ്കിലും ഈ രംഗത്തുണ്ടായ പുരോഗതിയും, അതുവഴി ഉണ്ടായ സാമൂഹ്യമാറ്റവും വളരെ വലുതാണ്. മേപ്പാടി പഞ്ചായത്തിന്റെ സാമൂഹ്യപുരോഗതിക്ക് വഴിയൊരുക്കിയ ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനം സ്ഥാപിതമായത് 1920—ലാണ്. മേപ്പാടി ടൗണിൽ കുശിനി ബസാറിൽ ഒരു ബോർഡ് സ്ക്കൂൾ നിലവിൽ വന്നു. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ വിവിധ പ്രദേശങ്ങളിൽ സ്ക്കൂളുകൾ അനുവദിക്കുന്നതിന്റെ ഭാഗമായിട്ടാണ് മേപ്പാടിയിൽ ഒരു ബോർഡ് സ്ക്കൂൾ സ്ഥാപിതമായത്. മേപ്പാടിയിൽ സ്ക്കൂൾ അനുവദിക്കുന്നതിനുമുമ്പ് ഇവിടുത്തെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് കല്പറ്റയെ ആശ്രയിക്കേണ്ട സ്ഥിതിയായിരുന്നു. 1920—ൽ കുശിനി ബസാറിൽ സ്ഥാപിതമായ ബോർഡ് സ്ക്കൂൾ 1936—ൽ ചന്തക്കുന്നിലേക്ക് മാറ്റി സ്ഥാപിച്ചു. 1939—ൽ തൃക്കൈപ്പറ്റയിലും ഒരു ബോർഡ് സ്ക്കൂൾ സ്ഥാപിതമായി. 1939—ൽ തന്നെ മൂപ്പൈനാട് ബോർഡ് ഹിന്ദുബോയി എലിമെൻററി സ്ക്കൂൾ എന്ന വിദ്യാഭ്യാസസ്ഥാപനം നിലവിൽ വന്നു. 1954—ൽ സെൻറിനറി റോക്കിൽ ഒരു എലിമെൻററി സ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. 1954— മുതൽ 1969—വരെ സെൻറനൽ റോക്കിൽ ആരംഭിച്ച എൽ.പി.സ്ക്കൂൾ പഞ്ചായത്ത് വക ആയിരുന്നു. 1974—ൽ പ്രസ്തുത സ്ക്കൂൾ യു.പി. ആയി ഉയർത്തുകയും ഗവൺമെൻറ് ഏറ്റെടുക്കുകയും ചെയ്തു. ആദ്യം സ്വകാര്യമേഖലയിൽ ആരംഭിച്ച ഒരു കന്നഡ സ്ക്കൂളാണ് പിൽക്കാലത്ത് സെൻറ് ജോസഫ്സ് സ്ക്കൂളായി ഉയർന്നത്. 1966—ൽ ചിത്രഗിരിയിൽ ഒരു പഞ്ചായത്ത് സ്ക്കൂൾ ആരംഭിച്ചു. മേപ്പാടി ഗവ. ഹൈസ്ക്കൂൾ നിലവിൽ വന്നത് 1962 ഏപ്രിൽ മാസത്തിലാണ്. മേപ്പാടി കോസ്മോപൊളിറ്റൻ ക്ലബ്ബിൽ ആരംഭിച്ച സ്ക്കൂളാണ് ഇന്ന്1943 കുട്ടികളും 54 അദ്ധ്യാപകരുമുള്ള സ്ക്കൂളായി ഉയർന്നത്. 1965—66ൽ പരീക്ഷക്കിരുന്ന ആദ്യത്തെ എസ്.എസ്.എൽ.സി ബാച്ചിൽ 88 ശതമാനം കുട്ടികൾ വിജയിക്കുകയും 1967—68ൽ എസ്.എസ്.എൽ.സി റിസൾട്ടിൽ ജില്ലയിൽ ഒന്നാം സ്ഥാനം നേടുകയും ചെയ്തു. മേപ്പാടി ഗവ.ഹൈസ്ക്കൂൾ കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണത്തിന്റെറയും കാര്യത്തിൽ പുരോഗതി പ്രാപിച്ചുവെങ്കിലും ഭൗതിക സാഹചര്യങ്ങൾ അല്പം പോലും വ്യത്യാസപ്പെട്ടിട്ടില്ല എന്നതാണ് വസ്തുത. സ്ഥലപരിമിതിയും കുട്ടികളുടെ ബാഹുല്യവും നിമിത്തം സെഷണൽ സമ്പ്രദായത്തിൽ പോലും സ്ക്കൂൾ നടത്തിക്കൊണ്ടുപോകാനാകാത്ത സ്ഥിതിയാണിന്നുള്ളത്.

1920—കളിൽ മേപ്പാടി പഞ്ചായത്ത് അതിർത്തിയിൽ ആകെയുണ്ടായിരുന്നത് പ്രൈമറി തലത്തിലെ ഒരു ബോർഡ് സ്ക്കൂൾ മാത്രമായിരുന്നു എങ്കിൽ ഇന്ന് പഞ്ചായത്തിൽ ആകെ ഒൻപത് എൽ.പി സ്ക്കൂളുകളും അഞ്ച് യു.പി.സ്ക്കൂളുകളും നാല് ഹൈസ്ക്കൂളുകളും നിലവിലുണ്ട് 11 നഴ്സറി വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. ഇനം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

	ഇംഗ്ലീഷ്	മലയാളം	എൽ.പി.	യു.പി.	ഹൈസ്ക്കൂ
ഗവൺമെൻറ്	—	—	5	3	2
എയിഡഡ്	—	—	3	2	2
അൺ എയിഡഡ്	2	9	1	—	—
ആകെ	2	9	9	5	4

പഞ്ചായത്തിന്റെറ വിസ്തൃതിക്കും ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കും അനുസൃതമായ ഒരു സാമൂഹിക പുരോഗതി കൈവന്നില്ലെങ്കിലും വിദ്യാഭ്യാസ

L.P. വിഭാഗം

പഠനം നിർത്തിയവർ

സ്കൂളുകൾ	ആകെകുട്ടികൾ			SC/ST			തോറ്റു പഠിക്കുന്നവർ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			ആകെ
	ആൺ	പെൺ	ആ	ആ	പെ	ആ	ആ	പെ	ആ	ആ	പെ	ആ	ആ	പെ	ആ	ആ	പെ	ആ	
G.L.P.S. സെൻറനൽ റോക്ക്	20	17	37	12	8	20	1	-	1	-	-	-	-	-	-	-	-	-	-
G.L.P.S. മുത്തുമല	107	98	205	8	16	24	-	1	1	7	4	11	-	2	2	2	-	2	4
A.P.J.S.A.L.P. കോട്ടപ്പടി	63	60	123	15	13	28	1	1	2	3	3	6	-	-	-	2	-	2	2
G.L.P.S. മേപ്പാടി	221	199	420	50	38	94	1	-	1	9	11	20	-	-	-	-	-	-	-
M.P.L.P.S. ചിത്രഗിരി	94	87	181	19	17	36	-	3	3	6	2	8	1	-	1	1	-	1	2
R.E.L.P.S. റിപ്പൺ	152	188	340	11	14	25	-	1	1	11	9	20	2	1	3	26	20	46	49
S.D.L.P.S റിപ്പൺ	104	70	174	-	-	-	-	-	-	15	4	19	-	-	-	3	0	3	3
G.L.P.S. നെടുമ്പാല	62	51	113	25	17	42	3	0	3	1	2	3	5	5	10	3	1	4	14
G.L.P.S. ചുളിക്ക	150	107	257	6	4	10	-	-	-	-	-	-	-	-	-	2	-	2	2
ആകെ	973	873	1850	152	127	279	6	6	12	52	35	87	8	8	16	39	21	60	76

U.P. വിഭാഗം

പഠനം നിർത്തിയവർ

സ്കൂളുകൾ	ആകെകുട്ടികൾ			SC/ST			തോറ്റു പഠിക്കുന്നവർ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			ആകെ
	ആൺ	പെൺ	ആ	ആ	പെ	ആ	ആ	പെ	ആ	ആ	പെ	ആ	ആ	പെ	ആ	ആ	പെ	ആ	
G.U.P.S.തൃപ്പെറ്റ	157	163	320	52	53	105	10	8	18	3	2	5	2	2	4	-	-	-	4
G.U.P.S. എരുമക്കൊല്ലി	87	73	160	12	18	30	-	2	2	5	4	9	-	-	-	1	1	2	2
G.U.P.S. കോട്ടനാട്	233	225	458	68	75	143	3	4	7	-	42	42	-	1	1	-	1	1	2
St. Joseph U.P.S. മേപ്പാടി	698	847	10545		69	89	15811	6	17	66	57	123		2	2	11	4	15	17
C.M.S U.L.P.S. നെടുകരണ	1223	117	240	55	59	114	6	3	9	5	2	7	3	1	4	10	3	13	17
ആകെ	**1298**	**1425**	**2723**	**256**	**294**	**550**	**30**	**23**	**53**	**79**	**107**	**186**	**5**	**6**	**11**	**21**	**9**	**31**	**42**

High School. വിഭാഗം

പഠനം നിർത്തിയവർ

സ്കൂളുകൾ	ആകെകുട്ടികൾ			SC/ST			തോറ്റു പഠിക്കുന്നവർ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			ആകെ
	ആൺ	പെൺ	ആ	ആ	പെ	ആ	ആ	പെ	ആ	ആ	പെ	ആ	ആ	പെ	ആ	ആ	പെ	ആ	
St. Joseph Girls H.S. മേപ്പാടി-		465	465	-	32	32	-	2	2	-	42	42	-	1	1	-	1	1	2
G.UH.S. വെള്ളാർമല	514	489	1003	74	56	130	2	7	9	43	36	79	-	-	-		-	-	
G.H.S. മേപ്പാടി	1128	715	1943	151	126	307	15	15	30	166	96	262	2	2	4	32	15	47	51
C.M.S H:.S. അരപ്പറ്റ	979	879	1858	114	95	209	12	15	27	79	49	128	-	1	1	12	7	17	18
ആകെ	**2662**	**1254**	**8**	**369**	**309**	**678**	**29**	**39**	**68**	**288**	**223**	**511**	**2**	**4**	**6**	**44**	**233**	**65**	**71**

മേഖലയിലുണ്ടായ ചെറിയ മാറ്റങ്ങൾ സാമൂഹ്യരംഗത്ത് ഗണ്യമായ ചലനം ഉണ്ടാക്കി. തോട്ടം തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ തങ്ങളുടെ മക്കൾക്ക് എന്തു ത്യാഗം സഹിച്ചും വിദ്യാഭ്യാസം നല്കുവാൻ അവർ തയ്യാറായി. വിദ്യാഭ്യാസരംഗത്തുണ്ടായ മാറ്റം ഒട്ടേറെ പ്രഗത്ഭരായ ആളുകളെ നാടിന് സംഭാവന നല്കി. അതിന്റെ പ്രതിഫലനം സാംസ്കാരിക രംഗത്തും ഉണ്ടായി.

പഞ്ചായത്തിൽ 15 വാർഡുകളിലായി ഒൻപത് എൽ.പിസ്ക്കൂളുകൾ പ്രവർത്തിക്കുന്നു. ഒന്നുമുതൽ നാലു വരെ ക്ലാസിൽ ആകെ 1850 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ 973 ആൺകുട്ടികളും 877 പെൺകുട്ടികളും ഉണ്ട്. വിശദവിവരമടങ്ങിയ പട്ടിക ചുവടെ കൊടുക്കുന്നു.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർഷം തോറും കൂടിവരുന്നു. അട്ടമലയിൽ ഗവ.മേഖലയിലുള്ള സെൻറനൽ റോക്ക് എൽ.പിസ്ക്കൂളും എരുമക്കൊല്ലിയിലുള്ള ഗവ. യു.പി.സ്ക്കൂളും കുന്നമ്പറ്റയിൽ എയിഡഡ് മേഖലയിലുള്ള എ.പി.ജെ.എസ്.എൽ.പി സ്ക്കൂളും ആണ് ഇതിനൊരപവാദം. തമിഴ് ന്യൂനപക്ഷത്തിന്റെ സ്ക്കൂളായ സെൻറനൽ റോക്ക് എൽ.പി.സ്ക്കൂൾ അടച്ചുപൂട്ടലിന്റെ ഭീഷണിയെ നേരിട്ടിരിക്കുകയാണ്. വിദ്യാലയസംരക്ഷണസമിതിയുണ്ടാക്കി നാട്ടുകാർ ചെറുത്തുനിന്നതിന്റെ ഫലമായി അടച്ചുപൂട്ടൽ ഭീഷണിയെ പ്രസ്തുത സ്ക്കൂൾ അതിജീവിച്ചു. കുന്നമ്പറ്റ എൽ.പി.സ്ക്കൂളിലും എരുമക്കൊല്ലി യു.പി.സ്ക്കൂളിലും കുട്ടികളുടെ എണ്ണം കുറയുവാൻ കാരണം ഒരു പരിധി വരെ, ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളാണ്. ഒരുവിധം സാമ്പത്തികശേഷിയുള്ള കുടുംബങ്ങളിലെ കുട്ടികളെ മേപ്പാടിയിലും കല്പറ്റയിലുമുള്ള അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലാണ് അയച്ചു പഠിപ്പിക്കുന്നത്.

എം.എൽ.എൽ സ്ക്കീമിൽ ഉൾപ്പെട്ട മേപ്പാടി ഗവ.എൽ.പിസ്ക്കൂൾ വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ക്കൂളാണ്. പി.ടി.എ. മാതൃകാപരമായ പ്രവർത്തനം കാഴ്ച്ചവെച്ചതുകൊണ്ടാണ് സ്ക്കൂളിലെ സെഷണൽ സമ്പ്രദായത്തിന് മാറ്റം വരുത്തുവാൻ കഴിഞ്ഞത്. ഏറ്റവും നല്ല പി.ടി.എക്കുള്ള അവാർഡും ഈ സ്ക്കൂളിലെ പി.ടി.എ കമ്മറ്റിക്ക് ലഭിച്ചിട്ടുണ്ട്. ഒന്നുമുതൽ നാലു വരെ ക്ലാസുകളുള്ള തമിഴ് മീഡിയം പാരലൽ ഡിവിഷൻ ഈ സ്ക്കൂളിൽ പ്രവർത്തിക്കുന്നു. ഒരു ചുറ്റുമതിലും കുട്ടികൾക്ക് കളിക്കാൻ ഒരു ഗ്രൗണ്ടും കൂടി നിർമ്മിക്കാനുള്ള ശ്രമത്തിലാണ് ഇപ്പോൾ പി.ടി.എ.

നെടുമ്പാല എൽ.പി.സ്ക്കൂളിനും പരാധീനതകൾ ഏറെയുണ്ട്. വേണ്ടത്ര കെട്ടിടമില്ലായ്മ ഈ സ്ക്കൂളിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു. യു.പി.സ്ക്കൂളുകളിൽ നെടുങ്കരണ സി.എം.എസ്.യു.പിഎസ്, ജി.യു.പി.എസ് കോട്ടനാട്, സെൻറ് ജോസഫ്സ് യു.പി. സ്ക്കൂൾ എന്നിവ ഒരുവിധം നല്ല നിലവാരം പുലർത്തുന്നു. ഈ സ്ക്കൂളുകളിലെ പി.ടി.എയുടെ പ്രവർത്തനവും എടുത്തുപറയേണ്ടതാണ്. എരുമക്കൊല്ലിയിൽ പ്രവർത്തിക്കുന്ന ഗവ.യു.പിസ്ക്കൂളിനാണ് പരാധീനതകൾ ഏറെയുള്ളത്. കെട്ടിടത്തിന്റെ അപര്യാപ്തത എടുത്തുപറയേണ്ടതാണ്. കുട്ടികളുടെ എണ്ണം ഓരോ വർഷം കഴിയുന്തോറും കുറഞ്ഞു വരുന്നു.

ഹൈസ്ക്കൂളുകളിൽ സെൻറ് ജോസഫ്സ് ഗേൾസ് ഹൈസ്ക്കൂളാണ് ഒരുവിധം നല്ല നിലവാരത്തിൽ പ്രവർത്തിക്കുന്നത്. അരപ്പറ്റ സി.എം.എസ് ഹൈസ്ക്കൂളിൽ കുട്ടികളുടെ ബാഹുല്യം ഒരു പ്രധാന പ്രശ്നമാണ്. കെട്ടിടസൗകര്യം വളരെ കുറവാണ്. പഠനനിലവാരവും എസ്.എസ്.എൽ.സി വിജയശതമാനവും വളരെ മോശമാണ്. വെള്ളാർമല ഗവ.ഹൈസ്ക്കൂളിന് പരാതികളുടെ ഒരു നീണ്ട പട്ടിക തന്നെയുണ്ട്. ആവശ്യത്തിന് കെട്ടിടമില്ല. ഫർണ്ണിച്ചറില്ല, വേണ്ടത്ര അദ്ധ്യാപകരില്ല. പരീക്ഷണശാലയോ ഗ്രന്ഥശാലയോ ഇല്ല. ഈ പരാധീനതകൾ പരിഹരിക്കുകയും സ്ക്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്താൽ നല്ല നിലവാരമുള്ള രു സ്ക്കൂളാക്കി ഇതിനെ ഉയർത്തുവാൻ കഴിയും. പി.ടി.എ സജീവമല്ല.

സെഷണൽ സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന മേപ്പാടി ഗവ.ഹൈസ്ക്കൂൾ പരാധീനതകളുടെ നടുവിലാണ്. 2000ത്തോളം കുട്ടികൾ പഠിക്കുന്ന ഈ സ്ക്കൂളിൽ കെട്ടിടത്തിന്റെയും ഫർണ്ണിച്ചറിന്റെയും അപര്യാപ്തത ഒരു വലിയ പ്രശ്നമാണ്. ചുറ്റുമതിൽ ഇല്ലാത്തതു മൂലം കന്നുകാലികളുടെയും സാമൂഹ്യ വിരുദ്ധരുടെയും താവളമായി മാറിയിരിക്കുകയാണ്. 1965—66 കാലഘട്ടത്തിൽ 88%വും 1967ൽ എസ്.എസ്. എൽ.സിക്ക് വിജയം ഒന്നാംസ്ഥാനവുമായിരുന്നു എങ്കിൽ ഇന്ന് മേപ്പാടി ഗവ.ഹൈസ്ക്കൂളിൽ വിജയ ശതമാനം വളരെ കുറവാണ്. 1995—ൽ 9.33 % വും 1996—ൽ 11 %വും ആയിരുന്നു എസ്.എസ്.എൽ.സി. റിസൾട്ട്. സ്ക്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തി സെഷണൽ സമ്പ്രദായം അവസാനിപ്പിക്കാതെ ഇന്നത്തെ പരിതാപകരമായ സ്ഥിതി മാറ്റിയെടുക്കാനാവില്ല. പി.ടി.എ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. കെട്ടിടസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനത്തിലാണ് ഇപ്പോൾ പി.ടി.എ.

സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന അരപ്പറ്റ സി.എം.എസ്.എച്ച്.എസിനും ഇല്ലായ്മകളുടെ കഥകളേ ഉള്ളൂ. നൂറിലധികം കുട്ടികളെ ഉൾക്കൊള്ളുന്ന ക്ലാസുകളാണ് അധികവും. ഒന്നുമുതൽ പത്തു വരെ ക്ലാസുകളുണ്ട്. മാനേജ്മെൻറ് സ്ക്കൂളിന്റെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. പി.ടി.എ സജീവമാണ്. പി.ടി.എ വക ഒന്നര ലക്ഷത്തിന്റെ ഒരു കെട്ടിടം

പണിപൂർത്തിയായി. സ്ക്കൂളിൽ ഫോൺ സൗകര്യം ഏർപ്പെടുത്തി.

മാതൃ പി.ടി.എ പഞ്ചായത്തിലെ മുഴുവൻ സ്ക്കൂളുകളിലും പ്രവർത്തിക്കുന്നുണ്ട്. സെൻറ് ജോസഫ്സ് ഗേൾസ് ഹൈസ്ക്കൂൾ, ജി.എൽ.പി.എസ് മേപ്പാടി എന്നിവിടങ്ങളിൽ മാതൃ പി.ടി.എ വളരെ സജീവമാണ്.

പാഠ്യാനുബന്ധപ്രവർത്തനങ്ങളോടൊപ്പം പാഠ്യേതരപ്രവർത്തനങ്ങളും നടക്കുന്നുണ്ടെങ്കിലും കലാകായികരംഗത്ത് വേണ്ടത്ര പ്രതിഭകളെ കണ്ടെത്താനോ പ്രോൽസാഹിപ്പിക്കുവാനോ പഞ്ചായത്തിലെ വിദ്യാലയങ്ങൾക്ക് കഴിഞ്ഞിട്ടില്ല. യുവജനോത്സവങ്ങളിലും കായികമേളകളിലും മാത്രം കലാകായിക പ്രവർത്തനങ്ങൾ ഒതുങ്ങുന്നു. സ്കൗട്ട്സ്, ഗൈഡ്സ്, റെഡ് ക്രോസ് യൂണിറ്റ് എന്നിവ സ്ക്കൂളുകളിൽ പ്രവർത്തിക്കുന്നു. കലാരംഗത്തും കായികരംഗത്തും കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുവാൻ ആ രംഗത്ത് നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകർ കൂടുപതൽ ശ്രദ്ധ ചെലുത്തണം. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയും അത്യാവശ്യമാണ്.

സബ് ജില്ലാ–ജില്ലാ മത്സരങ്ങൾക്കും മേളകൾക്കും ആതിഥേയത്വം വഹിക്കാൻ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന മേപ്പാടി ഗവ. ഹൈസ്കൂളിന് കഴിയുന്നുണ്ട്. രണ്ടുതവണ സബ് ജില്ലാ യുവജനോത്സവവും ഒരുതവണ ജില്ലാ സ്പോർട്സും മേപ്പാടി ഗവ. ഹൈസ്കൂളിൽ വെച്ചു നടന്നു. ഈ വർഷത്തെ വൈത്തിരി ഉപജില്ലാ യുവജനോത്സവം നടക്കുന്നതും മേപ്പാടി ഗവ. ഹൈസ്കൂളിൽ വെച്ചാണ്.

ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യമില്ലായ്മ ഈ പഞ്ചായത്തിന്റെ ഒരു ശാപമാണ്. കൽപറ്റ ഗവ. കോളേജിൽ വളരെ കുറച്ച് കുട്ടികൾക്ക് മാത്രമാണ് പ്രവേശനം ലഭിക്കുന്നത്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള ഉപരിപഠനം ആഗ്രിക്കുന്ന കുട്ടികൾക്കുള്ള ഏക ആശ്രയം മേപ്പാടി ടൗണിലെ രണ്ട് പാരലൽ കോളേജുകളാണ്. മേപ്പാടി ഗവൺമെൻറ് ഹൈസ്കൂളിന് സമീപം ഒരു പാരലൽ കോളേജും നടക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുപോലും ഈ പഞ്ചായത്തിലില്ല. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ തൊഴിലധിഷ്ഠിത കോഴ്സുകളോ ഇല്ലാത്തതുമൂലം എസ്.എസ്.എൽ.സി. കഴിഞ്ഞാൽ നല്ലൊരു ഭാഗം വിദ്യാർത്ഥികളുടെ പഠനം മുടങ്ങുകയാണ്. ശിശുവിദ്യാലയങ്ങൾ 26 എണ്ണം പഞ്ചായത്തിലാകമാനം ഉണ്ടെങ്കിവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒന്നുപോലുമില്ല. അംഗൻവാടികൾ അധികവും എസ്റ്റേറ്റ് വകയാണ്.

വിവിധ ഗ്രാമസഭകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസരംഗത്ത് പൊതുവായ അടിയന്തരമായി നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ചും ഗ്രാമസഭകളുടെ കീഴിൽ വരുന്ന വിവിധ വാർഡ് പ്രദേശങ്ങളിൽ നടപ്പിൽ വരുത്തേണ്ട പരിപാടികളെ കുറിച്ചുമാണ് ഇനി പ്രസ്താവിക്കാൻ പോകുന്നത്.

പൊതുനിർദ്ദേശങ്ങൾ

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന തോട്ടം തൊഴിലാളികൾക്ക് ഭൂരിപക്ഷമുള്ള ഈ പഞ്ചായത്തിൽ എസ്.എസ്.എൽ.സി. വിദ്യാഭ്യാസം കഴിഞ്ഞാൽ ഉപരിപഠനം പലർക്കും ഒരു മരീചികയായി അവശേഷിക്കുന്നതുകൊണ്ട് പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് അതായത് മേപ്പാടി ടൗണിനുസമീപം ഗവൺമെൻറ് മേഖലയിൽ ഒരു കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി കൈക്കൊള്ളണം. പഞ്ചായത്തിലെ നാല് ഹൈസ്കൂളുകളിൽ നിന്ന് എസ്.എസ്.എൽ.സി. കഴിഞ്ഞു പുറത്തുവരുന്ന കുട്ടികളുടെ ആവശ്യങ്ങൾ ഒരു കോളേജ് കൊണ്ട് മാത്രം നിറവേറ്റാനാവില്ല. അതുകൊണ്ടുതന്നെ ഒരു സാങ്കേതികസ്ഥാപനമെങ്കിലും (ഐ.ടി.ഐ / പോളിടെക്നിക്) പഞ്ചായത്തിൽ ആരംഭിക്കണം. മേപ്പാടി ഗവ.ഹൈസ്ക്കൂളിന് കെട്ടിടസൗകര്യമുണ്ടാക്കി പ്ലസ് –ടു കോഴ്സ് ഉടനെ ആരംഭിക്കണം. 5,7,9,14,15 വാർഡുകളിൽ സഹകരണ മേഖലയിൽ പാരലൽ കോളേജുകൾ സ്ഥാപിക്കണം. ഗവ.സ്ക്കൂളുകൾക്ക് ആവശ്യമായ കെട്ടിടം നല്കി ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളണം. ഗവ. സ്ക്കൂളുകളിൽ കൃത്യസമയത്തുതന്നെ ഒഴിവുകൾ നികത്തി അദ്ധ്യാപകരെ നിയമിക്കുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തണം. ഈ സ്ക്കൂളുകളിലെ സെഷണൽ സമ്പ്രദായം അവസാനിപ്പിച്ചാലേ സാധാരണക്കാരുടെയും തോട്ടം തൊഴിലാളികളുടെയും മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കുവാൻ ആവുകയുള്ളു. ആയതിനാൽ രണ്ടു ഗവ.സ്ക്കൂളുകളുടെയും ശാപമായ സെഷണൽ സമ്പ്രദായം ഉടനെ അവസാനിപ്പിക്കണം.

വിവിധ ഗ്രാമസഭകളിൽ നിന്നും വന്നിട്ടുള്ള പൊതുവായ ഒരു നിർദ്ദേശം തുടർ സാക്ഷരതാ പരിപാടി ഊർജ്ജിതമായി ആരംഭിക്കണമെന്നതാണ്.

വാർഡ് അടിസ്ഥാനത്തിൽ അടിയന്തിര പ്രാധാന്യം നല്കേണ്ട നിർദ്ദേശങ്ങൾ

വാർഡ് ഒന്ന്

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കമാണ്. ആകെയുള്ളത് ഒരു പഞ്ചായത്ത് എൽ.പി.സ്ക്കൂളാണ്. അത് യു.പി.യാക്കു ഉയർത്തണം. കല്ലിക്കെണിയിൽ പുതിയ എൽ.പി. സ്ക്കൂൾ അനുവദിക്കണം. അതിനായി ഒരു ഏക്കർ സ്ഥലം നാട്ടുകാർ വിട്ടുകൊടു

ത്തിട്ടുണ്ട്. ഇവിടെ ഡി.പി.ഇ.പി സ്ക്കൂൾ സ്ഥാപിക്കുന്നതിന് സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. പ്രസ്തുത സ്ക്കൂൾ അനുവദിക്കുന്നതിനുള്ള സത്വരനടപടികൾ കൈക്കൊള്ളണം. വട്ടത്തുവയൽ ഒരു അംഗൻവാടി സ്ഥാപിക്കണം. പഞ്ചായത്ത് എൽ.പിസ്ക്കൂളിന് കെട്ടിടം, ഫർണ്ണിച്ചർ എന്നിവ ഉടനെ അനുവദിക്കണം. എൽ.പി.സ്ക്കൂളിൽ മൂത്രപ്പുര, കക്കൂസ് എന്നിവ വേണം.

വാർഡ് 2

മലയാളം മീഡിയം സ്ക്കൂളില്ലാത്ത വാർഡാണ്. സ്വകാര്യമേഖലയിൽ സി.എ.എസ് മാനേജ്മെൻറിന്റെ കീഴിലുള്ള ഒരു തമിഴ് മീഡിയം യു.പി. സ്ക്കൂൾ മാത്രമാണ് ഈ വാർഡിൽ ഉള്ളത്. നെടുങ്കരണ, പാടിവയൽ എന്നിവിടങ്ങളിൽ ഓരോ എൽ.പി. സ്ക്കൂൾ അനുവദിക്കണം. ഒരു യു.പിയും ഒരു ഹൈസ്ക്കൂളും ഇവിടെ അത്യാവശ്യമാണ്. മലയാളം പ്ലാന്റേഷൻ ഒരു സ്ക്കൂളിന് വേണ്ട സ്ഥലം സൗജന്യമായി നല്കാമെന്ന് ഏറ്റിട്ടുണ്ട്. പുല്ലൂർക്കുന്ന്, ആപ്പാളം, തിനപുരം, പാടിവയൽ എന്നിവിടങ്ങളിൽ അംഗൻവാടി വേണം. തുടർസാക്ഷരതയ്ക്ക് പ്രത്യേക സംവിധാനം വേണം.

വാർഡ് 3

റിപ്പണിൽ ആകെ 23 സെൻറ് സ്ഥലത്തുള്ള ഒരു ചെറിയ കെട്ടിടത്തിലാണ് ഒന്നു മുതൽ അഞ്ചു വരെ ക്ലാസുകളിലായി 350 ഓളം കുട്ടികൾ പഠിക്കുന്നത്. സർക്കാർ മാനേജ്മെൻറ് ഏറ്റെടുത്തെങ്കിലും സ്ക്കൂൾ നാട്ടുകാർക്ക് പ്രയോജനപ്രദമാകത്തക്ക രീതിയിൽ ഭൗതികസാഹചര്യം മെച്ചപ്പെട്ടിട്ടില്ല. ഡപ്യൂട്ടേഷനിൽ നിയമിതനായ ഒരു അദ്ധ്യാപകൻ മാത്രമാണ് ഈ സ്ക്കൂളിലുള്ളത്. എസ്റ്റേറ്റ് വക സ്ഥലവും കെട്ടിടവും സർക്കാരിന് വിട്ടുകിട്ടുവാൻ ശ്രമിക്കണം. സ്ക്കൂൾ സർക്കാർ ഏറ്റെടുക്കണം. മുസ്ലീം പള്ളി വക ഒരു സ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്.

വാർഡ് 4

താഴെഅരപ്പറ്റയിൽ ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിക്കണം. വായനശാലയും ഗ്രന്ഥശാലയും വേണം. സി.എംഎസ്.എച്ച്.എസിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് മാനേജ്മെൻറിന്റെ മേൽ സമ്മർദ്ദം ഉണ്ടാകണം. ജനശിക്ഷണനിലയം ഉണ്ടായിരുന്നത് പ്രവർത്തിക്കുന്നില്ല. പ്രവർത്തനം കാര്യക്ഷമമാക്കി ജനങ്ങൾക്ക് ഗുണകരമാക്കണം. സി.എം.എസ് സ്ക്കൂളിന് ഗ്രൗണ്ടുണ്ടാക്കണം.

വാർഡ് 5

തമിഴ് മീഡിയം എൽ.പി.സ്ക്കൂൾ അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്നു. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തി സ്ക്കൂളിനെ അടച്ചുപൂട്ടൽ ഭീഷണിയിൽ നിന്നും രക്ഷിക്കണം. കെട്ടിടം, ഫർണ്ണിച്ചർ എന്നിവ ആവശ്യമായതു ലഭിക്കുവാനുള്ള നടപടി എടുക്കണം. സഹകരണമേഖലയിൽ ഒരു പാരലൽ കോളേജ് സ്ഥാപിക്കണം. അംഗൻവാടി സ്ഥാപിക്കുവാനുള്ള നടപടി എടുക്കണം. വായനശാലയും ഗ്രന്ഥശാലയും വേണം. മുണ്ടക്കൈയിൽ എൽ.പി.സ്ക്കൂൾ തുടങ്ങണം. ഡി.പി.ഇ.പിയിൽ നിന്നും അനുവദിച്ച സ്ക്കൂൾ എത്രയും വേഗം സ്ഥാപിക്കുവാനുള്ള നടപടികൾ കൈക്കൊള്ളണം. സാക്ഷരതാപ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. അട്ടമല എൽ.പി.സ്ക്കൂളിന് മൂത്രപ്പുരയും കക്കൂസും ആവശ്യമാണ്.

വാർഡ് 6

നീലിക്കാപ്പിൽ എൽ.പി.സ്ക്കൂൾ ആരംഭിക്കണം. പുത്തുമല സ്ക്കൂളിൽ കുടിവെള്ളം എത്തിക്കുവാനുള്ള സത്വരനടപടികൾ കൈക്കൊള്ളണം. പുത്തുമല ബാലവാടിയിൽ കളിക്കോപ്പുകൾ അനുവദിക്കണം. പച്ചക്കാട്, ഏലവയൽ, ചൂരൽമല എന്നിവിടങ്ങളിൽ അംഗൻവാടികൾ അനുവദിക്കണം. ചൂരൽമലയിൽ പ്രീ—പ്രൈമറി വിദ്യാലയം തുടങ്ങണം. വെള്ളാർമല ഹൈസ്ക്കൂളിന് ആവശ്യമായ കെട്ടിടം പണിയണം. ഭൗതികസാഹചര്യം മെച്ചപ്പെടുത്തണം. സെഷണൽ സമ്പ്രദായം അവസാനിപ്പിക്കണം. ആവശ്യത്തിന് അദ്ധ്യാപകരെയും നിയമിക്കണം. വെള്ളാർമല ഹൈസ്ക്കൂളിൽ നിന്ന് എൽ.പി. വേർപെടുത്തണം. രണ്ടരകിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന എൽ.പി.സ്ക്കൂളിന്റെ നിയന്ത്രണവും വെള്ളാർമല ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററുടെ ചുമതലയിലാണ്. എൽ.പി.സ്ക്കൂളിന്റെ സുഗമമായ നടത്തിപ്പിന് പ്രത്യേക ഹെഡ്മാസ്റ്ററുടെ കീഴിൽ സ്ക്കൂൾ ആക്കേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നു. എൽ.പി. വേർപെടുത്തുന്നതിനുള്ള നടപടികൾ ഉടനെ കൈക്കൊള്ളണം. എലവയൽ, ചൂരൽമല എന്നിവിടങ്ങളിൽ ഗ്രന്ഥശാല വേണം. ഗ്രന്ഥശാലയ്ക്ക് വേണ്ട സ്ഥലം നല്കാൻ നാട്ടുകാർ തയ്യാറാണ്.

വാർഡ് 7

ചുളിക്ക ഗവ.എൽ.പി.സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യണം. സ്വന്തമായി കെട്ടിടം ഉണ്ടാക്കണം. ഒന്നര ഏക്കർ സ്ഥലം എസ്റ്റേറ്റ് മാനേജ്മെൻറ് സർക്കാരിന് വിട്ടുകൊടുത്തിട്ടുണ്ട്. സാക്ഷരതാപ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. കുപ്പച്ചി കോളനി,അരണമല കോളനി, നെല്ലിമുണ്ട, എന്നിവിടങ്ങളിൽ സാക്ഷരതാകേന്ദ്രം തുടങ്ങണം. സ്ക്കൂളിന് മൂത്രപ്പുര, കക്കൂസ് എന്നിവ അത്യാവശ്യമാണ്.

വാർഡ് 8

മേപ്പാടി ഗവ.ഹൈസ്ക്കൂളിന് ആവശ്യമായ കെട്ടിടം പണിയണമെന്നത് ഈ നാട്ടുകാരുടെ വർഷങ്ങളായുള്ള ആവശ്യമാണ്. സ്ക്കൂളിനാവശ്യമായ കെട്ടിടം അനുവദിച്ച് സെഷണൽ സമ്പ്രദായം അവസാനിപ്പിക്കണം. കുടിവെള്ള ക്ഷാമം പരിഹരിക്കണം. മൂത്രപ്പുര, കക്കൂസ് ഇവ പണിയണം. സാമൂഹ്യ വിരുദ്ധരുടെ ശല്യം ഒഴിവാക്കുവാൻ അടിയന്തിരമായി ചുറ്റുമതിൽ കെട്ടണം. ഗവ.എൽ.പി സ്ക്കൂളിന് ചുറ്റുമതിലും കളിസ്ഥലവും നിർമ്മിക്കണം. ഗവ.ഹൈസ്ക്കൂളിൽ പ്ലസ്–ടു തുടങ്ങണം. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടവും മറ്റു സൗകര്യങ്ങളും ഉണ്ടാക്കണം. തമിഴ് മീഡിയം യു.പി. തുടങ്ങണം. മേപ്പാടി പഞ്ചായത്തിലെയും മുഴുവൻ കായികപ്രേമികൾക്കും ഗുണം ചെയ്യുന്ന മേപ്പാടി ഗവ.ഹൈസ്ക്കൂൾ ഗ്രൗണ്ട് തകർച്ചയുടെ വക്കിലാണ്. പൊളിഞ്ഞുപോയ ഭാഗം പാറകെട്ടി സംരക്ഷിക്കണം.

വാർഡ് 9

സാങ്കേതികവിദ്യാഭ്യാസസ്ഥാപനം അനുവദിക്കണം. സർക്കാർ വക കോളേജ് സ്ഥാപിക്കണം. തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങണം. പ്ലസ്–ടു അനുവദിക്കണം. തുടർ സാക്ഷരതാ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തണം.

വാർഡ് 10

എരുമക്കൊല്ലി ഗവ. യു.പിസ്ക്കൂൾ കെട്ടിടം പണി പൂർത്തിയാക്കണം. കളിസ്ഥലം നിർമ്മിക്കണം. അംഗൻവാടികളുടെ സ്ഥിതി മെച്ചപ്പെടുത്തണം. ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, തയ്യൽ പരിശീലനകേന്ദ്രം എന്നിവ സ്ഥാപിക്കണം. പുഴമൂല, ചെമ്പ്ര എന്നിവിടങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കണം. കുന്നംപറ്റ എ.പി.ജെ.എസ്.എൽ.പി. സ്ക്കൂൾ യു.പിയായി ഉയർത്തണം. ചുറ്റുമതിൽ ഉണ്ടാക്കണം.

വാർഡ് 11

പുത്തൂർ വയലിൽ എൽ.പി. സ്ക്കൂൾ അനുവദിക്കണം. അംഗൻവാടിക്ക് സ്ഥിരമായി കെട്ടിടം പണിയണം.

വാർഡ് 12

കോട്ടനാട് ഗവ.യു.പി സ്ക്കൂൾ, ഹൈസ്ക്കൂളാക്കി ഉയർത്തണം.

വാർഡ് 13

നെടുമ്പാല ഗവ.യു.പി.സ്ക്കൂളിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം. ഏഴാഞ്ചിറ, ഉപ്പുപാറ എന്നിവിടങ്ങളിൽ നഴ്സറി, വായനശാല എന്നിവ അത്യാവശ്യമാണ്. പള്ളിക്കവലയിൽ വായനശാല വേണം. എൽ.പി.സ്ക്കൂളിനു വേണ്ടി സ്ഥലം വാങ്ങാൻ പി.ടി.എ തീരുമാനിച്ചിട്ടുണ്ട്.

വാർഡ് 14

സഹകരണമേഖലയിൽ പാരലൽ കോളേജ് അനുവദിക്കണം. ലക്കി ഹില്ലിൽ അംഗൻവാടി സ്ഥാപിക്കണം. നെടുമ്പാല എസ്റ്റേറ്റിൽ ഒരു എൽ.പി.സ്ക്കൂൾ അനുവദിക്കണം.

വാർഡ് 15

തൃക്കൈപ്പറ്റ യു.പി, ഹൈസ്ക്കൂളാക്കി ഉയർത്തണം. സഹകരണമേഖലയിൽ പാരലൽ കോളേജ് സ്ഥാപിക്കണം. അംഗൻവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തണം. വെള്ളിത്തോട് അംഗൻവാടിക്ക് പുതിയ കെട്ടിടം ഉണ്ടാക്കണം. സ്ഥലം നാട്ടുകാർ നൽകാൻ തയ്യാറാണ്. ഇടിഞ്ഞക്കൊല്ലിയിൽ അംഗൻവാടി കെട്ടിടവലും കളിസാധനങ്ങളും നൽകണം. തൃക്കൈപ്പറ്റ സ്ക്കൂളിന് ചുറ്റുമതിലും ഗ്രൗണ്ടും ഉണ്ടാക്കണം.

പരിഹാരമാർഗ്ഗങ്ങൾ

ഹൈസ്ക്കൂളുകൾ കേന്ദ്രീകരിച്ച് ആ സ്ക്കൂളുകളിലേക്ക് വരുന്ന എൽ.പി, യു.പി സ്ക്കൂളുകൾ പ്രത്യേകം പ്രത്യേകമായി ശ്രദ്ധിക്കുകയും സ്ക്കൂളിലെയും പി.ടി.എ അംഗങ്ങളും അദ്ധ്യാപക സംഘടനാപ്രതിനിധികൾ, ശാസ്ത്രസാഹിത്യ പരിഷത്ത്, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ കൂട്ടമായി ഇരുന്ന് ചർച്ച ചെയ്താൽ ഹൈസ്ക്കൂളിലെ വിദ്യാഭ്യാസനിലവാരം, കെട്ടിടത്തിന്റെ പോരായ്മ എന്നീ കാര്യങ്ങൾ ഏറെക്കുറെ ഒഴിവാക്കുവാനും നല്ല ഭാവിയിലേക്ക് ഉയർത്തിപ്പിടിക്കുവാനും കഴിയുമെന്ന് തീർച്ച.

മേപ്പാടിയിൽ ഗവൺമെൻറ് ആർട്സ് കോളേജ് അനുവദിക്കുക, ഐ.ടി.ഐ പോലുള്ള ടെക്നിക്കൾ സ്ക്കൂളുകൾ സ്ഥാപിക്കണം എന്നത് വളരെ പ്രാധാന്യമാണ്.

സ്പോർട്സ് സ്ക്കൂൾ ആരംഭിക്കുക, സ്ക്കൂളുകൾക്ക് വേണ്ടി ഫർണിച്ചർ, കക്കൂസ് എന്നിവ പി.ടി.എയുമായി ആലോചിച്ച് ചെയ്യാവുന്നതാണ്.

5—5

കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യം

1939 വരെ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും അന്ധവിശ്വാസികളിലും ആദിവാസികളിലും ഒതുങ്ങിയിരുന്നു. ആധുനിക ചികിൽസാരീതികൾ ഉണ്ടായിരുന്നില്ല. എന്നാൽ തേയിലത്തോട്ടങ്ങളിൽ കോയനാ വെള്ളം കൊടുക്കുന്നതിനും മറ്റും ചികിത്സയുമായി "അപ്പോത്തീക്കിരിമാർ" ഉണ്ടായിരുന്നു. കൂടാതെ മലമ്പനിക്കെതിരെ മരുന്നുതളിയും, കൊതുകുനശീകരണവും ഉണ്ടായിരുന്നു. മന്ത്രവാദം, ജപിച്ചൂതൽ, വഴിപാടുകൾ നേർച്ച എന്നിവയും നിലനിന്നിരുന്നു.

എന്നാൽ ആധുനിക വൈദ്യശാസ്ത്രത്തിൽ മരുന്നുകൾ ലഭിക്കുന്നതിനുവേണ്ടി 1939ൽ പഞ്ചായത്ത് മുൻകൈയെടുത്ത് ഒരു ആശുപത്രി തുടങ്ങി. ഇന്ന് ആശുപത്രി അമ്പതോളം ജോലിക്കാരുള്ള വലിയ സ്ഥാപനമായി മാറിയിരിക്കുന്നു. ഇന്ന് 10 രോഗികൾക്കു കിടത്തി ചികിത്സിക്കാൻ എല്ലാവിധ സൗകര്യങ്ങളും ഉണ്ട്.

ഇപ്പോൾ പഞ്ചായത്തിൽ സർക്കാർ തലത്തിൽ ഒരു പി.എച്ച്.സിയും അതിന്റെ കീഴിൽ 20 സബ്ബ് സെൻററുകളും മൊബയിൽ ആയുർവ്വേദ ഡിസ്പൻസറിയും പ്രവർത്തിക്കുന്നു. കൂടാതെ സ്വകാര്യ മേഖലയിൽ അലോപ്പതി ആശുപത്രികളും എസ്റ്റേറ്റുകളിൽ ആശുപത്രിക്ക് പുറമെ താല്ക്കാലിക ചികിത്സക്കായി 15 ഡിസ്പെൻസറികളും ആയുർവ്വേദ മേഖലയിൽ 10 ആയുർവ്വേദ ഡിസ്പെൻസറികളും നിലവിലുണ്ട്. ഈ സ്ഥാപനങ്ങൾ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യം പരിപാലിച്ചു വരുന്നു. കൂടാതെ സ്വകാര്യ ഹോമിയോ ഡിസ്പെൻസറികൾ മൂന്നെണ്ണം പ്രവർത്തിക്കുന്നു.

അടുത്ത കാലത്തായി മേപ്പാടിയിൽ ഒരു ദന്താശുപത്രിയും പ്രവർത്തിക്കുന്നു.

ഒടിവ്,ചതവ് എന്നിവയ്ക്ക് ചില വ്യക്തികൾ ചികിത്സ നടത്തുന്നുണ്ട്. വിഷചികിത്സാ കേന്ദ്രം ഇല്ലെന്നു തന്നെ പറയാം.

കഴിഞ്ഞ വർഷത്തിൽ മേപ്പാടി ഗവ.ആയുർവ്വേദ ആശുപത്രിയിൽ 5100 ത്വക് രോഗികളും 14709 വാതരോഗികളും 7400 മറ്റു രോഗികളും ചികിത്സ നടത്തിയിട്ടുണ്ട്.

കുഷ്ഠരോഗം ബാധിച്ച ഏഴ് പേർ പി.എച്ച്.സി ചികിത്സിക്കുന്നുണ്ട്.

കൂടാതെ മറ്റ് ആശുപത്രികളിലായി കിടത്തി ചികിത്സിച്ചവർ 2523 പേർ. മരുന്ന് വാങ്ങി പോയ ആളുകൾ 10,5084 പേർ.

രോഗം	ചികിത്സ നേടിയവരുടെ എണ്ണം
ത്വക്ക്	13687
വാതം	28718
പകർച്ചവ്യാധി	8638
വിഷചികിത്സ	2
മറ്റ് രോഗങ്ങൾ	40189

അവലംബം : ആശുപത്രിരേഖകൾ

പഞ്ചായത്തിലെ ജനനനിരക്ക് 1995—96 വർഷത്തിൽ 15.83% ആണ്. മരണനിരക്ക് 2.41% ആണ്. ശിശു മരണനിരക്ക് 15.64% ആണ്. മാതൃമരണം ഇല്ല. പിള്ള വാതം മൂന്നു വർഷത്തിനുള്ളിൽ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. തിമിരം ബാധിച്ചവർ 159 പേരുണ്ട്. ജനസംഖ്യയുടെ 2.81% മാത്രമാണ് . പ്രാഥമികാരോഗ്യകേന്ദ്രത്തിലെ കണക്കനുസരിച്ച് ക്ഷയരോഗത്തിന് സ്ഥിരമായി മരുന്നു കുടിക്കുന്നവർ 38 പേർ മാത്രമാണ്.

മലമ്പനി ബാധിച്ചവർ 7 പേരുണ്ട്.

1991ലെ സെൻസസ് പ്രകാരം ഉള്ള ജനസംഖ്യ താഴെ കൊടുക്കുന്നു.

	പു	സ്ത്രീ
	28345	28185
0.6 കുട്ടികൾ	4262	4130

കുടുംബക്ഷേമം

പ്രായ അടിസ്ഥാനത്തിൽ ദമ്പതിമാർ (44 വയസ്സ് വരെ)		
ക്രമനമ്പർ	പ്രായതിരിവ്	ആകെ
എ	15-19	530
ബി	20-24	1865
സി	25-29	2150
ഡി	30-34	1838
ഇ	35-39	1254
എഫ്	40-44	573

P.H.C. രേഖകൾ

ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അമ്മമാരുടെ എണ്ണം (44 വയസ്സ് വരെ)

ക്രമനമ്പർ	കുട്ടികളുടെ അടിസ്ഥാനത്തിൽ	ആകെ
എ	1 കുട്ടി	1425
ബി	2 കുട്ടികൾ	2772
സി	2-ൽ കൂടുതൽ	3389
	ആകെ	6586

P.H.C. രേഖകൾ

ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ (44 വയസ്സ് വരെ)

ക്രമനമ്പർ	കുട്ടികളുടെ എണ്ണം	ആകെ
എ	1 കുട്ടി	1033
ബി	2 കുട്ടികൾ	3597
സി	2-ൽ കൂടുതൽ	3580
	ആകെ	8210

P.H.C. രേഖകൾ

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

പി.എച്ച്.സി	1
ഫാമിലി വെൽഫയർ സെൻറർ	20
ആയുർവ്വേദ മൊബൈൽ ഡിസ്പെൻസറി	1

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം കിട്ടുന്നില്ല.

പൊതുജനാരോഗ്യത്തിൽ മരുന്നുകളോളമോ അതിലധികമോ പ്രാധാന്യം ബോധവത്ക്കരണപ്രവർത്തനങ്ങൾക്കാണ്. എന്നാൽ ഫീൽഡ് വർക്കർമാരിൽ കാണുന്ന നിഷ്ക്രിയത ഈ രംഗത്ത് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.

വാർഡുകളിൽ സ്ഥിതിചെയ്യുന്ന ഫാമിലി വെൽഫയർ സെൻററുകളിൽ ആഴ്ചയിലൊരിക്കലെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കണം. വടുവൻചാൽ, തൃക്കൈപ്പറ്റ സെൻററുകൾ, മിനി പി.എച്ച്.സി ആയി ഉയർത്തുക, കൂടാതെ പി.എച്ച്.സിയിൽ നിലവിലുള്ള ആശുപത്രി ആധുനിക സൗകര്യങ്ങളോടെ വിപുലീകരിക്കുക. അയുർവ്വേദ ആശുപത്രിയുടെ പ്രവർത്തനം വാർഡുകളിലേക്ക് വ്യാപിപ്പിക്കുക. പഞ്ചായത്തിൽ സർക്കാർ തലത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുക, തോട്ടം മേഖലയിൽ തൊഴിലാളികളുടെ ആരോഗ്യപരിപാലനത്തിന് ആയുർവേദ ചികിത്സാ സൗകര്യം ഉണ്ടാവുന്നതിന് മാനേജ്മെൻറിൽ സമ്മർദ്ദം ചെലുത്തുക.

പൊതുവെ രോഗങ്ങളിൽ വാതരോഗം കൂടുതലായി കാണുന്നു.

കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം പോലെ പ്രധാനമാണ് ശുചിത്വം. ഇതിൽ പരിസരശുചിത്വം പാലിക്കുവാൻ പ്രധാനമായി വേണ്ടത് കക്കൂസാണ്. പഞ്ചായത്തിൽ 50% വീടുകൾക്ക് കക്കൂസില്ല. ഇതിനാൽ വിരശല്യം, വയറിളക്കരോഗങ്ങൾ എന്നിവ കൂടുതലാണ്.

എസ്റ്റേറ്റിൽ ചായക്കാടുകളും കാപ്പിക്കാടുകളും ജനങ്ങൾ കക്കൂസായി ഉപയോഗിക്കുന്നു. നാട്ടിൻ പുറങ്ങളിൽ ഒഴുകുന്ന തോടുകളിൽ പോലും മലം വിസർജ്ജിക്കുന്നു.

പ്രശ്നങ്ങൾ

സാമ്പത്തിക പരാധീനത
സ്ഥലപരിമിതി
ആവശ്യകത വേണ്ടത്ര ബോധമില്ലായ്മ
സർക്കാർ ധനസഹായം അപര്യാപ്തമാണ്.

പരിഹാരം

കോളനികളിലും അഞ്ച് സെൻറ് പത്ത് സെൻറ് സ്ഥലങ്ങളിൽ തിങ്ങിപ്പാർക്കുന്നവർക്കും കോമൺ കക്കൂസുകൾ നിർമ്മിക്കാം.

സർക്കാർ, അർദ്ധസർക്കാർ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. ഇതിൽ ശാസ്ത്ര സാഹിത്യപരിഷത്തുപോലുള്ള സംഘടനകളുടെ പ്രവർത്തനം ഉറപ്പുവരുത്തുക.

ബോധവൽക്കരണം നടത്തുക. ഉദ്യോഗസ്ഥന്മാരെ ബന്ധപ്പെടുത്തി ജനങ്ങളിൽ ബോധവത്ക്കരണം ഉണ്ടാക്കുക.

പരിസരശുചിത്വം

വ്യവസായവൽക്കരണം ഇല്ലാത്തതിനാൽ മലിനീകരണം കുറവാണ്. എന്നാൽ തോട്ടം മേഖലകളിലും വാഴകൃഷി ചെയ്യുന്ന സ്ഥലങ്ങളിലും വ്യാപകമായ കീടനാശിനി പ്രയോഗം നിമിത്തം പരിസരമലിനീകരണം ഉണ്ടാകുന്നുണ്ട്. വാഴയ്ക്ക് തിമെറ്റ് പോലുള്ള മരുന്നുകൾ പ്രയോഗിക്കുമ്പോൾ പരിസരവാസികൾക്ക് അസഹ്യമായ രൂക്ഷഗന്ധം ഉണ്ടാകുന്നു. ഇത് ശ്വാസകോശസംബന്ധമായ രോഗങ്ങൾക്കും സൈനോസറ്റിസ് രോഗങ്ങൾക്കും കാരണമാകുന്നു. എസ്റ്റേറ്റ് മേഖലയിലെ തൊഴിലാളികൾ പ്രത്യേകിച്ച തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യം പുറത്ത് ജോലി ചെയ്യുന്ന കർഷകത്തൊഴിലാളികളെ അപേക്ഷിച്ച് മോശമായ സ്ഥിതിയിലാണ്. സാധാരണ കർഷകത്തൊഴിലാളികൾ 70 വയസ്സിനു മുകളിൽ ജീവിക്കുമ്പോൾ തോട്ടം മേഖലയിൽ അത് 60 മുതൽ 70 വരെ മാത്രമാണ് ഇത്. തോട്ടമേഖലയിലെ രൂക്ഷമായ മരുന്നുതളിയും വളപ്രയോഗവും കൊണ്ടാണ്. തൊഴിലാളികൾക്ക് മരുന്നുതളിയിലും മറ്റും വേണ്ടത്ര അവബോധം നൽകുന്നില്ല. മരുന്നുതളി തുടർച്ചയായി മണിക്കൂറുകൾ തുടരെ ചെയ്യുന്നു. കീടനാശിനി തളിക്കുമ്പോൾ തന്നെ പുക വലിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നു.

ഈ പ്രവണത മാറ്റിയെടുക്കാൻ പഞ്ചായത്ത് മുൻകൈ എടുത്ത മാനേജ്മെൻറുകളുടെ സഹായത്തോടെ തൊഴിലാളികളിൽ ബോധവത്ക്കരണം നടത്തുക. മാനേജ്മെൻറ് നൽകുന്ന സുരക്ഷിതത്വ നടപടികൾ കൃത്യമായി പാലിക്കുക.

രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും ഗവ.ഡോക്ടർമാരെ കൊണ്ട് എസ്റ്റേറ്റുകളിൽ ആരോഗ്യപരിശോധന

നടത്തി പരിപാലനനടപടികൾ എസ്റ്റേറ്റ് മാനേജ് മെൻറിനെക്കൊണ്ട് ചെയ്യിക്കുക.

പഞ്ചായത്തിൽ പൊതുശ്മശാനത്തിനായി പരിശ്രമിക്കണം.

പഞ്ചായത്തുതലത്തിൽ ഒരു യോഗകേന്ദ്രം വേണം. മാനസികവും കായികവുമായ വളർച്ച ത്വരിത പ്പെടുത്താൻ ഇതിനു കഴിയും.

സ്ക്കൂൾ അദ്ധ്യാപകർക്ക് യോഗ ട്രെയിനിംഗ് കിട്ടുന്നത് സ്ക്കൂളുകളിൽ യോഗക്ലബ്ബുകൾ രൂപീക രിക്കുക.

പഞ്ചായത്തിൽ വയോജനങ്ങളെ സംരക്ഷിക്കുന്ന തിനായി കേന്ദ്രങ്ങൾ പണിയുക. അവർക്കായി പ്രത്യേക ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടാക്കി പരിശീലനം നേടിയവരുടെ സേവനം ഉറപ്പുവരുത്തുക.

ഹെൽത്ത് കാർഡ് സംവിധാനം : ചികിത്സാരംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ്. ചികിത്സകക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ, രോ ഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതുമാക്കാൻ സഹായിക്കും. ആരോഗ്യപ്രവർത്തകരെയും സന്നദ്ധപ്രവർത്തകരെയും ഒരുമിച്ച് ഇത് നടപ്പിലാക്കാൻ കഴിയും.

രക്തദാനത്തിന്റെ മഹത്വം ജനങ്ങളിൽ ബോധവത്ക്കരണങ്ങളിലൂടെ മനസ്സിലാക്കി ചെറുപ്പ ക്കാരിൽ ഇന്ന് രക്തം നൽകാനുള്ള മടി മാറ്റിയെടു ക്കണം.

മേപ്പാടി പഞ്ചായത്തിൽ പി.എച്ച്.സിയിൽ പത്ത് കിടക്കകൾ ഉണ്ടെങ്കിലും മറ്റ് സംവിധാനങ്ങൾ ഉണ്ടെങ്കിലും വെള്ളം ഇല്ല എന്നുള്ളതുകൊണ്ടു തന്നെ രോഗികളെ കിടത്തി ചികിത്സിക്കാൻ പ്രയാസം അനുഭവപ്പെടുന്നു.

സർക്കാർ ആശുപത്രി ശോചനീയാവസ്ഥ ആയതുകൊണ്ടുതന്നെ സ്വകാര്യമേഖലയിൽ കൊല്ലുന്ന ഫീസുമായി ആശുപത്രികൾ കുന്നുപോലെ മുളച്ചു പൊങ്ങുന്നു. എന്നിട്ടും ഗ്രാമങ്ങളിൽ നിന്ന് രോ ഗികൾക്ക് ആശുപത്രികളിൽ എത്താൻ പത്ത് മുതൽ 15 കി.മീറ്റർ സഞ്ചരിക്കേണ്ടിവരുന്നു.

മേപ്പാടി ഗവ.പി.എച്ച്.സി ആധുനികസൗകര്യങ്ങ ളോടു കൂടിയ ഒരു ആശുപത്രിയാക്കി മാറ്റുക 57,000 ത്തോളം ജനസംഖ്യയുള്ള മേപ്പാടി പഞ്ചായത്ത് നിവാസികൾക്ക് ആശ്രയിക്കത്തക്ക വിധത്തിൽ ആശുപത്രിയിൽ ഓരോ ഗൈനക്കോളജിസ്റ്റ്, ശിശുരോ ഗവിദഗ്ദ്ധൻ എങ്കിലും നിയമിക്കപ്പെടേണ്ടതുകൊണ്ട് ഓപ്പറേഷൻ തീയേറ്റർ വികസിപ്പിക്കുകയും വേണം.

ആയുർവ്വേദ മൊബൈൽ ആശുപത്രി വികസിപ്പിച്ച് മേപ്പാടിയിൽ ഒരു സ്ഥിരം ആശുപത്രി കൊണ്ടുവരിക.

മൊബൈൽ സംവിധാനം പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ, വടുവൻചാൽ, റിപ്പൺ, പുതുക്കാട്, ചൂരൽമല,തൃക്കൈപ്പറ്റ, കുന്നമ്പറ്റ തുടങ്ങിയ പ്രദേശങ്ങളിൽ ആഴ്ചയിൽ ഒരിക്കൽ സന്ദർശിക്കാനും മരുന്നുകൊടുക്കാനും സംവിധാനമുണ്ടാക്കുക.

ആദിവാസികളുടെ ആരോഗ്യം നാൾക്കുനാൾ തകർന്നുകൊണ്ടിരിക്കുന്നു. ഇവർ ഇന്നത്തെ രീതിയിൽ മുന്നോട്ടുപോയാൽ വളരെ കുറച്ചുകാലം കൊണ്ട് ഇവരുടെ വംശം തന്നെ അറ്റുപോകാൻ സാദ്ധ്യത യുണ്ട്.

മദ്യപാനം ഇവരുടെ ഇടയിൽ വളരെ അധികമാണ്. ചെറിയ കുട്ടികൾ ആയിരിക്കുമ്പോൾ മുതൽ തന്നെ മദ്യവും,മുറുക്കും ശീലിക്കുന്നു. അത് മരണം വരെ തുടരുകയും ചെയ്യുന്നു. ഇവർ ആരോഗ്യകാര്യത്തിൽ തീരെ ശ്രദ്ധിക്കാറില്ല. അദ്ധ്വാനിച്ചു കിട്ടുന്ന പണം നാടൻ ചാരായം കുടിക്കാൻ ഉപയോഗിക്കുന്നു.

ഇവർക്ക് വിളർച്ച, ചൊറി, വയറിളക്കം എന്നീ രോ ഗങ്ങൾ സർവ്വസാധാരണമാണ്. ഇവരുടെ ഉന്നമനത്തിനായി സമൂഹം ഒന്നായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. ചെറുപ്പക്കാരിൽ ശക്തിയായി ബോധവത്ക്കരണം ഉണ്ടാക്കണം. കോളനികൾ ചുറ്റുമുള്ള ആദിവാസികളല്ലാത്തവരെ സംഘടിപ്പിച്ച് സർക്കാർ ഉദ്യോഗസ്ഥന്മാരെയും ഹെൽത്ത് വർക്കർമാരെയും സംയോജിപ്പിച്ച് കോളനികളിൽ പ്രവർത്തിക്കുകയും ആദിവാസികളെ ബോധവത്ക്കരിച്ച് എടുക്കുകയും വേണം.

വ്യാജവാറ്റ് വില്പന പഞ്ചായത്തിൽ അതിരൂക്ഷമായിവരുന്നു. അടിപിടി, കൊലപാതകങ്ങൾ വരെ ഇതുമായി ബന്ധപ്പെട്ട് നടക്കുന്നു.പഞ്ചായത്ത് നേതൃത്വത്തിൽ വ്യാജവാറ്റിനെതിരെ ജനകീയ കമ്മിറ്റികൾ ഉണ്ടാക്കി പോലീസിന്റേയും എക്സൈസി ന്റേയും സഹായത്തോടെ തടയാൻ ശ്രമിക്കണം. നാട്ടുവൈദ്യന്മാരുടെ ഒരു ഒത്തുചേരൽ സംഘടിപ്പിച്ച് അവരുടെ പ്രശ്നങ്ങളും അവരിലുള്ള ചികിത്സാ സംവിധാനങ്ങളും ജനങ്ങളിൽ എത്തിക്കാൻ അവസര മൊരുക്കണം.

ആരോഗ്യരംഗത്ത് നിലവിലുള്ള സ്ഥാപനങ്ങളും സാഹചര്യങ്ങളും മുഴുവനായി പ്രയോജനപ്പെടുത്തി സ്ഥാപനങ്ങളെയും സന്നദ്ധസംഘടനകളേയും കൂട്ടിയിണക്കിയാൽ 'ശുചിത്വഗ്രാമം ആരോഗ്യഗ്രാമം' എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ നമുക്കു കഴിയും. അതിനാകട്ടെ ഇനിയുള്ള നമ്മുടെ മുഴുവൻ ശ്രമവും.

കുടിവെള്ളവും പൊതുജന ആരോഗ്യവും

ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള വീട് ഇവ ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്.

പഞ്ചായത്തിൽ 2,, 3, 4, 5, 6, 7, 8, 9 വാർഡുകളിൽ കുടിവെള്ളത്തിനായി പൈപ്പ് വെള്ളമാണ് ഉപയോഗിക്കുന്നത്. 2-ാം വാർഡിൽ 65 ശതമാനം, 3-ാം വാർഡിൽ 50 ശതമാനം, 4-ാം വാർഡിൽ 9 ശതമാനം, 5-ാം വാർഡിൽ 95 ശതമാനം, 6-ാം വാർഡിൽ 80 ശതമാനം, 7-ാം വാർഡിൽ 990 ശതമാനം, 8-ാം വാർഡിൽ 95 ശതമാനം, 9-ാം വാർഡിൽ 95 ശതമാനവും പൈപ്പ് വെള്ളം എത്തുന്നുണ്ട്. ഇതിൽ എസ്റ്റേറ്റുകളുടെ സേവനം എടുത്തുപറയേണ്ടതാണ്.

ബാക്കി വരുന്ന വാർഡുകളിൽ പ്രധാനമായും കിണറുകളെ ആശ്രയിക്കുന്നു. മേപ്പാടി പഞ്ചായത്തിൽ 3 ശുദ്ധജല പദ്ധതികളാണ് ഉള്ളത്. ഒന്ന് 1935-ൽ നിർമ്മിച്ച എളവിലേരി പുഴയിൽ നിന്നുള്ള വള്ളം കടൂറിൽ ടാങ്കിലെത്തിച്ച് മേപ്പാടി അങ്ങാടിയിൽ വെള്ളമെത്തിക്കുന്നു. ഈ പദ്ധതിയിലെ ജലദൗർലഭ്യം കണക്കിലെടുത്ത് നെല്ലിമുണ്ടയിൽ കുഴൽകിണർ കുഴിച്ച് പമ്പ് ചെയ്ത് കടൂർ ടാങ്കുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഒന്നാം വാർഡിൽ വട്ടച്ചോല എന്ന സ്ഥലത്ത് പുഴയിൽ നിന്ന് വെള്ളമടിച്ച് മേലെ വെള്ളേരിയിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിൽ ശേഖരിച്ച് പഞ്ചായത്തിലെ 1, 2, 3 വാർഡുകളിലേക്ക് വെള്ളമെത്തിക്കാൻ വേണ്ടി നിർമ്മിച്ച പദ്ധതി മുഴുവൻ ഉല്പാദന ശേഷിയും ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതി നടപ്പിലാക്കിയാൽ വാർഡ് ഒന്നിലേയും രണ്ടാം വാർഡിൽ എസ്റ്റേറ്റ് അല്ലാത്ത ഭാഗത്തും 3-ാം വാർഡിലും മറ്റ് വാർഡുകളിലും ശുദ്ധജലമെത്തിക്കാൻ കഴിയും.

കുടിവെള്ളക്ഷാമത്തിന് ഉത്തമമായ പരിഹാരമാർഗ്ഗങ്ങൾ വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. താഴെ പട്ടിക പെടുത്തുന്നു.

കുടിവെള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ
1	നീലിമല, വട്ടത്തുവയൽ 60	കിണർ കുഴിച്ച് ടാങ്ക് കെട്ടി മോട്ടോർ ഉപയോഗിച്ച് വെള്ളമെത്തിക്കുക 1-ാം വാർഡിലെ മുപ്പയിനാട് ശുദ്ധജല പദ്ധതി പൂർണ്ണ രൂപത്തിൽ കമ്മീഷൻ ചെയ്യുക
2	നല്ലനൂർ ആദിവാസി കോളനി പുല്ലൂർകുന്ന് നാഗത്താൻകുന്ന് കാൽമാട്	ഇതു പരിഹരിക്കാൻ 1-ാം വാർഡിലെ ശുദ്ധജല പദ്ധതി എളുപ്പത്തിൽ നടപ്പിലാക്കുക. അത് വാർഡുകളിലേക്ക് കൂടി പ്രയോജനപ്പെടുത്തുക


3	വാളത്തൂർ പള്ളികുന്ന് 85 കുടുംബം കടങ്കികുന്ന്, കാടാശേരി, തിനപുരം അമ്പലകുന്ന് ആനടിക്കപ്പ് കവല	പഞ്ചായത്ത് കിണർ വിപുലീകരിച്ച് മുകളിൽ ടാങ്ക് കെട്ടി പമ്പ് ചെയ്ത് വെള്ളം എത്തിക്കാം. ജനകീയ സഹകരണം ലഭ്യമാണ്. ഭാഗത്ത്പുഴയിൽനിന്ന് വെള്ളം പമ്പ്വഴി എത്തിക്കാം തിനപുരത്ത് വയൽ പ്രദേശത്ത് കിണർ കുഴിച്ച് കുന്നിൻമണ്ടയിൽ ടാങ്ക് കെട്ടി പൈപ്പ് വഴി ജലവിതരണം
4	8 ാം നമ്പർ മഞ്ഞളാം കുന്ന് മാൻ കുന്ന് ആനമ്പക്കാപ്പ് തിയേറ്റർ ഭാഗം	പഞ്ചായത്ത് കിണറിൽ പമ്പ് വെച്ച് ടാങ്ക് കെട്ടി വെള്ളം എത്തിക്കുക. ടാങ്കിന് ജനം സ്ഥലം നൽകും. കിണർ കിണർ കുഴിക്കുക കിണർ
5		പുഴയിൽ തടയണകെട്ടി പൈപ്പുവഴിവെള്ള മെത്തിക്കാൻ കഴിയും
6	കള്ളാടി. ജി.എൽ.പി സ്കൂൾ എസ്റ്റേറ്റ് പാടികൾ സൂചിപ്പാറ ടൂറിസ്റ്റ് കേന്ദ്രം വെള്ളർമല എച്ച്.എസ്.പരിസരം	തൊള്ളായിരത്തിലുള്ള ജലസ്രോതസ്സിൽ പൈപ്പ് ഉപയോഗിച്ച് വെള്ളം എത്തിക്കാം. കുഴൽക്കിണർ കുഴിക്കണം. വെള്ളം ശുദ്ധീകരിക്കാൻ മാനേജ്മെന്റിൽ സമ്മർദ്ദം കുഴൽക്കിണർ. 8ാം നമ്പർ ഭാഗത്ത് നീർച്ചാലിൽ നിന്നും പൈപ്പ് വഴി വെള്ളമെത്തിക്കാം.
7	നെല്ലിമുണ്ട, അരമല, ചോലമല പാറക്കംവയൽ	എളമ്പിലേരി ഭാഗത്ത് പുഴയിൽ അണകെട്ടി പൈപ്പ് ഉപയോഗിച്ച് വെള്ളമെത്തിക്കാം. വാർഡിന്റെ ഭൂരിഭാഗം ഭാഗത്തേയും ഈ വെള്ളം എത്തിക്കാൻ കഴിയും.
8	കുന്നമഗംലം കുന്ന് മണ്ണത്തിക്കുണ്ട്	കുന്നമംഗല കുന്നിലെ കിണറ്റിൽ മോട്ടോർ വെച്ച് പമ്പ്ചെയ്ത കുടിവെള്ളമെത്തിക്കാം. അമ്പലകുന്നിലുള്ള കേണി കിണറാക്കി മാറ്റുക. ഹൈസ്ക്കൂൾ പരിസരത്ത് കുഴൽക്കിണർ. മണ്ണത്തിക്കുണ്ടിലെ ജലസ്രോതസ്സ് കുടിവെള്ളത്തിനു വേണ്ടി ഉപയോഗിക്കാം.
9 ാം	വാർഡിൽ ഹൈസ്ക്കൂളിനു താഴെ വയലിൽ ഒരു കിണർ	കെ.ബി. റോഡ് മുസ്ലിംപള്ളി റോഡ് എന്നിവിടങ്ങളിലുള്ള കിണർ വൃത്തിയാക്കി ഇരിമ്പുവലയങ്ങൾ ഇടുക. മുക്കിലപ്പീടിക, നെടുമ്പാല റോഡിലുള്ള കിണർ 3 മാൻകുന്ന് ജി.എൽ.പി സ്കൂളിനടുത്തുള്ള കിണർ, 5

		പൂത്തകൊല്ലി മൃഗാശുപത്രിക്കുള്ള കിണർ.
	മാൻകുന്നിൽ ചോലാടി അമ്പുവിന്റെ വീട്ടിന് അടുത്തുള്ള രു കിണർ. ഇവ പുതുതായി ഉണ്ടാക്കണം.	മൂപ്പനാട് ടൗണിനടുത്തുള്ള കിണർ.
10	ചെമ്പ്ര 22 പ്രദേശം	കൂട്ടമുണ്ട എസ്റ്റേറ്റിനടുത്തുള്ള ജലസ്രോതസ്സ് തടയണകെട്ടി പൈപ്പ് മുഖാന്തരം വെള്ളം കുന്നു വക പ്രദേശത്തേക്ക് എത്തിച്ച് പ്രശ്നം പരിഹരിക്കാം.
	റാട്ടകൊല്ലി കോട്ടനാട് 20	ഇവിടങ്ങളിൽ ഓരോ കിണർ.
11	ആനപ്പാറ പക്കാളിപ്പാളം	പക്കാളിപ്പള്ളം എന്ന സ്ഥലത്ത് ചെമ്പ്ര മലയിൽ നിന്ന് ഒരു ജലസ്രോതസ്സ് ഉത്ഭവിക്കുന്നുണ്ട്. അവിടെ അണകെട്ടി പൈപ്പ് വഴി താഴെ ആനപ്പാറ പാക്കാളിപ്പാളം പ്രദേശത്തിലെ 150 ളം കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കാം.
12	കാപ്പികാട് കോട്ടനാട് 46	ചെമ്പ്ര മലയിലെ ജലസ്രോതസ്സ് തടചയണകെട്ടി പൈപ്പ് ഉപയോഗച്ച് വെള്ളമെത്തിക്കാം. പുഴമൂല ത്തോട്ടിൽ കിണർകിഴിച്ച് ടാങ്ക് കെട്ടി വെള്ളമെത്തിക്കുക. മണിക്കുന്ന് മയിലെ പാറ്റനിക്കുന്ന് മാവിൻ ചുവട് എന്നീപ്രദേശങ്ങളിലെ ജലസ്ത്രേസ്സുകൾ തടഞ്ഞുനിർത്തി താഴെ ഭാഗത്തുള്ള 200 കുടുംബാംഗങ്ങൾക്ക് കുടിവെള്ളമെത്തിക്കാം.
13	ഉപ്പുപാറ 70ം ചിറ വെണ്ടേക്ക് മൂല മുക്കംകുന്ന് നെടുംബാലക്കുന്ന്.	ഈ പ്രദേശങ്ങളിൽ കിണർ കുഴിക്കുക.
	മാമലക്കുന്ന് വീട്ടിപുര	കിണർ, കല്ലുമലയിലെ ജലസ്രോതസ്സ് തടഞ്ഞിനിർത്തി വെള്ളമെത്തിക്കാം.
14	പുതുക്കുടിമുക്ക്	ടാങ്കും കിണറും മോട്ടോർ പൈപ്പുമുപയോഗിച്ച് വെള്ളം എത്തിക്കാം. സ്ഥലം ജനങ്ങൾ നൽകും.
	നത്തൻകുനി ജയ് ഹിന്ദ്	അംഗൻവാടിക്കുസമീപം കുഴൽക്കിണർ.
	ചേടികൊല്ലി നെടുംമ്പാല കിണറുകൾ കുഴിക്കണം	
15	തൃക്കൈപ്പറ്റ	മണിക്കുന്ന് മലിൽ ഒരിക്കലും വറ്റാത്ത നീരുറവകൾ ഉണ്ട്. ഇവയിൽ ചെറിയ തടയണകൾകെട്ടി പൈപ്പ് വഴി തൃക്കൈപ്പാറ പ്രദേശത്തു മുഴുവനും കുടിവെള്ളമെത്തിക്കാൻ കഴിയും.

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം	
വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകൾ	പൂർത്തീകരിച്ചവയുടെ എണ്ണം
198	121

പൊതു നിർദ്ദേശങ്ങൾ

ഗ്രമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കുക. കൂടാതെ കൃഷിയിടങ്ങളിൽ മഴവെള്ളം സംഭരിക്കാൻ കുഴികൾ, ട്രെഞ്ചുകൾ എന്നിവ നിർമ്മിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുക. പുഴകളിൽ തയണകെട്ടുക. പഞ്ചായത്തിലെ അങ്ങാടി മാലിന്യങ്ങൾ നിക്ഷേപിക്കാൻ 3-ാം വാർഡിൽ റിപ്പൺ വളത്തൂരിൽ ഒരു സ്ഥലം ഗ്രമസഭ ചർച്ചചെയ്ത് അഗീകരിച്ചിട്ടുണ്ട്. അ വിടെയെത്താൻ ഒന്നര കി. മീ റോഡ് ഉണ്ടാക്കണം. ആ റോഡ് നാട്ടുകാർ ശ്രമദാന മായി ഉണ്ടാക്കാൻ തയ്യാറാണ്. മെറ്റലിഗും മറ്റുകാര്യങ്ങളും പഞ്ചായത്ത് ചെയ്യണം. ഈ റോഡ് ഉണ്ടാക്കി വളരെക്കാലമായി നിലനിൽക്കുന്ന ടൗൺ മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയും.



ഗതാഗതം, ഊർജ്ജം, മാർക്കറ്റ് ഗതാഗതം

മനുഷ്യന്റെ കർമ്മശേഷിയാണ് നാടിന്റെ മുഖഛായ മാറ്റുന്നത്. അങ്ങനെ നോക്കുമ്പോൾ മേപ്പാടിയിലെ പ്രധാന റോഡുകളായ മുട്ടിൽ, മേപ്പാടി, തൃക്കൈപ്പറ്റ, കാക്കവയൽ റോഡുകൾ 1954—56 കാലഘട്ടങ്ങളിൽ അവിടങ്ങളിൽ ഉയർന്നുവന്ന ഗ്രാമോദ്ധാരണ സമിതികളുടെ പ്രയത്നം കൊണ്ടാണം നിർമ്മിച്ചത്.

പഞ്ചായത്തിൽ അധികവും എസ്റ്റേറ്റുകളായതുകൊണ്ട് റോഡുകൾ അധികവും എസ്റ്റേറ്റ് മാനേജ്മെൻറുകൾ കയ്യടക്കി വെച്ചിരിക്കുന്നു. എസ്റ്റേറ്റിലൂടെ കടന്നല്ലാതെ 'ഗ്രാമങ്ങളിൽ എത്താൻ കഴിയില്ല. എസ്റ്റേറ്റുമുതലാളിമാർ അടുത്ത കാലത്തായി കുറെ അധികം റോഡുകൾ ജനങ്ങൾക്കായി വിട്ടുതന്നിട്ടുണ്ട്. റിപ്പൺ, വാളത്തൂർ, പാടിവയൽ, ആപ്പാളം, അരപ്പറ്റ, നെല്ലിമുണ്ട, തിനപുരം, നെടുംപാല, ചൂരിക്കുനി, ലക്കിഹിൽ, ആനപ്പാറ, ഏലവയൽ മുതലായ സ്ഥലങ്ങളിൽ പുതിയതായി മെറ്റൽ ചെയ്യാൻ കഴിഞ്ഞ റോഡുകളെല്ലാം തന്നെ എസ്റ്റേറ്റ് റോഡുകളാണ്.

യാത്രയ്ക്ക് റോഡുകൾ മാത്രമായുള്ള ജല, റെയിൽ മാർഗ്ഗങ്ങൾ ഇല്ലാത്ത മേപ്പാടി ഗ്രാമപഞ്ചായത്തിലെ പ്രധാന റോഡുകൾ :—

1. കോഴിക്കോട്—ഊട്ടി റോഡ് : പഞ്ചായത്തിനെ രണ്ട് ഭാഗമായി പകുത്തുകൊണ്ട് 25 കി.മീ നീളത്തിൽ സ്ഥിതി ചെയ്യുന്നു.

2. കല്പറ്റ—മേപ്പാടി 12 കി.മീ റോഡ്.

വയനാട് ജില്ലയുടെ തലസ്ഥാനമായ കല്പറ്റയുമായി എളുപ്പത്തിൽ ബന്ധപ്പെടുവാൻ ഈ റോഡ് ഉപകരിക്കുന്നു. ഇന്ന് ഏറ്റവും വാഹനങ്ങൾ സഞ്ചരിക്കുന്ന റോഡാണ് ഇത്. താഴ്ച്ചയുള്ള സ്ഥലങ്ങളിൽ മണ്ണ് നിറച്ച് ഉണ്ടാക്കപ്പെട്ടതാണിത്. ഇടതടവില്ലാതെ ഓടുന്ന വാഹനങ്ങളുടെ ബാഹുല്യം നിമിത്തം റോഡ് സമനിരപ്പിൽ നിന്നും താഴ്ന്നുവരുന്നു. അതുകൊണ്ടു തന്നെ വർഷകാലങ്ങളിൽ വെള്ളം കെട്ടിനിന്ന് റോഡ് നശിക്കുന്നു.

ഈ റോഡ് മുഴുവനായി മണ്ണിട്ടുയർത്തി ആവശ്യത്തിന് ഡ്രെയിനേജ് സൗകര്യം ഉണ്ടാക്കണം. ഇത് പഞ്ചായത്തിന് ചെയ്യാൻ കഴിയുന്ന പണിയല്ല. എന്നാൽ സർക്കാരോ മറ്റ് ഏജൻസികളോ ഏറ്റെടുക്കുന്ന പക്ഷം മനുഷ്യാദ്ധ്വാനം നല്കുവാൻ പഞ്ചായത്ത് സന്നദ്ധമാണ്.

3. മേപ്പാടി—ചൂരൽമല റോഡ് 14 കി.മീ.

ഈ റോഡ് എസ്റ്റേറ്റ് മാനേജർമാർ ഉണ്ടാക്കിയതാണ്. 1973ലുണ്ടായ ബസ്സപകടത്തെ തുടർന്ന് ഈ റോഡിലെ ഇരുമ്പുപാലങ്ങൾ മാറ്റി റോഡ് കൂടുതൽ ഗുണനിലവാരമുള്ളതാക്കി മാറ്റുവാൻ കഴിഞ്ഞിട്ടുണ്ട്. ഡ്രെയിനേജ് സൗകര്യം ഉണ്ടാക്കണം.

4. മേപ്പാടി — മുട്ടിൽ റോഡ്

പ്രധാന കാർഷികമേഖലയായ തൃക്കൈപ്പറ്റ, മുക്കംകുന്ന്, നത്തംകുനി ഭാഗത്തേക്കുള്ള റോഡാണിത്. വർഷങ്ങളായി പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതെ കിടക്കുന്നു.അടുത്തകാലത്ത് റോഡ് റിപ്പേർ തുടങ്ങിയെങ്കിലും പണി എങ്ങും എത്തിയിട്ടില്ല. വാഹനഗതാഗതം ഇന്നും ദുഷ്കരമായിരിക്കുകയാണ്. ഈ പ്രദേശത്തുകാർ പഞ്ചായത്ത് ആസ്ഥനമായ മേപ്പാടിയിലെത്തുവാൻ 25 കി.മീ ദൂരം സഞ്ചരിക്കേണ്ടിവരുന്നു.

പ്രത്യേക പരിഗണന

1. മാനിവയൽ—ഉപ്പുപ്പാറ : തൃക്കൈപ്പറ്റ ഭാഗത്തുള്ള ജനങ്ങൾക്ക് ഏറ്റവും എളുപ്പത്തിൽ കല്പറ്റ, മേപ്പാടി അങ്ങാടികളുമായി ബന്ധപ്പെടുവാൻ മാനിവയൽ മുതൽ കല്ലുമല ഫോറസ്റ്റ് തോട്ടം വരെ മെറ്റൽ ചെയ്ത റോഡാണ്. (3 കി.മീ)

ഫോറസ്റ്റ് തോട്ടത്തിലൂടെയുള്ള റോഡ് സർക്കാർ വിട്ടുതരണം. വിട്ടിമട്ടം മുതൽ മലയാളം പ്ലാന്റേഷൻ

കമ്പനിയുടെ കൈവശമാണ്. ഈ തടസ്സങ്ങൾ നീക്കി റോഡ് ഗതാഗതയോഗ്യമാക്കണം.

2. മുണ്ടക്കയ്യെ— നിലമ്പൂർ റോഡ്

1987—ൽ ഈ റോഡിന് വേണ്ടി ഗവൺമെൻറ് ബജറ്റിൽ പണം വകകൊള്ളിച്ചിരുന്നു. ഇടതുമുന്നണി സർക്കാർ പോയതോടെ ആ റോഡിൻെറ പ്രവർത്തനം നിലച്ചു. നിക്ഷിപ്തവനഭൂമിയിലൂടെ ഏതാണ്ട് 15 കി.മീറ്റർ റോഡുണ്ട്. ഇത് കേന്ദ്രസർക്കാർ വിട്ടുതരണം. മേപ്പാടിയുടെ സർവ്വതോമുഖമായ വികസനത്തിന് ഈ റോഡ് ഉപകരിക്കും. വയനാട്ടിൽ നിന്ന് തെക്കൻ ജില്ലകളിലേക്ക് 35 കി.മീറ്റർ ദൂരം കുറയുന്നു. ഏറ്റവും അടുത്ത റെയിൽവെസ്റ്റേഷനായ നിലമ്പൂരിലെത്തുവാൻ 30 കി.മീറ്റർ സഞ്ചരിച്ചാൽ മതി. വ്യാവസായികമായി പഞ്ചായത്ത് അഭിവൃദ്ധിപ്പെടാൻ ഈ റോഡ് വളരെയധികം ഉപകരിക്കും.

3. കള്ളാടി — ആനിക്കാംപൊയിൽ റോഡ്

കോഴിക്കോട് ഭാഗത്തേക്ക് ചുരമില്ലാത്ത ഒരു റോഡാണിത്. ഈ ഭാഗത്തും കേന്ദ്രസർക്കാർ വക വനഭൂമിയാണ്. ഭൂമി സർക്കാർ വിട്ടുതരണം.

4. മേപ്പാടി — ചെമ്പ— ആനപ്പാറ — ചൂണ്ടേൽ റോഡ്

പരിപൂർണ്ണമായും എസ്റ്റേറ്റിലൂടെ കടന്നുപോകുന്ന ഈ റോഡ് തൊഴിലാളികൾക്ക് ഒരു അനുഗ്രഹമാണ് 10,11,8 വാർഡുകളിലെ ഗ്രാമസഭകളിൽ ഈ റോഡിൻെറ പ്രാധാന്യം എടുത്തുപറഞ്ഞിട്ടുണ്ട്. ഈ റോഡ് തീർത്തും എസ്റ്റേറ്റ് റോഡാണ്. പഞ്ചായത്ത് എസ്റ്റേറ്റ് മാനേജുമെൻറുകളുമായി നിരന്തരം ബന്ധപ്പെട്ടാൽ ഈ റോഡ് ജനങ്ങൾക്കു തുറന്നുകിട്ടും. നിലവിൽ ആനപ്പാറ വരെ റോഡുണ്ട്. ബാക്കി ഫോറസ്റ്റിലെ റോഡ് നന്നാക്കണം. പക്കാളിപ്പള്ളി റോഡ് ആനപ്പാറ എസ്റ്റേറ്റ് റോഡുമായി യോജിപ്പിച്ച് ഈ റോഡുണ്ടാക്കാം. എളുപ്പത്തിൽ വാഹനഗതാഗതസൗകര്യവും ഉണ്ടാക്കിയെടുക്കുവാൻ പറ്റും.

5. റിപ്പൺ — പാടിവയൽ റോഡ്

ഈ റോഡ് രണ്ടു കിലോമീറ്റർ ടാറിട്ടു നിർത്തിയിരിക്കുകയാണ്. ഇപ്പോൾ പകുതിയിൽ നിന്നും വീണ്ടും പണി തുടങ്ങിയിട്ടുണ്ട്. ജനങ്ങളുടെ സഹകരണത്തോടെ പണി മുഴുമിപ്പിക്കുവാൻ സാധിക്കും. റിപ്പൺ, പുതുക്കാട്, കാടാശ്ശേരി, വളത്തൂർ, കടച്ചിക്കുന്ന്, പാടിവയൽ പ്രദേശങ്ങൾ പുരോഗമിക്കണമെങ്കിൽ ഈ റോഡ് സഞ്ചാരയോഗ്യമാക്കണം.

ടാർ ചെയ്ത റോഡുകൾ

1.	റിപ്പൺ തലക്കൽ ബാലികാ സദനം പുല്ലൂർക്കുന്ന്	1.കി.മീ
2.	മുണ്ടക്കയ് പുഞ്ചിരി അപ്രോച്ച് റോഡ്	700 മീ
3.	കുന്നമംഗലം കുന്ന് കാപ്പംകൊല്ലി	1 കി.മീ
4.	മൂപ്പൈനാട്—നെടുമ്പാല റോഡ്	2.5 കി.മീ.
5.	കാർമൽ പള്ളി — കോട്ടത്തറവയൽ റോഡ്.	2 കി.മീ
6.	പാടിവയൽ വരപ്ര റോഡ്	2 കി.മീ
7.	പുതിയപാടി — ആപ്പാളം	1.50 കി.മീ
8.	മുകിൽപീടിക — തട്ടികപാലം	700 മീ
9	പള്ളിക്കവല — മുരണി റോഡ്	1.300കി.മീ
10	മൂപ്പനാട് — ലക്കിഹിൽ	1.500 കി.മീ
11	മുക്കംകുന്ന് — ഏഴാഞ്ചിറ	1.600 കി.മീ
12	ഏഴാഞ്ചിറ കുരിശുപള്ളിക്കൽ—മാമലക്കുന്ന് റോഡ്	1. കീ
13	റിപ്പൺ ആനാടിക്കാപ്പ്	
14	അരപ്പറ്റ ഫാക്ടറി റോഡ്	400 മീ.
15	ചെമ്പ—മേപ്പാടി റോഡ്	5 കീ.മീ
16	റിപ്പൺ ഫാക്ടറി റോഡ്	2.50 കി.മീ.
17	നെല്ലമുണ്ട — ചുളിക്ക ഓഫീസ് റോഡ്	2 കി.മീ
18	നെല്ലമുണ്ട — ബംഗ്ലാവ് റോഡ്	2 കി.മീ
19	നെല്ലിമുണ്ട — മാൻകുന്ന് റോഡ്	2 കി.മീ
20	തെനപുരം താഴ അരപ്പറ്റ റോഡ്	5 കി.മീ
21	46 — കോട്ടനാട് റോഡ്	1 കി.മീ

22	തഴെ അരപ്പറ്റ — അസിമാനേജർ ഓഫീസ്	500 മീ.
23	മാനേജേഴ്സ് ബംഗ്ലാവ് റോഡ്	500 മീ
24	റിപ്പൺ എസ്റ്റേറ്റ്	500 മീ
25	ചുളിക്ക — മാനേജേഴ്സ് ബംഗ്ലാവ് റോഡ്	1 കി.മീ.
26	മീനാക്ഷി എസ്റ്റേറ്റ് റോഡ്	1 കി.മീ
27	സെൻറിനൽറോൾ എസ്റ്റേറ്റ് മാനേജർ റോഡ്	2 കി.മീ
28	സെൻറിനൽ റോക് ഫാക്ടറി	1 കി.മീ
29	ചുളിക്കഓഫീസ്—അസി.മാനേജർ ബംഗ്ലാവ് റോഡ്	1 കി.മീ
30	മൂപ്പനാട്—മുട്ടിൽ റോഡ്	7 കി.മീ
31	ഉപ്പുപാറ— മുക്കം കുന്ന്	2 കി.മീ
32	കോഴിക്കോട് — ഊട്ടി	25 കി.മീ
33	കൽപ്പറ്റ — കാപ്പാംകൊല്ലി	12 കി.മീ
34	മുക്കിൽ പീടിക — ജയ്ഹിന്ദ്	1 കി.മീ.

മെറ്റൽ ചെയ്ത റോഡ്

1.	പുതിയപാടി ആപ്പാളം റോഡ്	1 കി.മീ
2.	നെടുങ്കരണ കടലാട് റോഡ്	3 കി.മീ
3.	9—ാം നമ്പർ കൊല്ലത്ത് വളവ് റോഡ്	2 കി.മീ
4.	നല്ലനൂർ പുറ്റാട് റോഡ്	3 കി.മീ
5.	വാളത്തൂർ കുനിയേരി റോഡ്	1 കി.മീ
6.	അരപ്പറ്റ ആനക്കാപ്പ് നെല്ലിമുണ്ട	2 കി.മീ
7.	മാൻകുന്ന് മൂപ്പനാട്	2.50 കി.മീ
8.	പുഞ്ചിരി ആദിവാസി കോളനി റോഡ്	2 കി.മീ.
9.	ചൂരൽ മല കൊയ്നാകുളം അംബേദ്കർ കോളനി	2. കി.മീ
10.	അമ്പലക്കുന്ന് കടൂർ	2 കി.മീ
11.	ചുളുക്ക ചോലമല	3 കി.മീ
12.	മുത്തിൽ പീടിക കോളേരി റോഡ്	2 കി.മീ
13.	കുന്നമ്പറ്റ മുപ്പംകുന്ന് റോഡ്	4 കി.മീ
14.	മഞ്ഞളാംകൊല്ലി — കുന്നമ്പറ്റ റോഡ്	3 കി.മീ
15.	കല്ല്ക്കെണി ഹരിജൻ കോളനി	2.50 കി.മീ
16.	അമ്പലക്കുന്ന് ആദിവാസി കോളനി	2 കി.മീ
17.	മൂന്നുറ് ഹോപ് എസ്റ്റേറ്റ്	2.50 കി.മീ
18.	കാപ്പംകൊല്ലി കാപ്പിക്കാട്	2.50 കി.മീ
19.	കുന്നമ്പറ്റ സ്ക്കൂൾ റോഡ്	3 കി.മീ
20.	റിപ്പൺ കടച്ചിക്കുന്ന് റോഡ്	2 കി.മീ
21.	റിപ്പൺ പുല്ലൂർകുന്നു റോഡ്	2 കി.മീ
22.	മരുന്നുപാത്തി — കുന്നമംഗലംവയൽ റോഡ്	1 കി.മീ
23.	കാപ്പൻകൊല്ലി — കയ്യേറ്റകുന്ന് റോഡ്	1 കി.മീ
24.	അരപ്പറ്റ നെല്ലിമുണ്ട	2 കി.മീ
25.	തട്ടകപ്പാലം ജയ്ഹിന്ദ്	2 കി.മീ
26.	കെ.കെ.ജംഗ്ഷൻ റോഡ്	

പഞ്ചായത്തിലെ മൺറോഡുകൾ പുനരുദ്ധരിക്കേണ്ടവ

ക്രമനമ്പർ	റോഡിന്റെ പേർ	വാർഡ്	നീളം
1	ചിത്രഗിരി സ്ക്കൂൾ —നീലിമല റോഡ	1	1.50 കി.മീ
2	വടേരിവളവ് വെള്ളേരി എടക്കോട്ട് റോഡ്	1	3 കി.മീ
3.	വട്ടത്തുവയൽ —60 ഏക്ര ചിത്രഗിരി റോഡ്	1	4 കി.മീ

4.	കല്ല്ക്കെണി — വടുവന റോഡ്	1	3 കി.മീ.
5.	വടുവൻചാൽ വട്ടച്ചോല മണൽ വയൽ റോഡ്	1	2.50 കി.മീ
6.	ചെല്ലങ്കോട് — കൂട്ടൻ കടവ് റോഡ്	1	2 കി.മീ
7.	ചെല്ലങ്കോട് — മീമുട്ടി റോഡ്	1	2 കി.മീ
8.	വെള്ളേരിവയൽ ചിത്രഗിരി സ്ക്കൂൾ റോഡ്	1	1 കി.മീ
9.	കടലാട്ട് അത്തിമട്ടം റോഡ്	2	3 കി.മീ
10.	കടലാട്ട് അത്തിമറ്റം റോഡ്	2	3 കി.മീ
11.	പുറ്റാട്ട്— ഇയ്യമ്പാറ റോഡ്	2	3.50 കി.മീ
12.	നെടുങ്കരണ അഞ്ചാം നമ്പർ റോഡ്	2	1.50 കി.മീ
13.	തിനപുരം നല്ലനൂർ റോഡ്	2	2 കി.മീ
14.	കൊല്ലത്ത്വളവ് നല്ലനൂർ റോഡ്	2	2 കി.മീ
15.	ആനടിക്കാവ്, കടച്ചിക്കുന്ന് വാളത്തൂർ പാടിവയൽ	2,3	10 കി.മീ
16.	കടച്ചിക്കുന്ന് കാടാശ്ശേരി റോഡ്	3	2 കി.മീ
17.	റിപ്പൺ പാലച്ചുരം	3	3 കി.മീ
18.	റിപ്പൺ വാളത്തൂർ	3	0.5 കി.മീ
19.	വാളത്തൂർ — കുനിയേരിക്കുന്ന്	3	1.5 കി.മീ
20.	ആനടിക്കാപ്പ് കാന്തംപാറ	3	2 കി.മീ
21.	വാളത്തൂർ പള്ളിറോഡ്	3	0.5 കി.മീ
22.	8—ാം നമ്പർ മഞ്ഞളാംകുന്ന്, മസ്ജിദ്,മാങ്കുന്ന്	4	2 കി.മീ.
23.	അരപ്പറ്റ ആനക്കാപ്പ് നെല്ലിമുണ്ട റോഡ്	4	4 കി.മീ
24.	മാങ്കുന്ന് മൂപ്പൈനാട് റോഡ്	4	1.50 കി.മീ.
25.	ചൂരൽമല ഹൈസ്ക്കൂൾ റോഡ്	5	5 കി.മീ
26.	85 നീലിക്കാപ്പ് റോഡ്	5	2 കി.മീ
27.	പുത്തുമല പച്ചക്കാട് റോഡ്	5	2.50കി.മീ
28.	കള്ളാടി കോളനി റോഡ്	6	2 കി.മീ.
29.	കള്ളാടി 900 റോഡ്	6	4 കി.മീ
30.	പുത്തുമല ഏലവയൽ സൂചിപ്പാറ വിനോദകേന്ദ്രം	6	2 കി.മീ
31.	ചൂരൽമല സൂചിപ്പാറ ബദൽ റോഡ്	6	2 കി.മീ
32.	പുഞ്ചിരി 8—ാം നമ്പർ റോഡ്	5	1 കി.മീ
33.	എളമ്പിലേരി ചോലമല റോഡ്	7	2 കി.മീ
34.	മീനാക്ഷി അരണമല റോഡ്	7	2 കി.മീ
35.	മുത്താറിക്കാട് കുപ്പച്ചി കോളനി	7	2 കി.മീ.
36.	കുന്നമംഗലം വയൽ കാപ്പാം കൊല്ലി മദ്രസറോഡ്	8	2.50 കി.മീ
37.	മണ്ണാത്തിക്കുണ്ട് എരുമക്കൊല്ലി ഗേറ്റ് റോഡ്	8	1 കി.മീ
38.	മരുന്നപാത്തി അംഗൻവാടി റോഡ്	8	1.50 കി.മീ
39.	കർപ്പൂർക്കാട് കുന്ദമംഗലം വയൽ	8	1.50 കി.മീ
40.	മേപ്പാടി പി.എച്ച്.സി ശ്മശാനം റോഡ്	8	50 കി.മീ
41.	കുന്ദമംഗലം കുന്ന് ടവർലൈൻ റോഡ്	8	1 കി.മീ
42.	അമ്പലക്കുന്ന് കുടൂർ ബാലവാടി റോഡ്	8	2.കി.മീ
43.	പൂത്തക്കൊല്ലി—പുതുക്കുടി റോഡ്	9	1.50 കി.മീ
44.	മേപ്പാടി വിത്തുകാട് കമ്പിലൈൻ	9	2 കി.മീ
45.	നെല്ലിമുണ്ട മേലെ അരപ്പറ്റ	9	2 കി.മീ
46.	മൂപ്പൻകുന്ന് സീതാറാം വയൽ	10	1.50 കി.മീ
47.	മൂപ്പൻകുന്ന് കുന്നമ്പറ്റ സ്ക്കൂൾ	10	1.50 കി.മീ
48.	8—ാം നമ്പർ കുന്നമ്പറ്റ സ്ക്കൂൾ	10	1.50 കി.മീ
49.	എരുമക്കൊല്ലി 22 പുഴമൂല	10	2. കി.മീ
50	കോട്ടനാട് ചപ്പ്റാട്ട—റാട്ടക്കൊല്ലി	10	1 കി.മീ

51.	ആനപാറ പക്കാളിപള്ളം ഓടത്തോട്	11	3 കി.മീ
52.	കുന്നമ്പറ്റ പിലാക്കണ്ടി റോഡ്	11	2 കി.മീ
53.	ചുഴലി മാങ്ങവയൽ	11	3 കി.മീ
54.	പുത്തൂർ വയൽ മാങ്ങവയൽ റോഡ്	11	2 കി.മീ
55.	എ.ആർ.ക്യാമ്പ് മാങ്ങാവയൽ	11	1 കി.മീ
56.	കാപ്പിക്കാട് കാപ്പംകൊല്ലി	12	350 കി.മീ
57.	കാപ്പിക്കാട് ആനക്കാട്	12	1.50 കി.മീ
58.	കാപ്പം കൊല്ലി കല്ലായി കുന്ന്	12	2 കി.മീ
59.	ചെമ്പോത്തറ ഹെൽത്ത് സെൻറർ പണിയകോളനി	12	50 കിമീ
60.	പുത്തൂർവയൽ എ.ആർ ക്യാമ്പ് കോളനിപാടി	12	2 കി.മീ
61.	പാലവയൽ 46—ാം മൈൽ	12	1 കി.മീ
62.	മാനിവയൽ അങ്ങാടിക്കുന്ന്	12	1.50 കി.മീ
63.	ജയ്ഹിന്ദ് തുറയൻകുന്ന് എസ്റ്റേറ്റ് റോഡ്	14	1.50 കി.മീ
64.	ചൂരക്കുനി കുണ്ടുവയൽ	13	1.50 കി.മീ
65.	ചെറുപ്പാറ ബാലവാടി റോഡ്	13	1.50 കി.മീ
66.	വപ്പൻ കോട് മാമലക്കുന്ന് റോഡ്	13	1.50 കി.മീ
67.	പള്ളിക്കവല തുറയൻ കുന്ന് വാഴക്കണ്ടി റോഡ്	13	1.50 കി.മീ
68.	തോണിക്കടവ് മാമലക്കുന്ന് റോഡ്	13	1.50 കി.മീ
69.	മാമലക്കുന്ന് നന്നംകുനി റോഡ്	13	2 കി.മീ
70.	മൂപ്പനാട് ലക്കിഹിൽ കോളനി തട്ടകപ്പാലം	14	2 കി.മീ
71.	തട്ടികപ്പാലം ജയ്ഹിന്ദ് പള്ളിക്കവല റോഡ്	14	2.50 കി.മീ
72.	മാടക്കര ഇയ്യംപാറ റോഡ്	14	2.50 കി.മീ
73.	മുക്കിൽപീടിക വിത്തുകാട് റോഡ്	9	1.50 കി.മീ
74.	പുതുക്കുടി മുക്ക് വിത്തുകാട്	14	1.50 കി.മീ
75.	കോട്ടകാളി തട്ടികപ്പാലം	14	1.6 കി.മീ
76.	ലക്കിഹിൽ അരപ്പറ്റ റോഡ്	4	2 കി.മീ
77.	കോട്ടവയൽ കല്ലുമല റോഡ്	12	1.5 കി.മീ

നടപ്പാതകൾ

1. തിനപുരം അമ്പലക്കുന്നിൽ
2. ആനടിക്കാപ്പ് ലക്ഷംവീട് കോളനിയിലേക്ക്
3. നാദാപുരം— കടച്ചിക്കുന്ന് അംഗൻവാടി വരെ
4. കടച്ചിക്ക് ആദിവാസി അംഗൻവാടിയിലേക്ക്
5. കടച്ചിക്കുന്ന് മട്ടം
6. നെല്ലിയാമ്പതി മട്ടം നടപ്പാത
7. സീതമ്മകുന്ന് നടവഴി
8. മുണ്ടക്കൈ — പ്ലാക്കാട് നടപ്പാത
9. പുത്തക്കൊല്ലി 5—ാം നമ്പ്ർ കാട്ടിൽ നിന്ന് മലയാളം പ്ലാന്റേഷൻ റോഡിന് നടവഴി
10. പക്കാളിപള്ളം —2
11. വീട്ടിക്കാട് കോളനി—1
12. ഓടത്തോട്—3
13. കുന്നമ്പറ്റ 11—ാം വയൽ—1
14. തൂണുമുക്കം കുന്ന്—1
15 ആത്തിവയൽ —1 (കുന്നമ്പറ്റ)
16. വടക്കൻ കോളനി—1
17. മാങ്ങാവയൽ—3
18. ചുഴലി—1

19. മഞ്ഞളാംകൊല്ലി—3
20. കോട്ടവയൽ—1
21. കോട്ടവയൽ — ആത്തിവയൽ—1
22. ഹെൽത്ത് സെൻറർ — ചായത്തോട്ടം വരെ (ജയ്ഹിന്ദ്)
23. ടാർ റോഡിൽ നിന്നും ടെട്ടിയുടെ വീടുവരെ
24. അംഗൻവാടി — മുത്തപ്പൻ കുണ്ട്
25. നത്തംകുനി റോഡ് — ചായത്തോട്ടം വരെ നടപ്പാത
26. ജയ്ഹിന്ദ് — ഹെൽത്ത് സെൻറർ നടപ്പാത
27. ചെറുവിലങ്ങ് നടപ്പാത
28. നത്തം കുനി—പാലാട്ട് നടപ്പാത
29. ചൂരൽമല— ഹൈസ്ക്കൂൾ റാഡിലെ നടപ്പാത
30. വില്ലേജ് ഓഫീസ് റോഡിൽ ഒരു നടപ്പാത
31. കൊയ്നാക്കുളം വില്ലേജ് ഓഫീസ് റോഡിനടുത്തുള്ള രണ്ട് നടപ്പാതകൾ
32. ഐ.പി.പി സെൻററിനടുത്തുള്ള നടപ്പാത
33. ഏലവയൽ ആദിവാസി കോളനി നടപ്പാത
34. കള്ളാടി അംഗൻവാടിക്കടുത്തുള്ള നടപ്പാത
35. കാശ്മീർ— കർപ്പൂരക്കാട് നടപ്പാതകൾ
36. മമ്മിക്കുന്ന് നടപ്പാത
37. പുത്തുമല മദ്രസ നടപ്പാത
38. തിനപുരം ആദിവാസി കോളനി
39. തട്ടികപ്പാലം ലക്കിഹിൽ നടപ്പാത
40. ജയ്ഹിന്ദ് ചായത്തോട്ടം
41. മുത്തപ്പൻകുണ്ട് ചെറുവിലങ്ങ്
42. സീത്താറാം വയൽ കൂട്ടമുണ്ട
43. 20 സെൻറ് കോട്ടനാട്
44. റാട്ടക്കൊല്ലി കോട്ടനാട്
45. കല്ലുക്കെണി ഹരിജൻ കോളനി. അംഗൻവാടി
46. പട്ടച്ചോല
47. ക്ലബ്ബ് മട്ടം 2
48. വെള്ളേരി
49. ചിത്രഗിരി
50. ചിത്രഗിരി
51. വട്ടത്തുവയൽ
52. മഞ്ഞളത്ത്
53. ചെല്ലങ്കോട്
54. എടക്കോട്
55. പുല്ലുമേട്ടിൽ
56. തിനപുരം ആദിവാസി കോളനി
57. വലിയവാലി
58. വെസ്റ്റ് മുണ്ടോറ— 2 എണ്ണം
59. മുണ്ടോറക്കുന്ന് പണിയകോളനി മെയിൻ റോഡ്
60. മുണ്ടോറ വീട്ടിയേരി
61. മുണ്ടോറ അഞ്ചക്കർ
62. മുണ്ടോറ കരടിമണ്ണ്
63. ഇടിഞ്ഞകൊല്ലി സൗത്ത്
64. ഇടിഞ്ഞകൊല്ലി നോർത്ത്
65. ആങ്ങാടിവയൽ കുറുമകോളനി

66. ഗോവിന്ദപ്പാറ നായ്ക്കകോളനി
67. ഗോവിന്ദപ്പാറ പണിയ കോളനി
68. മുണ്ടോറ ശിവക്ഷേത്രം
69. വെള്ളാർകൊല്ലി ചെപ്പോട്ടുകുന്ന്
70. പാറക്കുംവയൽ
71. മുത്താറിക്കാട്
72. 8—ാം നമ്പർ
73. മീനാക്ഷി
74. മൂന്നൂർ
75. 8—ാം നമ്പർ വയൽ മുതൽ മഞ്ഞളാംകൊല്ലി
76. മാങ്കുന്ന് റബ്ബർ കാട്
77. തിനപുരം പഴയ സിനിമാ തിയേറ്ററിനു സമീപം
78. 8ാം നമ്പർ കാദറിന്റെ പീടിക മുതൽ അസ്സൻകുട്ടിയുടെ വീടുവരെ (റോസ് വരെ)

പാലങ്ങൾ

1. കുട്ടൻ കടവ്
2. വെള്ളേരി (ചെല്ലക്കോട്)
3. വട്ടത്തുവയൽ 60ൽ
4. സെയ്തുവിന്റെ വീട്ടുപടിക്കൽ അംഗൻവാടിയുമായി ബന്ധിക്കുന്ന നടപ്പാതയിൽ പാലം
5. ആലിയുടെ വീട്ടുപടിക്കൽ
6. കടച്ചിക്കുന്ന കോളനി ഭാഗത്ത്
7. കെ.എൻ.രവിയുടെ വീട്ടുപടിക്കൽ
8. ചൂരൽ മല — കല്യാണിക്കുണ്ട് റോഡിൽ
9. പുഞ്ചിരി —8ാം നമ്പ്രം റോഡിൽ (3 എണ്ണം)
10. മുണ്ടക്കൈ
11. കരിമുറ്റം
13. ഡംഡം
14. കക്കൂത്ത്
15. കരിമറ്റം പുഴയ്ക്ക് പാലം,
16. പുഞ്ചിരി 8—ാം നമ്പ്രം പുഴയ്ക്ക് പാലം
17. ചോലമല റോഡിൽ പാലം
18. എരുമക്കൊല്ലി — പുഴമൂല റോഡിൽ പാലം
19. സീത്താറാംവയൽ കുന്നമ്പറ്റ റോഡിൽ പാലം
20. കുന്നമ്പറ്റ ഈർച്ചമില്ല് ആനന്ദ എസ്റ്റേറ്റ് റോഡിൽ പാലം
21. മമ്മിക്കുന്ന് നടപ്പാല
22. കള്ളാടി മിച്ചഭൂമി കോളനി —2
23. കള്ളാടി കോളനി—1
24. പച്ചക്കാട് —1
25. കള്ളാടി ജാറത്തിനടുത്ത്—2
26. ഏലമല 8—ാം നമ്പർ പുഴയ്ക്ക് നടപ്പാലം
27. 85—ൽ ഒരു നടപ്പാലം
28. മീനാക്ഷി കോളനിയിലേക്ക് ഒരു നടപ്പാലം
29. കുന്നംപറ്റ സീത്താറാം വയൽ റോഡിൽ പാലം

കൾവർട്ട് , നടപ്പാലം

1. പുഞ്ചിരി ആദിവാസി കോളനി റോഡ് (കൾവർട്ട്)
2. പുഞ്ചിരി 8—ാം നമ്പർ റോഡ് "
3. കള്ളാടി 9—ാം നമ്പർ റോഡ് "
4. മുണ്ടക്കൈ— പുഞ്ചിരി "

5.	മുണ്ടക്കൈ—പ്ലാക്കാട്	നടപ്പാലം
6.	നെല്ലിമുണ്ട മാൻകുന്ന് ഭാഗം—2	"
7.	അരണമല	"
8.	300 റോഡ്	"
9.	കല്ലുകൈണി	"
10.	സീതാറാം വയൽ	"
11.	കോട്ടവയൽ മണൽ കോരിയ്ക്കടുത്ത്	"

ബസ് വെയിറ്റിംഗ് ഷെഡ്

2 പുതിയപാടി

4 (എ) മേലെ അരപ്പറ്റ
(ബി) മൂപ്പൈനാട് ഹോസ്പിറ്റൽ

5 (എ) ചൂരൽമല ഹോസ്പിറ്റലിനു സമീപം
(ബി) ചൂരൽമല ഫാക്ടറി ലൈനിനു സമീപം
(സി) അടമല സ്ക്കൂളിനു സമീപം

6 സൂചിപ്പാറ ഏലവയൽ റോഡിനു സമീപം

7 300ൽ ബസ്സ്റ്റോപ്പ്

10 (എ) കൂട്ടമുണ്ട സബ്സ്റ്റേഷനു സമീപം
(ബി) കുന്നംപറ്റ ഈർച്ചമില്ലിനു സമീപം

12 (എ) പുത്തൂർവയൽ മുസ്ലീം പള്ളിക്കുസമീപം
(ബി) സ്റ്റേറ്റ് ബാങ്ക് കോട്ടപ്പടിക്കു സമീപം
(സി) എ.ആർ. ക്യാമ്പ്
(ഡി) കോട്ടവയൽ
(ഇ) ചുങ്കത്തറ
(എഫ്) മാനിവയൽ
(ജി) ജി.യു.പി.എസ് കോട്ടനാട് സമീപം.

പട്ടികപ്പെടുത്തിയിരിക്കുന്ന പുതിയ റോഡുകളുടെയും മറ്റ് റോഡുകളുടെയും പ്രവൃത്തികളിൽ അതാത് വാർഡുകളിലെ ജനങ്ങളുടെ കായികസഹായ ഉറപ്പുവരുത്താൻ കഴിയും. പഞ്ചായത്തും ജനങ്ങളും ഒറ്റക്കെട്ടായി ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഒരു പ്രയാസവുമില്ല.

ഊർജ്ജം

പഞ്ചായത്തിലെ പ്രധാന ഊർജ്ജ ഉറവിടം കാടുകളാണ്. വാണിജ്യആവശ്യത്തിനായി ഡീസൽ കൽക്കരി എന്നിവ ഉപയോഗിക്കുന്നു. തേയില ഫാക്ടറികളിലാണ് ഇവ ഉപയോഗിക്കുന്നത്. അരപ്പറ്റ,റിപ്പൺ,ചൂരൽമല,ചുള്ളുക്ക എന്നീ സ്ഥലങ്ങളിൽ തേയില ഫാക്ടറികളാണ്.

വീട്ടാവശ്യത്തിനായി ഗ്യാസ്,വിറക്, മണ്ണെണ്ണ എന്നിവ ഉപയോഗിക്കുന്നു.ഉദ്ദേശ്യം 750ഓളം കുടുംബങ്ങൾ ഗ്യാസ് പാചകത്തിന് ഉപയോഗിക്കുന്നു. വീട്ടിൽ പാചകത്തിനുമാത്രമേ ഗ്യാസ് ഉപയോഗിക്കുന്നുള്ളൂ. മറ്റാവശ്യങ്ങൾക്ക് വിറകാണ് ഉപയോഗിക്കുന്നത് വിറകാണ് പഞ്ചായത്തിലെ 75% ആളുകളും ഉപയോഗിക്കുന്നത്. ഒരുദിവസം ഏതാണ്ട് 76.5 ടൺ വിറക് ഇന്ധനമായി കത്തിക്കുന്നു.(ഒരു ദിവസം 10കിലോ വിറകെന്ന കണക്കിൽ 7650കുടുംബത്തിന്) കിലോയ്ക്ക് 1രൂപാ നിരക്കിൽ 76.5 ടൺ വിറകിന് 76,5000രൂപാ വിലവരുന്നു. (ഒരു വർഷം 22922500രൂപാ) പഞ്ചായത്തിൽ വൈദ്യുതി ഉപയോഗംകൂടുതലും വെളിച്ചത്തിനുവേണ്ടിയാണ്. പഞ്ചായത്തിൽ 75%വീടുകൾക്കും വൈദ്യുതി ലഭിച്ചിട്ടില്ല. വൈദ്യുതി ലഭിക്കുന്നതിനായി വലിയ . . സംഖ്യ കൊടുക്കേണ്ടിവരുന്നു, പണം അടച്ചാൽതന്നെ അനന്തമായി കാത്തിരിക്കേണ്ടിവരുന്നു. ഇലക്ട്രിസിറ്റി ഓഫീസുമായുള്ള നൂലാമാലകൾ വേറെയും ഇവയെല്ലാം കാരണമായി ഭൂരിഭാഗം ജനങ്ങളും മണ്ണെണ്ണ, ഗ്യാസ്, വിറക്, എന്നിവയാണ് ഊർജ്ജത്തിനായി ഉപയോഗിക്കുന്നത്, വൈദ്യുതി സംബന്ധിച്ച് ചില കണക്കുകൾ താഴെ ചേർക്കുന്നു.

വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ നിലവിലുള്ള ഉപഭോക്താക്കൾ

ക്രമനമ്പർ	ഇനംതിരിവ് കണക്ഷൻ	എണ്ണം
എ	ഗാർഹികം	410
ബി	വ്യാപാരം	525
സി	വ്യാവസായികം	90
ഡി	കാർഷികം	90

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ എണ്ണം

എ)	ഓർഡിനറി	310 എണ്ണം
ബി)	ഓ.ടി.പി.	44
സി)	ഓ.വൈ.സി	44

പഞ്ചായത്ത് പരിധിയിൽ വൈദ്യുതിവിതരണം ചെയ്യുന്ന എൽ.ടി.ട്രാൻസ്ഫ്രോമറുകൾ സ്ഥിതിചെയ്യുന്ന സ്ഥലപേരുകൾ

1	കുന്നംമ്പക	13	നെല്ലിമുണ്ട K.W.A.
2	കുട്ടമുണ്ട	16	ചുള്ളിക്ക
3	കോട്ടനാട്	15	ചുള്ളിക്ക H.T.
4	കാലംകൊല്ലി	16	ചുള്ളിക്ക
5	ചെമ്പ്ര H.T.	17	മീനാക്ഷി
6	മേപ്പാടി No.2	18	വാഴക്കാല
7	മൂക്കിൽപീടിക	19	പുത്തുമല
8	നെടുമ്പാല	20	ചൂരൽമല
9	നത്തംകുനി	21	സെൻറിനൽറോക്ക്
10	മേലാടി No.1	22	മുണ്ടക്കയ്
11	മേപ്പാടി 0.3	23	റോസ്ഗാർഡൻ

12	കട്ടൂർ	24	കുണ്ടുപറമ്പിൽ
25	താഴെഅരപ്പുക	34	നെടുംങ്കരണ
26	മുക്കംകുന്ന്	35	പുതിയപാടി
27	കോളേരി	36	പാടിവയൽ
28	തിനപുരം	37	വടുവൻചാൽ
29	ആനടിക്കാവ്	38	വട്ടന്ചാല
30	റിപ്പൺ 39	39	കട്ടൂർ
31	അരപ്പുക H.T.	40	കടൽമാട്
32	റിപ്പൺവാളത്തൂർ		
33	റിപ്പൺ H.T.		

സ്ട്രീറ്റ് ലൈറ്റ് സംബന്ധിച്ച വിവരങ്ങം

വിളക്കിന്റെ പേര്	എണ്ണം	വിളക്കിന്റെപേര് എണ്ണം		പേര്	എണ്ണം
മേപ്പർലാംപ്	11	ബംബ്	117	ഫ്ലൂടുബ്	50

വിറകിനായി 3കിലോ മീറ്ററിലും കൂടുതൽ സഞ്ചരിക്കേണ്ടതായി വരുന്നു. 10%ത്തോളം വിറക് കുട്ടികം ശേഖരിക്കുന്നു. 80% വിറക് സ്ത്രീകളും ബാക്കി പുരുഷൻമാരും ശേഖരിക്കുന്നു.
ചുരുക്കിപറഞ്ഞാൽ പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും വെളിച്ചത്തിനായി മണ്ണെണ്ണയേയും, ഭക്ഷണം പാകം ചെയ്യുന്നതിനായി വിറക്, മണ്ണെണ്ണ എന്നിവയെ ആശ്രയിക്കുകയാണ്.

പ്രശ്നങ്ങം

വൈദ്യുതിവോംട്ടേജ് കുറവ്
വിറക് കിട്ടാൻ പ്രയാസമായിവരുന്നു.
മണ്ണെണ്ണ വേണ്ടത്ര ലഭ്യമല്ല. ആവശ്യക്കാർ കരിഞ്ചന്ത മണ്ണെണ്ണ വാങ്ങേണ്ടിവരുന്നു. അമിത വില ഈടാക്കുന്നു. സ്ത്രീകളിൽ, ആസ്തമ,സൈനോസറ്റീസ് മുതലായ രോഗങ്ങം കണ്ടുവരുന്നു.
വടുവൻചാൽ വളവിൽട്രാൻസ്ഫോമർ
സ്ട്രീറ്റ് ലൈറ്റ് വടുവൻചാൽ, പട്ടത്തുവയൽ, ചിതഗിരി,ചെല്ലാലംങ്കോട്വളവ്,പട്ടമ്പോല, കല്ലുകെണി മുതൽ ഹരിജൻകോളനിവരെ
വൈദ്യുതി എത്താത്ത കടശ്ശിക്കുന്ന്, കാടശ്ശേരി,അമ്പലകുന്ന് പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാൻ നാട്ടുകാരുടെ സഹകരണത്തോട് നടപടി എടുക്കണം
റിപ്പൺ പുതുക്കാട്,ആനടിക്കാവ് ഭാഗത്ത് സ്ട്രീറ്റ് ലൈറ്റ്,കാന്തപാറ മിനി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുക
4. പാടികളിലെ വൈദ്യുതീകരണം ധ്യതഗതിയിലാക്കുവാൻ കമ്പനിയെ പ്രേരിപ്പിക്കുക
താഴെഅരപ്പറ്റ,മേലെഅരപ്പറ്റ ഭാഗത്ത് തെരുവ് വിളക്കുകം വേണം.
മുണ്ടക്കൈ,ചൂരൽമല, അട്ടമല പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ്വേണം
6, പച്ചക്കാട്, നീലിക്കാവ്,കള്ളാടി,മീനാക്ഷി എന്നിവിടങ്ങളിൽ കറൻറ് എത്തിയിട്ടില്ല.
കള്ളാടി പുഴയുടെ ഉത്വേസ്ഥാനത്ത് 6കി. മി. താഴെ ചെറിയ അണകെട്ടി വൈദ്യുതി ഉത്പാദിപ്പിക്കാൻ ശ്രമിക്കണം. 1965മുതൽ ഇതിനുവേണ്ടിയുള്ള പരിശ്രമങ്ങം നടക്കുന്നു. വൈദ്യുതി ഉത്പാദിപ്പിക്കുകയും ശേഷിച്ചവെള്ളം കുടിവെള്ളമായി മേപ്പാടിയിൽ എത്തിക്കാൻ കഴിയും
8.
9. പുതുക്കുടി മുക്ക്, പൂത്തുക്കൊല്ലി വൈദ്യുതി ഇല്ല.
10. ചെമ്പ്രമലയിൽ കാറ്റടിയന്ത്രമുപയോഗിച്ച് വൈദ്യുതി നിർമ്മാണം
വാർഡ്11
പുത്തൂർവയലിൽ സ്ട്രീറ്റ് ലൈറ്റ്
വാർഡ്12
കോട്ടവയൽ കോളാഞ്ഞി,കളപുരക്കൽ, കല്ലായ്മ്മൽ, ലക്ഷംവീട്, ആനക്കാട്, കർപ്പൂരക്കാട് ഭാഗത്ത് വൈദ്യുതി എത്തിക്കണം
ട്രാൻസ്ഫോമർ മാനിവയൽ ഭാഗത്ത് വേണം. സ്ട്രീറ്റ് ലൈറ്റ് കാപ്പകൊല്ലി,കോട്ടനാട്,മാനിവയൽ,കല്ലുമല,46-ആനക്കാട്,പാലവയൽ,കർപ്പൂരക്കാട്
14. പാടികളിൽ വൈദ്യുതി എത്തിക്കണം. ജയ്ഹിന്ദ്,പൂത്തുക്കുടി ഹരിജൻ വീടുകളിൽ വയറിംഗ് നടത്തിയിട്ടുണ്ട്. കണഷൻ കൊടുക്കണം.
നെടുമ്പോല,ലക്കിഹിൽ,മാടക്കര എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമർ നെടുമ്പോല, പള്ളിക്കവല, ജയ്ഹിന്ദ്, മുക്കൽ പീടിക സ്ട്രീറ്റ് ലൈറ്റ്

15, വൈദ്യുതി എത്തിക്കണം

കെ.കെ.ജംഗ്ഷൻ, പള്ളി,കനാൽ,ക്രോസ്, വെള്ളിത്തോട്, ബാലൻ പീടിക, അമ്പലം ലോഡ്ജ്,നെല്ലിമാളം, റേഷൻകട,പോസ്റ്റാഫീസ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് വേണം.

പരിഹാരം

വൈദ്യുതിവോൾട്ടേജ് വർദ്ധിപ്പിക്കാൻ ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുക.

പഞ്ചായത്തിലെ ഗ്രാമസഭകളും ചൂണ്ടികാട്ടിയിട്ടുള്ള മിനി വൈദ്യുതി പദ്ധതികളും നടപ്പിൽ വരുത്തുക.

പദ്ധതികൾ

1, കാന്തംപാറ മിനിവൈദ്യുതി പദ്ധതി. നിലവിൽ കാന്തപാറയുടെ വെള്ളച്ചാട്ടം തടഞ്ഞു നടത്തി കുറച്ചുകൂടി ഉയരത്തിൽ വെള്ളം ചാടിച്ച് വൈദ്യുതി ഉൽപാദിപ്പിക്കാം. സർവ്വേകാര്യങ്ങൾ നടന്നിട്ടുണ്ട്.

2. മീൻമുട്ടി വെള്ളച്ചാട്ടത്തിനു മുകളിൽ അണകെട്ടി വെള്ളം ഉപയോഗിച്ച് വൈദ്യുതി നിർമ്മിക്കാം.

3. സൂചിപാറ വെള്ളച്ചാട്ടത്തിനു സമീപമുള്ള വെള്ളച്ചാട്ടം ഉപയോഗിച്ച് പദ്ധതി ഉൽപാദിപ്പിക്കാം.

4, ചെമ്പ്രമലയിൽ കാറ്റടിയന്ത്രം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കാം. 2600അടിയിൽ അധികം ഉയരമുള്ള ഈ മലയുടെ മണ്ടയിൽ എപ്പോഴും നിലക്കാത്ത കാറ്റുണ്ട്.

മറ്റുമാർഗ്ഗങ്ങൾ

വിറക് ശേഖരിക്കാൻ ഫോറസ്റ്റധികൃതർ അനുവാദം നൽകുക.

ഫോറസ്റ്റിന്റെ കൈവശമുള്ള ഒഴിഞ്ഞ സ്ഥലങ്ങളിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വിറകിന് പറ്റിയ മരങ്ങൾ വെച്ച് പിടിപ്പിച്ച് മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് എത്തിക്കുവാൻ സംവിധാനം ഉണ്ടാക്കുക.

തമിഴ്നാട്ടിൽ ഗൂഡല്ലൂർ ഭാഗത്ത് ചെയ്യുന്നതുപോലെ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് നേരിട്ട് വിറക് ശേഖരിച്ച് മണ്ണെണ്ണ, ഗ്യാസ്, കറണ്ട്, എന്നിവ ഇല്ലാത്ത കുടുംബങ്ങൾക്ക് നിശ്ചിത കിലോതൂക്കം പഞ്ചായത്തിന്റെ സഹകരണത്തോട് വിതരണം ചെയ്യുവാൻ സംവിധാനം ഉണ്ടാക്കുക.

ദക്ഷതയെറിയ പരിഷത്ത് അടുപ്പുകൾ പ്രചരിപ്പിക്കുക. ഇതിനായി വാർഡ് തലത്തിൽ ചെറുപ്പക്കാരെ സംഘടിപ്പിച്ച് അനർട്ടിന്റെ സഹായത്തോട് പരിശീലനം നടത്തി അടുപ്പു ഗ്രാമങ്ങളിൽ സ്ഥാപിക്കാൻ അവസരമുണ്ടാക്കുക.

കന്നുകാലി വളർത്തുന്ന ആളുകളെ ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ടാക്കുന്നതിന് പ്രേരിപ്പിക്കുകയും ധനസഹായം ലഭിക്കുവാൻ വേണ്ടതു ചെയ്യുക

വൈദ്യുതി ലാഭിക്കാൻ ആർഭാടമായ അലങ്കാര വിളക്കുകൾ, മതിലുള്ള വിളക്കുകൾ എന്നിവയുടെ ഉപയോഗം കുറയ്ക്കുവാൻ ബോധവൽക്കരണം നടത്തുക. വോൾട്ടേജ് ലഭിക്കാൻ കഴിയുന്ന വിളക്കുകൾ ഉപകരണങ്ങൾ എന്നിവ വാങ്ങി ഉപയോഗിക്കുക.(ബോധവൽക്കരണം)

ഗ്യാസ് കണക്ഷൻ കിട്ടാനുള്ള ഇന്നത്തെ ബുദ്ധിമുട്ട് അവസാനിപ്പിക്കാൻ, ഗ്യാസിന് ഒന്നിച്ച് പണമടയ്ക്കുന്ന സംവിധാനത്തിനുപകരം തവണകളായി അടയ്ക്കുവാൻ അവസരമുണ്ടാക്കുക.

പഞ്ചായത്ത് തലത്തിൽ ഗ്യാസിന് ഗവ:ഏജൻസികൾ ഉണ്ടാക്കുക.

കാർഷികമായ ആവശ്യത്തിന് ഇന്നു കൂടുതലായി മൃഗങ്ങളുടെ ഊർജ്ജമാണ് ഉപയോഗിക്കുന്നത്. ടില്ലർ,ടാക്ടർ, എന്നിവ ആ മേഖലയിൽ ആവശ്യമുണ്ട്.

സൗരോർജ്ജം ഉപയോഗിക്കാൻ ജനങ്ങളിൽ ബോധവൽക്കരണം ഉണ്ടാവണം. അനർടുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൗരോർജ്ജ വിളക്കുകൾ പാനലുകൾ എന്നിവ ലഭ്യമാക്കണം.

മേൽ നിർദ്ദേശങ്ങൾ പൂർണ്ണരൂപത്തിൽ ജനപങ്കാളിത്തത്തോട് നടപ്പിലാക്കിയാൽ പഞ്ചായത്തിലെ ഊർജ്ജം പ്രതിസന്ധിക്ക് പരിഹാരമാകുമെന്ന് പ്രത്യാശിക്കാം.

മാർക്കറ്റ്

മേപ്പാടി പഞ്ചായത്തിൽ ഇന്ന് ആഴ്ച ചന്തകൾ നിലവിലില്ല. മേപ്പാടി 60 വർഷം മുമ്പ് വയനാട്ടിലെ ഏറ്റവും വലിയ ചന്തകിലൊന്നായിരുന്നു. ഇന്ന് എല്ലാ സ്ഥലങ്ങളിലും കടകൾ വന്നതോടുകൂടി ചന്ത അപ്രത്യക്ഷമായി.

ആഴ്ചയിൽ ഒരു ദിവസമെങ്കിലും കർഷകരുടെ ഉല്പന്നങ്ങൾ ഇടത്തട്ടു കൂടാതെ ഉപഭോക്താക്കൾക്ക് ലഭിക്കാൻ, ഉപഭോക്താക്കാൾക്ക് നല്ല സാധനങ്ങൾ ലഭിക്കാനും അവസരമുണ്ടാവണം. കർഷകർക്ക് നല്ല വില കിട്ടുന്നതിനും അവസരമുണ്ടാകുന്നു.

മേപ്പാടി പഞ്ചായത്തിൽ വടുവൻചാൽ, മേപ്പാടി, ചൂരൽമല, കുന്നുമ്പറ്റ, തൃക്കൈപ്പറ്റ, എന്നിവിടങ്ങളിൽനിന്നും പോലും തൊഴിലാളികൾ സാധനങ്ങൾ വാങ്ങിക്കുന്നതിനും, കർഷകർ കാർഷികോല്പന്നങ്ങൾ വിൽക്കുന്നതിനുമായി മേപ്പാടിൽ എത്തിയിരുന്നു. അന്തിച്ചന്തയും, ആഴ്ച ചന്തയും വീണ്ടും പഞ്ചായത്തിൽ തുടങ്ങേണ്ടതുണ്ട്.

മലംചരക്കുൽപ്പാദിപ്പിക്കുന്ന കർഷകന് ശരിയായ വില ഇടത്തട്ടില്ലാതെ ലഭിക്കാൻ പഞ്ചായത്തു തലത്തിൽ സഹകരണ സ്ഥാപനങ്ങൾ ഉണ്ടാവണം. ഊഹക്കച്ചടക്കാരെയും പാട്ടകച്ചവടക്കാരുടേയും പിടിയിൽനിന്ന് കർഷകനെ രക്ഷിക്കാൻ ഈ സംവിധാനത്തിന് കഴിയും.

പഞ്ചായത്തിലെ വാർഡുകളിലുള്ള വ്യവസായ, കച്ചവടസ്ഥാപനങ്ങൾ.

		പട്ടിക			
വാർഡ്	വ്യവസായം/ വ്യാപാരം	ഹോട്ടൽ	സാധാരണ കടകൾ	മറ്റുള്ളവ	ആകെ
1	5	7	15	12	39
2	5	5	16	4	40
3	3	5	23	7	38
4	3	5	14	9	31
5	2	4	4	-	10
6	3	3	7	1	14
7	1	1	4	-	6
8	-	2	8	-	6
9	8	8	32	29	77
10	1	3	3	-	7
11	1	5	9	6	21
12	-	5	6	-	11
13	1	6	6	1	14
14	1	6	6	1	14
15	-	4	11	-	15
	33	68	178	70	349

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിലസൂചിക നിലവിലുള്ളത് മേപ്പാടി പഞ്ചായത്തിലാണ്.

5-7 പാർപ്പിടവും - സാമൂഹ്യക്ഷേമവും

പാർപ്പിടം

വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും മേപ്പാടി പഞ്ചായത്ത് മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ചു വളരെ പുറകിലാണ്.

പഞ്ചായത്തിൽ ഭൂരിഭാഗവും ചെറുകിട കാർഷിക മേഖലയിൽ പണിയെടുക്കുന്നവരും, തോട്ടം തൊഴിലാളികളുമാണ്. തോട്ടം തൊഴിലാളികളിൽ ഭൂരിഭാഗവും സ്വന്തമായി ഭവനങ്ങളില്ലാത്തവരാണ്. നമ്മുടെ പഞ്ചായത്തിൽ കോട്ടപ്പടി, വെള്ളാർമല, മുപ്പൈനാട്, തൃക്കൈപ്പറ്റ എന്നിങ്ങനെ നാലു വില്ലേജുകൾ ഉണ്ട്. ഈ മേഖലയിൽ നിന്നും ഗൾഫ് നാടുകളിൽ പോയി തൊഴിലെടുക്കുന്നവർ ഏതാണ്ട് 500 ഓളം വരും. എന്നാൽ ഇവരിൽ നിന്നും ലഭിക്കുന്ന വിദേശമുലധനം സാമ്പത്തിക മേഖലയിൽ നിർണ്ണായക ഘടകമാണെങ്കിലും ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും, അതുകൊണ്ട് തന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് ഭൂരിഭാഗവും.

കാപ്പംകൊല്ലി, ചേലോരി, ആനടിക്കാപ്പ്, ചൂരൽമല എന്നിവിടങ്ങളിൽ ലക്ഷം വീട് പദ്ധതിപ്രകാരം ഉണ്ടാക്കിയ കോളനികൾ നിലവിലുണ്ട്.

പൊതുനിരത്തിന് സമീപമായി ലക്ഷങ്ങൾ മുടക്കിയ വലിയ വീടുകൾ നിർമ്മിച്ചു വരുന്നു. നമ്മുടെ പഞ്ചായത്തിൽ വയൽ നികത്തി കെട്ടിടം പണിയുന്ന ദുരവസ്ഥ വലിയ തോതിൽ കാണപ്പെടുന്നു.

ഭവന നിർമ്മാണ രംഗത്ത് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ആശ്രയിക്കാനുള്ളത് മുണ്ടേരിയിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാന ഭവന നിർമ്മാണ ബോർഡു മാത്രമാണ്. എന്നാൽ ഇവിടുത്തെ ജനങ്ങൾക്ക് ആ സ്ഥാപനത്തിൽ നിന്നുള്ള സഹായങ്ങൾ വിരളമാണ്. നിയമത്തിന്റെ നൂലാമാലകളും, ഉദ്യോഗസ്ഥ വൃന്ദങ്ങളുടെ അനാസ്ഥയും ജനങ്ങളെ ആ സ്ഥാപനവുമായി അകറ്റി നിർത്തുന്നു. ഭവന നിർമ്മാണ പദ്ധതിക്ക് സൊസൈറ്റിയോ, ബാങ്കോ പ്രവർത്തിക്കുന്നില്ല. നിലവിലുള്ള ബാങ്കുകൾ ഭവന നിർമ്മാണ വായ്പ രംഗത്ത് ദരിദ്ര വിഭാഗങ്ങൾക്കും ഇടത്തരം വിഭാഗങ്ങൾക്കും വായ്പാ സഹായം നൽകുന്നില്ല. ഇവർക്ക് ആകെ ലഭ്യമാകുന്നത് ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ലഭിക്കുന്ന വീടുകളുടെ സഹായം മാത്രമാണ്.

പഞ്ചായത്തിലുള്ള ലക്ഷംവീട് കോളനികളിൽ ഉള്ള വീടുകൾ വേണ്ടത്ര സൗകര്യമില്ലാത്തവയാണ്. കുടിവെള്ളം, കക്കൂസ്, വൈദ്യുതി മുതലായ പ്രാഥമിക സൗകര്യങ്ങൾ ഒന്നും തന്നെയില്ല. മേൽപ്പറഞ്ഞ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തതിനാൽ പരിസര മലിനീകരണം ഉണ്ടാകുന്നു.

ഈ പഞ്ചായത്തിൽ 14810 വീടുകൾ ഉണ്ട്. എന്നാൽ സ്വന്തമായി വീടില്ലാത്തവ

രുടെ ഒട്ടും മോശമല്ല.

പഞ്ചായത്തിലെ വീടുകളുടെ സ്ഥിതി വിവരം വാർഡ് തലത്തിൽ

വാർഡ്	കെട്ടിടം	ഗൃഹോപയോഗത്തിനല്ലാത്തത്	വാസഗൃഹം
1	1033	22	1011
2	1306	46	1260
3	1250	81	1169
4	1168	111	1059
5	821	108	713
6	1137	32	1105
7	899	14	885
8	1005	79	926
9	1333	58	1275
10	739	6	733
11	1262	28	1234
12	1072	46	1026
13	815	12	803
14	841	17	824
15	800	11	789
	15481	671	14810

പഞ്ചായത്ത് രേഖകൾ, സെൻസസ് റിപ്പോർട്ട് 1991

പഞ്ചായത്തിൽ വിവിധ പദ്ധതി യിൽ നിർമ്മിച്ച വീടുകളുടെ വിവര പട്ടിക താഴെ കൊടുക്കുന്നു

ബ്ലോക്ക്

	JRY	MWS	IAY	TOTAL
90-91	-	97	-	97
91-92	2	51	5	58
92-93	-	43	5	48
93-94	-	42	6	48
94-95	-	19	58	77
95-96	-	-	39	39
				367

പഞ്ചായത്ത്

90-91	15
91-92	12
92-93	11
93-94	8
94-95	15
95-96	15
TOTAL	76

വീടുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ സാധനങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവും, കലാകാലങ്ങളിൽ കൂലിയിലുണ്ടാകുന്ന മാറ്റവും സാധാരണക്കാരന്റെ സ്വന്തമായ ഭവനം സങ്കൽപ്പികം മാത്രമാണ്. ലഭ്യമായ ആനുകൂല്യങ്ങൾകൊണ്ട് വീട് നിർമ്മാണം പൂർത്തികരിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്.

റവന്യൂ വകുപ്പിന്റെ പുനരധിവാസ പദ്ധതിയുടെ അനുകൂല്യങ്ങൾ പഞ്ചായത്തിൽ അർഹരായവർക്ക് ലഭിക്കുന്നില്ല. ഈ അനുകൂല്യങ്ങൾ അനർഹരുടെ കൈകളിലേക്ക് എത്തപ്പെടുന്നു. പഞ്ചായത്തിലെ ദരിദ്ര വിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചു നൽകാനും സർക്കാർ നൽകുന്ന വായ്പകൾ, സഹായങ്ങൾ എന്നിവ കൊണ്ടും പ്രകടമായ മാറ്റം വരുത്താൻ കഴിയില്ലെന്ന് അനുഭവം കൊണ്ട് നാം മനസ്സിലാക്കിയിരിക്കുന്നു. പഞ്ചായത്ത് തലത്തിൽ ഒരു വലിയ പദ്ധതി ഉണ്ടാക്കികൊണ്ട് മാത്രമേ ഇത് മാറ്റിയെടുക്കാൻ കഴിയുകയുള്ളൂ. ഇതിനായി വാർഡ് തലത്തിൽ വീടിന്റെയും മറ്റും ആവശ്യക്കാരെയും സന്നദ്ധ സംഘടനകളെയും വിളിച്ചുകൂട്ടി ആവശ്യക്കാർക്ക് എത്രമാത്രം പണം സ്വരൂപിക്കാൻ കഴിയുമെന്ന് മനസ്സിലാക്കുകയും സർക്കാർ സഹായത്തിനു പുറമേ സാധനങ്ങളും അദ്ധ്വാനവും ലാഭേച്ഛയില്ലാതെ സംഭാവന വഴി സ്വീകരിച്ചുകൊണ്ട് ഇതിനു പരിഹാരം കാണണം.

പ്രശ്നങ്ങൾ

1. ഭവനനിർമ്മാണ രംഗത്ത് സൊസൈറ്റിയോ ബാങ്കോ പ്രവർത്തിക്കുന്നില്ല.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും ദൗർലഭ്യവും വിലക്കയറ്റവും.

3. വിദഗ്ദ്ധരായ നിർമ്മാണ തൊഴിലാളികൾക്കു കിട്ടാനുള്ള ബുദ്ധിമുട്ട്.

4. സാധാരണക്കാരായ ജനങ്ങൾക്ക് ബാങ്കുകളിൽ നിന്നും മറ്റും വായ്പകൾ ലഭ്യമാക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

5. നിലവിലുള്ള കോളനികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥ

6. പഞ്ചായത്ത് തലത്തിൽ ഹൗസിംഗ് സൊസൈറ്റികളുടെ സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ

7. പഞ്ചായത്തിൽ ഏതാണ്ട് 750 ഓളം വീടുകൾ അടിയന്തിരമായി വായ്പാപദ്ധതിയിലൂടെയോ മറ്റു സഹായങ്ങളിലൂടെയോ ലഭ്യമാക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. ഈ സംഘങ്ങളിലൂടെ വിദഗ്ദ്ധരായ തൊഴിലാളികളെ ലഭ്യമാക്കുക.

2. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ സിവിൽ സപ്ലൈസ് മുഖാന്തിരം വിതരണം ചെയ്യുക.

3. 2 ലക്ഷം രൂപയ്ക്ക് മുകളിൽ നിർമ്മാണ ചെലവ് വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.

4. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നൽകുന്ന ഭവന നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക.

5. പഞ്ചായത്ത് തലത്തിൽ മിനി നിർമ്മിതികേന്ദ്രം സ്ഥാപിക്കണം.

6. ഭവന നിർമ്മാണത്തിന് സർക്കാർ നൽകുന്ന വായ്പയ്ക്കുള്ള സാങ്കേതിക സാമ്പത്തിക ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

7. ഭവന നിർമ്മാണ അപേക്ഷകർ ഗ്രാമ പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുക.

8. പഞ്ചായത്തിലെ ഭൂരഹിതരായ ആളുകൾക്ക് വീടു വെയ്ക്കുന്നതിനുള്ള ഭൂമി പതിച്ചു കൊടുക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കൈകൊള്ളുക.

9. അമിതാർഭാടപരമായി വീടുകൾ നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്താൻ ഉയർന്ന നികുതി സംവിധാനം ഏർപ്പെടുത്തുക. (3 ലക്ഷത്തിൽ കൂടുതൽ നിർമ്മാണ ചെലവ് വരുന്ന വീടുകൾക്ക്)

10. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് പ്രോൽസാഹജനകമായി സർക്കാർ വായ്പകളിൽ സബ്സിഡി ഉയർത്തുക.

11. തൃക്കൈപ്പറ്റ വില്ലേജിൽ 2 ഏക്കർ സ്ഥലം വിലക്കെടുത്ത് വീടില്ലാത്തവർക്ക് വീട് വെച്ച് വീടും സ്ഥലവും നൽകുന്നതിന് 40 വീടുകൾ നിർമ്മിക്കുന്നതിന് ഹൗസിംഗ് സൊസൈറ്റിക്ക് കൈമാറി വർഷങ്ങളായെങ്കിലും നാളിതുവരെ പണി പൂർത്തികരിക്കാതെ കിടക്കുകയാണ് മേൽ പദ്ധതി പൂർത്തികരിക്കുന്നതിന് നടപടികൾ ഉണ്ടാക്കണം.

12. വടുവൻ ചാലിൽ പുറമ്പോക്കിൽ നിന്നും ഒഴിപ്പിക്കപ്പെട്ടവർക്ക് 4 സെൻറ് പതിച്ചു കൊടുത്തതനുസരിച്ച് 18 പേരെ പുനരധിവസിപ്പിച്ചിട്ടില്ല. ഇതുവരെ അവർക്ക് വീട് വെച്ചു കൊടുക്കുന്നതിന് കഴിഞ്ഞിട്ടില്ല.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതിയുമാണ് നിലവിലുള്ളത്. ക്ഷേമ പ്രവർത്തനങ്ങൾക്ക് നിലവിൽ പഞ്ചായത്തിൽ പ്രത്യേക പദ്ധതികൾ ഒന്നും തന്നെയില്ല.

ലഭ്യമായ പദ്ധതികളുടെ പോരായ്മകൾ പ്രത്യേകം എടുത്തുപറയേണ്ടവയാണ്. പദ്ധതിയെകുറിച്ചുള്ള അറിവില്ലായ്മ. അർഹതപ്പെട്ടവർക്ക് ലഭിക്കാതിരിക്കുക എന്നിത്യാദി കാരണങ്ങൾ അനവധിയാണ്.

തൊഴിലാളി, തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമ നിധി ബോർഡുകൾ മുഖേന യാതൊരു പ്രവർത്തനവും ഈ പഞ്ചായത്തിൽ ഇല്ല. നിർമ്മാണ തൊഴിലാളികളും കർഷകതൊഴിലാളികളും പഞ്ചായത്തിൽ കൂടുതൽ ഉണ്ടെങ്കിലും ഇവരിലെല്ലാവരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർ 91-ലെ സെൻസസ് പ്രകാരം 4708 പേർ ഉണ്ട്. ഇവരുടെ വികസനത്തിനാവശ്യമായ ക്ഷേമ പദ്ധതികൾ ഉണ്ടെങ്കിൽ തന്നെയും ഒന്നും തന്നെ കാര്യക്ഷമമായി ലഭിക്കാറില്ല. 3858 ഓളം വരുന്ന പട്ടികവർഗ്ഗക്കാർക്കും മേൽപറഞ്ഞ അവസ്ഥതന്നെയാണ് നിലവിൽ ഉള്ളത്.

DWCRA സഹായം

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണ് DWCRA. കിട്ടിയ രേഖകളനുസരിച്ച് 12ാം വാർഡിലെ കോട്ടവയൽ റെക്സിൻ ബാഗ് യൂണിറ്റ്, മണ്ടകകുനി കറവമാട് യൂണിറ്റ്, 15-ാം വാർഡിലെ ഇടിഞ്ഞകൊല്ലി കറവമാട് യൂണിറ്റ്എന്നിവ ഭാഗികമായി പ്രവർത്തിക്കുന്നു.

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ലഭ്യമായ രേഖകൾക്കടിസ്ഥാനമായി 4146 ത്തോളം കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു താഴെയാണ്. ഐ.ആർ.ഡി.പി. വായ്പാ വിതരണ രംഗത്ത് വിവിധ ബാങ്കുകളുടെ സേവനം ലഭ്യമാണെങ്കിലും വായ്പ ലഭിക്കുന്നതിനാവശ്യമായ ഭൂമി സംബന്ധമായ രേഖകൾ അപര്യാപ്തമാണെന്ന നിയമ തടസ്സങ്ങൾ

കാരണം ജനങ്ങൾക്കാവശ്യമായ വായ്പകൾ ലഭിക്കുന്നില്ല. ദാരിദ്ര്യരേഖയുടെ പരിധി 5000 രൂപയാക്കി ഉയർത്തികൊണ്ട് കാലോ ചിതമായ മാറ്റം വരുത്തേണ്ടതാണ്. അതോ ടൊപ്പം ഗുണഭോക്താക്കളുടെ സഹായത്തി നാവശ്യമായ രീതിയിൽ ദേശസാൽകൃത ബാങ്കുകളെ ഉപയോഗപ്പെടുത്തണം.

പഞ്ചായത്തിലെ ട്രൈസം പരിശീലന പദ്ധതി കണക്കുകൾ പ്രകാരം പത്തുപേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. ഇതിൽ 8 പേർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പരിശീലനം ലഭിച്ചവർക്ക് തുടർന്ന് തൊഴിലെടുക്കുന്നതിനാവശ്യമായ സഹായം ലഭിക്കുന്നില്ല എന്നത് ഇതിന്റെ മുഖ്യ പോരായ്മയാണ്. ഈ പദ്ധതിയുടെ പ്രചാരണം ജനങ്ങളിലേക്ക് എത്താത്തത്, ചുരുക്കം ചിലർക്ക് മാത്രമേ പരിശീലനം നേടാൻ കഴിയുന്നുള്ളൂ എന്നതും പോരായ്മ യാണ്.

ടുൾകിറ്റ് പദ്ധതി പ്രകാരമുള്ള സഹായം നമ്മുടെ പഞ്ചായത്തിൽ വളരെ കുറച്ച് പേർക്ക് മാത്രമെ ലഭിച്ചതായി കണക്കുകളിൽ കാണുന്നുള്ളൂ.

ട്രൈസം പരിശീലനം ലഭിച്ചവർ

പരിശീലനം ലഭിച്ചവർ	സ്വയം തൊഴിൽ കണ്ടെ	അവശേഷിക്കുന്നവർ
ത്തിയവരുടെ എണ്ണം		
25	18	7

DWCRA പദ്ധതി പ്രകാരം തൊഴിൽ സംരംഭങ്ങളുടെ വിവരം

തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം
കോട്ടവയൽ റെക്സിൻ ബാഗ് യൂണിറ്റ്	1993-94	8
മണ്ടകകുനി കറവമാട് യൂണിറ്റ്	1993-94	12
ഇടിഞ്ഞകൊല്ലി കറവമാട് യൂണിറ്റ്	1994-95	10
കറവമാട് വളർത്തൽ	1994-95	9
കറവമാട് വളർത്തൽ	84-84	19
ഡയറി യൂണിറ്റ്	86-87	15
ഡയറി യൂണിറ്റ്	87-88	15
കറവമാട് വളർത്തൽ	86-87	15

ടൂൾകിറ്റ് വിതരണം നടത്തിയത്

സഹായം ലഭിച്ചവരുടെ എണ്ണം	ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം അർഹതയുള്ളവരുടെ എണ്ണം
13	55

വിവിധ പദ്ധതികളിലായി പഞ്ചായത്തിൽ ഇതുവരെ ദാരിദ്ര്യ വിഭാഗങ്ങൾക്കായി 32 കക്കുസുകൾ അനുവദിച്ചതായി രേഖകളിൽ കാണിക്കുന്നു. അതോടൊപ്പം സനിറ്ററി കക്കുസുകൾ ഇല്ലത്ത വീടുകളുടെ എണ്ണം ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം 1578 എണ്ണം ആണ്. ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം കണക്കുപ്രകാരം 1542 ആണ്.

പഞ്ചായത്തിൽ സാമൂഹ്യക്ഷേമരംഗത്ത് സർക്കാർ നൽകി വരുന്നത് പെൻഷനുകളും, നിർധനരായ വിധവകളുടെ മക്കൾക്കുള്ള വിവാഹധനസഹായങ്ങളുമാണ്. എന്നാൽ ഈ ആനുകൂല്യങ്ങളിൽ പലതും അർഹരായവർക്കല്ല ലഭിക്കുന്നത് പഞ്ചായത്തിലെ 15 വാർഡുകളിൽ നടന്ന ഗ്രാമസഭകളിലും വന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് ഈ പദ്ധതികൾ കൃത്യമായും ജനങ്ങൾക്ക് ഉപകാരപ്രദമായിരുന്നില്ല എന്നാ ണ്.

വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുളളവർക്ക് ഈ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല. ഈ നിയമം മാറ്റി സാമ്പത്തികമായ അടിസ്ഥാനത്തിൽ പെൻഷൻ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വികലാംഗ പെൻഷൻ

വികലാഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ജില്ലാ ആശുപത്രി സ്ഥിതി ചെയ്യുന്ന മാനന്തവാടിയിൽ പോകേണ്ടി വരുന്നത്, വികലാംഗരെ സംബന്ധിച്ച് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. അതുകൊണ്ട് വികലാഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകാനുള്ള സംവിധാനം താലൂക്ക് ആശുപത്രിയിലും ഉണ്ടാകണം.

കർഷക തൊഴിലാളി പെൻഷൻ

പഞ്ചായത്തിൽ കർഷകതൊഴിലാളി പെൻഷൻ അർഹരായ മുഴുവൻ. പേർക്കും ലഭിക്കുന്നില്ല.

ഇപ്പോൾ സഹായ ലഭിക്കുന്നവരുടെ എണ്ണം
വിവിധ പെൻഷനുകൾ വില്ലേജു തലത്തിൽ

പദ്ധതിയുടെ പേര്	കേട്ടപ്പടി	തൃക്കൈപ്പറ്റ	മുപ്പനാട്	വെള്ളാർമല	ആകെ
കർഷകതൊഴിലാളി	134	29	48	-	211
വിധവ പെൻഷൻ	13	4	7	23	47
വികലാംഗൻ	24	-	3	7	34
വാർദ്ധക്യം	23	2	8	23	56
ക്ഷയരോഗം	3	-	-	-	3
ക്യാൻസർ	2	-	1	-	3
അഗതി-	2	-	-	2	

തൊഴിലില്ലായ്മ വേതനം വാങ്ങിക്കുന്നവർ

മേപ്പാടി പഞ്ചായത്ത്	127

തൊഴിലില്ലായ്മ വേതനം :-

പഞ്ചായത്തിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവരുടെ എണ്ണം 126 ആണ്. ഇതിൽ അനർഹരും ഉണ്ട് വാർദ്ധക്യകാലപെൻഷൻ, മാതൃസഹായ പെൻഷൻ എന്നിവയും പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നുണ്ട്.

അങ്കൺവാടികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് അടിസ്ഥാ ന പരമായ പ്രവർത്തനം നടത്താൻ അംഗൺവാടികൾക്ക് കഴിയുന്നില്ല. ഇതിന് പ്രധാന കാരണം അംഗൻവാടി പ്രവർത്തകരുടെ ജോലി ബാഹുല്യമാണ്. ഇവരുടെ

പ്രവർത്തനമേഖല അംഗൻവാ ടികളിൽ ഒതുക്കി നിർത്തിയാൽ മാത്രമെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. ഐ.സി.ഡി.എസ് ന്റെ ലക്ഷ്യം ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടി എന്ന നിലയിലാണെങ്കിലും ഈ പഞ്ചാ യത്തിൽ അത് ഫലപ്രദമായി നടപ്പിലാ ക്കാൻ കഴിഞ്ഞിട്ടില്ല. സ്വന്തമായി സ്ഥല മോ, കെട്ടിടമോ ഇല്ലാത്തതും വാർഷിക അറ്റകുറ്റപ്പണികൾ നടത്താത്തതും കുട്ടികൾക്ക് കളിക്കുന്നതിനാവശ്യമായ കളിക്കോപ്പുകൾ ഇല്ലാത്തതും അംഗൻവാ ടികൾ നേരിടുന്ന പ്രശ്നങ്ങളാണ്. അംഗൻവാടി ജീവനക്കാർക്ക് നൽകുന്ന തുച്ഛമായ വേതനനിരക്കിൽ മാറ്റം വരുത്തേ ണ്ടതാണ്. ഇൂ പഞ്ചായത്തിൽ ആകെ 36 അംഗൻവാടി കേന്ദ്രങ്ങൾ പ്രവർത്തി ക്കുന്നു.

നിദ്ദേശങ്ങൾ

1)കെട്ടിടമില്ലാത്തതും, സ്ഥലമില്ലാ ത്തതുമായ അംഗൻവാടികൾ ഈ പഞ്ചാ യത്തിൽ 15 വാർഡുകളിലുമുണ്ട്. അവ യ്ക്ക് വേണ്ട സ്ഥലവും, കെട്ടിടവും നിർമ്മിക്കുന്നതിന് ആവശ്യമായ നടപ ടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

2) DWCRA യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ ഒരു നിശ്ചിതഭാഗം കളിക്കോപ്പുകൾ വാങ്ങുന്നതിനായി മാറ്റിവെക്കുക.

3) അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഉയർത്തുക.

അംഗൻവാടികളുടെ വിവരം

കെട്ടിടം ഉള്ളത്		കെട്ടിടം ഇല്ലാത്തത്		സ്ഥലം ഉള്ളത്		സ്ഥലം ഇല്ലാത്തത്		പണി പൂർത്തി യാകാത്തത്	പണിപൂർത്തി യായത്
അംഗൻവാടി കളുടെ നമ്പർ		അംഗൻവാടി നമ്പർ പ്രകാരം		അംഗൻവാടി നമ്പർ പ്രകാരം		അംഗൻവാടി നമ്പർ പ്രകാരം			
87	81	47	-	47	143	73	85	47	80
80	142	84	-	84	144	76	-	84	79
93	89	73	-	87	81	78	-	87	77
79	77	76	-	80	142	86	-	93	124
83	124	78	-	93	89	94	-	-	-
88	-	86	-	79	77	95	-	-	-
90	-	94	-	83	124	96	-	-	-
91	-	96	-	88	15	100	-	-	-
97	-	100	-	90	-	19	-	-	-
98	-	85	-	91	-	74	-	-	-
99	-	-	-	97	-	75	-	-	-
143	-	-	-	98	-	147	-	-	-
144		-	-	-	99	-	82	-	-

ക്ഷേമനിധികളെ സംബന്ധിച്ച്

ഈ പഞ്ചായത്തിൽ നിർമ്മാണ തൊഴിലാളി, കർഷകതൊഴിലാളി എന്നീ മേഖലകളിലാണ് ക്ഷേമനിധികൾ വിതരണം ചെയ്യുന്നത്. പഞ്ചായത്തിലെ മുഴുവൻ അർഹമായ തൊഴിലാളികളെയും ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം പെൻഷൻ പ്രായം 55 വയസ്സാക്കി ചുരുക്കേണ്ടതാണ്

പൊതുവിതരണം

പഞ്ചായത്തിലാകെ 22 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. പൊതുവിതരണരംഗത്ത് ഒരു മാവേലി സ്റ്റോർ ആണ് പഞ്ചായത്തിലുള്ളത്. അത് 9-ാം വാർഡിൽ പ്രവർത്തി ക്കുന്നു. റേഷൻകട ഇല്ലാത്ത ഒരു വാർഡാണ് 7-ാം വാർഡ്. 7-ാം വാർഡിൽ ഒരു റേഷൻ കട അനുവദിക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിൽ തൃക്കൈപ്പറ്റ, ചൂരൽമല, കുന്നമ്പറ്റ വടുവൻചാൽ എന്നീ പ്രദേശ ങ്ങളിൽ ഓരോ മാവേലിസ്റ്റോറുകൾ അനുവദിക്കേണ്ടതാണ്. ഓണക്കാലത്ത് പഞ്ചായത്തിൽ കൃഷിഭവന്റെയും, സഹകരണ മേഖലയുടെയും സഹായത്തോടെ ഓണച്ചന്തകൾ നടത്താറുണ്ട്. ഇത് വിഷു, റംസാൻ, ക്രിസ്തുമസ് കാലങ്ങളിലും നടത്താനുള്ള സാധ്യത പഞ്ചായത്തിലുണ്ട്. മാവേലി സ്റ്റോറിനെ കൂടാതെ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ ആഴ്ചയിൽ ഒരു ദിവസം ചൂരൽമല, നെടുങ്കരണ, അരപ്പറ്റ താഴെ, എഫ്) തുടങ്ങിയ സ്ഥലങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ മിതമായ വിലക്ക് വിതരണം ചെയ്തു വരുന്നുണ്ട്.

സംസ്കാരം

ഇതിഹാസ പുരുഷന്മാരുടെ പാദ സ്പർശമേറ്റ് ചരിത്രമുറങ്ങുന്ന നൂറ്റാണ്ടുകളുടെ രേഖാ ചിത്രങ്ങൾ സപ്ത വർണ്ണങ്ങളാൽ ചാലിച്ച് തന്റെ തിരുനെറ്റിയിൽ അണിഞ്ഞ് ഹരിത വർണ്ണങ്ങളാൽ പട്ടുടുത്ത് കുറുനിരകളിലൂടെ അരിച്ചിറങ്ങുന്ന പ്രഭാത സൂര്യന്റെ പൊൻ കിരണങ്ങൾ തന്റെ കപോലങ്ങളിലെ തുഷാര ബിന്ദുക്കളിൽ ആവാഹിച്ച് സുസ്മേര മുഖിയായി തപ്പുതുടി താള വാദ്യഘോഷങ്ങളുടെ ശീലുകളിൽ ആനന്ദനിർവൃതിയിൽ അലിഞ്ഞ് മയങ്ങുന്ന വയനാടിന്റെ സിന്ദൂര തിലകമായ മേപ്പാടി ഗ്രാമപഞ്ചായത്ത് ഉൽകൃഷ്ടമായ സാംസ്കാരിക നവോത്ഥാനത്തിന് തുടക്കം കുറിച്ചുകൊണ്ട് ജനകീയ പദ്ധതിയിലൂടെ വിവിധ ഭാഗങ്ങളിൽ നിന്നും കിട്ടിയിട്ടുള്ള റിപ്പോർട്ടുകളെയും പഴമക്കാരുടെ ഗതകാലസ്മരണകളിൽ നിന്നും ലഭിച്ച സാംസ്കാരിക പൈതൃകത്തെയും സമഗ്രമായി വിശകലനം ചെയ്ത് കൊണ്ട് ഈ ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക ഉന്നമനത്തിന് വേണ്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അവതരിപ്പിച്ചുകൊള്ളുന്നു.

ചരിത്രം

ഈ ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക പൈതൃകത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ പീഡനങ്ങളുടെയും ത്യാഗത്തിന്റെയും ബലിയാടുകളായി തൊഴിലാളി വർഗ്ഗത്തിന്റെ ചെഞ്ചോരയിൽ കുതിർന്ന അവരുടെ ഉറ്റവരുടേയും, ഉടയവരുടേയും തോരാത്ത കണ്ണുനീരിൽ കുതിർന്ന ഈ മണ്ണിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ വെള്ള

കുതിരകൾ അശ്വമേധം നടത്തി സ്വന്തം മണ്ണിൽ സ്വന്തം വർഗ്ഗത്തോട് കിരാത പീഡനമുറകൾ സ്വീകരിച്ച് സാമ്രാജ്യത്വ ശക്തികൾക്ക് ഓശാന പാടിയ കങ്കാണി വർഗ്ഗം ഇവരുടെ കിരാത വാഴ്ച നിർവിഘ്നം നടമാടിയ കാലം!.

ദേശീയ പ്രസ്ഥാനത്തിന്റെ മുൻഗാമികളുടെ പാദസ്പർശമേറ്റ് പുളകിതയായി തീർന്ന മണ്ണിൽ പഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രത്തിന്റെ ഏടുകൾ മറിക്കുമ്പോൾ ഉള്ളിലെവിടെയോ ഉയർന്നു വരുന്ന വേദനയുടെ അലയൊലികൾ നമ്മെ പൊതിയുന്നു, ദേശീയ സ്വാതന്ത്ര്യത്തിന്റെ മുൻകാലങ്ങളിൽ രൂപം കൊണ്ട തേയില വ്യവസായമാണ് ഭൂരിഭാഗവും നമ്മുടെ പഞ്ചായത്തിൽ അതുകൊണ്ടുതന്നെ നമ്മുടെ മുൻഗാമികൾ തൊഴിലാളി വർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. കങ്കാണി വർഗ്ഗത്തിന്റെ ഭീകരത നടമാടിയ ആ കാലഘട്ടത്തിൽ നൂറുകണക്കിന് തൊഴിലാളികളെ കൊന്നൊടുക്കിയിരുന്നു -

അതുകൊണ്ടുതന്നെ തൊഴിലാളികൾ തമ്മിൽ ആശയവിനിമയം നടത്താൻ പോലും സാധിക്കുമായിരുന്നില്ല - പത്തു വയസ്സാകുന്ന എല്ലാവരേയും നിർബ്ബന്ധമായും തൊഴിലെടുപ്പിക്കുന്ന ആ കാലഘട്ടത്തിൽ വിദ്യാഭ്യാസത്തെകുറിച്ച് ചിന്തിക്കുന്നതു പോലു അപരാധമായിരുന്നു. തീനാളമായ അക്ഷരജ്ഞാനമില്ലാതെ, തുടർച്ചയായ അടിച്ചമർത്തലുകളിൽ നിന്നുമുയിർക്കൊണ്ട, തങ്ങൾ. അടിമകളല്ലെന്ന അവകാശബോധത്തിലെ സംഘടിത സംസ്കാരം അവരിലുണ്ടായിരുന്നു. ഉടുതുണിക്ക് മറുതുണിയില്ലാത്ത അവരുടെ ഒരണ കൂലിയിൽ നിന്നും പണം അപഹരിക്കുന്ന കങ്കാണിമാർക്കെതിരെ അവരുടെ സംഘടിത സംസ്കാരം ഉയർത്തിപ്പിടിച്ച് ഈ ജില്ലയിലെ തന്നെ ആദ്യത്തെ തൊഴിലാളി സമ്മേളനം ചൂരൽമലയിൽ ചേരുകയുണ്ടായി. 1950 ൽ ചേർന്ന ആ സമ്മേളനത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ ഉജ്ജ്വല ഏടുകളായ ''വിഷ്ണു ഭാരതീയർ'' കെ. എ. കേരളീയൻ , സി.കെ. ഗോവിന്ദൻ നായർ, കെ. കേളപ്പൻ എന്നിവർ പങ്കെടുത്തു. അവിടെ അവർ തങ്ങളുടെ സങ്കടങ്ങൾ പങ്കിട്ടു. അന്നവിടെ മാറ്റൊലികൊണ്ടത്. ''സ്വതന്ത്ര ഇന്ത്യയിലെ കങ്കാണി ഭരണം അവസാനിക്കട്ടെ'' എന്നതായിരുന്നു തൊഴിലാളികളുടെ സാംസ്കാരിക ബോധത്തിലേക്ക് വെളിച്ചം പകർന്നത്. സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങളായിരുന്നു എന്നത് ചരിത്ര സത്യമാണ്. തുടർന്ന് കേരളപ്പിറവിക്കു ശേഷമാണ് പഞ്ചായത്തിലെ സാംസ്കാരിക രംഗത്ത് വളർച്ച ഉണ്ടായത്. അതായത് ഭൗതിക സാഹചര്യങ്ങൾ, ഗ്രന്ഥശാലകൾ , വായനശാലകൾ എന്നിവഉണ്ടായത്. നാനാജാതിമതസ്ഥർ തിങ്ങിപാർക്കുന്ന ഇവിടം മതസൗഹാർദ്ദത്തിന് വേരോടുമുള്ള മണ്ണാണെന്ന് ചരിത്രത്തിലെ സംഘടിതബോധം നമുക്കു കാണിച്ചു തന്നിരിക്കുന്നു -

ഈ പഞ്ചായത്തിലെ 15 വാർഡുകളിലുള്ളവർ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ, ജൈനർ എന്നീ മതവിഭാഗങ്ങളിൽ ഉൾപ്പെടുന്നവരാണ്, ഇവരുടേതായി 99 ആരാധനാലയങ്ങളുണ്ട്. ഈ ആരാധനാലയങ്ങളിലൊക്കെ വർഷം തോറും വിവിധ

തരത്തിലുള്ള ഉൽസവങ്ങളും പെരുന്നാളുകളും നടത്തിവരുന്നു. നാനാജാതി മത സ്ഥർ പങ്കെടുക്കുന്ന ''മണിക്കുന്നുമല കയറ്റം'' മേപ്പാടി ശ്രീമാരിയമ്മൻ ക്ഷേത്രമഹോത്സവം, മുപ്പെയിനാട് പളളിപെരുന്നാൾ, പാടിവയൽ ഉറുസ് നേർച്ച എന്നിവ പഞ്ചായത്തിലെ മത സൗഹാർദ്ദത്തിന്റെ ഉത്തമോദാഹരണങ്ങളിൽ ചിലത് മാത്രമാണ് - ജാതി ഘടനാപരമായ വൈരുദ്ധ്യങ്ങൾ ഈ പഞ്ചായത്തിൽ നിലനിൽക്കുന്നത് ഗോത്ര വർഗ്ഗക്കാർക്കിടയിൽ മാത്രമാണ്. ഇവരിൽ വർണ്ണ വ്യത്യാസം നില നിൽക്കുന്നു. ബോധവൽക്കരണത്തിന്റെ അഭാവവും സാമ്പത്തിക ചേരി തിരിവും നിലനിൽക്കുന്നിടത്താണ് ഈ വ്യവസ്ഥ പ്രകടമായി കാണുന്നത്. കർഷകർ, കർഷക തൊഴിലാളികൾ, മുതലാളിമാർ എന്നിങ്ങനെ സാമൂഹ്യവർഗ്ഗ ചേരി തിരിവ് ചിലയിടങ്ങളിൽ ഇന്നും കാണപ്പെടുന്നുണ്ട്. രാഷ്ട്രീയ സംഘടനകളെ ഒഴിച്ചു നിർത്തിയാൽ സാമൂഹ്യ ഐക്യത്തിന് വേണ്ടിയുള്ള സാമൂഹ്യ സംഘടനകൾ നിലനിൽക്കുന്നില്ല. ചിലയിടങ്ങളിൽ സുമൂഹ്യ ഐക്യത്തിന് വേണ്ടി പരിമിതമായ ക്ലബ്ബുകൾ പോലുള്ള സംഘടനകൾ നിലനിൽക്കുന്നുണ്ടെങ്കിലും ലക്ഷ്യപ്രാപ്തിലെത്തിച്ചേരാൻ കഴിയാത്ത സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. സാമൂഹ്യ ആചാരങ്ങൾക്ക് ഏകീകൃത സ്വഭാവമില്ലാത്തതുകൊണ്ടും, സാമൂഹ്യബോധവൽക്കരണത്തിന്റെ അഭാവം കൊണ്ടും അനാചാരങ്ങൾ ഇന്നും നിലനിൽക്കുന്നു.

നിലവിൽ നാലു ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിൽ എണ്ണത്തിൽ വേണ്ടത്ര പുസ്തകങ്ങൾ ഉണ്ടെങ്കിലും ജനങ്ങളുടെ അഭിരുചിക്കനുസൃതമായി പുസ്തകങ്ങളുടേയും മറ്റ സൗകര്യങ്ങളുടേയും, അപര്യാപ്തത ഈ മേഖലയിലെ വളർച്ചക്ക് വിഘാതമായി നിൽക്കുന്നു. മറ്റൊന്ന് പ്രദേശിക, സാംസ്കാരിക പ്രസിദ്ധീകരണങ്ങളുടെ വ്യാപന രീതിയിലുള്ള അപാകതയും ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റവും കുത്തക മാധ്യമങ്ങളുടെ പ്രസിദ്ധീകരണങ്ങളും പ്രത്യേകിച്ച് വനിതകളുടെ ഇടയിൽ സാമൂഹ്യ ഉദ്ദാരണ ലക്ഷ്യപ്രാപ്തി കൈവരിക്കത്തക്ക രീതിയിലുള്ള വായനാശീലത്തിൽ വിലങ്ങുതടിയാകുന്നു.

ഈ പഞ്ചായത്തിൽ 15 വാർഡുകളിലായി 47 ഓളം ക്ലബ്ബുകളും കലാസമിതികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും വിരലിലെണ്ണാവുന്നവ ഒഴിച്ചു നിർത്തിയാൽ മറ്റെല്ലാംതന്നെ കാര്യമാത്ര പ്രസക്തമായ പ്രവർത്തനങ്ങളിൽ പരാജിതരാണ് - കാരണം സാമ്പത്തിക പരാധീനകളും, ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയുമാണ്. ഇത്തരം ക്ലബ്ബുകൾ വാർഷിക ആഘോഷങ്ങൾക്കുവേണ്ടി നാടകങ്ങളും മറ്റ് കലാപ്രകടനങ്ങളും നടത്താറുണ്ടെങ്കിലും കലാപരമായ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കാനുള്ള തരത്തിൽ ഉതകുന്ന മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കാറില്ല. കുറിത്തി നാടകം, തുടിക്കൊട്ട്, കോൽക്കളി, വട്ടക്കളി, നാടൻ കലാരൂപങ്ങൾ ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഇതുതന്നെ

ഉൽസവ പറമ്പിലെ ഒഴിഞ്ഞ കോണുകളിലേക്ക് മാറ്റപ്പെട്ടുക്കൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത് -

കേരളോൽസവം പോലുള്ള അവസരങ്ങളിലല്ലാതെ കായികരംഗത്ത് ഉന്നമനത്തിന് മറ്റവസരങ്ങൾ ഒന്നുതന്നെ ലഭ്യമല്ല. വിരലിലെണ്ണാവുന്ന ക്ലബ്ബുകൾ മാത്രമാണ് കായികപരമായ കഴിവിനെ പ്രോൽസാഹിപ്പിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നത്. എന്നാൽ അവർക്ക് വേണ്ട നിർദ്ദേശങ്ങളും, പരിശീലനങ്ങളും ലഭിക്കാറില്ല. വേണ്ട രീതിയിൽ ഈ രംഗത്ത് ശ്രദ്ധിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കുന്നമ്പറ്റയിൽ സ്ഥിതി ചെയ്യുന്ന സാംസ്കാരിക നിലയമാണ് പഞ്ചായത്തിലെ ഏക സാംസ്കാരിക നിലയം, ആവശ്യാനുസൃതമായ പുസ്തകങ്ങൾ സാംസ്കാരികനിലയത്തിലില്ല. എന്നതുകാരണം കൊണ്ടുതന്നെ എണ്ണത്തിൽ ശുഷ്കമായവരെ ഇതിൽ അംഗത്വമെടുക്കാൻ തയ്യാറാവുന്നുള്ളൂ. ഉള്ള പുസ്തകങ്ങൾ തന്നെ വേണ്ടത്ര നിലവാരം പുലർത്തുന്നവയുമല്ല.

മേപ്പാടിയിൽ ലോക്കൽ ലൈബ്രറി അതോറിട്ടിയുടെ കീഴിൽ ഒരുഗ്രന്ഥാലയംപ്രവർത്തിക്കുന്നുണ്ട് ടൗണിലാണ്. പ്രസ്തുത ഗ്രന്ഥശാല തുടങ്ങിയ കാലത്തുണ്ടായിരുന്ന പുസ്തകങ്ങൾതന്നെ വെച്ചുകൊണ്ട് ഇപ്പോഴും പുസ്തകവിതരണം നടത്തുന്നതുകൊണ്ടും ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തകൊണ്ടും എടുക്കുന്ന പുസ്തകങ്ങൾ തിരിച്ച് ഗ്രന്ഥശാലയിൽ എത്തുന്നില്ല എന്നതുകൊണ്ടും തീർത്തും നിർജ്ജീവ അവസ്ഥയിൽ ആണെങ്കിലും അംഗങ്ങളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചു കാണുന്നില്ല.

1500 ഓളം പുസ്തകങ്ങളും നൂറിൽപരം അംഗങ്ങളും പരിഷത്തിന്റെ മേൽനോട്ടത്തിൽ നടന്നു വരുന്നതുമായ ''അക്ഷരം'' ഗ്രന്ഥശാല മേപ്പാടി ടൗണിലാണ് സ്ഥിതിചെയ്യുന്നത്. ഇത് ഏതാണ്ട് ഒരു വർഷം മുമ്പുവരെ ജനകീയ പങ്കാളിത്തത്തോടുകൂടി വളരെ നന്നായി പ്രവർത്തിച്ചിരുന്നു എങ്കിലും നിലവിലുള്ള സ്ഥിതി കാര്യക്ഷമമല്ല.

ജനകീയ പങ്കാളിത്തത്തോടുകൂടി മാനിവയലിൽ സ്ഥിതിചെയ്യുന്ന സ്വന്തമായി കെട്ടിടമില്ലാത്ത, ഒന്നരലക്ഷം രൂപയോളം ആസ്തിയുള്ള ''ഹരിശ്രീ'' ഗ്രന്ഥശാല ഇന്നും വളരെ നല്ല രീതിയിൽ നടന്നു പോകുന്ന ഒന്നാണ്. ഇവർക്ക് വേണ്ട ഭൗതിക സാഹചര്യങ്ങൾ ലഭ്യമായാൽ ഇതിലും കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കും.

പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ കടന്നുകയറ്റമാണ് വായനാശീലം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഇതിനു കാരണങ്ങൾ ഉത്തമമായ സൃഷ്ടികളുടെ ലഭ്യത പൈങ്കിളി പ്രസിദ്ധീകരണങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. ഉള്ളവ തന്നെ വായനക്കാരിലേക്ക് എത്തിപ്പെടാൻ കഴിയാത്ത ഒരവസ്ഥയുമുണ്ട്. ഇലക്ട്രോണിക്സ് സാദ്ധ്യമങ്ങളിലെ പരിപാടികളോടുള്ള ആസക്തി കാരണം ഈ മേഖലയ്ക്കുവേണ്ടി സമയം കണ്ടെത്താൻ ആരും തന്നെ ശ്രമിക്കുന്നില്ല. കൂടാതെ ചരിത്രപരമായ കാര്യങ്ങൾ ഗ്രഹിക്കത്തക്ക രീതിയിലുള്ള സൃഷ്ടികളുടെ അപര്യാപ്തതയും സാംസ്കാരിക

രംഗത്തെ നിഷ്ക്രിയമാക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്.

ഇലക്ട്രോണിക് മാധ്യമങ്ങളിൽ പ്രധാനമായും ടെലിവിഷൻ, കേബിൾ ടി.വി. എന്നിവയിലെ നിലവാരമില്ലാത്ത പരിപാടികളും വിദേശ ചാനലുകൾവഴി ലഭ്യമാകുന്ന, സ്ത്രീകളെ ഉപഭോഗ വസ്തുക്കളാക്കി ചിത്രീകരിക്കുന്ന പരിപാടികളും, കൂടാതെ ആഭാസകരമായി ചിത്രീകരിരകരുന്ന ലൈംഗിക സിനിമകളുടെയും, അതിപ്രസരം യുവാക്കളേയും, യുവതികളേയും വളർന്നു വരുന്ന തലമുറകളെ തന്നെയും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിലേക്ക് വലിച്ചിഴക്കുകയും, പ്രതികരണശേഷി ഇല്ലാത്തവരാക്കി മാററുകയും ചെയ്യുന്നു. ഈ ശീലം യുവതലമുറയുടെ നിത്യജീവിതത്തിലെ ഭൗതികമായ അവകാശങ്ങളെകുറിച്ചോ, ചുമതലകളെ കുറിച്ചോ, ബോധവാനല്ലാതാക്കുകയും ചെയ്യുന്നു - തന്മൂലം അസാൻമാർഗ്ഗിക പ്രവർത്തനങ്ങളിലേക്ക് അവരെ നയിക്കപ്പെടുന്നു.

മറെറാരു കൂട്ടർ യാതൊരു സാമൂഹിക പ്രതിബന്ധതയും ഇല്ലാത്തവരായി മധയത്തിനും, മയക്കുമരുന്നിനും അടിമകളാകുന്നു. ഇത്തരക്കാരെ ചൂഷണവിധേയമാക്കി മറെറ് അനാശാസ്യ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. പ്രധാനമായും വ്യാജ മദ്യം നിർമ്മിക്കുക മയക്കുമരുന്ന് ലോബികളുടെ ഏജൻസികളായി പ്രവർത്തിക്കുക എന്നിവയാണ്. നിലവിലുള്ള നിയമവ്യവസ്ഥ മാത്രമേ ഇത്തരക്കാരെ കടിഞ്ഞാണിടാൻ സഹായിക്കുന്നുള്ളുപ്രായോഗിക മായ മറെറ് സംവിധാനങ്ങൾ പഞ്ചായത്ത് തലങ്ങളിലും വാർഡു തലങ്ങളിലും നിലവിലില്ല.

സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകാത്ത ഒരു വിഭാഗം സങ്കുചിതമായ ചിന്താഗതി പുലർത്തികൊണ്ട് അന്ധമായ വിശ്വാസങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട് അനാചാരങ്ങളുടെ പിറകെ പോകുന്ന ഒരവസ്ഥ ഇന്നും നിലവിലുണ്ട്. ശീഘ്രലകാര്യലബ്ദി ലക്ഷ്യമാക്കുന്ന ഈ വിഭാഗത്തിനെ ഭക്തിയുടെയോ, വിശ്വാസത്തിൻെറയോ, മറപിടിച്ചുകൊണ്ട് ചൂഷണം ചെയ്യുന്ന ഒരു വിഭാഗം സ്ഥാപനങ്ങളും ഏജൻസികളും ഈ രംഗത്ത് പ്രവർത്തിച്ച് വരുന്നുണ്ട്.

അല്പനേരത്തെ വിനോദത്തിനോ, നേരമ്പോക്കിനോ വേണ്ടി, യാതൊരു ലക്ഷ്യബോധവുമില്ലാതെ ഒരുക്കി എടുക്കുന്ന കലാസമിതികൾ ശൈശവത്തിൽ തന്നെ മരണമടയുന്ന ഒരവസ്ഥയാണുള്ളത്. ഈ അവസ്ഥക്ക് കാരണമായി കാണുന്നത് സാമ്പത്തിക പരാധീനത, ജനപങ്കാളിത്തമില്ലായ്മ ഒരു കേന്ദ്രീകൃത ഘടനയില്ലായ്മ ശരിയായ ബോധവൽക്കരണമില്ലായ്മ എന്നിവയാണ്.

ഈ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൂടുതൽ കുടിയേറ കർഷകരും, തൊഴിലാളികളുമാണുള്ളത്. എന്നതിനാൽ തനതുകലകളെ പരിപോഷിപ്പിക്കുന്നതിനുള്ള യാതൊരവസരങ്ങളും ഇന്നുവരെ ഉണ്ടായിട്ടില്ല. ഇത്തരം കലകളെപ്പററിയുള്ള അറിവ് ഏതാനും വ്യക്തികളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതുകൊണ്ട് ഇത് ഏകോപിച്ചുകൊണ്ട് ആവിഷ്കരിക്കാനുള്ള സാധ്യതകൾ ഉണ്ടായിട്ടില്ല. എന്നാൽ ഈ പ്രദേശത്ത്

ചില ഭാഗങ്ങൾ കേന്ദ്രീകരിച്ച് കഴിയുന്ന ഗോത്ര വർഗ്ഗക്കാരുടെ ഇടയിലുള്ള തനതുകലകൾ ഇന്ന് അന്ത്യശ്വാസം വലിക്കുന്ന കലാരൂപങ്ങളായി തീർന്നിരിക്കുകയാണ്.

മേപ്പാടി ഗ്രാമപഞ്ചായത്തിൽ ഉൾകൊള്ളുന്ന സ്ത്രീകളുടെ വലിയ ഒരു ശതമാനം തോട്ടം തൊഴിലാളികളാണ് എന്നതിനാൽ കുടുംബ പ്രാരാബ്ദത്തിൽ ഒതുങ്ങി, സാംസ്കാരിക രംഗത്തേക്ക് കടന്നുവരാൻ വിമുഖരായിത്തീരുന്നു. അതുകൊണ്ടുതന്നെ സ്ത്രീകളോടുള്ള സാമൂഹ്യ സമീപനത്തിന് വ്യതിയാനമുണ്ടാകുന്നുണ്ട്. ഇലട്രോണിക്സ് മാധ്യമങ്ങളിലൂടെ കാഴ്ച വസ്തുവായി ചിത്രീകരിക്കപ്പെടുന്ന സ്ത്രീ യുവതലുറക്ക് ഒരു മാസ്മരിക പ്രഭാവമായി മാറുന്നതും ഈ അധഃപതനത്തിന് പ്രധാന കാരണമാകുന്നു. സ്ത്രീകളുടെ സാമൂഹ്യ വിജ്ഞാനത്തിന്റെ അപര്യാപ്തത സാമൂഹ്യ പ്രശ്നങ്ങളെ മനസ്സിലാക്കാനോ ഇതിൽ ഭാഗത്താക്കാനോ സാധിക്കാതെ സ്ത്രീകൾ അടുക്കളയിൽ തളച്ചിടപ്പെടുകയാണ്: ഇതിന് വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുവാൻ ഒരു പരിധിവരെ പുരുഷന്മാരും തയ്യാറാകുന്നില്ല. കൂടാതെ ഫെമിനിസ്റ്റുകളുടെ ആവിർഭാവത്തോടുകൂടി ഉണ്ടായ ആചാരാനുഷ്ഠാനങ്ങളാലോ മറേറാ ഉണ്ടായ ചേരി തിരിവും ഇതിന് കാരണമാണ്.

മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ ഈ ഭാഗങ്ങളിലായി കരകൗശലത്തിൽ വൈദഗ്ദ്ധ്യമുള്ളവർ ഉണ്ടെങ്കിലും, ഇവരെ ശ്രദ്ധിക്കുവാനോ, പരിപോഷിപ്പിക്കുവാനോ, ഒരു സംവിധാനവും ഇതുവരെ ഉണ്ടായിട്ടില്ല. ഇവരെ ഏകോപിപ്പിക്കുകയും ഇവരുണ്ടാകുന്ന ഉൽപ്പന്നങ്ങൾക്ക് ഒരു വിപണി കണ്ടെത്താനുള്ള ശ്രമവും നടന്നില്ല എങ്കിൽ ഈ വിഭാഗത്തിൽ അന്യം നിന്ന് പോകുന്ന ഒരവസ്ഥയുണ്ടാകും.

നിലവിലുള്ള വായനശാലകളെയും ഗ്രന്ഥശാലകളെയും കാര്യക്ഷമമാക്കുകയും, നിലവാരമുള്ള പുസ്തകങ്ങൾ എത്തിച്ചുകൊടുക്കുവാനുമുള്ള സംവിധാനം ഉണ്ടാക്കുകയും, എല്ലാ വാർഡുകളിലും ജനപങ്കാളിത്തത്തോടുകൂടിയുള്ള പൊതുവായനശാലകൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ നടപ്പിലാക്കുകയും ചെയ്യുന്നത് ഈ രംഗത്ത് ഒരു പുത്തൻ ഉണർവ്വിന് കാരണമാകും.

പഞ്ചായത്ത് തലങ്ങളിൽ നടത്തപ്പെടുന്ന ''കേരളോൽസവം'' പോലുള്ള പരിപാടികൾ വാർഡുകളിലേക്ക് വ്യാപിപ്പിക്കേണ്ടത് അനിവാര്യമാണ്.

എന്നാൽ ഇത് വാർഡുതലങ്ങളിൽ നടത്തപ്പെടുകയാണെങ്കിൽ കൂടുതൽ പ്രതിഭകളെ കണ്ടെത്തുന്നതിനും വേണ്ട രീതിയിലുള്ള പ്രോൽസാഹനങ്ങൾ നൽകുന്നതിനും കഴിയും. ''സ്പോർട്സ് കൗൺസിൽ'' അഫിലിയേഷനുള്ള ഒരു ക്ലബ്ബും പഞ്ചായത്തിലില്ല. ചെസ്സ്, കാരംസ് എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി പഞ്ചായത്ത് മേളക്ക് മുമ്പായി വാർഡുതലമേള നടത്തണം. കൂടാതെ പരിശീലകരെ നിയോഗിക്കുവാനും പഞ്ചായത്ത് തലത്തിൽ ഒരു സ്റേറഡിയം നിർമ്മിക്കുവാനുള്ള ഫണ്ട്

വകയിരുത്തണം. എല്ലാ വാർഡുകളിലും പഞ്ചായത്തു തല സാംസ്കാരിക നിലയം വളരെ ആവശ്യമാണ് . പ്രത്യേകിച്ച് ആദിവാസി കോളനിയയ പതിനാലാം വാർഡിൽ ഒരു സാംസ്കാരിക നിലയം വളരെ ആവശ്യമാണ്. പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുകയും കായിക സാമഗ്രികൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുകയും വേണം..

വാർഡ് തലത്തിൽ കലാ-കായിക-സാംസ്കാരിക സമിതികൾ രൂപീകരിച്ച് അതിൽ നിന്നും പ്രതിനിധികളെ തിരഞ്ഞെടുത്ത് പഞ്ചായത്ത് തലത്തിലും ഒരു നവീകരണസംഘം രൂപീകരിക്കണം.

പാഠ്യപദ്ധതിയിൽ സ്പോർട്സ് ഉൾപ്പെടുത്തുന്നത് കായിക തലത്തിൽ ഒരു നല്ല സംസ്കാരം ഉരുത്തിരിഞ്ഞു വരുന്നതിനും പ്രയോജനപ്പെടും.

കലാ-കായിക-സാംസ്കാരിക രംഗത്തും മാതൃകാപരമായി പ്രവർത്തിക്കുന്ന സംഘടനകൾ വ്യക്തികൾ എന്നിവർക്ക് പഞ്ചായത്ത് തലത്തിൽ അംഗീകാരവും, പാരിതോഷികവും നൽകുന്നത് സംഘടനകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കാൻ സഹായിക്കും. കലാകായിക സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന സമിതികളുടെ ധനശേഖരണാർത്ഥം നടത്തുന്ന പരിപാടികളിൽ വിനോദ നികുതി ഇളവു ചെയ്തു കൊടുക്കേണ്ടതാണ്. കലാ-സാസ്കാരിക സംഘടനകൾക്ക് വർഷത്തിൽ ഒരിക്കലെങ്കിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പി ക്കുന്നു.

നാടൻ കലകളെ പ്രോൽസാഹിപ്പിക്കാൻ പല അവസരങ്ങളിലായി സംഘടിപ്പിക്കുന്ന കലാമേളകളിലും മറ്റ് ആംഘോഷ അവസരങ്ങളിലും നാടൻ കലകൾക്ക് പ്രാമുഖ്യം നൽകുക. നാടൻ കലകളെ മൽസര ഇനങ്ങളാക്കി മാറ്റുകയും പ്രോൽസാഹനങ്ങളും, നിർദ്ദേശങ്ങളും നൽകുകയും ചെയ്യുക. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ മൂല്യച്യുതിക്കെതിരെ ഒരു ബദൽ സംവിധാനം എന്ന രീതിയിൽ ഉത്തമമായ കലാസൃഷ്ടികളും പുരോഗമന വാർത്ത ചിത്രങ്ങളും ഉൾപ്പെടുത്തി നവീകരണ പ്രവർത്തനത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ''വീഡിയോ പാർലറുകളും'' ഫിലിം സൈസൈറ്റിയും പഞ്ചായത്ത് തല ത്തിൽ നടപ്പാക്കേണ്ടതാണ്. ഇതിന്റെ പ്രവർത്തനങ്ങൾ വാർഡു തലങ്ങളിലേക്ക് വ്യാപിപ്പിച്ച് അനാചാരങ്ങൾക്കെതിരെയുള്ള ഒരു ദൃശ്യ മാധ്യമമാക്കി തീർക്കേണ്ടതാണ്. കേബിൾ ടി.വി. മറ്റ് വിദേശ ചാനലുകൾ എന്നിവയിൽ കൂടി ലഭിക്കുന്ന കുത്തഴിഞ്ഞ പാശ്ചാത്യ സംസ്കാരത്തിന്റെ മോഹവലയങ്ങളിൽപ്പെടുന്ന യുവതീയുവാക്കളെ രക്ഷിക്കാൻ ഇത്തരം പരിപാടികളുടെ പ്രക്ഷേപണത്തിൽ ദേശീയ തലത്തിൽ തന്നെ നിയന്ത്രണ മേൽപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇത്തരം ചാനലുകൾ ലഭിക്കുന്ന ഉപഭോക്താവിൽ നിന്ന് ലൈസൻസു ഫീസു ഇടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. സാധ്യതയുള്ള പ്രദേശങ്ങളിൽ ഫൈനാൻസ് സൊസൈറ്റികൾക്ക് രൂപം കൊടുക്കേണ്ടതാണ്.

കലാസമിതികളുടെ രജിസ്ട്രേഷൻ ജില്ലാ രജിസ്ട്രേഷൻ ഓഫീസിൽ നിന്നും

നിക്കം ചെയ്ത് പഞ്ചായത്തിന് നൽകേണ്ടതാണ്.

സാമൂഹിക പുരോഗതിക്ക് വേണ്ടി നിലകൊള്ളുന്ന കലാസമിതികൾക്ക് പഞ്ചായത്ത് സാമ്പത്തിക സഹായം

നൽകുകയും, വർഷംതോറും പ്രവർത്തന ങ്ങൾ വിലയിരുത്തുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം.

വാർഡു പഞ്ചായത്ത് തല വികസന സംഘങ്ങളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുക. പഞ്ചായത്ത് തല പ്രതി ഭകളിൽ നിന്നും ശേഖരിക്കുന്ന രചനകൾ ഉൾപ്പെടുത്തി പഞ്ചായത്ത് മാഗസിൻ പ്രസിദ്ധീകരിക്കുകയാണെങ്കിൽ സാഹിത്യ രംഗത്തെ ഉന്നമനത്തിനു മുതൽ കൂട്ടാകും.

പഞ്ചായത്തിലെ പ്രധാന ഗ്രന്ഥശാലകൾ

1 ഗവ:റൂറൽ ലൈബ്രറി, മേപ്പാടി
2 അക്ഷരം ഗ്രന്ഥശാല, മേപ്പാടി
3 പഞ്ചായത്ത് സാംസ്കാരിക നിലയം, കുന്നംമ്പറ
4 ഹരിശ്രീ ഗ്രന്ഥശാല,മാനിവയൽ

സാംസ്കാരിക സ്ഥാപനങ്ങൾ

വാർഡ്	നമ്പർ	പേര്	അംഗങ്ങളുടെ എണ്ണം	സ്ഥാപിവർഷം	സംഗീത നാടക അക്കാദമി/ സ്പോർട്സ് കൗൺസിൽ അഫിലിയേഷൻ
	1	പൈനേഴ്സ് ക്ലബ്ബ്, ചെല്ലങ്കോട്			ഇല്ല
	2	ശക്തി ആർട്സ് -സ്പോർട്സ് ക്ലബ്ബ്, വടേരി			,,
	3	കലാഹൃദയം ആർട്സ് -സ്പോർട്സ് ക്ലബ്ബ്, വട്ടത്തുവയൽ			,,
II	4	ഫിഫ സ്പോർട്സ് ക്ലബ്ബ്, നെടുങ്കരണ			,,
III	5	കിത്തോസ് ആർട്സ് - സ്പോർട്സ് ക്ലബ്ബ്, റിപ്പൺ പുതുക്കാട്			,,
IV	6	നോവ സ്പോർട്സ് ക്ലബ്ബ്, അരിപ്പാറ		1982	,,
	7	ഉപാസന ആർട്സ് ക്ലബ്ബ്, ചൂരൽമല		1987	,,
	8	ലേബർ റിക്രിയേഷൻ ക്ലബ്ബ്, അരിപ്പാറ			,,
V	9	ലേബർ ക്ലബ്ബ്, ചൂരൽമ			,,
	10	ലേബർ ക്ലബ്ബ്, അട്ടമല			,,
	11	ലേബർ ക്ലബ്ബ്,മുണ്ടക്കൈ			,,
	12	ന്യൂസ്റ്റാർ ആർട്സ് - സ്പോർട്സ് ക്ലബ്ബ്, ചൂരൽമല		1984	,,
	13	ഫ്രണ്ട്സ് ആർട്സ് - സ്പോർട്സ് ക്ലബ്ബ്, ചൂരൽമല		1990	,,
VI	14	ലേബർ ക്ലബ്ബ്, പുത്തുമല			,,
	15	തപസ്യ കലാവേദി, പുത്തുമല			,,
	16	സന്ധ്യ ആർട്സ് ക്ലബ്ബ്, കളളാടി			,,
	17	വിശ്വ കലാവേദി, ചൂരൽ മല			,,
	18	യുവശക്തി ആർട്സ് - സ്പോർട്സ് ,ഏലവയൽ			,,
VII		ഇല്ല			
	19	മേഘദൂത് കലാവേദി, എരുമകൊല്ലി	60	1987	,,
	20	ലേബർ ക്ലബ്ബ്, എരുമകൊല്ലി		1991	,,
	21	ലേബർ ക്ലബ്ബ്, കടൂർ			
IX	22	കമ്പയിൻറ് ഹീറോസ്, മേപ്പാടി			,,
	23	നാദം മ്യൂസിക് ക്ലബ്ബ്, മേപ്പാടി			,,
	24	ജുവൻറസ് ആർട്സ് - സ്പോർട്സ് ക്ലബ്ബ്, മേപ്പാടി			,,
	25	സ്പാക്കോ ആർട്സ് - സ്പോർട്സ് ക്ലബ്ബ്, മേപ്പാടി	50	1994	ഉണ്ട്
	26	ഹണ്ടേഴ്സ് ക്ലബ്ബ്, മേപ്പാടി			
	27	കോസ്മോസ് ക്ലബ്ബ്, മേപ്പാടി			
	28	കോർണർഷൂട്ട് ക്ലബ്ബ്, മേപ്പാടി			
X	29	ശ്രീരാഗം ആർട്സ് - സ്പോർട്സ് ക്ലബ്ബ്, കുന്നംമ്പാറ		1994	ഇല്ല
XI	30	വാലൻസി ആർട്സ് - സ്പോർട്സ് ക്ലബ്ബ്, ഓടത്തോട്			,,
XII		ഇല്ല			
XIII		ഇല്ല			
XIV	31	അഞ്ജലി ആർട്സ് - സ്പോർട്സ് ക്ലബ്ബ്, നെടുമ്പാല			,,
XV	32	ജനശക്തി ആർട്സ- സ്പോർട്സ ക്ലബ്ബ്, തൃക്കൈപ്പറ്റ			,,
	33	ശിലാകലാസമിതി, തൃക്കൈപ്പറ്റ			,,
	34	സമഭാവന സാംസ്കാരിക സംഘടന			,,

വനിത

മേപ്പാടി പഞ്ചായത്തിൽ മൊത്തം ജനസംഖ്യ 56530 ആണ്. അതിൽ 28185 സ്ത്രീകളാണ്. പഞ്ചായത്തിൽ ചായത്തോട്ടം, കാപ്പിത്തോട്ടം മേഖലകളിൽ ഭൂരിഭാഗം സ്ത്രീകൾ പണിയെടുക്കുന്നു. സ്വന്തമായി വരുമാനം ഉണ്ടാക്കാൻ സ്ത്രീകൾക്ക് കഴിയുന്നുണ്ടെങ്കിലു സാമൂഹ്യമായി അവർ പിന്നോക്കാവസ്ഥയിലാണ്. തോട്ടം മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളെ സംബന്ധിച്ച് ആരോഗ്യപരമായി അവർ വളരെയധികം മോശമായ അവസ്ഥയിലാണ്. വീട്ടമ്മമാരായാലും തൊഴിലെടുക്കുന്നവരായാലും വീടുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു പ്രവർത്തനമാണ് ഇന്ന് കാണുന്നത്.

പഞ്ചായത്തിൽ മൊത്തം ജനസംഖ്യയിൽ സ്ത്രീകളെക്കാൾ കൂടുതൽ പുരുഷൻമാരാണ്. കർഷകതൊഴിലാളിയായാലും, തോട്ടം .തൊഴിലാളി ആയിരുന്നാലും അനാരോഗ്യ മുള്ളവരായി കാണപ്പെടുന്നു. കൃഷിരംഗത്ത് അമിതമായുണ്ടാകുന്ന കീടനാശിനി പ്രയോഗങ്ങൾ സ്ത്രീ തൊഴിലാളികളെ പ്രതികൂലമായി ബാധി ക്കുന്നു.

അക്ഷരാഭ്യാസത്തിന്റെ കാര്യത്തിൽ പുരുഷൻമാരാണ് മുൻപന്തി യിൽ. 21190 പുരുഷൻമാർ വിദ്യാസമ്പന്നരായിരിക്കുമ്പോൾ 18142 സ്ത്രീകൾ മാത്രമെ വിദ്യാഭ്യാസമുള്ളവരായിട്ടുള്ളൂ. താഴെയുള്ള കുട്ടികളെ നോക്കുന്നതിന് മുതിർന്ന പെൺകുട്ടികളെ ഉപയോഗപ്പെടുത്തുന്നതും പെൺകുട്ടികളെ വിദ്യാഭ്യാസം നൽകുന്നതിൽ എന്ത് പ്രയോജനം എന്നൊരു സാമൂഹ്യമായ കാഴ്ചയും സ്ത്രീ വിദ്യാഭ്യാസത്തിന് ഒരു വിഘാതമാകാന്നുണ്ട്.

പഞ്ചായത്തിൽ 1000-ൽ 285 എന്ന കണക്കിനാണ് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം. ഉന്നതവിദ്യാഭ്യാസം നടത്തു ന്നതിന് പഞ്ചായത്തിൽ സാഹചര്യം ഇല്ലാത്തതുകൊണ്ട് തന്നെ പെൺകുട്ടികൾ അടുക്കളയിൽ ഒതുങ്ങികഴിയുന്നു. പഞ്ചായത്തിന്റെ മുക്കാൽ ഭാഗവും തോട്ടം മേഖല ആയതുകൊണ്ട് തൊഴിൽ മേഖലയിൽ സ്ത്രീക്കും പുരുഷൻമാരോടൊപ്പം തൊഴിൽ ലഭിക്കുന്നുണ്ട്. സ്ത്രീകളുടേതായ തൊഴിൽ സംരംഭങ്ങൾ (കോഴിവളർത്തൽ, അടുക്കളത്തോട്ടം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം) തുടങ്ങേണ്ടതാണ്.

വനിതകളുടെതായി DWCRA യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. (8 യൂണിറ്റുകൾ) 1015 ഓളം കുടുംബങ്ങളിൽ സ്ത്രീകളാണ് ഗൃഹനാഥകൾ. സ്കൂൾ വിദ്യാർത്ഥികളിൽ എണ്ണത്തിൽ പെൺ കുട്ടികളാണ് മുമ്പിൽ എങ്കിലും ഉന്നത വിദ്യാഭ്യാസരംഗത്ത് ആൺകുട്ടികളാണ് മുന്നിൽ.

സ്ത്രീകൾക്ക് നേരെയുള്ള ആക്രമങ്ങൾ പൊതുവെ ഈ പഞ്ചായത്തിൽ കുറവാണെങ്കിലും അടുത്ത കാലത്തായി സ്ത്രീ പീഠന കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. 1990-ലെ സാക്ഷരതാ പ്രവർത്തനം. സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത ഒരളവുവരെ ഇല്ലായ്മ ചെയ്യാൻ സഹായിച്ചിട്ടുണ്ട്. പഞ്ചായത്ത് തെരഞ്ഞെപ്പിൽ സ്ത്രീകൾക്ക് 33%

സംവരണം നൽകപ്പെട്ടതുകൊണ്ട് പൊതുരംഗത്ത് പ്രത്യക്ഷപ്പെടാൻ അവസരമുണ്ടായിട്ടുണ്ട്.

ബഹുജന സംഘടനാ രംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ വിര ളമാണ്. പുരുഷൻമാരിൽ നിന്നുള്ള നിസ്സകഹരണം, സ്ത്രീകളുടെ ജോലിയും, കുടും ബഭാരവും, സ്ത്രീകൾക്കിടയിലുള്ള ആത്മവിശ്വാസകുറവ്, എന്നിവയൊക്കെത്തന്നെ സ്ത്രീയെ പൊതുരംഗത്ത് എത്തിക്കാതിരിക്കാനുള്ള കാരണങ്ങളാ കുന്നു. പുരുഷൻമാരോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണി ക്കേണ്ടി യിരിക്കുന്നു. സ്ത്രീ പീഡനങ്ങൾക്കെതി രായി പ്രവർത്തിച്ച ചില വനിതാ സംഘ ടനകളും പഞ്ചായത്തിലുണ്ട്.

1991 സെൻസസ് പ്രകാരം തൊഴിൽ മേഖലയിലെ സ്ത്രീ, പുരുഷന്മാരുടെ എണ്ണം

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷൻമാരുടെ എണ്ണം
കർഷകതൊഴിലാളി	1329	2883
മൃഗസംരക്ഷണം	4677	4403
കുടിൽ വ്യവസായ	8	15
കൃഷിക്കാർ	203	1890
ക്വാറി	14	28
വ്യവസായം	134	671
നിർമ്മാണം	29	191
വ്യാപാരം	45	995
ഗതാഗതം	6	392
മററുള്ള	517	1236

തൊഴിൽ മേഖലയിൽ പുരുഷനെ അപേക്ഷിച്ച് അർഹിക്കുന്ന തൊഴിൽ ലഭിക്കുന്നില്ല എന്നു കാണാം.

പ്രശ്നങ്ങൾ

സംഘടിത തൊഴിലാളി പ്രസ്ഥാ നങ്ങളുടെ ശ്രമഫലമായി തോട്ടം മേഖല യിൽ സ്ത്രീകൾക്ക് പുരുഷന് തുല്യമായ സേവന - വേതന വ്യവസ്ഥകളും ലഭിക്കു ന്നുണ്ട്. എന്നാൽ ഇതര മേഖലകളിൽ സ്ത്രീകൾക്ക് പുരുഷന് തുല്യമായ വേത നം ലഭിക്കുന്നില്ല. പുരുഷന് 60 രൂപ കൂലി ലഭിക്കുമ്പോൾ സ്ത്രീക്ക് 40 രൂപമാണ് മററു മേഖലകളിൽ ലഭിക്കുന്നത്. അസംഘടിത മേഖലയിലുള്ള തൊഴിലാളികളുടെ സ്ഥിതി വളരെ പരിതാപകരമാണ്.സ്ത്രീ തൊഴിലാളികളുടെ ആരോഗ്യം കണ ക്കിലെടുക്കാതെയുള്ള തൊഴിലെടു പ്പിക്കൽ (ഉദ:) എസ്റ്റേറ്റുകളിൽ 8ഉം, 9ഉം

മണിക്കൂർ ജോലിചെയ്യിക്കുന്നതും, അശാസ്ത്രീയമായ രീതിയിൽ വളം, കീടനാശിനി എന്നിവ ഉപയോഗിക്കുന്നതുകൊണ്ട്. സ്ത്രീ തൊഴിലാളികളുടെ ആരോഗ്യ നിലവാരം വളരെ താഴ്ന്ന നിലയിൽ ആകുന്നു. സാമ്പത്തിക പരാധീന തമൂലം ഒഴിവ് ദിനങ്ങളിൽപോലും ജോലി യെടുക്കുന്നു. പുരുഷൻമാരുടെ മദ്യപാ നംമൂലം ഏറ്റവും അധികം സ്ത്രീകൾ ശാരീരികമായും മാനസികമായും , സാമ്പ ത്തികമായും പീഠനങ്ങൾ അനുഭവിക്കുന്ന വരായുണ്ട്. പുരുഷൻമാരുടെ മദ്യപാനം അവരുടെ ആ രോഗ്യ സ്ഥിതി യെ തന്നെ തകർക്കുന്നതുകൊണ്ട് കുടുംബത്തിന്റെ ഭാരം മുഴുവൻ സ്ത്രീകൾ ഏറ്റെടുക്കേണ്ടി വരുന്നുണ്ട്.

വിദ്യാലയങ്ങളിലും, തൊട്ടം മേഖല കളിലും ഒഴികെ തൊഴിൽ രംഗത്ത് സ്ത്രീ കൾ അവഗണന നേരിടുന്നു.

സ്വയം തൊഴിൽ രംഗത്ത് സ്ത്രീകൾ വേണ്ടത്രതാല്പര്യം കാട്ടുകയോ, അതി നായി മുന്നിട്ടിറങ്ങുകയോ ചെയ്യുന്നില്ല.

തൊഴിൽ രംഗത്ത് ജീവിക്കാനാവ ശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.

തുല്യ ജോലിക്ക് തുല്യ വേതനം എല്ലാ മേഖലകളിലും ഉറപ്പാക്കുക, തൊഴിൽ നിയമങ്ങളിൽ വേണ്ടത്ര പരി ജ്ഞാനമോ പരിശീലനത്തിനുള്ള സൗക ര്യമോ ലഭിക്കുന്നില്ല.

സ്വയം തൊഴിൽ തുടങ്ങുന്നതിന് അനുഭവപ്പെടുന്ന സാമ്പത്തിക ഞെരുക്കം ഒരു വലിയ പ്രശ്നമാണ്.

സർക്കാർ പദ്ധതികളെക്കുറുച്ചുള്ള അറിവില്ലായ്മ സ്ത്രീകൾ അഭിമുഖീ കരിക്കുന്ന പ്രശ്നങ്ങളിൽ ഒന്നാണ്. അംഗൺവാടി ജീവനക്കാർ ന്യായമായ കൂലികിട്ടാതെ വിഷമിക്കുന്നു. അംഗൺവാ ടികൾക്ക് പലതിനും അടിസ്ഥാന സൗക ര്യങ്ങൾ പോലുമില്ല.

സാമാന്യ വിദ്യാഭ്യാമുണ്ടായിട്ടും ശാസ്ത്രീയബോധ നിലവാരം സ്ത്രീക ളിൽ കുറവായതിന്റെ ഫലമായി അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീ കൾക്കിടയിൽ നില നിൽക്കുന്നു.

ആദിവാസി സ്ത്രീകളുടെ ഇട യിൽ പുരുഷനോടൊപ്പം സ്ത്രീകളും മദ്യത്തിന് അടിമപ്പെടുന്നു.

അന്ധവിശ്വാസവും അനാചാരങ്ങ ളും ഇവർക്കിടയിൽ നിലനിൽക്കുന്നു.

സ്ത്രീകളുടെ പ്രശ്ന പരിഹാരത്തി ന് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധി ക്കേണ്ടതാണ്.

1) തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കുക.

2) അസംഘടിത മേഖലയിലെ തൊഴിലാളികളെ സേവന-വേതന വ്യവ സ്ഥകളെക്കുറിച്ചുള്ള കാര്യങ്ങളിൽ ബോധ വൽക്കരണം നടത്തിക്കൊണ്ട് സംഘടിത പ്രസ്ഥാനങ്ങളെ വളർത്തുക.

3) മദ്യപാനത്തിനും, മയക്കുമരു ന്നിനും എതിരെയുള്ള നിയമ നടപടികൾ കർശനമാക്കുന്നതോടൊപ്പം ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക.

4) തോട്ടം മേഖലയിൽ രണ്ടുമാസം ഇടവിട്ടെങ്കിലും ഗവൺമെൻറ് തലത്തി ലുള്ള വൈദ്യ പരിശോധന നിർബന്ധമാ ക്കുകയും അതനുസരിച്ചുള്ള ചികിത്സയും മറ്റു കാര്യങ്ങളും കമ്പനിയെ കൊണ്ട്

ചെയ്യിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുക.

5) പഞ്ചായത്തിന്റെ നേതൃത്വത്തിൽ പോലീസ്, എക്സൈസ് സാമൂഹ്യ-സന്നദ്ധ പ്രവർത്തകർ, സർക്കാർ, ഉദ്യോഗസ്ഥർ എന്നിവ ഉൾപ്പെടുന്ന കമ്മറ്റി രൂപീകരിക്കുകയും, വാർഡ് തലത്തിൽ അതിന്റെപ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തുകൊണ്ട് വ്യാജവാറ്റ് തടന്നതിന് മുൻകൈയെടുക്കണം.

6) സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുക.

7) എല്ലാ വാർഡുകളിലും, മഹിളാ സമാജങ്ങൾ ഏർപ്പെടുത്തുക.

8) സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ജോലിക്ക് പോകുന്ന അമ്മാമാരുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് ''ക്രഷെ'' ഉണ്ടാക്കുക.

9)ആദിവാസികളുടെ വിദ്യാഭ്യാസത്തിന് സന്നദ്ധസംഘടനകൾ മുഖേന വാളണ്ടിയർമാരെ നിയമിച്ച് പൊതുജനങ്ങളുടെ സഹായത്തോടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക.

10) ബാലികാ വിവാഹം, സ്ത്രീപീഡനം എന്നീ അനാചാരങ്ങൾക്കെതിരെ നിയമ നടപടികൾ ശക്തമാക്കുക.

11) വിഭവ സാദ്ധ്യത കണക്കിലെടുത്ത് സഹകരണാടിസ്ഥാനത്തിൽ തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലന പരിപാടി നടപ്പിൽ വരുത്തുകയും ചെയ്യുക.

സ്ത്രീകൾക്കായുള്ള പ്രോജക്റ്റുകൾ

1. അച്ചാർ നിർമ്മാണം
2. പ്ലാസ്റ്റിക് ഉപകരണ വ്യവസായം
3. ചക്ക, മാങ്ങ എന്നിവ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ
4. പാലുല്പന്നങ്ങൾ നിർമ്മിക്കാൻ
5. ചിപ്സു ഉണ്ടാക്കൽ
6. പപ്പട നിർമ്മാണം
7. കറിപൗഡർ പാക്കറ്റ് നിർമ്മാണം
8. റെഡിമെയ്ഡ്വസ്ത്രനിർമ്മാണം
9. വാഴനാര് കൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കൽ

നിർദ്ദേശങ്ങൾ

1. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കായി മൂത്രപ്പുര നിർമ്മിക്കുക.

2. നിലവിലുള്ള സർക്കാറിന്റെ പോഷകാഹാര പരിപാടി വിപുലീകരിക്കുകയും, പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഫലപ്രദമായി നടപ്പിൽ വരുത്തുകയും ചെയ്യുക.

3. സാക്ഷരതാപ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

4. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

5. പഞ്ചായത്ത് തലത്തിൽ ഒരു വനിതാസഹകരണ കോളേജ് സ്ഥാപിക്കുക.

6. വായനശാലകളിൽ സ്ത്രീകൾക്കായി പ്രത്യേക വിഭാഗം ഏർപ്പെടുത്തുക.

7. എല്ലാ വിവാഹങ്ങളും പഞ്ചായത്ത് ഓഫീസിൽ രജിസ്റ്റർ ചെയ്യുക.

8. കുട നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

9. നൂൽനൂൽപ്പ് പരിശീലന യൂണിറ്റ് (ഖാദിബോർഡ് മുഖേന) ആരംഭിക്കുക.

10. നെല്ലു സൂക്ഷിക്കുന്ന കൊമ്മ, പരമ്പ്, മുറ്റം, കൊട്ട, പായനെയ്ത്ത് തുടങ്ങിയ പരമ്പരാഗതമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുക.

സഹകരണം

മേപ്പാടി പഞ്ചായത്തിൽ തൃക്കൈപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക്, മൂപ്പൈനാട് സർവ്വീസ് സഹകരണ ബാങ്ക്, മേപ്പാടി കൺസ്യൂമർ സഹകരണ സംഘം, സെൻറിനെൽ റോക്ക് എസ്റ്റേറ്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ, മേപ്പാടി ഗിരിജൻ സഹകരണ സംഘം, കുന്നമ്പറ്റ ക്ഷീര വ്യവസായ സഹകരണ സംഘം, മൂപ്പൈനാട് ക്ഷീര വ്യവസായ സഹകരണ സംഘം. ചെമ്പ്ര എസ്റ്റേറ്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മേപ്പാടി പഞ്ചായത്ത് വനിതാ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ, പൗൾട്രി ഫാം സഹകരണ സംഘം, തേനീച്ച വളർത്തൽ സഹകരണസംഘം, പൂഴി സഹകരണ സംഘം, മേപ്പാടി ഗവ:ഹൈസ്കൂൾ സഹകരണ സംഘം, സെൻറ് ജോസഫ്സ് മേൾസ് ഹൈസ്കൂൾ സഹകരണ സംഘം, സി.എം.എം.ഹൈസ്കൂൾ അറപ്പറ്റ സഹകരണസംഘം എന്നീ സഹകരണ സ്ഥാപനങ്ങളാണ് പഞ്ചായത്തിൻെറ പരിധിയിലുള്ളത്.

ചരിത്രം

മേപ്പാടി പഞ്ചായത്ത് രൂപീകരിച്ച ഘട്ടത്തിൽ കോട്ടപ്പടി, മുപ്പൈനാട് എന്നീ രണ്ടു വില്ലേജുകളാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. മേപ്പാടി വില്ലേജ് അടിസ്ഥാനത്തിൽ തൃക്കൈപ്പറ്റ ആസ്ഥാനമാക്കി 1950കളിൽ കോട്ടപ്പടി ഗ്രാമത്തിലെ ഒരു വിഭാഗം കൃഷിക്കാർ പരേതനായ ശ്രീ.കെ.ജി.കുഞ്ഞുകൃഷ്ണൻ നായരുടെ നേതൃത്വത്തിൽ ഐക്യ നാണയസംഘം എന്ന പേരിൽ കൃഷിക്കാരുടെ ഒരു പരസ്പര സഹായ സംഘം രൂപീകരിച്ചു. ആരംഭഘട്ടത്തിൽ 100ൽ താഴെ അംഗങ്ങൾ മാത്രമേ സംഘത്തിൽ ഉണ്ടായിരുന്നുള്ളൂ. സ്വന്തമായ ഓഫീസോ, ജീവനക്കാരോ ഇല്ലാതെ മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനം നടന്നിരുന്നു. 3-4 വർഷങ്ങൾക്കുശേഷം ഈ സംഘത്തിൻെറ പ്രവർത്തനം നിലച്ചു.

1960-61 കാലഘട്ടത്തിൽ തൃക്കൈപ്പറ്റയിലെ പരേതനായ ശ്രീ.കെ.ആർ. വാഞ്ചി അയ്യർ സംഘം ഏറ്റെടുത്തു. അദ്ദേഹത്തിൻെറ നിരന്തരമായ പരിശ്രമവും പരേതനായ ശ്രീ.എം.എ.ധർമ്മരാജ അയ്യരുടെ സഹകരണവും കൊണ്ട് തൃക്കൈപ്പറ്റ സർവ്വീസ് ബാങ്ക് ഇന്നത്തെ നിലയിലായി.

1962ൽ തൃക്കൈപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് ലിമിറഡ് എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. ബാങ്കിൻെറ സ്ഥാപക പ്രസ്ഡൻറ് പരേതനായ ശ്രീ.കെ.ആർ.വാഞ്ചി അയ്യർ ആയിരുന്നു. ഈ ബാങ്കിൻെറ പരിധിയിൽ വരുന്ന കൃഷിക്കാരും അവരുടെ കുടുംബാംഗങ്ങളുമായി ഏകദേശം 15000 ത്തോളം ആളുകൾ ഉണ്ട്. അതിൽ 3976 കൃഷിക്കാർ മാത്രമെ ബാങ്കിൽ അംഗങ്ങൾ ആയിട്ടുള്ളൂ. ബാങ്ക് കാർഷിക വായ്പയായി 25 ലക്ഷത്തിലധികം രൂപയും സ്വർണ്ണ പണയ വായ്പയായി 65 ലക്ഷം രൂപയിൽ അധികവും മറ്റ് വായ്പകളായി ഒരു ലക്ഷം രൂപയിൽ അധികവും വിതരണം ചെയ്തിട്ടുണ്ട്. ഓഹരി മൂലധനമായി 6 ലക്ഷം രൂപയും സർക്കാർ ഓഹരിയായി 4 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

ബഹുജനങ്ങളിൽ നുന്നും നിക്ഷേ

പമായി 78 ലക്ഷം രൂപയോളം സമാഹരിച്ചിട്ടുണ്ട്. ബാങ്കിന്റെ ആസ്ഥാനം ഇപ്പോൾ മേപ്പാടിയിലും ശാഖ തൃക്കൈപ്പറ്റയിലും പ്രവർത്തിക്കുന്നു.

തൃക്കൈപ്പറ്റ സർവ്വീസ് സഹകരണ ബാങ്കിന്റെ രൂപീകരണഘട്ടത്തിൽ തന്നെ മുപ്പൈനാട് വില്ലേജ് പരിധിയിൽ വടുവൻചാൽ ആസ്ഥാനമാക്കി മുപ്പൈനാട് സർവ്വീസ് സഹകരണ ബാങ്ക് രൂപീകരിച്ചു (1962ൽ) ബാങ്കിന്റെ സ്ഥാപക പ്രസിഡൻറ് പരേതനായ ശ്രീ.പി.നാരായണൻ നായർ ആയിരുന്നു. കൃഷിക്കാരും അവരുടെ കുടുംബാംഗങ്ങളുമായി വില്ലേജിൽ 1000 ത്തോളം ആളുകൾ ഉണ്ട്. ഇതിൽ 3630 കൃഷിക്കാരാണം ബേങ്ക് അംഗങ്ങൾ ആയിട്ടുള്ളത്.

ഓഹരി മൂലധനമായി 5ലക്ഷം രൂപയും സർക്കാർ ഓഹരിയായി 4 ലക്ഷം രൂപയും ഉണ്ട്.പൊതുജനങ്ങളിൽ നിക്ഷേപമായി ഏതാണ്ട് 62 ലക്ഷത്തോളം രൂപയും സ്വർണ്ണപണയ വായ്പയായി 8 ലക്ഷത്തിലധികവും മറ്റു വായ്പായിനത്തിൽ ഒരു ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ബാങ്കിന്റെ ശാഖ 1996 നവംബർ 22ന് ചൂരൽ മലയിൽ ഉത്ഘാടനം ചെയ്യപ്പെട്ടു.

ലാഭകരമായി പ്രവർത്തിക്കുന്ന സഹകരണ സംഘം

പഞ്ചായത്തിൽ ചൂരൽമല ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സെൻറിനെൽ റോക്ക് എസ്റ്റേറ്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ വളരെ ലാഭകരമായി പ്രവർത്തിച്ചു വരുന്നു. 100 ശതമാനവും തേയില തോട്ടം തൊഴിലാളികളും, മാനേജ്മെൻറും, ജീവനക്കാരും ഉൾപ്പെടുന്നതാണ് ഇതിലെ അംഗങ്ങൾ.

ആകെ 950 അംഗങ്ങൾ ഉണ്ട് തൊഴിലാളികളുടെ പൂർണ്ണ സഹകരണവും ഭരണസമിതി അംഗങ്ങളുടെ ആത്മാർത്ഥതയുമാണ് ഇതിന്റെ വിജയ രഹസ്യം. എസ്റ്റേറ്റ് മാനേജ്മെൻറിന്റെ എല്ലാ വിധ സഹകരണവും ഈ സംഘത്തിന് ലഭിക്കുന്നുണ്ട്. നിത്യോപയോഗ സാധനങ്ങൾ വില കുറച്ചു നൽകാൻ സംഘത്തിന് കഴിയുന്നുണ്ട്. നിലവിൽ സംഘത്തിന്റെ ഭരണഭോക്താക്കൾ അംഗങ്ങൾ മാത്രമാണ്. ഇത് വിപുലീകരിച്ച് മറ്റ് ജനവിഭാഗങ്ങൾക്കുകൂടി ലഭ്യമാക്കാവുന്നതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മേപ്പാടി കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ, മേപ്പാടി പഞ്ചായത്ത് വനിതാ കൺസ്യൂമർ സ്റ്റോർ, പൗൾട്രി സഹകരണ സംഘം എന്നിവയുടെ പ്രവർത്തനം നിലച്ച അവസ്ഥയിലാണ്.

ക്രെഡിറ്റ് മേഖല

ക്രമ നമ്പർ	സംഘത്തിന്റെ പേര്	സ്ഥാപിത വർഷം എണ്ണം	ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ/ തൊഴിലാളികളുടെ	ഓഹരി മൂലധനം	വാർഷിക ടേൺ ഓവർ	ലാഭത്തിലോ നഷ്ടത്തിലോ
1	തൃക്കൈപ്പറ്റ സർവ്വീസ് സഹകരണബാങ്ക്	1962	3976		6,68912		നഷ്ടത്തിൽ
2	മുപ്പൈനാട് നഷ്ടത്തിൽ സർവ്വീസ് സഹകരണ ബാങ്ക്	1962	3630	9	530545		
3	മേപ്പാടി ഗിരിജൻ സർവ്വീസ് സഹകരണ	1976	1200		64311		നഷ്ടത്തിൽ

നോൺ ക്രെഡിറ്റ് മേഖല

ക്രമ നമ്പർ	സംഘത്തിന്റെ പേര്	സ്ഥാപിച്ച വർഷം എണ്ണം	ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ/ തൊഴിലാളികളുടെ	ഓഹരി മൂലധനം	വാർഷിക ടേൺഓവർ	ലാഭത്തിലോ നഷ്ടത്തിലോ
1.	സെൻട്രിഗൽ റോക്ക് എസ്റ്റേറ്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറാർ	1993	950	2	2,59,80022		ലാഭത്തിൽ
2	കുന്നമ്പറ്റ ക്ഷീര വ്യവസായ സഹകരണസംഘം	1968	596	22	/120	5242153.33	നഷ്ടത്തിൽ
3	മേപ്പാടി കോ-ഓപ്പ. കൺസ്യൂമർ സ്റ്റോർ	1988	448		/0525		നഷ്ടത്തിൽ
4	ഐന്ത്ര എസ്റ്റേറ്റ് എംപ്ലോയീസ് കോ-ഓപ്പ. സൊസൈറ്റി	1984	698		1,18,860		നഷ്ടത്തിൽ
5	മേപ്പാടി പഞ്ചായത്ത് വനിത കോ-ഓപ്പ. കൺസ്യൂമർ സ്റ്റോർ സംഘം	1984	190		8030		നഷ്ടത്തിൽ

സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ അവലോകനം

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് കോ-ഓപ്പറേറ്റീവ് ബാങ്കുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

രണ്ട് ബാങ്കുകളും വർഷം തോറും കൃഷിക്കാർക്ക് കാർഷിക വായ്പകളും (ഹ്രസ്വകാല, മധ്യകാല വായ്പകളും തേയില കൃഷി ആരംഭിക്കുന്നതിനുള്ള ദീർഘകാല വായ്പയും) സ്വർണ്ണപണയ വായ്പകളും മറ്റും നൽകി വരുന്നുണ്ട്.

ബാങ്കുകളുടെ പ്രവർത്തനത്തിന് പൊതുജനങ്ങളിൽ നിന്നും പ്രസ്വകാല നിക്ഷേപങ്ങളും സ്ഥിരം നിക്ഷേപങ്ങളും സ്വീകരിക്കുന്നു.

കാർഷിക വായ്പകളുടെ തിരിച്ചടവിൽ ഉണ്ടാകാറുള്ള കാലതാമസം ബാങ്കുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. ഒരിക്കൽ കേന്ദ്ര സർക്കാർ നടപ്പാക്കിയ കാർഷിക വായ്പ എഴുതിതള്ളൽ നിമിത്തം കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് വൻ നഷ്ടങ്ങൾ സംഭവിച്ചു. തുടർന്നു വായ്പ എഴുതിതള്ളൽ ഉണ്ടാവുമെന്ന വ്യാമോഹം കർഷകർ വെച്ചു പുലർത്തുമെന്നത് വായ്പ തിരിച്ചടവിനെ ബാധിക്കുന്നു.

കാർഷിക വിളവെടുപ്പ് സമയങ്ങളിൽ സാധാരണ ഉൽപ്പന്നങ്ങൾക്കുണ്ടാകാറുള്ള വിലയിടിവ് വായ്പാ തിരിച്ചടവിലെ കാലതാമസത്തിന് കാരണമാകുന്നു.

സഹകരണ ജീവനക്കാരുടെ വേതന നിരക്ക് നിലവിൽ സർക്കാരാണ് നിശ്ചയിക്കുന്നത്. വരുമാനത്തിനാനുപാതികമായ വേതനം നൽകാൻ ബാങ്കുകൾക്ക് കഴിയാതെ വരുന്നു. ഇതോടൊപ്പം ജോലി ഭാരത്തിനാനുപാതികമായ എണ്ണത്തിലധികം ജീവനക്കാരുള്ളത് ബാങ്കുകളെ കൂടുതൽ കട ബാദ്ധ്യതകളിലേക്ക് തള്ളിവിടുന്നു. സർവ്വീസ് സഹകരണ ബാങ്കുകളുടെ ജീവനക്കാരുടെ വേതനം നിർണ്ണയിക്കാനുള്ള അധികാരം അതതു ഭരണ സമിതികൾക്ക് നൽകുന്നത് ബാങ്കുകളുടെ പ്രവർത്തനങ്ങൾക്ക് ഗുണകരമായിരിക്കും. നിലവിലുള്ള ചില വായ്പാ നിയമങ്ങൾ കർഷകർക്ക് വളരെ അധിക ദ്രോഹം ചെയ്യുന്നു. ഉദാഹരണത്തിനായി പണയാധാരത്തിന് കർഷകർ വിവിധ ഇനം ഫീസുകൾക്കായി 1000 മുതൽ 2000 രൂപ വരെ ചിലവാക്കേണ്ടതായി വരുന്നു. വയനാട്ടിലെ പല സഹകരണ ബാങ്കുകളെയും ഈ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിലെ രണ്ട് സർവ്വീസ് സഹകരണ ബാങ്കുകളിലുമായി 8000ത്തിൽ താഴെ വരുന്ന ആളുകൾ മാത്രമാണ് അംഗങ്ങളായുള്ളത്. ജനസംഖ്യയുടെ ഭൂരിഭാഗം വരുന്ന ചെറുകിട കർഷകർ, കർഷക തൊഴിലാളികൾ തോട്ടം തൊഴിലാളികൾ എന്നിവരിൽ 70%ത്തോളം സഹകരണ ബാങ്കുകളിൽ അംഗങ്ങളല്ല.

പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി സാമ്പത്തി, സാമൂഹിക ബന്ധങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളുൾക്കൊണ്ട് ഒരു പുതിയ പ്രവർത്തന ശൈലി രൂപപ്പെടുത്തേണ്ടത്, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ ലാഭത്തിൽ കൊണ്ടു വരുന്നതിന് അനിവാര്യമായും വേണ്ടുന്ന കാര്യമാണ്.

സഹകരണ തത്വങ്ങൾ അനുശാസി

ക്കുന്നത്പോലെ ഗ്രാമതലങ്ങളിൽ കർഷകർ, കർഷക തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ എന്നിവർക്കിടയിൽ സഹകരണ മേഖലയുടെ പ്രാധാന്യത്തെക്കുറിച്ചും സാധ്യതകളെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ്സുകൾ വ്യാപകമായി നടത്തേണ്ടതുണ്ട്.

ഇപ്പോഴുള്ള സഹകരണ നിയമ പ്രകാരം ഡിപ്പാർട്ട്മെൻറിനുള്ള മേധാവിത്വം അവസാനിപ്പിച്ച്, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കൂടുതൽ ജനാധിപത്യപരമായ സ്വയംഭരണാവകാശം നൽകേണ്ടതാണ്. നിലവിൽ രജിസ്ട്രാർക്കുള്ള അമിതാധികാരങ്ങൾ വെട്ടിച്ചുരുക്കുകയും, സംഘങ്ങൾക്ക് സ്വതന്ത്രമായി ജനാധിപത്യരീതിയിൽ പ്രവർത്തിക്കാനുള്ള അധികാരം നൽകുന്നതിനുള്ള നിയമം നടപ്പാക്കുകയും വേണം.

സഹകരണ മേഖലയിലെ സംരഭകത്വ സാധ്യതകൾ

കാർഷിക പ്രാധാന്യമുള്ള ഒരു സമൂഹത്തിൻെറ സാമ്പത്തിക വളർച്ചയിൽ സഹകരണ സ്ഥാപനങ്ങൾക്കുള്ള പ്രാധാന്യത്തെകുറിച്ച് ഗ്രാമീണ ജനത ഇന്നും അജ്ഞരാണ്. അശാസ്ത്രീയമായ കൃഷി രീതികളും കാർഷികോൽപ്പന്നങ്ങളുടെ വിപണന രംഗങ്ങളിൽ കലാനുസൃതമായി ഉണ്ടാവേണ്ട മാറ്റങ്ങളുടെ അഭാവവും ഈ മേഖലയുടെ മുരടിപ്പിന് കാരണമാവുന്നു.

ലഭ്യമായ അസംസ്കൃത സാധനങ്ങളുപയോഗിച്ചുള്ള ചെറുകിട വ്യവസായ സംരഭകത്വങ്ങൾ, വിദഗ്ദ്ധമായ സംരഭകത്വ പരിശീലനത്തിൻെറ അഭാവത്താൽ ഇല്ലാതാവുന്നു.

കാർഷികോൽപ്പന്നങ്ങൾക്ക് പുത്തൻ വിപണനതന്ത്രങ്ങളാവിഷ്ക്കരിക്കുകയും, പ്രദേശികമായി ലഭ്യമാവുന്ന അസംസ്കൃത സാധനങ്ങളെ ചെറുകിട വ്യാവസായികോൽപ്പന്നങ്ങളാക്കി മാറ്റുകയും ചെയ്യുന്നത് വഴി ഗ്രാമീണ യുവജനങ്ങളുടെ തൊഴില്ലില്ലായ്മയ്ക്ക് ചെറിയ തോതിലെങ്കിലും പരിഹാരം കാണുന്നതിനും മൊത്തത്തിൽ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കും. ഇതിനായി കക്ഷി രാഷ്ട്രീയ ജാതി മത വിഭാഗീയ ചിന്തകൾക്കതീതമായി മുഴുവൻ ജനതയുടെയും സഹകരണാടിസ്ഥാനത്തിലുള്ള കൂട്ടായ്മ അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാവുന്ന ചില സംരംഭങ്ങൾ

1. നെൽകൃഷിക്കാരുടെ സഹകരണ സംഘം

ജനങ്ങളുടെ മുഖ്യ ഭക്ഷ്യോൽപ്പന്നം അരി ആണെന്നിരിക്കെ നെൽകൃഷിയുടെ തോത് വർഷംതോറും കുറഞ്ഞ് വരുന്നതായി കാണാം. ഇതുമൂലം അരി ലഭിക്കുന്നതിന് കൂടുതലായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. നെൽകൃഷിക്കാരുടെ സഹകരണസംഘം രൂപീകരിക്കുകയും ഗ്രൂപ്പ് ഫാമിംങ്ങ്, നവീന യന്ത്രോപകരണങ്ങളുടെ ഉപയോഗം എന്നിവ വഴി നെൽകൃഷി ലാഭകരമാക്കാവാനുള്ള ശ്രമം നടത്തുക. കൃഷിക്കാർക്ക് ന്യായവില ലഭ്യമാക്കുന്നതിനായി സംഘത്തിൻെറ നേതൃത്വത്തിൽ വിപണന വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുക. ഇതിന് അനുബന്ധ സ്ഥാപനങ്ങളായി അരിമില്ലുകൾ സ്ഥാപിക്കുകകയും മൂല്യ വർദ്ധിത (Value

added) ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും സാദ്ധ്യമാക്കാം (ഉദാ :- പായ്ക്കറ്റിലുള്ള അരി, അരിപ്പൊടി മുതലായവ) തവിടിൽ നിന്നുള്ള എണ്ണ നിർമ്മാണം, കോഴിത്തീറ്റ നിർമ്മാണം എന്നിവ തുടങ്ങുന്നതിനുള്ള ഒരു അനുബന്ധ വ്യവസായത്തിനുള്ള സാധ്യത കൂടിയുണ്ട്.

2. സഹകരണ തേയില ഫാക്ടറി

പഞ്ചായത്തിൽ വൻകിട, ചെറുകിട തേയില തോട്ടങ്ങൾ ധാരാളമായുണ്ട്. വൻകിട തേയില തോട്ടങ്ങൾക്ക് സ്വന്തമായി ഫാക്ടറികൾ ഉണ്ട്. ചെറുകിട തേയില കൃഷിക്കാർക്ക് തേയിലച്ചപ്പ് വിപണനത്തിനായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. തേയില കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട കർഷകരെ യോജിപ്പിച്ചുകൊണ്ടുള്ളൊരു തേയില ഫാക്ടറി ചെറുകിട കർഷകർക്ക് വലിയൊരാശ്വാസമാവും. അതോടൊപ്പം സാങ്കേതിക പരിജ്ഞാനം ലഭിച്ചതൊഴിൽ രഹിതരായ യുവാക്കൾക്ക് ധാരാളം തൊഴിലവസരങ്ങൾ ലഭിക്കുകയും ചെയ്യും.

3. മൂല്യ വർദ്ധിത സുഗന്ധ വ്യജ്ഞനങ്ങ (Value added Spices)ളുടെ ഉൽപ്പാദനം, വിപണനം, കാപ്പിപ്പൊടി ഉൽപ്പാദനം വിപണനം സ്ഹകരണാടിസ്ഥാനത്തിൽ നടത്തുന്നതിനായുള്ള സംരംഭം.

കാർഷികോൽപ്പന്നങ്ങളുടെ ഗുണനിലവാരം കുറഞ്ഞ ചിലവിൽ മെച്ചപ്പെടുത്തി ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനുള്ള സാങ്കേതിക ജ്ഞാനം ഗ്രാമീണ ജനതയ്ക്ക് ലഭ്യമല്ല. ഉൽപ്പന്നങ്ങളുടെ പാക്കിംഗ് മറ്റും പഴഞ്ചൻ രീതികൾ തന്നെയാണ് ഗ്രമീണ കർഷക ജനത അവലംബിക്കുന്നത്. ഈ രംഗത്ത് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി, കാർഷികോൽപ്പന്നങ്ങൾക്ക് കൂടുതൽ വലി ലഭിക്കുന്നതിനും, ഉൽപ്പന്നങ്ങളുടെ കയറ്റുമതി നേരിട്ട് നടത്താനുള്ള സാധ്യതകളടക്കം ആരായാവുന്നതാണ്. ഇതിനായി വൻകിട, ചെറുകിട കാപ്പി, കുരുമുളക് തോട്ടമുടമകളെ സഹകരിപ്പിച്ചു കൊണ്ട് ഒരു സഹകരണ സംഘം ആരംഭിക്കാം. സഹകരണ സംഘത്തിന്റെ ലേബലിലുള്ള കാപ്പിപ്പൊടി, വെള്ള കുരുമുളക് (White Pepper) എന്നിവ ഈ രംഗത്തെ സാധ്യതകളാണ്.

4.പച്ചക്കറി, പൂക്കൾ എന്നിവയുടെ കൃഷി വ്യാപനത്തിനും, വിപണനത്തിനുമായുള്ള സഹകരണ സംഘം -

പച്ചക്കറി പൂക്കൾ എന്നിവയുടെ വർദ്ധിച്ചു വരുന്ന ഉപഭോഗത്തിനനുസൃതമായ ഉൽപ്പാദനം പഞ്ചായത്തിലെ ഗ്രാമങ്ങളിൽ നടക്കുന്നില്ല. അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഉൽപ്പന്നങ്ങളുടെ ഉപയോഗമാണ് ഇവിടെ നടക്കുന്നത്. വൻകിട തേയില തോട്ടങ്ങളിൽ തൊഴിലാളികൾക്ക് പച്ചക്കറി കൃഷിക്കായി അനുവദിച്ചുകിട്ടാറുള്ള സ്ഥലങ്ങൾ മുഴുവനായി തൊഴിലാളി ഈ ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടെന്നുറപ്പു വരുത്തണം. സ്ത്രീകൾക്ക് (പ്രത്യേകിച്ച് വീട്ടമ്മമാർക്ക്) പ്രാതിനിധ്യം ഉറപ്പു വരുത്തിക്കൊണ്ടുള്ള ഒരു സഹകരണ സംഘം രൂപീകരിക്കേണ്ട താവശ്യമാണ്. കൃഷിഭവൻ മുഖേന കുറഞ്ഞ നിരക്കിൽ പച്ചക്കറി വിത്തുകളും പുകൃഷിക്കാവശ്യമായ കുറ്റിമുല്ല തുടങ്ങിയ ചെടികളും വിതരണം ചെയ്താൽ പച്ചക്കറി

കൃഷിയുടെയും, പൂക്കളുടെ കൃഷിയുടെയും വ്യാപനത്തിനും വിപണനത്തിനും (പഞ്ചായത്ത് അടിസ്ഥാനത്തിൽ) ഉള്ള പദ്ധതികൾ സഹകരണ സംഘത്തിന് ആസൂത്രണം ചെയ്യാവുന്നതാണ്.

5. ഇറച്ചികോഴി, കോഴിമുട്ട ഉൽപ്പാദകരുടെ സഹകരണ സംഘം.

വിവാഹം, ഗൃഹപ്രവേശം തുടങ്ങി അനവധി വിശേഷാവസരങ്ങൾക്കായി പഞ്ചായത്തിൽ വളരെ അധികം ഇറച്ചി കോഴി, കോഴിമുട്ട എന്നിവയുടെ വിപണനം നടക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഇറച്ചികോഴികളും കോഴിമുട്ടയുമാണ് ഈ രംഗത്ത് പഞ്ചായത്തിലുള്ള നാമമാത്ര സംരംഭകർക്ക് അയൽസംസ്ഥാനങ്ങളിൽ നിന്നുള്ള കുത്തകകളുടെ ചൂഷണം നേരിടേണ്ടി വരുന്നു. പഞ്ചായത്തിൽ ഈ രംഗത്ത് നിലവിലുള്ള സംരംഭകരെ യോജിപ്പിച്ചുകൊണ്ട് ഒരു സഹകരണ സംഘം തുടങ്ങാവുന്നതാണ്. പഞ്ചായത്തിൽ ഉപയോഗം ചെയ്യപ്പെടുന്ന ഇറച്ചി കോഴിയുടെയും കോഴിമുട്ടയുടെയും ശരാശരി കണക്കറിഞ്ഞാൽ ഒട്ടേറെ പുതിയ സംരംഭകരെ ഈ രംഗത്ത് കൊണ്ടു വരാൻ കഴിയും.

6. പൈങ്ങ-പാക്ക്, പഴവർഗ്ഗ സംസ്ക്കരണവുമായി ബന്ധപ്പെട്ട സഹകരണ സംഘം

ചെറുകിട വൻകിട തോട്ടങ്ങളിൽ ഇടവിളകളായി കവുങ്ങ്, പഴവർഗ്ഗങ്ങൾ (പ്രധാനമായും ചക്ക) എന്നിവ വളരുന്നു. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച (ഐ.ടി.ഐ. പോളിടെക്നിക്ക്) തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് ഈ മേഖലയിലുള്ള സാങ്കേതിക പരിജ്ഞാനം ലഭിച്ചാൽ (STED Project പോലുള്ള സംഘടനകൾക്ക് ഈ രംഗത്ത് സഹായിക്കാൻ പറ്റും) അവരുടെ നേതൃത്വത്തിൽ സഹകരണസംഘം രൂപീകരിക്കുകയും യുവജനങ്ങളുടെ തൊഴിലില്ലായ്മയ്ക്ക് ചെറിയ ഒരു പരിഹാരം കാണാൻ ഇതുവഴി സാധിക്കുകയും ചെയ്യും. കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിപണനം ചെയ്യുകയും ചെയ്യാം.

7. ഉപഭോക്തൃ സഹകരണ സംഘങ്ങൾ വൻകിട ചായത്തോട്ടം മേഖലകളിൽ തൊഴിലാളികൾ നടത്തുന്ന ഉപഭോക്തൃ സഹകരണ സംഘങ്ങൾ അതത് പ്രദേശത്തെ ജനങ്ങൾക്ക് വളരെ അധികം ഉപകാരപ്രദമാവുന്നു. ലാഭകരമായി പ്രവർത്തിക്കുന്ന ഉപഭോക്തൃ സംഘങ്ങളെ മാതൃകയാക്കിക്കൊണ്ട് ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഇല്ലാത്ത തോട്ടം മേഖലകളിൽ തൊഴിലാളികളുടെ പൂർണ്ണമായ പങ്കാളിത്തത്തോടെ പുതിയവ രൂപീകരിക്കുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ പൊതുജനങ്ങളുടെ സഹകരണത്തോടെ ലാഭത്തിൽ കൊണ്ടു വരുകയും ചെയ്യണം. നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഉപഭോക്തൃ സഹകരണ സംഘങ്ങളെ പൊതുജന പങ്കാളിത്തത്തോടെ പുനഃരുദ്ധരിക്കുകയും സാധ്യമായ വാഡുകളിൽ പൊതുജന പങ്കാളിത്തത്തോടെ പുതിയ ഉപഭോക്തൃ സഹകരണ സംഘങ്ങൾ കൊണ്ടു വരുകയും വേണം.

8. വിദ്യാഭ്യാസ സഹകരണ സംഘം - വിസ്തൃതിയിൽ ജില്ലയിലെ ഏറ്റവും വലിയ പഞ്ചായത്തായ മേപ്പാടി പഞ്ചായത്തിൽ ഉന്നത പഠനത്തിനായുള്ള സ്ഥാപന

ങ്ങൾ ഒന്നും തന്നെയില്ല. ഉന്നത വിദ്യാഭ്യാസത്തിന് ജില്ലയിലും വളരെ പരിമിതമായ സൗകര്യങ്ങളെ ഉള്ളൂ. വളരെ അധികം വിദ്യാർത്ഥികൾ പഞ്ചായത്തിൽ നിന്നും അയൽ ജില്ലകളിലേക്കും അയൽ സംസ്ഥാനങ്ങളിലേക്കും പോകുന്നുണ്ട്. വിദ്യാഭ്യാസമേഖലയിൽ തൽപ്പരമായ ആളുടെ ഒരു വിദ്യാഭ്യാസ സഹകരണ സൊസൈറ്റി രൂപീകരിക്കുകയും സ്കൂൾ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും ഉന്നത വിദ്യാഭ്യാസ രംഗത്ത് പറ്റുന്ന കാര്യങ്ങൾ ചെയ്യുകയും ചെയ്യാം. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് പരിമിതമായെങ്കിലും തൊഴിൽ നൽകാൻ ഇതുമൂലം സാധിക്കും.

9. ഭവന നിർമ്മാണ വായ്പാ സഹകരണസംഘം

പഞ്ചായത്തിലെ ചെറുകിട കർഷകർ, തൊഴിലാളികൾ എന്നിവർക്കായി ഒരു ഭവന നിർമ്മാണ വായ്പാ സഹകരണ സംഘം സ്ഥാപിക്കാം. ഇതിനൊരനുബന്ധ സ്ഥാപനമായി നിർമ്മിതി കേന്ദ്രവുമായി സഹകരിച്ച് ഭവന നിർമ്മാണ സാമഗ്രികൾ, ഇഷ്ടിക (ഹോളോബ്രിക്സ്) എന്നിവ നിർമ്മിച്ച് വിതരണം നടത്തുന്ന ചെറുകിട വ്യവസായ യൂണിറ്റുകളും സ്ഥാപിക്കാം.

10. വനിത ചെറുകിട വ്യവസായ സഹകരണസംഘം

പഞ്ചായത്തിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വനിതകളെയും (പപ്പട നിർമ്മാണം, അച്ചാർ നിർമ്മാണം എന്നിവ) ചെറുകിട വ്യവസായ യൂണിറ്റുകൾ നടത്തുന്ന വനിതകളെയും (തയ്യൽ റെഡിമെയ്ഡ് നിർമ്മാണം എന്നിവ) സഹകരിപ്പിച്ചുകൊണ്ടുള്ള വനിത ചെറുകിട വ്യവസായ സഹകരണസംഘം ആരംഭിക്കാം. വിപണന രംഗത്തും ഉൽപ്പാദന രംഗത്തും നൂതന മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനെ കുറിച്ചന്വേഷിക്കാം.(ഉദാ:- ഷോപ്പർ ബാഗ്, കുട നിർമ്മാണം തുടങ്ങി പ്രാദേശികമായി ആവശ്യാനുസരണമുള്ള സാധനങ്ങളുടെ നിർമ്മാണവും ന്യായവിലയ്ക്കുള്ള വിതരണവും.)

11.ലേബർ കോൺട്രക്ട് സൊസൈറ്റി

പഞ്ചായത്തിലെ നിർമ്മാണ തൊഴിലാളികളെ സഹകരിപ്പിച്ചു കൊണ്ട് ഒരു ലേബർ കോൺട്രക്ട് സൊസൈറ്റി രൂപീകരിക്കാം. ഈ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും നിലവിൽ ഈ മേഖലയിലുള്ള ചൂഷണം അവസാനിപ്പിക്കാനും സാധിക്കും.

12. സഹകരണ ആശുപത്രി

ആരോഗ്യ രംഗത്ത് സർക്കാർ ആശുപത്രികളിലെ അപര്യാപ്തതകൾക്കൊണ്ട് പൊതുജനങ്ങൾ രോഗ നിവാരണങ്ങൾക്കായി സ്വകാര്യ ആശുപത്രികളെ അഭയം പ്രാപിക്കുന്നു. അതുകൊണ്ടു തന്നെ സ്വകാര്യ ആശുപത്രികൾ രോഗികളെ വൻചൂഷണത്തിന് (സാമ്പത്തികമായി) വിധേയരാക്കുന്നു.

പൊതുജനങ്ങളുടെ സഹകരണത്തോടെ, ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധരെ (ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ മറ്റ് ആരോഗ്യ പ്രവർത്തകർ)ഉൾപ്പെടുത്തി മേപ്പാടി കേന്ദ്രമായി ഒരു സഹകരണ ആശുപത്രിയ്ക്കുള്ള

സാധ്യതകളുണ്ട്.

13. സഹകരണ നഴ്സറി

പഞ്ചായത്തിൽ കാർഷിക ആവശ്യങ്ങൾക്കായി കാപ്പി, തേയില കുരുമുളക്, തെങ്ങ്, കവുങ്ങ് മറ്റ് പഴവർഗ്ഗങ്ങൾ എന്നിവയുടെ തൈകൾ ഉൽപാദിപ്പിച്ച് വിൽപ്പന നടത്തുന്നവരെ സഹകരിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ അവയുടെ ഉൽപ്പാദനവും വിപണനവും നടത്താവുന്നതാണ്.

സഹകരണം വിദ്യാഭ്യാസം -

വയനാട് ജില്ലയിൽ സഹകരണ വിദ്യാഭ്യാസ രംഗത്ത് പരിമിതമായ സൗകര്യങ്ങളെ ഉള്ളൂ. സഹകരണ വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് മാത്രം സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു സ്ഥാപനം മാത്രമേ നിലവിലുള്ളൂ. (കരണിയിൽ)ഈ സ്ഥാപനം എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയുക്തമാകുന്ന രീതിയിൽ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുന്ന സ്ഥാപന മായി മാറണം.

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ കാലാനുസൃതമായി വരുത്തേണ്ട മാറ്റങ്ങൾക്ക് നേതൃത്വം നൽകാനുതകുന്ന തരത്തിലുള്ള പ്രൊഫഷണൽ മാനേജ്മെൻറ് പരിശീലനങ്ങൾ, ജില്ലയിലെ യുവതമുറയ്ക്ക് നൽകാൻ കഴിവുള്ള സ്ഥാപനമായി ഇത് ഉയരണം.

സ്കൂൾ പാഠ്യ പദ്ധതികളിലടക്കം സഹകരണ മേഖയ്ക്ക് അർഹമായ പ്രാധാന്യം നൽകണം, സ്കൂൾ തലങ്ങളിൽ സഹകരണ മേഖലയുടെ പ്രാധാന്യത്തെക്കുറിച്ചും സഹകരണ വിദ്യാഭ്യാസത്തിൻെറ സാധ്യതകളെ കുറിച്ചും ബോധവൽക്കരണം ആവശ്യമാണ്.

കർഷകർ, തൊഴിലാളികർ എന്നിവർക്കിടയിൽ വ്യാപകമായ സഹകരണ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതുണ്ട്.

സഹകരണ സംഘങ്ങളുടെ വാർഷിക ജനറൽ ബോഡികൾ- സംഘങ്ങളുടെ വാർഷിക ജനറൽ ബോഡികളിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തണം. ഇതിനായി എല്ലാ രാഷ്ട്രീയ കക്ഷികളും ബഹുജന സന്നദ്ധ സംഘടനകളും പ്രത്യേകം ശ്രദ്ധിക്കണം.

ജനങ്ങളുടെ ഉന്നമനത്തിനായി ജനങ്ങൾതന്നെ നടത്തുന്ന ജനങ്ങളുടെ സ്ഥാപനങ്ങളായി സഹകരണ സ്ഥാപനങ്ങൾ മാറണം. സ്ഥാപനങ്ങളുമായി അംഗങ്ങൾക്കുള്ള നിരന്തരമായ ഇടപെടലുകളിലൂടേയും സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി വ്യക്തിഗതമായ സംഭാവനകളിലൂടേയും ജനങ്ങളുടെ ജീവിതനിലവാരമുയർത്തുന്ന സഹകരണ സ്ഥാപനങ്ങൾ നൂട്ടിൽ പടുത്തുയർത്താം.

ക്ഷീര വ്യവസായ സഹകരണ സംഘം

പഞ്ചായത്തിൽ നിലവിലുള്ള ക്ഷീരവ്യവസായ സഹകരണസംഘങ്ങളുടെ (കുന്നമ്പറ്റ ക്ഷീര വ്യവസായ സഹകരണ സംഘം, മൂപ്പൈനാട് ക്ഷീര വ്യവസായ സഹകരണ സംഘം) 5, 6, 7 വാർഡുകൾ ചേർത്ത് ചൂരൽമലയിലും 13, 14, 15 വാർഡുകൾ ചേർത്ത് തൃക്കൈപ്പറ്റയിലും

പാൽ സഹകരണസംഘങ്ങൾ രൂപീകരിക്കണം.

നിലവിലുള്ള സംഘങ്ങളുടെ സേവനം ലഭ്യമാക്കുകയോ വില്ലേജ് അടിസ്ഥാനത്തിൽ പുതിയ സംഘം രൂപീകരിക്കു

കയോ ചെയ്യാം.

മേപ്പാടി ഗിരിജൻ സൊസൈറ്റി കൽപ്പറ്റ, മെപ്പാടി ഫോറസ്റ്റ് ഓഫീസിന്റെ പ്രവർത്തന-മേഖലയിൽ നിന്നും വന വിഭാഗങ്ങൾ ശേഖരിക്കുന്ന ജോലി ഇന്ന് ആദിവാസികൾക്കു നൽകുന്നു. പ്രസ്തുത മേഖലയിലെ വനങ്ങളിൽ ഔഷധ ചെടികൾ വളർത്തൽ പദ്ധതി ആരംഭിച്ചാൽ ഈ രംഗത്ത് ആദിവാസി കൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിക്കും. പദ്ധതി ലാഭകരവുമാണ്.

1) ലോൺ, വളം എന്നിവ കൃഷി പണികൾക്കനുയോജ്യമായി സർവ്വീസ് സഹകരണ ബാങ്കുകൾ മെമ്പർക്കു നൽകുവാൻ തയ്യാറാവണം.

2)വാർഡുകൾത്തോറും കൺസ്യൂമർ സ്റ്റോർ കൊണ്ടു വരുന്നത് പലപ്പോഴും നഷ്ടത്തിൽ കലാശിക്കുമെന്നതിനാലും പ്രയോഗികമല്ലാത്തതിനാലും പഞ്ചായത്ത് കേന്ദ്രീകരിച്ച് കൺസ്യൂമർ സ്റ്റോർ രൂപീകരിച്ചു പ്രവർത്തിക്കേണ്ടതാണ്.

3) രാസവള വിതരണത്തിനായി പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒരു ഓൾ സെയിൽ വളംകട ഉണ്ടാവേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം -

വലിപ്പത്തിലും ജനസംഖ്യയിലും മേപ്പാടി ഗ്രാമപഞ്ചായത്ത് മുന്നിൽ നിൽക്കുന്നു. അതേ സമയം പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗം ഇവിടത്തെ ന്യൂനപക്ഷമാണ്. ഇവർ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും മറ്റ് ജനവിഭാഗങ്ങളിൽ നിന്നും വളരെ പിന്നിലാണ്. പട്ടികജാതി വിഭാഗം ഗ്രാമ പഞ്ചായത്തിലെ മൂന്നിടങ്ങളിലായി സങ്കേതങ്ങളിലും മറ്റ് വാർഡുകളിൽ മറ്റ് വിഭാഗങ്ങളുമായി ഇടകലർന്നും താമസിച്ചു വരുന്നു. 1991 ലെ സെൻസസ് പ്രകാരം ഇവർ 4708 പേരുണ്ട്. പട്ടികജാതിക്കാരിൽ ചക്ലിയൻ, പളളൻ, ആദിദ്രാവിഡ എന്നീ തമിഴ് വിഭാഗക്കാരാണ് ഇവിടെയുള്ളതെന്നാണറിവ്. പട്ടികവർഗ്ഗക്കാർ മേപ്പാടി ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിൽ 75 ഓളം സങ്കേതങ്ങളിൽ താമസിച്ചു വരുന്നു. ഇവരുടെ ജനസംഖ്യ 1991 ലെ കണക്കുപ്രകാരം 3858 ആണം. ഇവർ കുറിച്യർ, കുറുമർ, കാട്ടുനായ്ക്കർ, പണിയർ എന്നീ വിഭാഗക്കാരാണ്. സമൂഹവുമായി വളരെ അകന്നു കഴിയുന്ന പട്ടിക വർഗങ്ങളെ സംബന്ധിച്ചിടത്തോളം ആരോഗ്യ രംഗത്ത് ആവശ്യമായ ശ്രദ്ധ പതിയുന്നില്ല. അതുകൊണ്ട് തന്നെ പരിസര ശുചിത്വമില്ലായ്മയും മറ്റും കാരണം ഈ വിഭാഗത്തിനിടയിൽ ക്ഷയം, അനീമിയ തുടങ്ങിയ സാക്രമിക രോഗങ്ങൾ പിടിപ്പെടുന്നു. ചെറിയ കാലം കൊണ്ട് വാർദ്ധക്യത്തിലെത്തുന്നു. ഇക്കാരങ്ങളാൽ ഇവർ തൊഴിൽ മേഖലകളിൽ നിന്നും പിന്തളളപ്പെടുന്നു. തത്ഫലമായി കോളനികളിൽ പട്ടിണിയും ദാരിദ്ര്യവും നിലനിൽക്കുന്നു. ആവശ്യമായ ബോധവൽക്കരണവും ചികിത്സയും ലഭിക്കാത്തതു കാരണം ഇവരുടെ ആരോഗ്യം മോശമായി വരുന്നു. മരണം ആക്രമിക്കുന്നു.

കോളനികളുടെ പൊതുസ്ഥിതിയെക്കുറിച്ച് പ്രതിപാദിക്കുമ്പോൾത്തന്നെ തൃപ്തികരമല്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. മുഴുവൻ കോളനികളിലും വാസയോഗ്യമായ വീടുകളില്ല. ആവശ്യാനുസരണം കുടിവെളളം ലഭിക്കു

ന്നില്ല. പല കോളനികളിലും സർക്കാർ ഏജൻസികൾ കക്കൂസുകൾ നിർമ്മിച്ചു കൊടുത്തെങ്കിലും അവയെല്ലാം ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലാണുള്ളത്. പല കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല.

വിദ്യാഭ്യാസ സൗകര്യങ്ങൾ വളരെ പരിമിതമാണ്. പല കോളനികളിൽ നിന്നും എൽ.പി.സ്കൂളുകളിലെത്താൻ കിലോമീറ്ററുകളോളം നടക്കേണ്ടി വരുന്നു. യു.പി.സ്കൂളുകളിലും ഹൈസ്കൂളുകളിലും എത്തിപ്പെടാൻ തന്നെ കിലോമീറ്ററുകൾ നടക്കണം. ഇതുകൊണ്ടു തന്നെ ഇവർ പ്രൈമറി വിദ്യാഭ്യാസം പൂർത്തീകരിക്കാതിരിക്കുകയും വളരെ കുറച്ചു പേർ മാത്രം ഹൈസ്കൂളുകളിൽ എത്തുകയും ചെയ്യുന്ന അവസ്ഥയാണ് കാണപ്പെടുന്നത്. രക്ഷിതാക്കളുടെ ബോധമില്ലായ്മയും നിരക്ഷരതയും കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. കൂടാതെ ജീവിത പ്രയാസങ്ങളിൽ നിന്നും രക്ഷപ്പെടാൻ കുട്ടികളെ കൂടി തൊഴിലിലേയ്ക്കിറക്കുന്ന പ്രവണതയും ഉണ്ട്. ആദിവാസി പണിയ നായ്ക്കൻമാരുടെ വർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞു പോക്ക് ഒരു വലിയ പ്രശ്നമാണ്. ഇതിന് രക്ഷിതാക്കളെ ബോധവൽക്കരിക്കാനുള്ള ശ്രമം വേണം. എങ്കിൽ മാത്രമേ ഈ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിയൂ.

സ്വന്തമായി ഭൂമി ഉള്ളവരും ഇല്ലാത്തവരും കാർഷിക മേഖലയിൽ തന്നെയാണ് തൊഴിൽ കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ മേഖലയിൽ തന്നെ തൊഴിലവസരങ്ങൾ കുറവാണ്. ഇവരിൽ 60% പേരും സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവരാണ്. മറ്റു ഇവരുടെ ആശ്രയത്തിലാണ് ഈ വിഭാഗം കഴിഞ്ഞു പോകുന്നത്.

പട്ടികജാതി-പട്ടികവർഗത്തിൽപ്പെട്ട ആളുകൾ ജനസംഖ്യാനുപാതത്തിന്റെ 9% പേര ബഹുജനപ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചു വരുന്നു. പ്രത്യേക പദവികൾ ഒന്നും തന്നെ ഈ വിഭാഗത്തിൽപ്പെട്ടവർക്കില്ല. ജാതിപരമായ ഉച്ചനീചത്വങ്ങൾ ഇപ്പോൾ നിലനിൽക്കുന്നില്ല. പട്ടികവർഗങ്ങളുടെ വിവാഹച്ചടങ്ങുകളിൽ മറ്റുള്ളവർ പങ്കെടുക്കുന്നതും ഇവരുടെ വീടുകളിൽ നിന്ന് ഭക്ഷണം കഴിക്കുന്നതും വളരെ വിരളമാണ്. ജാതി പറഞ്ഞു വിളിക്കുന്ന സ്വഭാവം നിലവിലില്ല.

ഒമ്പതാം പഞ്ചവൽസര പദ്ധതിയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിന് ഈ വർഗങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം എന്നിവയിൽ മുൻതൂക്കം നൽകിയുള്ള പദ്ധതികളും തൊഴിൽ, പ്രാഥമികാവശ്യങ്ങൾ എന്നിവയ്ക്കുള്ള പദ്ധതികളും ഇതോടൊപ്പം താഴെ ചേർക്കുന്നു.

1. ഭവന നിർമ്മാണം

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി പല സർക്കാർ ഏജൻസികളും പരിമിതമായ ഗ്രാൻറ് അനുവദിച്ചുകൊണ്ട് വീടുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. ഈ വീടുകൾ പലതും വാസയോഗ്യമല്ല. ഓടയിൽ നിർമ്മിച്ചതും താഴ്ന്ന മരങ്ങൾ, ഓടുകൾ എന്നിവകൊണ്ട് നിർമ്മിച്ചതാണ്. ഇവയെല്ലാം തന്നെ നോമിനികളെക്കൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്. സമയപരിധിക്കുള്ളിൽ പണി തീർക്കേണ്ട സാഹചര്യ

ത്തിലും മറ്റ് താൽപര്യങ്ങളാലും ഈ വീടുകളുടെ നിർമ്മാണമെല്ലാം ഒരു കടശാരമായി കഴിക്കുകയാണുണ്ടായത്. സ്വന്തം വീടു നിർമ്മിക്കുന്നതിനു ഗുണഭോക്താക്കൾക്ക് യാതൊരു താൽപര്യവും ഉണ്ടായിരുന്നില്ല. കാലവർഷം തുടങ്ങിയാൽ പെയ്തിറങ്ങുന്ന മഴ മുഴുവനും വീടിനുള്ളിൽ എത്തുമ്പോൾ, ചുമരുകൾ പൊട്ടുമ്പോൾ പരാതികൾ ഓരോന്നായി പുറത്തുവരുന്നു. ഈ അവസ്ഥ മാറി പട്ടികവർഗ്ഗക്കാർക്ക് വർഷ കാലത്ത് ഉറക്കമൊഴിച്ചിരിക്കാതെ സമാധാനപരമായി കിടന്നുറങ്ങാനുള്ള ഒരു ചെറിയ വീട് നിർമ്മിച്ചുകൊടുക്കാൻ ആവശ്യമായ ഗ്രാൻറുകൾ ഇതിലേക്കായി നീക്കിവയ്ക്കേണ്ടതാണ്. നിലവിലുള്ള ഗിരിജൻ സംഘത്തിനെ സഹകരണത്തോടെ തയ്യാറാക്കേണ്ടതാണ്. ഇവർക്കും തൊൽപര്യം ഉണ്ടാകും. പട്ടികവർഗ്ഗക്കാരിലെ കുറിച്യർ, കുറുമർ എന്നീ വിഭാഗക്കാർ സമൂഹത്തിനെറ മുഖ്യ ധാരയിൽ എത്തിയിരിക്കുന്നു. ഇവരുടെ വീട് നിർമ്മിക്കുന്നതിന് നിലവിലുള്ള ഗ്രാൻറ് പരിധിക്കുള്ളിൽ ഇവർ സ്വന്തമായി ചെയ്യാൻ കെൽപ്പുള്ളവരാണ്. പട്ടിക വർഗത്തിൽപ്പെട്ട നായ്ക്കൻ, പണിയൻ, ഊരാളി, കുറുമർ എന്നിവർക്കുള്ള ഭവന നിർമ്മാണം നിലവിലുള്ള ഗിരിവർഗ സഹകരണ സംഘത്തിൽ പങ്കാളികളാക്കിക്കൊണ്ട് നടത്തിയാൽ ഇടത്തട്ടുക്കാരുടെ നുഴഞ്ഞുകയറ്റം ഒഴിവാക്കാം.

ഭവന നിർമ്മാണം വിവിധ ഏജൻസികളിലൂടെ നടപ്പാക്കുന്നത് ഒഴിവാക്കി പഞ്ചായത്തു മുഖേന ചെയ്യിപ്പിക്കേണ്ടതും നിലവിലുള്ള വീടിൻെറ ഘടന മാറ്റി കോൺക്രീറ്റ് കെട്ടിടം ഉണ്ടാക്കിക്കൊടുക്കേണ്ടതുമാണ്.

2. കക്കൂസ്

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പലതിലും സർക്കാർ നിർമ്മിച്ചു കൊടുത്ത കക്കൂസുകളുടെ അവശിഷ്ടങ്ങൾ നിലനിൽക്കുന്നു. ഇവയൊന്നും തന്നെ ഉപയോഗയോഗ്യമല്ല. ഈ സങ്കേതങ്ങളിലെ കക്കൂസുകൾ ഇവരുടെ പങ്കാളിത്തത്തോടെ ആവശ്യമായ ധനസഹായം നൽകി പുതുക്കി നിർമ്മിക്കുകയും ഇല്ലാത്ത കോളനികളിൽ പുതുതായി കക്കൂസുകൾ അനുവദിച്ചു കൊടുക്കുകയും നിർമ്മാണം സഹകരണ സംഘം മുഖേനയും ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നത് നന്നായിരിക്കും.

3. സാക്ഷരത

പട്ടികവർഗ്ഗക്കാരിൽ സാക്ഷരതാ നിരക്ക് വളരെ കുറവാണ്. പണിയർ, കാട്ടുനായ്ക്കർ, ഊരാളി കുറുമർ എന്നിവർ താമസിക്കുന്ന അമ്പതോളം സങ്കേതങ്ങളിൽ സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കണം, ജയ്ഹിന്ദ്, അരണമല, ചെല്ലങ്കോട്, കുപ്പച്ചി എന്നിവിടങ്ങളിലെ കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസത്തിന് കിലോമീറ്ററോളം യാത്ര ചെയ്യേണ്ടി വരുന്നു. ആയതിന് പരിഹാരം കാണണം. ചിത്രഗിരി, ചുള്ളുക്ക എന്നീ എൽ.പി.സ്കൂളുകൾ യു.പി.ആയി ഉയർത്തുന്നതിനുവേണ്ട നടപടി കൈക്കൊള്ളണം.

തൃക്കൈപ്പറ്റ ഭാഗത്ത് ഹൈസ്കൂൾ ഉണ്ടായാൽ വെങ്ങചോല, ഇടിഞ്ഞക്കൊല്ലി എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സൗകര്യപ്പെടും.

4. ആരോഗ്യം

പട്ടികവർഗ്ഗ സങ്കേതങ്ങൾ പലതും ഫോറസ്റ്റ് അതിർത്തിയിൽപ്പെട്ട മലമുകളിലാണ്. ഇവരിൽ കാട്ടുനായ്ക വിഭാഗക്കാർക്ക് ക്ഷയം, അനീമിയ എന്നീ രോഗങ്ങൾ കാണപ്പെടുന്നു. പോഷക ആഹരകുറവുക്കൊണ്ടും ആവശ്യമായ ചികിത്സ ലഭിക്കാത്തതും ബോധവൽക്കരണക്കുറവുമാണ് ഇതിന് കാരണം. ഇവരുടെ ആരോഗ്യം വംശം നിലനിർത്തുന്നതിന് കാട്ടുനായ്ക്കൻമാരുടെ ഇടയിൽ സ്ഥിരമായി പോഷക ആഹാരവിതരണവും ആരോഗ്യ വകുപ്പിന്റെ മെഡിക്കൽ പരിശോധനവും മരുന്ന് വിതരണവും ആവശ്യമാണ്.

തൊഴിൽ

പട്ടികവർഗ്ഗ സങ്കേതങ്ങൾ പലതും നിക്ഷിപ്ത വനഭൂമിയിലാണ്. ഇവർക്ക് തൊഴിലിനായി പച്ചമരുന്ന് വച്ചുപിടിപ്പിച്ച് നിലവിലുള്ള സഹകരണ സംഘത്തിന് വിൽപ്പന നടത്തി ഉപജീവനം നടത്താം. ഇക്കൂട്ടർ പലരും ഫോറസ്റ്റിലെ ചീനിക്ക, കുറുന്തോട്ടി, കുന്തിരിക്കം എന്നിവയും തേനും ശേഖരിച്ച് ഇപ്പോൾ സംഘത്തിന് കൊടുത്ത് ഉപജീവനം നടത്തുന്നുണ്ട്. മറ്റു സങ്കേതക്കാർക്ക് ആട്, കോഴി, പന്നി, പശു എന്നിവ വളർത്തുന്നതിന് ധനസഹായം നൽകുന്നത് തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഒരുപാധിയാണ്. സഹകരണ സംഘങ്ങളിലൂടെ ഇഷ്ടിക നിർമ്മാണം ഫോറസ്റ്റിന്റെ അനുമതിയോടെ മുള, ചൂരൽ എന്നിവ ലഭ്യമാക്കിയാൽ കുട്ട.പനമ്പ് എന്നിവ നിർമ്മിച്ച് വിൽപ്പന നടത്തി. ഉപജീവനം കഴിക്കാം. തൃക്കൈപ്പറ്റ, ജയ്ഹിന്ദ്, ചെമ്പോത്തറ എന്നിവിടങ്ങളിൽ യുവതിയുവാക്കളായ പട്ടികവർഗ്ഗക്കാരുണ്ട്.

പ്രശ്നങ്ങൾ

1) കോളനികളിൽ ഭൂരിഭാഗവും വൈദ്യുതീകരിക്കാത്തവയാണ്. അതിന് മുൻഗണന കൊടുക്കണം.

2) കുടിവെള്ളം കോളനികളിൽ വേണ്ടത്ര ലഭിക്കുന്നില്ല. പലരും വൃത്തിഹീനമായ ജലം കുടിക്കേണ്ടി വരുന്നു.

3) കോളനികളിൽ എത്തിപ്പെടാൻ വളരെ ദൂരം നടക്കേണ്ടതായി വരുന്നു. നല്ല വഴികൾ ഇവർക്കില്ല. വർഷക്കാലങ്ങളിൽ റോഡുകൾ ചളി നിറഞ്ഞും സഞ്ചാരയോഗ്യമല്ലാതാവുന്നു. കൂടാതെ വയൽ വരമ്പുകളിലൂടെയുള്ള യാത്രയും വളരെ ദുഃസഹമാണ്.

4) സർക്കാർ നൽകിയിട്ടുള്ള വീടുകൾ പല കോളനികളിലും ചോർന്ന് ഒലിച്ചു വാതിലുകൾ നഷ്ടപ്പെട്ട സ്ഥിതിയുമാണ്.

5) കോളനികളിലെ ആദിവാസി ഭൂമികൾ ഇന്ന് കയ്യേറി നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്നു.

6) കാരാപ്പുഴ പദ്ധതി പ്രദേശത്തു നിന്നും കുടി ഒഴിപ്പിക്കപ്പെട്ട ആദിവാസികൾക്ക് പകരം സംവിധാനം ഉണ്ടാക്കണം.

7) അവിവാഹിതരായ അമ്മമാരെ പുനഃരധിവസിപ്പിക്കാൻ പദ്ധതി.

8) ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ട്. ലോണുകൾക്ക് ബുദ്ധിമുട്ട് ജോലി സംവരണം മുതലായവ ആവശ്യമാണ്.

ഉൽസവങ്ങൾ

കുറുമർ തുലാപത്ത് ആഘോഷി

ക്കുന്നു. പുത്തൻ നെല്ലരി പുത്തൻ കല ത്തിൽ വെച്ച് ഭക്ഷണമുണ്ടാക്കി കഴിക്കു കയും തുടർന്ന് നായാട്ടിന് പോകുകയുമാണ് ചടങ്ങ്. ഇവരുടെ പ്രധാന വിനോദമാണ് കോൽക്കളി.

കുളിയൻ തറ എന്ന പേരിൽ പണി യർ ഉത്സവം നടത്തുന്നു. അന്ധവി ശ്വാസം ഈ വിഭാഗത്തിൽ മറ്റുള്ളവരെ അപേക്ഷിച്ച് വളരെ കൂടുതലാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ്ഥാപനങ്ങൾ

1) പ്രീമെട്രിക്ക് ഹോസ്റ്റൽ മേപ്പാടി :-
ഈ സ്ഥാപനത്തിൽ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കാനുള്ള സൗകര്യം ഉണ്ട്. ഇപ്പോൾ ഇവിടെ 40 വിദ്യാർത്ഥികൾ പഠിക്കുന്നു.

2) കിൻറർ ഗാർഗൻ തൃക്കൈപ്പറ്റ :-
പട്ടികവർഗ്ഗക്കാരുടെ 31/2 വയസിനും 5 വയസിനും ഇടയ്ക്കുള്ള കുട്ടികൾക്കുള്ള താണ് ഈ സ്ഥാപനം. യൂണിഫോം, ഭക്ഷണം, ഗ്രാൻറ് എന്നിവ ഇവിടെ നിന്ന് നൽകുന്നു.

3) തൃക്കൈപ്പറ്റ ക്രാഫ്റ്റ് സെൻറർ :-
ഈ സ്ഥാപനത്തിൽ പട്ടികവർഗ്ഗ യുവാക്കൾക്ക് ആശാരി പണി പരിശീലി പ്പിക്കുന്നു. പരിശീലനം പൂർത്തിയാക്കു ന്നവർക്ക് വകുപ്പിന്റെ സർട്ടിഫിക്കറ്റ് നൽകുന്നു. 8ാം തരത്തിന് മുകളിൽ വിദ്യാ ഭ്യാസയോഗ്യത ഉള്ളവർക്കെ പരിശീലനം നൽകുകയുള്ളൂ.

4) അരണമല ഏകാദ്ധ്യാപിക സ്കൂൾ :-
മേപ്പാടി പഞ്ചായത്തിലെ 7ാം വാർഡിലാണ് ഈ സ്കൂൾ ഉള്ളത്. ഇവിടുത്തെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുവാനായി സ്ഥാപിച്ചതാണിത്. ഇവിടെ കുട്ടികൾക്ക് 4ാം തരം വരെയുള്ളൂ. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിൽ പഞ്ചായത്ത് ഇടപ്പെടൽ ആവശ്യമാണ്.

പഞ്ചായത്തിലെ പണിയ കോളനികൾ

ക്രമ നമ്പർ	കോളനിയുടെ പേര്	വാർഡ്	ആൺ	പെൺ	[illegible]	[illegible]	[illegible]	[illegible]	[illegible]
1	ചെല്ലങ്കോട്	I	13	11	24	10	7	3	10
2	നിലിമല	I	26	25	51	15	-	15	15
3	ശേഖരൻകുണ്ട്	I	13	15	28	14	-	14	14
4	വട്ടത്ത്വളവ്	I	11	14	25	13	1	12	13
5	അമ്പലകുന്ന്	I	18	14	32	15	2	12	14
6	കല്ലുക്കെണി	I	15	18	33	10	1	9	10
7	തിനപുരം	II	12	14	26	11	6	5	11
8	മുണ്ടക്കൈ	V	8	8	16	3	-	3	3
9	ചുരൽമല	VI	35	32	67	18	18	-	18
10	കളളാടി	VI	12	15	27	6	3	3	6
11	മമ്മിക്കുന്ന്	VI	12	18	30	4	-	4	4
12	ഏലവയൽ	VI	13	20	33	12	12	-	12
13	നീലിക്കാപ്പ്	VI	15	16	31	8	-	8	8
14	കുപ്പച്ചി	VII	43	59	102	30	-	30	30
15	ചെങ്കുറ്റി	XI	15	20	35	10	10	-	10
16	താന്നികുനി	XI	10	25	35	12	3	9	12
17	മാങ്ങവയൽ	XI	17	19	36	9	6	3	9
18	ആനക്കാട്	XI	40	45	85	17	4	13	17
19	കളപ്പുരക്കൽ	XII	19	25	44	10	7	3	10
20	കോട്ടവയൽ	XII	25	35	60	15	6	9	15
21	ചെമ്പോത്തറ	XII	26	32	58	13	10	3	13
22	കോട്ടത്തറ	XII	6	9	15	6	3	3	6
23	കുഴിമുക്ക്	XIII	22	28	50	11	8	3	11
24	പുതാമൂലതോണിക്കടവ്	XIII	12	9	21	5	-	5	5
25	വീട്ടിമട്ടം	XIII	45	48	93	26	22	4	26
26	ജയ്ഹിന്ദ്	XIV	208	135	343	70	68	2	70
27	നത്തംവയൽ	XIV	13	11	24	7	-	7	7
28	മുരണി	XIV	13	18	31	8	8	8	16
29	ഗോവിന്ദൻപ്പാറ	XV	38	37	75	12	3	9	12
30	പുളിങ്കണ്ടി	XV	15	21	36	9	8	1	9
31	ഉപ്പടിക്കുന്ന്	XV	12	13	25	4	4	-	4
32	മുണ്ടോറക്കുന്ന്	XV	22	21	43	12	8	4	12
33	മുണ്ടോറ	XV	12	14	26	8	6	4	10
34	കല്ലുമലറാട്ടകൊല്ലി	XIII	40	45	85	19	13	6	19

കാട്ടുനായ്ക്ക കോളനികൾ

ക്രമ നമ്പർ	കോളനിയുടെ പേര്	വാർഡ്	ആൺ	പെൺ	ആകെ	ആകെ കുടും ബങ്ങൾ	സർക്കാർ അനു വദിച്ച വീടുകൾ	ആവശ്യ മുള്ള വീടുകൾ
1	ആനടിക്കാപ്പ്	III	11	14	25	12	8	4
2	കടച്ചിക്കുന്ന്	III	22	21	43	21	14	7
3	അരണമല	VII	77	65	142	31	1	28
4	ആനപ്പാറ	VII	26	29	55	18	6	12
5	മുക്കാകുന്ന്	XIII	4	3	7	3	2	1
6	കൊല്ലിവയൽ	XIII	5	19	34	10	5	5
7	ഇടിഞ്ഞകൊല്ലി	XV	38	32	70	22	4	21
8	വേങ്ങച്ചോല	XV	29	24	53	12	-	12
9	ഗോവിന്ദൻ പാറ	XV	38	37	75	10	2	8

കുറിച്ച്യ കോളനികൾ

1	പക്കാളിപ്പള്ളം	XI	8	12	20	4	-	4
2	വേങ്ങച്ചോല	XV	50	38	88	26	-	26

ക്രമ നമ്പർ	കോളനിയുടെ പേര്	വാർഡ്	ആൺ	പെൺ	ആകെ	ആകെ കുടുംബങ്ങൾ	സർക്കാർ അനുവദിച്ച വീടുകൾ	ആവശ്യമുള്ള വീടുകൾ
1	കല്ലുപ്പുര	XV	12	14	26	4	4	-
2	കരകപ്പുര	XV	9	7	16	5	4	1
3	ജയ്ഹിന്ദ്	XIV	8	7	15	4	4	-
4	വിട്ടിമട്ടം	XIII	10	14	24	7	7	-
5	പനായി	XIII	24	29	53	11	5	6
6	മേലേമുക്കത്ത്	XIII	11	10	21	6	1	-
7	ഉപ്പുപാറ	XIII	26	24	50	12	10	2
8	വാഴക്കണ്ടി	XIII	51	55	106	23	23	3
9	കല്ലായിമ്മൽ	XII	30	44	74	18	12	16
10	ചെറിയ കല്ലായിമ്മൽ	XII	21	25	46	9	8	1
11	കോട്ടവയൽ	XII	-	-	-	3	1	2
12	വിളക്കത്തറ	XII	24	28	52	12	-	12
13	ചണ്ടംവെട്ടി	XI	18	25	43	14	8	6
14	പുത്തൂർ വയൽ	XI	30	34	64	15	7	8
15	മാങ്ങവയൽ	XI	32	37	69	16	12	4
16	മഞ്ഞളാംകൊല്ലി	XI	8	10	18	3	3	-
17	ആനക്കാട്	XI	9	8	17	5	-	5
18	താനിക്കുനി	XI	11	13	24	4	-	4

നിലവിലുള്ള പട്ടികജാതി കോളനികൾ

വാർഡ്	കോളനികളുടെ പേര്	കുടുംബങ്ങൾ
1	കല്ലുകെണി	13
2	ക്ലബ്ബുമട്ടം	10
9	കാർമ്മൽകുന്ന്	11

പുതിയവയ്ക്ക് സാദ്ധ്യതയുള്ള കോളനികൾ

ഹരിജൻ

വാർഡ്	കോളനിയുടെ പേര്	കുടുംബങ്ങൾ
10	മൂപ്പൻകുന്ന്	13
10	എരുമക്കൊല്ലി 22	12
8	മണ്ണാത്തിക്കുണ്ട്	24

ഗിരിജൻ കോളനി വൈദ്യുതീകരണംസംബന്ധിച്ച വിവരങ്ങൾ

കോളനിയുടെ പേര്	കണക്ഷൻ ലഭിച്ച കുടും ബങ്ങളുടെ എണ്ണം	സൗജന്യം/ സ്ലാബ്ബ്	പണം നൽകി വൈദ്യുതി എണ്ണം
വാഴകണ്ടിക കുറുമ	20	സൗജന്യം	-
കരകപ്പുര കുറുമ	1	''	-
മച്ചിക്കര	3	''	-
ജയ്ഹിന്ദ് (പണിയ)	14	''	-
ആനടിക്കാവ് (നായ്ക്കൻ)	6	''	-
തിനപുരം (പണിയ)	5	''	-
ചേമ്പോത്തറ (പണിയ)	10	''	-
ഏലവയൽ (പണിയ)	12	''	-
ചൂരൽമല (പണിയ)	18	''	-
വീട്ടിമട്ടം (പണിയ)	5	''	-
കല്ലുപ്പുര (കുറുമ)	2	-	പണംനൽകി
ചെറിയ കല്ലായിമ്മൽ ('')	5	-	''

വയറിംഗ്നടത്തിയതിനുശേഷംവൈദ്യുതികണക്ഷൻകിട്ടാനുള്ളത്

കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം
മാങ്ങവയൽ (കുറുമ)	18
കുണ്ടവയൽ ('')	5
ആനപ്പാറ (കാട്ടു നായ്ക്ക)	6

പരിഹാര നിർദ്ദേശങ്ങൾ :-

(1) പാർപ്പിടം :-ഗുണഭോക്താക്കളായ ആദിവാസികളെയും സമീപവാസികളെയും സംയോജിപ്പിച്ച് കമ്മറ്റി ഉണ്ടാക്കി ജനകീയമായി വീടുകൾ പണിയുക.

(2) മലവിസർജ്ജനം കോളനികളിൽ പരിസരമലിനീകരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. കോളനികളിൽ പൊതുകക്കൂസുകൾ ഉണ്ടാക്കുക. സ്വന്തമായി സ്ഥലം ഉള്ളവർക്ക് കക്കൂസുകൾ അവരുടെ പങ്കാളിത്തത്തോടെ നിർമ്മിക്കുക.

(3) പട്ടിക വർഗ്ഗക്കാരിൽ തുടർ സാക്ഷരത പരിപാടി ആരംഭിക്കുക.

(4) ആരോഗ്യം നിലനിർത്താൻ മദ്യപാനത്തിനെതിരെ ആദിവാസികളിൽ സമഗ്രമായ ബോധവൽക്കരണം നടത്തുക. കൂടാതെ പോഷക ആഹാര വിതരണവും, മെഡിക്കൽ പിശോധന ക്യാമ്പുകളും.

(5) കാടുകളിൽ നിന്നും ലഭിക്കുന്ന മുള, ചൂരൽ എന്നിവ ഉപയോഗിച്ച് പനമ്പ്, കുട്ട, മുറം എന്നിവ നിർമ്മിക്കാൻ സൗകര്യങ്ങൾ ഉണ്ടാക്കുക.

(6) ആദിവാസി ഭൂമികൾക്ക് കൈവശ രേഖ നൽകുക.

(7) വൈദ്യുതി എത്താത്ത കോളനികളിൽ വൈദ്യുതി എത്തിക്കുക.

(8) കിണർ ഉണ്ടെങ്കിലും അത് വൃത്തിയായി സൂക്ഷിക്കപ്പെടുന്നില്ല.

(9) ആദിവാസി കോളനികളിലേക്കുള്ള വഴികൾ അടിയന്തിരമായി നന്നാക്കണം.

(10) നിലവിലുള്ള വീടുകളുടെ അറ്റകുറ്റ പണികൾ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ചെയ്യേണ്ടതാണ്.

(11) കോളനികളുടെ അതിരുകൾ നേർ നിർണ്ണയം നടത്തുക.

(12) ഭൂരഹിത-ഭവനരഹിത പട്ടികവർഗ്ഗ വിഭാഗങ്ങളെ പുനഃരധിവസിപ്പിക്കുക.

(13) പട്ടികവർഗ്ഗക്കാർക്കായി അവരുടെ സങ്കേതങ്ങളിൽ ക്ലബ്ബുകൾ മഹിളാസമാജങ്ങൾ എന്നിവ ഉണ്ടാക്കുക.

(14) ആദിവാസി കോളനികളിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനായി ഏക അദ്ധ്യാപക സ്കൂളുകൾ സ്ഥാപിക്കുക. സന്നദ്ധസംഘടനകളുടെയും പഞ്ചായത്തിന്റെയും സർക്കാർ ഏജൻസികളുടെയും ആഭിമുഖ്യത്തിൽ കോളനികളിൽ മദ്യം, മയക്കുമരുന്ന്, ജീവിതരീതി എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം.

ഈ നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും, നടപ്പിലായാൽ പഞ്ചായത്തിലെ പട്ടിക വർഗ്ഗ, പട്ടികജാതി വിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകും.

വിഭവ സമാഹരണം

ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ പോലും നിർവ്വഹിക്കാനും ഭാവി ഭദ്രമാക്കാനും ഉതകുന്ന വികസന പ്രവർത്തനങ്ങൾ ഏറെക്കുറെ ഏറെറടുക്കാൻ പഞ്ചായത്തിനു കഴിയാത്തത് ഫണ്ടില്ലായ്മ കൊണ്ടാണ്. പഞ്ചായത്ത് സംഭരിക്കുന്ന മുഴുവൻ ഫണ്ടും ഈ നാടിലാണ് ചെലവഴിക്കപ്പെടുന്നത് എന്നതുകൊണ്ടു വിഭവസമാഹരണത്തിന് തുറന്ന മനസ്സോടെ പ്രവർത്തിക്കുന്നതിനും സാധിക്കണം.

കായിക മേഖലയിൽ ഭൂരിഭാഗം ഭൂമിയും വൻകിട കൃഷിക്കാരുടെ കൈവശമാണ്. തേയില, കാപ്പി, ഏലം എന്നീ വൻകിട തോട്ടങ്ങളൊഴിച്ചാൽ മേപ്പാടി പഞ്ചായത്തിൽ മറ്റു കൃഷികളെല്ലാം ശോചനീയാവസ്ഥയിലാണ്. കാർഷിക മേഖലയെ ബന്ധപ്പെട്ടുത്തി ചെറുകിട വൻകിട വ്യവസായങ്ങൾക്ക് സാധ്യതകളുണ്ട്.

ചെറുകിട വ്യവസായങ്ങൾ :-

സോപ്പു നിർമ്മാണം, മെഴുകുതിരി നിർമ്മാണം, കാപ്പിച്ചെടി വേരുകൾ ഉപയോഗിച്ചു കരകൗശല വസ്തുക്കൾ നിർമ്മാണം, ഇഷ്ടിക .നിർമ്മാണം എന്നിങ്ങനെ ഒട്ടനവധി ചെറുകിട വ്യവസായങ്ങൾക്ക് പഞ്ചായത്തിൽ സാധ്യതകളുണ്ട്. പക്ഷെ സാമ്പത്തിക സഹായം നൽകുന്ന കാര്യത്തിൽ ബാങ്കുകളിൽ നിന്നുള്ള കാലമാസം, വൈദ്യുതി പ്രതിസന്ധി എന്നിവ തടസ്സം സൃഷ്ടിക്കുന്നു.

വൻകിട വ്യവസായങ്ങൾ :-

മെപ്പാടി പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾക്ക് സാധ്യത വളരെ കുറവാണ്. തേയില ഫാക്ടറികൾ അല്ലാതെ മറ്റൊന്നും തന്നെ ഇവിടെയില്ല. വൻകിട സ്വകാര്യ തോട്ടം മേഖലയിൽ ഇന്നുള്ള ഫാക്ടറികൾ തന്നെ നേരാവണ്ണം നടത്തിക്കൊണ്ടു പോകുന്നില്ല.

കൃഷി :-

കാർഷിക രംഗത്ത് വലിയ മുരടിപ്പാണിന്നുഗഗത്. ഫലഭൂയിഷ്ഠമായ മണ്ണിന്റെ കുറവ്, രാസവള ദൗർല്ലഭ്യം, നല്ലയിനം വിത്തുകളുടെ അഭാവം ജലസേചനം എന്നിവയാണിതിനു കാരണം.

വിദേശ മലയാളികൾ :-

മേപ്പാടിയിലെ അഞ്ഞൂറോളം വരുന്ന ആളുകൾ അറേബ്യൻ നാടുകളിൽ ജോലി ചെയ്തു വരുന്നു. അവരുടെ വരുമാനം നമ്മുടെ പഞ്ചായത്തിൽ തന്നെ ഉപയോഗപ്പെടുത്താൻ കഴിയണം. എന്നാൽ അവരുടെ പണം പകുതിയിലധികവും ഭവന നിർമ്മാണത്തിനും മറ്റുമായി ചെലവഴിക്കപ്പെടുന്നു. പ്രത്യുൽപ്പാദനപരമല്ലാത്ത ഇത്തരം ആഢംബരത്വത്തിനു വേണ്ടി ചെലവഴിക്കപ്പെടുന്ന പണം വ്യവസായങ്ങൾക്കും കൃഷിക്കും മറ്റും ഉപയോഗപ്പെടുത്താൻ കഴിയണം.

ഗൾഫു നാടുകളിലുള്ള മലയാളികളുടെ വാർഡു തിരിച്ചുള്ള കണക്ക്

വാർഡ് 1- 2- 3- 4- 5- 6- 7- 8- 9- 10-11-12-13-14-15

എണ്ണം 15-50-100-76-25-25-30-60-35-20-10-25-10-50-10

ചെറുകിട കൃഷിക്കാർക്കും കച്ചവടക്കാർക്കും മറ്റുമായി വിവിധ ബാങ്കുകൾ വായ്പകൾ നൽകി വരുന്നുണ്ട്. പക്ഷെ അവ കൃത്യമായി ഉപയോഗപ്പെടുന്നില്ല എന്നുള്ളതാണ് സത്യം. പല സ്കീമുകൾക്കും ബാങ്കിൽ നിന്നും കടമെടുക്കപ്പെടുന്നുണ്ട്. എന്നാൽ മേപ്പാടി പഞ്ചായത്തിലെ 90-91, 95-96 വർഷങ്ങളിലെ വരവ് സംബന്ധിച്ച കണക്കുകൾ

മേപ്പാടി ഗ്രാമ പഞ്ചായത്തിലെ 1991-92, 1995,96 വർഷങ്ങളിലെ വരവ് സംബന്ധിച്ച വിവരങ്ങൾ

1990-91			1995-96		
ക്രമ നമ്പർ	ഇനം	തുക	ക്രമ നമ്പർ	ഇനം	തുക
1	ബിൽഡിംഗ് ടാക്സ്	294000	1	കെട്ടിട നികുതി	549157.00
2	സർവ്വീസ് ടാക്സ്	8900	2	തൊഴിൽകരം	296571.00
3	വാട്ടർ ടാക്സ്	17200	3	വിനോദ നികുതി	6102.00
4	പ്രൊഫഷണൽ ടാക്സ്	1716	4	വസ്തുകൈമാറ്റംവരവ്	299275.00
5	ഷോ ടാക്സ്	1700	5	പി.എഫ്.ഏ.	1985.00
6	എൻടർ ടൈൻ ടാക്സ്മെൻറ്	53300	6	വിനോദനികുതി	94254.00
7	പരസ്യ നികുതി	1000	7	ജനന മരണ രജിസ്ട്രേഷൻവരവ്	1157.00
8	ലൈസൻസ്ഫീസ്	2300	8	കെട്ടിട വാടക	354906.00
9	പി.എഫ്.എ.	2800	9	ലേലം വക	28323.00
10	ലേലം വക	97900	10	സിനിമ റെഗുലേഷൻ	1130.00
11	വെഹിക്കിൾടാക്സ്കോമ്പൻസേഷൻ	59400	11	വൈകിയടച്ച് ഫീസ് (പിഴ)	2917.00
1,2	ബേസിക് ടാക്സ്	312800	12	ലൈസൻസ്	11888.00
13	സ്റ്റാസ് ഡ്യൂട്ടി	164300	13	ഫോറങ്ങൾ വിറ്റ വക	5563.00
14	വിവിധ ഗ്രാൻറുകൾ	175700	14	കെ.ബി.ആർ.ബിൽഡിംഗ് വരവ്	42152.00
15	അഡേണ്ട് ഫണ്ട്	225000	15	വി.ടി.സി.	342563.00
16	മറ്റു വകകൾ	24900	16	ബേസിക് ടാക്സ്	296233.00
17	നിക്ഷേപം	392200	17	റോഡ്മെയിൻറനൻസ്ഗ്രാൻറ്	22393.00
18	ഡിപ്പോസിറ്റ്	182800	18	ചെറുകിട ജലസേചനം	1310.00
19	മറ്റു വരുമാനം	27100	19	അൺടേർസ് ഫണ്ട്	402900.00
			20	മറ്റു സഹായങ്ങൾ	523.00
			21	ജലബാദ്ധ്യത CWRDM	2922.00
			22	പലിശ	1846.00
			23	ഗ്രന്ഥശാല വരവ്	421.00
			24	ധനനിക്ഷേപം	128.00
			25	സെക്യൂരിറ്റി നിക്ഷേപം	357168.00
			26	മറ്റ് നിക്ഷേപങ്ങൾ	17697.00
			27	അഡ്വാൻസ്	10380.00
			28	ആദായ നികുതി	4429.00
			29	വില്പന നികുതി	1140.00
			30	ഓഡിറ്റ് റിക്കവറി	1582.00
			31	മറ്റിനങ്ങൾ	11019.00
			32	പർച്ചേസ് ടാക്സ്	9711.00
	ആകെ	19148530		ആകെ	3179695.00

കെട്ടിട നികുതി

പഞ്ചായത്തിന്റെ മുഖ്യ വരുമാനം കെട്ടിട നികുതിയാണ്. ഒരു ലക്ഷം രൂപ നിർമ്മാണച്ചിലവുള്ള കെട്ടിടത്തിന് 4800 രൂപ നിയമാനുസൃതം കെട്ടിട നികുതി ചുമത്താം. പക്ഷെ പഞ്ചായത്തിന് പൊതു ജനങ്ങളുടെ സഹകരണമില്ലാത്തതു കാരണം ഇവ ഭാഗികമായേ നടപ്പിലാക്കാൻ കഴിയുന്നുള്ളൂ. വൻകിട തോട്ടം ഉടമകൾ കെട്ടിട നികുതി കൃത്യമായി അടയ്ക്കുവാൻ സഹകരിക്കുന്നില്ല. മിക്ക തോട്ട മുടമകളും ബഹു:ഹൈക്കോടതിയിൽ നികുതി കുറയ്ക്കാൻ അപ്പീൽ ബോധിപ്പിച്ചിരിക്കുകയാണ്. എന്നാൽ അടയ്ക്കുന്ന നികുതിയ്ക്ക് ഇനകം ടാക്സിൽ നിന്നും ഇളവു ലഭിക്കുമെന്നുള്ള വസ്തുത പോലും മറച്ചുപിടിച്ചു പഞ്ചായത്തിന്റെ കെട്ടിട നികുതി കാര്യത്തിൽ നിസ്സഹകരണ മനോഭാവമാണു കാണിക്കുന്നത്.

തൊഴിൽ നികുതി

ആയിരക്കണക്കിനു തോട്ടം തൊഴിലാളികൾ തൊഴിൽ നികുതിയിനത്തിൽ നിന്നും അകാരണമായി ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. ഇതുമൂലം പഞ്ചായത്തിനു ലക്ഷക്കണക്കിനു രൂപ നഷ്ടമുണ്ടാകുന്നുണ്ട്. തൊഴിലാളികളുടെ ചെറുത്തു നിൽപു തന്നെയാണിതിനു കാരണം. അവരെ ബോധവാൻമാരാക്കി തൊഴിൽ നികുതിചുമത്താൻ പഞ്ചായത്തിനു കഴിയണം. എന്നാൽ 2ലക്ഷം രൂപയിൽ നിന്നും 4ലക്ഷമായി തൊഴിൽ നികുതി വർദ്ധിക്കും.

വിനോദ നികുതി :-

സിനിമാശാലകളിൽ നിന്നുള്ള വരുമാനമാണ് മുഖ്യമായിട്ടുള്ളത്. എന്നാൽ ആ രംഗത്തും അപാകതകൾ ധാരാളമുണ്ട്. അത് പരിഹരിക്കാൻ പഞ്ചായത്തിന്റെ ശ്രദ്ധയാവശ്യമാണ്. കാണികൾ കൊടുക്കുന്ന വിനോദ നികുതികൾ കൃത്യമായി പഞ്ചായത്ത് ഫണ്ടിൽ വരുന്നുണ്ടോ എന്നുള്ള നിയമാനുസൃതമായ പരിശോധന ആവശ്യമാണ്.

കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ് :-

പഞ്ചായത്തിന്റെ നല്ലൊരു വരുമാന മാർഗ്ഗമാണിത്. . നാൾക്കുനാൾ പുതിയ പുതിയ കെട്ടിടങ്ങൾ ഉയരുന്നു. എന്നാൽ പഞ്ചായത്ത് അംഗീകാരം നിയമാനുസൃതം വാങ്ങാതെയും അനധികൃത കെട്ടിട നിർമ്മാണം നടക്കുന്നുണ്ട്. അവ നിയമാനുസൃതം തടയപ്പെടണം.

വാടക :-

പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം പഞ്ചായത്തിന് നല്ലൊരു മുതൽക്കൂട്ടാണ്. ഇനിയും പുതിയ പുതിയ സ്ഥാപനങ്ങളും ഷോപ്പിംഗ് കോംപ്ലക്സും പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് ഉയർന്ന് വരണം. അതിനായി പദ്ധതിയിൽ ഉൾപ്പെടുത്തണം.

പഞ്ചായത്തു വക സ്വത്തുക്കൾ :-

തോട്, പുഴ, പുറംപോക്കിലെ മണൽ പഞ്ചായത്തിനു നല്ല വരുമാനം ഉണ്ടാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടാത്ത വളരെയധികം തോടുകളിലെ മണൽ ചൂഷണം ചെയ്യപ്പെടുന്നു. നിയമാനുസൃതമായ നടപടി സ്വീകരിച്ചു ഈയിനത്തിൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയണം. 94-95 വർഷത്തെ മണൽ ലേലം വക വരുമാനം 36560/- രൂപയാണ്.

95-96 ലേതു 58500 രൂപയും.

ആഴ്ച ചന്തകളും അന്തി ചന്തകളും :-

ചെറുകിട കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കപ്പെടുന്ന വിപണിയാണ് ആഴ്ചചന്ത. മുൻപു മേപ്പാടിയിലും വടുവൻചാലിലും ചന്തകളുണ്ടായിരുന്നു. കാലന്തരത്തിൽ അവ നിന്നുപോയി. ആധുനിക വാണിജ്യ രംഗത്ത് ചന്തക്ക് സ്ഥാനമില്ലാതെ വരികയാണ്. എന്നാൽ ഉൾനാടുകളിൽ ചന്തയ്ക്കു ഇന്നും സാധ്യതയുണ്ട്.

ടൂറിസം :-

മേപ്പാടി പഞ്ചായത്തിൽ സൂചിപ്പാറ, കാന്തൻപ്പാറ വെള്ളച്ചാട്ടം, മീൻമുടി വെള്ളച്ചാട്ടം എന്നിവ മനോഹര പ്രകൃതി ദൃശ്യതകളാണ്. ധാരാളം ടൂറിസ്റ്റുകളെ ഇവ ആകർഷിച്ചു വരുന്നു. അതുകൊണ്ടു ഏലവയലിൽ പഞ്ചായത്ത് സ്വന്തമായി ഒരു റിപ്പോർട്ടു നിർമ്മിച്ചു പ്രവർത്തനം തുടങ്ങിയാൽ നല്ലൊരു വരുമാനം പഞ്ചായത്തിന് പ്രതീക്ഷിക്കാം.

കൂടാതെ സൂചിപ്പാറക്ക് ഒരു റോപ്പുവെ സ്ഥാപിക്കുകയും വരുമാന മാർഗ്ഗമാണ് ചെമ്പ്രയിലെ തടുകം സന്ദർശകരെ ആകർഷിക്കത്തക്ക ഒന്നാണ്. ഇത് ഉപയോഗപ്പെടുത്താൻ കഴിയണം.

ചപ്പു ചവറുകൾ :- ചപ്പു ചവറുകൾ വലിയ കുഴികളിൽ നിക്ഷേപിച്ചു കമ്പോസ്റ്റ് വളമാക്കി മാറ്റി കൃഷിക്കുപയുക്തമാക്കുവാൻ നടനടി സ്വീകരിക്കണം. പഞ്ചായത്തിനു വരുമാനവും അതിലുപരി പരിസര സുചീകരണവും കൂടി അതുവഴി ലഭ്യമാകുന്നു.

നേഷണൽ സേവിംഗ്സ് :- എൻ.എസ്.എസ്, ഇന്ദിരാ വികാസ് പത്ര പോലുള്ള നിക്ഷേപങ്ങളിൽ ജനശ്രദ്ധ ആകർഷിക്കപ്പെടണം. അതുവഴി പഞ്ചായത്തിനും സംസ്ഥാനം കേന്ദ്രത്തിനും വരുമാനം ലഭ്യമാക്കണം.

മനുഷ്യാദ്ധ്വാനം :-

കർമ്മശേഷിയുള്ള ഒട്ടനവധി യുവാക്കൾ തൊഴിൽ രഹിതരാണ് അവരെ സംഘടിപ്പിച്ചു പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തണം. ജെ.ആർ.വൈ, അൺടൈഡ് ഫണ്ട്, ഇ.എ.എസ്., ഡി.ആർ.സി.എ. തുടങ്ങി ഒട്ടനവധി സ്കീമുകൾ വഴി പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന വികസിത പ്രവർത്തനങ്ങൾ യുവകരങ്ങളിൽ ഏൽപിക്കുവാൻ തയ്യാറാകണം. അതിനായി യുവാക്കളുടെ കർമ്മ സംഘം രൂപീകരിക്കപ്പെടണം.

ടൂറിസം

വയനാടിന്റെ വേരിട്ടു നിൽക്കുന്ന പ്രകൃതി രമണീയകത തുളസി നിൽക്കുന്ന പ്രദേശമാണ് മേപ്പാടി.

മൊട്ടകുന്നുകളും വയലേലകളും, പശ്ചിമഘട്ടത്തിലെ തന്നെ ഏറ്റവും ഉയരം കൂടിയ ചെമ്പ്രപീക് കൊടുമുടിയും, വലിയ വെള്ളച്ചാട്ടങ്ങളിൽ നിന്നു ഉൽഭവിക്കുന്ന നിരവധി കാട്ടരുവികളും അവയുടെ തണലിൽ വളരുന്ന തേയില തോട്ടങ്ങളും, ഈ പ്രദേശത്ത് വരുന്ന ടൂറിസ്റ്റുകൾക്ക് കണ്ണിനും, മനസ്സിനും കുളിർമ നൽകുന്ന കാഴ്ച പകരുന്നു.

മലമടക്കുകളുടെ ഗഹന സങ്കേതങ്ങളിൽ നിന്ന് കാപ്പിപ്പൂവിന്റെ ചടുതലയേറിയ സുഗന്ധവും ഏറ്റുവരുന്ന കാറ്റിന്റെ അലയൊലിയിൽ ആദിവാസി കുടിലുകളിൽ നിന്നും ഉയരുന്ന തുടിതാളവും

പാട്ടും രാത്രിയുടെ ഇടതാവളങ്ങളിൽ അന്തിയുറങ്ങാനെത്തുന്ന സന്ദർശകർക്ക് കൈവിട്ടു പോകുന്ന സംസ്ക്കാരത്തിന്റെ സാന്ത്വനമാകുമെന്നതിൽ ഉറപ്പുണ്ട്.

സൂചിപ്പാറ വെള്ളച്ചാട്ടം :- .

മേപ്പാടി പഞ്ചായത്തിന്റെ തെക്ക് കിഴക്ക് ഭാഗത്തായി കൈലാസനാഥനെ പോലെ ുയർന്നു നിൽക്കുന്ന വെള്ളരിമല. ശിരസ്സിൽ നിന്ന് ആവിർഭവിക്കുന്ന പോലെ ജല ശ്രോതസ്സ് 4 തട്ടുകളായി കുത്തിയൊഴുകി ആർത്തലച്ചൊഴുകുന്ന സൂചിപ്പാറ വെള്ളച്ചാട്ടം കൂടുതൽ അറിയപ്പെടാത്ത പ്രകൃതിയുടെ ഈ മടിത്തട്ടിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിന് വിശ്രമ സങ്കേതവും, പാർക്കും, റോപ്പ്വെയും ഉണ്ടാവേണ്ടത് ആവശ്യമാണ്.

കാന്തപ്പാറ :-

സൂചിപ്പാറയിൽ നിന്ന് തുലോ വിസ്തൃതമായ പ്രകൃതിയുടെ മറെറാരു വിലാസഭാവമാണ് കാന്തപ്പാറ വെള്ളച്ചാട്ടം. ഭീമാകാരങ്ങളായ ഉരുളൻ കല്ലുകൾക്ക് ഇടയിലൂടെ ഒളിച്ചു പതുങ്ങിയും ചിരിച്ചും കരഞ്ഞും ഒഴുകുന്ന കാന്തപ്പാറ പുഴ അനുഭൂതിയുടെ മറെറാരു തലം സന്ദർശകന് അനുഭവഭേദ്യമാകുന്നു.

മീൻമുട്ടി :-

പ്രകൃതിയുടെ രൗദ്രഭാവം പുണ്ട് മീൻമുട്ടി വെള്ളച്ചാട്ടം സന്ദർശകന്റെ മനസ്സിൽ മറെറാരു ഭാവതലം ഒരുക്കുന്നു. വനാന്തർത്തെ കീറിമിറിച്ച് ചെങ്കുത്തായി മുക്കുത്തി വീഴുന്ന ഈ വെള്ളച്ചാട്ടത്തെ പ്രയോജനപ്പെടുത്തി വൈദ്യുതോർജ്ജ നിർമ്മാണവും ടൂറിസ്റ്റ് കേന്ദ്രവും ആക്കി വികസിപ്പിക്കാവുന്നതാണ്.

ചെമ്പ്രപീക്ക്

വയനാട്ടിലെ ഉയ്രം കൂടിയ ഈ മലനിരകൾ മേഘമാലകൾ ചാർത്തി മേപ്പാടി പഞ്ചായത്തിന് എന്നും കവലാളായി ഉയർന്നു നിൽകുന്നു. വർഷം തോറും സാഹസികരായ മലകയറ്റക്കാർ ഭക്ഷണ സാമഗ്രികളുമായി ഈ മലയുടെ ഉച്ചത്തിൽ ചേക്കേറാറുണ്ട്. മുന്ന് തട്ടുകളായി ഉയർന്നു നിൽകുന്ന ഈ മലയുടെ മദ്ധ്യ ഭാഗത്തായി ഒരേക്രയോളം വിസ്തൃതിയുള്ള തടാകം അൽഭുതമായി നിലകൊള്ളുന്നു. ഈ തടാകം പുനരുദ്ധരിച്ച് വിശ്രമ സങ്കേതങ്ങൾ തീർത്ത് വയനാടിന്റെ സൗന്ദര്യം സന്ദർശകന് ആസ്വദിക്കത്തക്ക രീതിയിൽ ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

മലയാളമണ്ണിന്റെ ഊട്ടിയാക്കാവുന്ന മേപ്പാടിയിൽ ഒരു നക്ഷത്ര ബാംഗ്ലാവിനുള്ള എല്ലാ പശ്ചാത്തലവും ഈ മല നിരയിൽ ഉണ്ട്.

മണികുന്ന് മല

ഐതീഹ്യങ്ങളുടെ നിറമാല ചാർത്തി മണികുന്നപ്പൻ വാണരുളുന്ന മണികുന്ന് മല ഹരിതാഭ ചാർത്തിയ വിളഐശ്വര്യങ്ങൾ തുളുമ്പി നിൽക്കുന്ന വയലേലകൾ ഈ മലയുടെ സൗമ്യ ഭാവത്ത് നമസ്ക്കരിച്ചു നിൽക്കുന്നു.

ഇവിടം സന്ദർശിച്ചു മടങ്ങുന്ന സന്ദർശകന്റെ മനസ്സിൽ താണ്ഡവമാടുന്ന പരമശിവനും മണിക്കല്ലുകൾ കൊണ്ട് അമ്മാനമാടുന്നു. ശ്രീ പാർവ്വതിയും നിറഞ്ഞു നിൽകും.

മണികുന്ന് മലക്കയറ്റം വയനാട്ടിൽ പ്രസിദ്ധമാണ്. വിശ്വാസികളായ ഭക്തന്മാർക്കും, സാഹസികരായ ടൂറിസ്റ്റു

കാർക്കും ഒരു പോലെ ഭക്ഷി ആനന്ദ നിർവൃതി പകരുന്നു.

മണിക്കുന്ന് മലക്കയറ്റം പ്രോൽ സാഹിപ്പിക്കത്തക്ക വിധത്തിൽ ഇത് വിനോദ സഞ്ചാര കേന്ദ്രമായി ഉയർത്തേ ണ്ടതാണ്.

ചരിത്ര സ്മാരകങ്ങൾ

വിദേശിയരുടെ ശവകൂടിരങ്ങൾ വിദേശീയഭരണത്തിന്റെ ബാക്കി പത്രങ്ങളായി. മേപ്പാടിയിലും നെടുവീർ പ്പിന്റെ അലകൾ ഉയർത്തുന്നു. നെല്ലി മുണ്ട, പുഞ്ചമല തുടങ്ങിയ സ്ഥലങ്ങളിൽ വിദേശീയഭരണത്തിന്റെ, മേൽക്കോ യ്മയുടെ, സാഹസികതയുടെ സാക്ഷ്യ പത്രങ്ങളായി മലയാളനാട്ടിൽ മരണപ്പെട്ട വെള്ളക്കാരന്റെ ശവകുടീരങ്ങൾ പുൽ മേടുകളിൽ മരവിച്ചു കിടക്കുന്നു.

സന്ദർശകരെ ആകർഷിക്കുന്നതി നുവേണ്ടി മറ്റ് പഞ്ചായത്തുകളിൽ നിന്ന് ഏറെ വിത്യസ്ത പുലർത്തുന്ന മേപ്പാടി പഞ്ചായത്തിന് വിനോദ സഞ്ചാരകേന്ദ്രം എന്ന നിലയിൽ പ്രമുഖമായ സ്ഥാനം കൈവരിക്കാൻ കഴിയും.

ഉപസംഹാരം

നിലവിലുള്ള വികസന സമീപനം അസാസ്ത്രീയവും ജനവിരുദ്ധവുമാണ്. റോഡ്, പാലം, കുടിവെള്ളം ഇത്രയുമായാൽ വികസനമായി എന്ന മനോഭാവം എവിടേയും നിറഞ്ഞു നിൽകുന്നു. ഉൽപാദന മേഖല വികസന വീക്ഷണത്തിൽ നിന്നും അന്യം നിൽക്കുന്നു. വ്യവസായിക, കാർഷിക മേഖലകളുടെ വളർച്ചയിലൂടെ സേവനമേഖല വികസിപ്പിക്കുന്ന വികസന തന്ത്രം മെനഞ്ഞെടുക്കേണ്ടതുണ്ട്.

വികസനം ഡിപ്പാർ്മെൻറുകളിൽ കുടുങ്ങി കിടക്കുന്നു. ഇതു മാറണം. സാർവ്വത്രികമായ അഴിമതിയിൽ നിന്ന് വികസന രംഗം മോചിപ്പിക്കപ്പെടണം. ജനപങ്കാളിത്തം ഉറുപ്പു വരുത്തി ജനജാഗ്രത വളർത്തി ഊർജ്ജസ്വലമാകുകയാണ് ഇതിനുള്ള മാർഗ്ഗം.

വികസന മുരടിപ്പിന് പ്രധാന കാരണം വേണ്ടത്ര ഫണ്ടില്ല എന്നതാണ്. വിഭവ സമാഹരണത്തിന് പുതിയ പാതകൾ കണ്ടെത്തണം. സർക്കാരേതര ഏജൻസികളെ സമീപിച്ച് പറ്റിയ പദ്ധതികൾ സമർപ്പിച്ച് ഫണ്ട് ശേഖരിക്കാൻ കഴിയും. പദ്ധതി നടപ്പിലാക്കുമ്പോൾ വസ്തു നിഷ്ഠ സമീപനം ഉണ്ടായിരിക്കണം.

സാമൂഹിക രാഷ്ട്രീയ രംഗത്തുള്ള എല്ലാ തർക്കങ്ങളും മാറ്റി എടുക്കാൻ കഴിയണം. വസ്തുനിഷ്ഠമായ തെളിവിൻെറ അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ വിശകലനം ചെയ്ത് തർക്കങ്ങൾ തീർക്കാം. വിഭവ ഭൂപടങ്ങൾ, സർവ്വെ റിപ്പോർട്ടുകൾ എന്നിവ എല്ലാ വികസന പ്രക്രിയകൾക്കും വസ്തു നിഷ്ഠമായ അടിത്തറയേകുന്നു.

ആസൂത്രണം അർത്ഥവത്താകുന്നത് വികസനോപാധികളെ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ മാത്രമാണ്.

ജനകീയവും, കാര്യക്ഷമവുമായ മാനദണ്ഡങ്ങൾ ആധാരമാക്കിവേണം മുൻഗണനകൾ നിശ്ചയിക്കാൻ. മുൻഗണനാക്രമത്തിൽ പദ്ധതികൾ ചെയ്യാനുള്ള പ്രതിബന്ധത പഞ്ചായത്തുകൾക്ക് ഉണ്ടാവണം.

പ്രകൃതി വിഭവങ്ങൾ ജനവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ചരിത്രപരമായ സാഹചര്യങ്ങൾ വിശകലനം ചെയ്ത് പ്രായോഗികബുദ്ധിയോടെ പദ്ധതികൾ രൂപപ്പെടുത്തണ. ഗ്രൂപ്പ് ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളിലും നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ദ്ധ സമിതികൾക്ക് കഴിയും. അതാത് വിഷയത്തിൽ ഉണ്ടാകുന്ന വിദഗ്ദ്ധ സമിതികൾ പദ്ധതികൾ സ്കീമാക്കി മാറ്റുന്നതു മുതൽ അത് പ്രവൃത്തി പഥത്തിൽ എത്തിക്കുന്നതു വരെ നിരന്തരം സ്ഥിരമായി പ്രവർത്തിച്ചേ മതിയാകു.

സർക്കാർ നൽകുന്ന 40% പദ്ധതി വിഹിതം തന്നെ കഴിഞ്ഞക്കാലത്ത് സാമ്പത്തിക നിലയേക്കാൾ വലിയ നേട്ടങ്ങൾക്ക് കാരണമാകും. അങ്ങ്ചാം പദ്ധതിക്കുള്ള ആകെ തുക 14800 കോടി രൂപയാണ്. ഇതിൻെറ നാൽപത് ശതമാനം 5920 കോടി രൂപയാണ്. ഇത് പഞ്ചായത്തുകൾക്ക് വീതം വെച്ച് വരുമ്പോൾ എത്ര കുറഞ്ഞാലും 4

കോടിയിലധികം വരും. ചുരുങ്ങിയത് 25% ജനവിഹിതവും കൂടിയാകുമ്പോൾ ഇത് വികസന രംഗത്ത് ഒരു കുതിച്ചു ചാട്ടമാവും തീർച്ച.

ജനകീയ ആസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദമായല്ല. മറിച്ച് ജനോപകാരപ്രദമായ പദ്ധതികൾ ശീഘ്ര ഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്.

അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ''സമഗ്രവികസനരേഖ'' സമ്പുഷ്ടമാക്കി കാര്യങ്ങൾ സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബന്ധത നില നിർത്തിയേ തീരൂ.

കക്ഷിരാഷ്ട്രീയത്തിനതീതമായി ജനത ഒറ്റക്കെട്ടായി വികസനത്തിന്റെ രാഷ്ട്രീയത്തിൽ മുഴുകണം. യഥാർത്ഥ ജനകീയ രാഷ്ട്രീയം അതിൽ നിന്ന് ഉരുത്തിരിഞ്ഞു വരും. സന്നദ്ധസംഘടനകളുടേയും ഗ്രാമസഭകളുടേയും ജനകീയ ശക്തിയിൽ, ഗ്രാമവികസനത്തിനൊരു വേലിയേറ്റം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും.

മഹത്തായ ജനപ്രതീക്ഷ നിറവേറ്റാൻ സമീപ കാലത്തു തന്നെ നമുക്ക് കഴിയുമെന്ന് പ്രത്യാശയോടെ ഈ ''സമഗ്ര വികസന രേഖ'' മേപ്പാടി ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനത്തിനും ചർച്ചക്കും പരിഷ്ക്കരണത്തിനും വേണ്ടി.

മേപ്പാടി ഗ്രാമ പഞ്ചായത്ത്പ്രവർത്തനരേഖ

1995 ഒക്ടോബർ 2ന് മേപ്പാടി ഗ്രാമ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. എല്ലാ പാർട്ടിയേയും പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത് ഓഫീസിനു മുമ്പിൽ പ്രത്യേകം സജ്ജമാക്കിയ പന്തലിലായിരുന്നു പ്രതിജ്ഞ ചടങ്ങ്. അഴിതി രഹിത ഭരണമായിരിക്കും നടത്തുക എന്ന് പ്രഖ്യാപിക്കപ്പെട്ടു.

പതിനഞ്ചു വാർഡുകളിലും വികസനസമിതികൾ രൂപീകരിക്കപ്പെട്ടു. വിസ്തീർണ്ണത്തിലു ജനസംഖ്യയിലും വലിയ പഞ്ചായത്താണെങ്കിലും പരാധീനതകൾ ഏറെയാണ്. ഭരണസമിതി ഭരണമേൽക്കുമ്പോൾ പല പ്രവർത്തികളിലായി 40 ലക്ഷം രൂപ കൊടുത്തു തീർക്കാൻ ഉണ്ടായിരുന്നു. അതെല്ലാം കൊടുത്തു തീർത്തു. ചെലവ് ചുരുക്കി ജനപങ്കാളിത്തതോടെ കാര്യങ്ങൾ നടത്തണമെന്ന് ഭരണസമിതി തീരുമാനിച്ചു. ആ തീരുമാനത്തിന് ഫലമുണ്ടായി.

പണ്ട് പഞ്ചായത്തിൽ ഉണ്ടായിരുന്ന ജനകീയ കൂട്ടായ്മ വീണ്ടും പല സ്ഥലങ്ങളിലായും കണ്ടു തുടങ്ങി.

പല വാർഡുകളിലും റോഡ്, കിണർ തുടങ്ങിയവ നിർമ്മിക്കുന്നതിൽ വമ്പിച്ച തോതിൽ ജനപങ്കാളിത്തം ഉണ്ടായി.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉള്ള സ്കൂളിലെത്തിക്കാൻ വാർഡ് തല പ്രവർത്തനങ്ങൾ നടത്തി. അതിനായി പ്രത്യേക കമ്മറ്റി ഉണ്ടാക്കി. മുഴുവൻ കുട്ടികളേയും സ്കൂളിലെത്തിച്ചു. സ്കൂളിലെത്തിയ ഈ വിഭാഗം കുട്ടികൾക്ക് പഞ്ചായത്ത് സൗജന്യമായി യൂണിഫോം വിതരണം ചെയ്തു.

വരൾച്ചയ്ക്കെതിരെ ഓരോ വാർഡിലും കേണി, കിണർ എന്നിവ 2 എണ്ണം വീതം നിർമ്മിച്ചു. ടൗണിൽ 1,88,000 രൂപ ചെലവിൽ ഒരു കംഫ്രട്ടസ്റ്റേഷൻ പണി തുടങ്ങിയിട്ടുണ്ട്. ജെ.ആർ.വൈ സ്കീമിൽ റോഡുകൾ പണി നടന്നുകൊണ്ടിരിക്കുന്നു.

പണമില്ലായ്മ വികസന പ്രവർത്തനത്തിന് തടസ്സമാകരുതെന്ന് ഞങ്ങൾ കരുതുന്നു. അതുകൊണ്ടു തന്നെ എല്ലാ പ്രവർത്തനത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്. ഞങ്ങളുടെ ലക്ഷ്യബോധത്തിന് ആക്കം കൂട്ടുമാറ് ജനകീയ ആസൂത്രണ പദ്ധതി അനുഗ്രഹമായിരിക്കുന്നു.

ജനപങ്കാളിത്തതോടുകൂടി പഞ്ചായത്തിൽ വിഭാവനം ചെയ്യപ്പെട്ട പരിപാടികൾ വിജയകരമായി നടപ്പിലാക്കാൻ കഴിയുമെന്ന് ഉത്തമ വിശ്വാസം ഞങ്ങൾക്കുണ്ട്.

പത്മിനി ഗോപിനാഥ്
പ്രിസിഡണ്ട്
മേപ്പാടി ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

കൃഷി ജലസേചനം

ലക്ഷ്മണൻ, കൃഷി ഓഫീസർ
ഏ.പി.അപ്പുകുട്ടൻ
കെ.എം.ഐസക്
പി.എം.അബ്രഹാം
കുഞ്ഞ്, നെല്ലിമാളം
തോമസ്സ് പുളിക്കായത്ത്
അബ്രാഹിം ഹാജി
ജോളി സ്ക്കറിയ

വിദ്യാഭ്യാസം

മൈഥിലി ടീച്ചർ
സി.ബാലകൃഷ്ണൻ
തോമസ് മാസ്റ്റർ
അമ്മിണി ടീച്ചർ
ഗോപിനാഥൻ മാസ്റ്ററർ
നിസ്സാർ.പി.ടി.
സാബു

ആരോഗ്യം, കുടിവെള്ളം

കെ.കെ.ബാലകൃഷ്ണൻ
കെ.രാധ
വിജയകുമാരി
ദാമോദരരാജ്
ഡോ:ഭരതൻ
ഡോ:വിനോദ്ബാബു

മൃഗപരിപാലനം
മത്സ്യബന്ധനം

കണ്ണൻകുട്ടി
സത്യൻ
ഒ.എൻ.മോഹനൻ
ഡോ:മാത്യു

വ്യവസായം

നജീബ്
സി.പ്രഭാകരൻ
മനോജ്.വി.കെ.
കിഷോർ

സഹകരണം

കെ.സെയ്തലവി
എൻ.കെ.സുരേഷ്
യു.കരുണൻ
പി.എം.മോഹനൻ
അനിൽ.പി.വി.

റോഡ്, ഊർജ്ജം

പി.വി.കുഞ്ഞു മുഹമ്മദ്
കെ.കെ.കുഞ്ഞുമുഹമ്മദ്
കെ.ഹംസ
ത്രേസ്യാമ്മ.എം.ജെ.
യു.അഹമ്മദ്കുട്ടി

പട്ടികജാതി പട്ടിക വർഗ്ഗം

പി.പി.ഷൺമുഖം
കെ.കണാരൻ
പി.കേശവൻ
എം.പി.സുകുമാരൻ
വിശ്വനാഥൻ
ശ്രീനിവാസൻ

വിഭവ സമാഹരണം

വി.പി.ശങ്കരൻ നമ്പ്യാർ
ടി.എം.ഇസ്രേൽ
വനിത
ഗ്രേസി കുട്ടി
വിശാലാക്ഷി
മറിയകുട്ടി.കെ.പി.
ജാനകിസുകുമാരൻ

ഭവന നിർമ്മാണം
ക്ഷേമപ്രവർത്തനം

ഭഗീരഥൻ
സി.കുഞ്ഞുമുഹമ്മദ്
വിശാലാക്ഷി
വി.കുഞ്ഞൻ
റുഖിയസെയ്ത്
ടി.ഹംസ
ഗോകുൽദാസ്കോട്ടയിൽ

സംസ്കാരം

എം.എസ്.ജയൻ
മഹിതാമൂർത്തി
സുരേന്ദ്രൻ താഴെ അരപ്പറ്റ
എൻ.ഡി.സാബു.
വിനായകൻ
ജോൺ മാസ്റ്റർ
വിജയൻ

ചരിത്രം

ടി.എം.ഇസ്രേൽ
കെ.ശിവദാസൻ
മഹിതാമൂർത്തി
എൻ.സി.സാബു

കൺവീനർ കെ.ശിവദാസൻ,
ജോ:കൺവീനർ കെ.വേണുമാസ്റ്ററർ, പി.കെ.അഷറഫ് ,, ,,

